# CONTENT


7 **അലക്സാൻഡ്രിയിൽ നിന്ന് അടയ്ക്കാ പുത്തൂരിലേയ്ക്ക്**
Dr. Achuthsankar S Nair

12 **സിനിമയെ പ്രണയിച്ച സി. ജെ. തോമസ്**
John Paul

16 **പി. ജി. അനുസ്മരണം**
**സാമ്രാജ്യത്വകാലവും മാധ്യമങ്ങളും**

18 **ഓർമ്മ**
ദാമോദർ പ്രസാദ്

20 **സീൻലെറ്റ് പ്രകാശനം 2014**

22 **C-Dit News**

25 **ജയപഥം തേടി**
പ്രേംസുജ

31 **സൈബർശ്രീ ഉപകേന്ദ്രം ഹരിപ്പാട് ഉദ്ഘാടനം**

32 **വനിതാദിനം**

35 **അർത്ഥപ്പൂക്കളം**
പ്രേംസുജ

36 **ജീവിത സത്ത**
ഡോ. എം. എസ്. രാജൻ

38 **സമരാവേശത്തിന്റെ ചരിത്രമുഹൂർത്തം**

42 **നുറുങ്ങു കവിതകൾ**
എമ്മാർ



## CEAN-LET
Editorial Board

*ചീഫ് എഡിറ്റർ*
**ബി. സതീശൻ**

ജിബി പി. എബ്രഹാം
പ്രശാന്ത് വി.
പ്രദീപ് കുമാർ ആർ.
ഗോപീകൃഷ്ണൻ എ.ആർ.
മനോജ് രാമൻ
സാജൻ അമ്പാടിയിൽ
ബൈജു ആട്ടുകാൽ
രാജേശ്വരി ആർ.
കുമാർ ആർ.
രഞ്ജിത്ത് കുമാർ
മഹേഷ് പഞ്ചു
മനുലാൽ
അജയ്



### CEAN-LET Thanks
2015-ലെ ഓണം വിശേഷാൽപ്പതിപ്പിലേക്ക് കലാ-സാഹിത്യസൃഷ്ടികൾ നൽകിയ സി-ഡിറ്റ് ജീവനക്കാർ, വിദ്യാർത്ഥികൾ, സുഹൃത്തുക്കൾ ഇതിനോടൊപ്പം പ്രവർത്തിച്ച സഹപ്രവർത്തകർ, പരസ്യങ്ങൾ നൽകിയ സ്ഥാപനങ്ങൾ എന്നിവർക്ക്.

*Cover Painting*
Salvador Dali - 'Les Elephants'

*Layout Supervision*
Godfrey Das

*Cartoons*
Jishnu P Raj

*Layout*
Prasanth V.
Pradeep Kumar R.
Anand Godfrey
Sreelekha C.S.

*DTP*
Anand Balan
Jaya
Rajeswari
Aswani

*Printed at*
Akshara Offset, TVM

*Printed and Published by*
B. Satheesan
General Secretary, CEA for Private circulation only

# CONTENT


43 **After a Rain**
Shajith R B

44 **Who is a journalist when any one can publish ?**
B. Manoj

46 **അടിയന്തരാവസ്ഥയുടെ ഓർമ്മകൾ**
എ. ആർ. തമ്പി

51 **നിധി**
രാജേശ്വരി ആർ

52 **ഹൃദയപൂർവ്വം**
സജി നാരായണൻ

53 **അവൾ**
അനു ജോർജ്ജ്

53 **സഖി**
രഞ്ജിത്ത് വി. ആർ

54 **അവധി**
ധന്യലാൽ

56 **C-Dit Staff Day 2015**
Jibi Abraham

84 **പ്രയാണം**
രശ്മി വി. റ്റി.

85 **തേന്മാവ്**
പ്രീത

86 **ദൈവത്തിന്റെ തോഴി**
അനിത മുരളി

87 **വെറുമൊരു മനുഷ്യൻ**
അനിത മുരളി

88 **അന്നും അച്ഛൻ പോകാനൊരുങ്ങി നിൽക്കുകയായിരുന്നു**
അഭിലാഷ് കെ

90 **ജീവിതത്തിന്റെ പൊരുൾ**
രോഹിണികൃഷ്ണ

92 **യോഗ: ഭാരതം ലോകത്തിനു നൽകിയ നന്മ**
സനീഷ് ജി. എസ്

80 **വെളിച്ചം വിതറുന്ന 2015**
മനുലാൽ

94 **വിദ്യാഭ്യാസ കച്ചവടവും കേരളവും**
രൂപാറാണി എ എസ്

96 **Convocation 2014**

98 **ബിടെക്കും ഷോർട്ട് ഫിലിമും**
ബി. മനോജ്

100 **വേർപാട്**
രജനി

101 **ഓർമ്മകളിൽ എന്റെ ഓണം**
ദേശബന്ധു കെ.ഒ.

101 **സ്വാർത്ഥത**
ദേശബന്ധു കെ.ഒ

103 **മഹാഹോമവും മേൽശാന്തിയും**

104 **സ്വാതന്ത്ര്യദിനാഘോഷം 2015**

105 **പ്രണാമം**
അജി കെ. ജോർജ്

105 **സംഗമം**
ഹണി

107 **സൈബർ ദർശൻ കാലഘട്ടത്തിന് അനുയോജ്യം**

108 **കണ്ടതും കേട്ടതും**

114 **പാമരൻ**

എഡിറ്റോറിയൽ

# സി–ഡിറ്റ് മുഞ്ഞകൾ പൊതിഞ്ഞയവസ്ഥ





27 വർഷത്തെ മെല്ലെയുള്ള വളർച്ചയിൽ ഇപ്പോഴും വേരുറയ്ക്കാതെ നിൽക്കുന്ന വൃക്ഷത്തെ മുഞ്ഞകൾ പൊതിഞ്ഞിരിക്കുന്നു. വലുതും ചെറുതുമായ മുഞ്ഞകൾ വൃക്ഷത്തിന്റെ മിക്ക ശിഖരങ്ങളിലും കയറിപ്പറ്റി തളിരിലകൾ ഒന്നൊന്നായി ഭക്ഷിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഒരു വർഷമായി കാർന്നു തീറ്റയുടെ 'അതിവേഗത' കൊണ്ട് 'ബഹുദൂരം' എത്തിനിൽക്കുന്നു മുഞ്ഞകളുടെ അദ്ധ്വാനം. സർക്കാർ വക വലിയ ഇനം മുഞ്ഞകളും ഒരു ലക്ഷം മുതൽ 8 ലക്ഷം വരെ വിലപിടിപ്പുള്ള ചെറു മുഞ്ഞകളും റിട്ടേയർഡ് മുഞ്ഞകളും ചേർന്നുള്ള ആക്രമണത്തിൽ വേരോട്ടം നഷ്ടപ്പെട്ട് പുതിയ തളിരുകൾ കിളിർക്കാതെ നിശ്ചലാവസ്ഥയിലായ വൃക്ഷത്തിന്റെ നിലനിൽപ്പിനു വേണ്ടി കീടനാശിനി പ്രയോഗം വേണ്ടി വരും.

26 വയസ്സ് കഴിഞ്ഞ സി–ഡിറ്റെന്ന വൃക്ഷത്തിന്റെ വളർച്ച മുരടിച്ച് അനിശ്ചിതാവസ്ഥയിലായി. സി–ഡിറ്റിന്റെ വളർച്ചയ്ക്കായി ഏറെ പ്രതീക്ഷയോടെ 2011–ൽ ഇടതുപക്ഷ സർക്കാർ അനുവദിച്ച പട്ടത്തെ ഭൂമിയും നഷ്ടപ്പെടുത്തി. സി–ഡിറ്റിന് നഗരത്തിൽ സമുച്ചയം നിർമ്മിക്കാൻ സർക്കാർ അനുവദിച്ച കോടികളും പാഴാക്കി. സി–ഡിറ്റിന് സർക്കാർ പട്ടത്ത് ഭൂമി നൽകുമ്പോൾ മറ്റ് പല സ്ഥാപനങ്ങൾക്കും സ്ഥലം അനുവദിച്ചിരുന്നു. എന്നാൽ വലിയ ഉത്ഘാടനാഘോഷങ്ങളില്ലാതെ അവർ കെട്ടിടനിർമ്മാണം ആരംഭിച്ച് അവസാനഘട്ടത്തിലായി. സി–ഡിറ്റിലെ അധികാരികൾ സ്വകാര്യവ്യക്തിയെ നിർമ്മാണച്ചുമതല ഏൽപ്പിക്കുന്നതിനുള്ള കുതന്ത്രങ്ങൾ മെനയുന്നതിനാണ് സമയം ചിലവഴിച്ചത്. ഒരിടത്തും നാളിതുവരെ നടക്കാത്തവിധം പല തവണ ടെണ്ടറുകൾ വിളിക്കുകയും നടപടി ക്രമങ്ങൾക്കു വിരുദ്ധമായി നിയമവിരുദ്ധ കരാറുകളിലേർപ്പെടുകയും ചെയ്തു. സി–ഡിറ്റിന്റെ ഭരണസമിതിപോലും അംഗീകരിക്കാത്ത കരാറുകൾ പ്ലാനും എസ്റ്റിമേറ്റും അംഗീകരിക്കുന്നതിന് മുൻപുതന്നെ പിൻവലിച്ചു.


വെറുതെയിരുന്ന ബി.എസ്.എൻ.എലിന് കിട്ടി സി–ഡിറ്റിന്റെ ഒരു കോടി രൂപ. രണ്ട് വർഷമായി ബി.എസ്.എൻ.എലിന്റ കൈവശം ഒരു കോടി പലിശരഹിത ചത്തമണിയായി ഇരിപ്പുണ്ട്. ഫിക്സഡ് ഡിപ്പോസിറ്റിൽ പലിശ കിട്ടിക്കൊണ്ടിരുന്ന കോടിയുടെ രണ്ട് വർഷത്തെ പലിശ ആരുടെ കൈയിൽനിന്നും ഈടാക്കും.

രണ്ട് വർഷം കഴിഞ്ഞ് 'ഗ്രീൻ' മാറ്റി സാധാരണ കെട്ടിടം നിർമ്മിക്കാൻ തീരുമാനിക്കു



മ്പോഴേക്കും റീസർവ്വേയിൽ വെറുതെ കിടന്ന സി-ഡിറ്റ് ഭൂമി സർക്കാരിലേക്ക് തിരിച്ചുപോയി. ബഹു. മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും പോരാത്തതിന് നഗരത്തിലെ മന്ത്രിയും കൂടിച്ചേർന്ന് ഉത്ഘാടന മാമാങ്കത്തിൽ നടത്തിയ 8 മാസ പ്രഖ്യാപനം സ്ഥിരം പല്ലവിയായി. സ്വജനപക്ഷപാതവും അഴിമതിയും നടത്താൻ ശ്രമിച്ചതിന്റെ ഫലമായി സി-ഡിറ്റിന്റെ സ്ഥലവും സർക്കാരിൽനിന്നും ലഭിക്കേണ്ട 2.5 കോടിയോളം പദ്ധതിവിഹിതവും നഷ്ടപ്പെട്ടിട്ടും സി-ഡിറ്റ് അധികാരികൾക്ക് കൂസൽ ലവലേശവും ഇല്ലെന്നത് അവരുടെ ലക്ഷ്യവും താല്പര്യവും എന്താണെന്നത് വ്യക്തമാക്കുന്നു.

ഭരണകെടുകാര്യസ്ഥത കൊണ്ട് സി-ഡിറ്റിന്റെ ഭൂമിയും സമ്പത്തും പദ്ധതികളും ഓരോന്നായി നഷ്ടപ്പെടുമ്പോഴും അഴിമതി നിറഞ്ഞ അനധികൃത നിയമനങ്ങൾ നടത്തി സ്ഥാപനത്തെ വൻ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നു. പുതിയ നിയമനങ്ങൾ നടത്താൻ കാണിക്കുന്ന ആക്രാന്തം കാരണം മാസം 90 ലക്ഷം രൂപയിലധികം ശമ്പളം നൽകാൻ വേണ്ടിവരുന്നു. വരുംവർഷങ്ങളിൽ പ്രതിമാസം ശമ്പളത്തിനുള്ള തുക ഒരു കോടിയിലധികമായി മാറുകയും ശമ്പളം നൽകാൻ കഴിയാത്ത അവസ്ഥ സംജാതമാവുകയും ചെയ്യും. ജീവനക്കാർക്ക് ലഭിക്കേണ്ട ശമ്പളവർദ്ധനവ് അർഹതപ്പെട്ടതു നൽകാതെ വെട്ടിക്കുറയ്ക്കുന്നു. നൽകിയ വർദ്ധനവാകട്ടെ അധികമായി വേണ്ടിവരുന്നത് തുച്ഛമായ തുക മാത്രം. ഒരിക്കലും തീർക്കാൻ കഴിയാത്തവിധം ജീവനക്കാരുടെ ശമ്പളത്തിൽ അപാകതകൾ സൃഷ്ടിച്ചു. മന്ത്രി ഓഫീസ്, പാർട്ടി ഓഫീസ് എന്നിവിടങ്ങളിൽനിന്നുള്ള ശുപാർശക്കാരായവർക്കും ലക്ഷങ്ങൾ വാങ്ങി നടത്തി നിയമനമായതുകൊണ്ടും അവർക്കെല്ലാം കൂടുതൽ ശമ്പളം നിശ്ചയിച്ചു നൽകേണ്ടിവന്നു. ഓരോ തസ്തികകളും നിലവിലുള്ള അടിസ്ഥാന ശമ്പളം നോക്കാതെ പുതിയ ശമ്പളം നിശ്ചയിച്ചതിനാൽ പഴയ ജീവനക്കാരും പുതിയ ജീവനക്കാരും തമ്മിൽ വലിയ അന്തരം ശമ്പളത്തിലുണ്ടായി. ഇന്നത്തെ സർക്കാർ അധികാരികൾ വന്നതിനുശേഷം നടത്തിയ നിയമനങ്ങൾക്ക് കൂടുതൽ ശമ്പളവും വർഷങ്ങളായി ജോലി ചെയ്തുവരുന്നവർക്ക് കുറഞ്ഞ ശമ്പളവും എന്ന നിലയിൽ ഗുരുതരമായ വിവേചനം സംജാതമായി. പുതിയ നിയമനങ്ങൾ വഴിയും അനാവശ്യമായി വാടക കെട്ടിടങ്ങൾ മാറ്റുന്നത് വഴിയും ചിലവഴിക്കുന്ന ലക്ഷങ്ങളുടെ ചെറിയ ശതമാനം മതിയാകും അപാകതകൾ തീർക്കാൻ. ഇതിനെല്ലാം പുറമെ ദിനവും നടത്തുന്ന ധൂർത്തിനാവശ്യമായി വരുന്ന ലക്ഷങ്ങൾ കൂടി ചേരുമ്പോൾ ലേശവും മുന്നോട്ട് പോകാൻ കഴിയാത്തവിധം സാമ്പത്തിക നില എത്തിനിൽക്കുന്നു. നിലവിലുണ്ടായിരുന്നവ നഷ്ടപ്പെടുത്തുകയും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുന്നതിനും പുറമെ ഉപദേഷ്ടാക്കളുടെ നിയന്ത്രണത്തിൽ രണ്ട് അധികാരികളും നടത്തിവരുന്ന അധികാര തർക്കയുദ്ധവും ദിനവും കാട്ടുന്ന സംഭവങ്ങളും തുടർന്നുള്ള വിപുലമായ വാർത്തകളും കാരണം ജീവനക്കാർക്ക് പുറത്തിറങ്ങാൻ കഴിയാത്തവിധമായിരിക്കുന്നു. സി-ഡിറ്റിലാണ് ജോലി ചെയ്യുന്നത് എന്നത് അപമാനകരമായി വരുന്ന സ്ഥിതിയാണുള്ളത്. സ്ഥാപനത്തെയും ജീവനക്കാരെയും അപമാനപ്പെടുത്തുക എന്ന ദൗത്യവും കൂടി ഏറ്റെടുത്തിരിക്കുന്നു. ഇതിനെല്ലാം മേമ്പടിയായി ഭരണകക്ഷി യൂണിയൻ രാഷ്ട്രീയത്തിന്റെ പേരിൽ നടത്തിവരുന്ന എണ്ണമറ്റ തട്ടിപ്പും വെട്ടിപ്പും തിരിമറികളും അഴിമതി നിയമനവും അന്വേഷണസംഘങ്ങൾ നിരന്തരമായി കയറിയിറങ്ങുന്നതുമെല്ലാം കൂടിയാകുമ്പോൾ ചില്ലകളിലെ ഇലകളിൽ മുഴുവൻ മുഞ്ഞ കയറിയ പാവം വൃക്ഷത്തിന്റെ അവസ്ഥയാണ് ഇന്ന് സി-ഡിറ്റിന്റേത്. ശാസ്ത്രീയവും പ്രായോഗികവുമായ പരിഹാരകർമ്മങ്ങൾ അടിയന്തിരമായി നടത്തിയാൽ മാത്രമേ സ്ഥാപനത്തെ രക്ഷിക്കാൻ കഴിയൂ.




# ഡോ. എ. പി. ജെ. അബ്ദുൾ കലാം

1931 - 2015

ശാസ്ത്ര സാങ്കേതികജ്ഞാനം നൽകിയ ധിഷണയും രാഷ്ട്രീയ ഭാവനയാൽ പ്രേരിതമായ ഉൾക്കാഴ്ചയും സമന്വയിച്ച അസാധാരണ വ്യക്തിത്വമായിരുന്ന മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം ഓർമ്മയായി. 'ഇന്ത്യയുടെ മിസൈൽ പദ്ധതികളുടെ പിതാവ്' എന്നറിയപ്പെടുന്ന ഡോ. കലാം 1988 – ൽ ഇന്ത്യയുടെ രണ്ടാമത്തെ ആണവ പരീക്ഷണ പദ്ധതിയായ 'ഓപ്പറേഷൻ ശക്തി'ക്ക് ധീരമായ നേതൃത്വം നൽകി. 1997 – ൽ രാജ്യം ഭാരത രത്നം നൽകി ആദരിച്ചു.


രാമേശ്വരത്ത് സാധാരണ കുടുംബത്തിൽ ജനിച്ച ഡോ. കലാം കഠിനാദ്ധ്വാനവും ശുഭപ്രതീക്ഷയും കരുത്തായി കൊണ്ടുനടന്ന വേറിട്ട വ്യക്തിത്വമാണ്. ഒരു വികസന അജണ്ട നിശ്ചയിച്ചതിലൂടെ ഇന്ത്യയെ ലോകരാഷ്ട്രങ്ങളുടെ മുൻനിരയിൽ എത്തിക്കുന്നതിന് അദ്ദേഹം അക്ഷീണം യത്നിച്ചു. ദീർഘകാലം തിരുവനന്തപുരത്ത് ഔദ്യോഗിക കർമ്മമേഖലയുടെ ഭാഗമായി ജീവിച്ച ഡോ. കലാം കേരളത്തിന്റെ വികസനത്തിനും പുതിയ കാഴ്ചപ്പാടുകൾ അവതരിപ്പിച്ച വ്യക്തിയാണ്. 'ഉറക്കത്തിൽ കാണുന്നതല്ല... മറിച്ച് ഉറക്കം കെടുത്തുന്നതായിരിക്കണം സ്വപ്നം' എന്ന് യുവതലമുറയെ പഠിപ്പിച്ച അദ്ദേഹം എന്നും യുവാക്കളുടെയും വിദ്യാർത്ഥികളുടെയും ഹരമായിരുന്നു. 84 – ാം വയസ്സിലും രാത്രി ഒരു മണിവരെ വായനയ്ക്കും ആരാധകരുമായി ഇ – മെയിൽ മുഖേന സംവദിക്കുന്നതിനും സമയം കണ്ടെത്തിയ ഡോ. കലാം 1.6 കോടി ഇന്ത്യൻ യുവാക്കളെ നേരിട്ട് കണ്ട് സംസാരിച്ച ഏക ഇന്ത്യൻ രാഷ്ട്രപതിയാണ്. ഇന്ത്യയ്ക്ക് ഒരു ശോഭന ഭാവി മുന്നിൽ കണ്ട് പദ്ധതികൾ വിഭാവനം ചെയ്ത് അതിനുവേണ്ടി ജനതയെയും ഭരണകൂടത്തെയും പ്രാപ്തമാക്കുന്ന യത്നത്തിൽ അവസാനശ്വാസം വരെ കർമ്മനിരതനായിരുന്ന ഡോ. കലാം എന്ന രാജ്യം കണ്ട ഏറ്റവും ഭാവനാസമ്പന്നനായ മുൻ രാഷ്ട്രപതിയുടെ വിയോഗത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**സീൻലെറ്റ് എഡിറ്റോറിയൽ ബോർഡ്**


Phv
ഓണാശംസകൾ
സി ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ
& സീൻലെറ്റ്




# അലക്സാൻട്രിയിൽ നിന്ന് അടയ്ക്കാ പുത്തൂരിലേയ്ക്ക്



**Dr.Achuthsankar S Nair**
**Professor, University of Kerala**
**Former Director,C-DIT**

ഒരു സ്വപ്നം യാത്ര ചെയ്യുകയാണ്. ഭൂഖണ്ഡങ്ങൾ താണ്ടി, രണ്ടു സഹസ്രാബ്ദങ്ങൾ താണ്ടി അത് യൂറോപ്പിലെ അലക്സാൻട്രിയയിൽ നിന്ന് കൊച്ചു കേരളത്തിന്റെ പച്ചപ്പാടങ്ങൾ തിങ്ങുന്ന പാലക്കാടുജില്ലയിൽ കരിമ്പനകളും കരിമ്പാറകളും തലയുയർത്തി നിൽക്കുന്ന അടക്കാപ്പുത്തൂർ ഗ്രാമത്തിലെ വിദ്യാലയത്തിനു മുന്നിലേയ്ക്ക്, ആ സ്വപ്നം എത്തിച്ചേരാൻ ഇനി ഏറെ വൈകില്ല. അത് സഫലമാകുമ്പോൾ... എനിക്കു മനകണ്ണിൽ കാണാം. ആ ഗ്രാമ വിദ്യാലയത്തിലെ കുട്ടികളതാ ഒരു വാനിനു ചുറ്റും ഓടിക്കൂടുന്നു. ബഹിരാകാശ പേടകം ചിറകുകൾ തുറക്കുന്നതു പോലെ ആ വാനിന്റെ പാർശ്വഭാഗങ്ങൾ അതാ ഉയരുന്നു. അവിടെ നിന്നും കമ്പ്യൂട്ടർ ടെർമിനലുകൾ പുറത്തേയ്ക്ക് വരുന്നു. കുട്ടികളോരോന്നായി അവയിൽ പ്രവർത്തിച്ചു തുടങ്ങുന്നു. എന്താണവർ ചെയ്യുന്നത്? അതിലൊരു കുട്ടി കമ്പ്യൂട്ടർ സ്ക്രീനിൽ കണ്ട പുസ്തക സെർച്ച് ബോക്സിൽ Animal Farm എന്നു ടൈപ്പു ചെയ്യുന്നു. അതാ പുസ്തകത്തിനെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് പ്രത്യക്ഷപ്പെടുന്നു. കീഴെ 12732 വായനക്കാർ നൽകിയിട്ടുള്ള 'പബ്ലിക് ടാഗു'കളുടെ ലിങ്കുകൾ. 'സെർച്ച് പബ്ലിക് ടാഗു' എന്ന സംവിധാനത്തിൽ കുട്ടി ദാമോദർ പ്രസാദ് എന്ന പേരു നൽകുന്നു. പുസ്തക വായനയിൽ ആ കുട്ടിയുടെ ആരാധന പാത്രമാണ് ദാമോദർ. എത്രമാത്രം പുസ്തകങ്ങളാണ് ദാമോദർ എപ്പോഴും വായിച്ചു കൊണ്ടിരിക്കുന്നത്. ഈ പുസ്തകം ദാമോദർ വായിച്ചു കാണുമോ? എന്തായിരിക്കും അദ്ദേഹത്തിന് പറയാനുള്ളത്? ഇതാ വന്നു കഴിഞ്ഞു സെർച്ച്



(ചിത്രം 2.1 എസ്പ്രസ്സോ ബുക്ക് മെഷ്യൻ)

ഫലം. ഇപ്പോഴും കാലഹരണപ്പെട്ടിട്ടില്ലാത്ത മികച്ച രാഷ്ട്രീയ ആക്ഷേപഹാസ്യം – വായനപ്രിയരല്ലാത്തവർക്കും വായിക്കാവുന്ന ദൈർഘ്യം, കടൽക്കിഴവൻമാർക്കു രുചിക്കില്ല. കുട്ടിയുടെ മുഖത്ത് ചിരി വിരിഞ്ഞു. 'Buy' എന്ന ബട്ടൺ അമർത്തുന്നു. വാനിന്റെ ഡ്രൈവറുടെ ജാലകത്തിനടുത്തേക്കു കുട്ടി നടക്കുന്നു. ഡ്രൈവർ അതാ പ്രിന്റ് – ബൈന്റ് യന്ത്രം പ്രവർത്തിപ്പിക്കുന്നു. മിനിറ്റുകൾക്കകം – പുസ്തകം പേപ്പർ ബാക്ക് രൂപത്തിൽ ബാന്റ് ചെയ്ത് 45 രൂപ, ബൈന്റിങ്ങിന് 20 രൂപ, ആകെ 65 രൂപ. യന്ത്രം ഇതിനിടെ തകഴിയുടെ കയർ പ്രിന്റുചെയ്യാനാരംഭിച്ചു. അതിനിടെ ഡി.വി.ഡി. റൈറ്ററിൽ ഇതാ മറ്റൊരുകുട്ടി ആവശ്യപ്പെട്ട ഷോലെ സിനിമ റൈറ്റ് ചെയ്യുന്നു. ചരിത്രം പഠിപ്പിക്കുന്ന മാഷ് നടന്നടുക്കുന്നുണ്ട്. 1902 ഏപ്രിൽ 1 ലെ മദ്രാസ് മെയിൽ പത്രം തരാമോ? പിന്നെന്താ ഇതാ പത്രം, 20 പേജുകളിലായാണ് പ്രിന്റ് എടുത്തിരിക്കുന്നത്, 10 രൂപയായി.

അസംബന്ധം എന്നു പറയാൻ വരട്ടെ, അടക്കാപുത്തൂർ എത്തിയില്ലെങ്കിലും ഏതാണ്ട് ഇത്തരമൊരു സംവിധാനം പാശ്ചാത്യലോകത്ത് പ്രചാരത്തിൽ വന്നു കഴിഞ്ഞു. ലോകമെങ്ങും താമസിയാതെ പ്രചാരത്തിൽ വരുകയും ചെയ്യും. മനുഷ്യരാശിയുടെ ചിരകാല സ്വപ്നമാണ് ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ പൂവണിയുന്നത്. 300 ബി.സി.യിൽ അലക്സാൻട്രിയയിലാണ് 'യൂണിവേഴ്സൽ ലൈബ്രറി' എന്ന ഉദാത്തമായ ആശയം ഉദയം ചെയ്തത്. മനുഷ്യരാശി രേഖപ്പെടുത്തിയിട്ടുള്ള എല്ലാ വിജ്ഞാനശാകലങ്ങളും ഒരു ഗ്രന്ഥശാലയിൽ ശേഖരിക്കുക എന്ന അത്യധികം വെല്ലുവിളി ഉയർത്തുന്ന ഒരു ആശയമാണ് യൂണിവേഴ്സൽ ലൈബ്രറിക്കു പിന്നിൽ. അലക്സാൻട്രിയക്കാർക്ക് അന്ന് പ്രതിബന്ധമായത് ചടുലമായ ആശയവിനിമയ സംവിധാനങ്ങളുടെ അഭാവവും പിന്നെ അകലവുമായിരുന്നുവെങ്കിൽ രണ്ടു സഹസ്രാബ്ദങ്ങൾക്കു ശേഷം ഇവ പ്രതിബന്ധമേ അല്ലാതായിരിക്കുന്നു. ചീറിപ്പറക്കുന്ന വിമാനങ്ങളും, അതിവേഗ ഇന്റർനെറ്റുമുള്ളപ്പോൾ എന്തുകൊണ്ട് വീണ്ടുമൊരു യൂണിവേഴ്സൽ ലൈബ്രറി ആഗ്രഹിച്ചുകൂടാ? സ്വാഭാവികമായും പുരാതന സ്വപ്നത്തിന് വീണ്ടും ചിറകുകൾ മുളച്ചിരിക്കുന്നു. 'യൂണിവേഴ്സൽ ഡിജിറ്റൽ ലൈബ്രറി' എന്ന പേരിൽ അറിയപ്പെടുന്ന ഈ ആശയം മിതമായ തോതിൽ പ്രവർത്തികമായരിക്കുന്നത് അടയ്ക്കാപുത്തൂർ സ്കൂൾ അങ്കണത്തിൽ നാം കണ്ട വാനിന്റെ ചെറിയൊരു പതിപ്പിനെ തന്നെയാണ്. എസ്പ്രസ്സോ ബുക്ക് മെഷ്യൻ എന്നാണിതിന്റെ പേര്. 'പുസ്തകങ്ങൾക്കൊരു ATM' എന്നാണ് ടൈം മാസിക ഇതിനെ വിശേഷിപ്പിച്ചത്.

**മനുഷ്യരാശിയുടെ ചിരകാല സ്വപ്നമാണ് ഡിജിറ്റൽ സാങ്കേത ീക വിദ്യയിലൂടെ പൂവണിയുന്നത്. 300 ബി.സി.യിൽ അലക്സാൻട്രിയയിലാണ് 'യൂണിവേഴ്സൽ ലൈബ്രറി' എന്ന ഉദാത്തമായ ആശയം ഉദയം ചെയ്തത്.**

ഇടയ്ക്കൊരു ദേശി കഥ പറയട്ടെ, അലക്സാൻട്രിയയിലേതുപോലൊരു ഗ്രന്ഥപ്പുര നമുക്കുമുണ്ടായിരുന്നത്രെ. നളന്ദ സർവ്വകലാശാലയുടെ ഗ്രന്ഥപുരയ്ക്ക് 8 നിലകളുണ്ടായിരുന്നുവെന്നും അവിടെ പഠിച്ചിരുന്ന വിദ്യാർത്ഥികളോടോരുത്തരും ഒരു പ്രാമാണിക ഗ്രന്ഥം പഠിച്ച് പകർത്തി ഒരു പ്രതി ഗ്രന്ഥശാലയിൽ നിക്ഷേപിച്ചിരുന്നുവെന്നും പറയപ്പെടുന്നു. ഡൽഹിയിലെ അടിമവംശത്തിലെ സുൽത്താന്റെ സേനാനായകന് ഈ ഗ്രന്ഥപ്പുര കത്തിച്ചു ചാമ്പലാക്കുവാൻ രണ്ടു മാസം വേണ്ടിവന്നത്രെ! അലക്സാൻട്രിയയിലെ ഗ്രന്ഥശാലയും 25

B.C. യിൽ അഗ്നിക്കിരയാക്കുകയായിരുന്നു.

അലക്സാൻട്രിയൻ സ്വപ്നത്തിന് ഇന്ന് രൂപമാറ്റം നൽകേണ്ടിയിരിക്കുന്നു. സൂമേറിയൻ ക്ലേടാബ്ലറ്റുകളിലും ചുരുളുകളിലും ചെമ്പുതകിടുകളിലും ശിലാഫലകങ്ങളിലുമായിരുന്നിരിക്കാം അന്ന് വിജ്ഞാനം രേഖപ്പെടുത്തിയിരുന്നത്. പിന്നീടവ പുസ്തകങ്ങളിലേയ്ക്ക് പടർന്നു. ഇന്നോ? ചിത്രങ്ങൾ, ഫോട്ടോഗ്രാഫുകൾ, സിനിമാ റീലുകൾ, കാസറ്റുകൾ, എൽ.പി. റെക്കോർഡുകൾ, സി.ഡി.കൾ, ടെലിവിഷൻ പ്രോഗ്രാമുകൾ, റേഡിയോ പ്രോഗ്രാമുകൾ, വെബ്സൈറ്റുകൾ, ബ്ലോഗുകൾ... ഇവയെല്ലാം സമാഹരിച്ചാലെ ഇനി നമുക്കൊരു യൂണിവേഴ്സൽ ഡിജിറ്റൽ ലൈബ്രറി അർത്ഥവത്തായി സ്ഥാപിക്കാനാകൂ. എത്രവരും ഇവയോരോന്നും? ഇതാ ഒരു ഏകദേശം കണക്ക്.

- 320 ലക്ഷം പുസ്തകങ്ങൾ
- 75 കോടി ലേഖനങ്ങൾ അഥവാ പ്രബന്ധങ്ങൾ,
- 250 ലക്ഷം ഗാനങ്ങൾ
- 50 കോടി ചിത്രങ്ങൾ
- 5 ലക്ഷം ചലച്ചിത്രങ്ങൾ
- 30 ലക്ഷം വീഡിയോകൾ, ടെലിവിഷൻ പ്രോഗ്രാമുകൾ, ഹ്രസ്വചിത്രങ്ങൾ
- 200 കോടി വെബ് പേജുകൾ

ഇവയെല്ലാം സമാഹരിക്കുക എന്നത് ദുർഘടം പിടിച്ച പണിതന്നെ. സമാഹരിച്ചാൽ ഇവ ഡിജിറ്റൽ രൂപത്തിലാക്കി വേണം യൂണിവേഴ്സൽ ഡിജിറ്റൽ ലൈബ്രറിയിൽ സൂക്ഷിക്കാൻ. അതിനെത്ര വലിപ്പം വരും? 50 പെറ്റാബൈറ്റ്. ഇതെന്താണെന്നു നോക്കാം.

| | |
|---|---|
| 1 ബൈറ്റ് | = 1 അക്ഷരം രേഖപ്പെടുത്താൻ വേണ്ട ഇടം |
| 1 കിലോ ബൈറ്റ് | = 1000 അക്ഷരങ്ങളുള്ള ഒരു പേജ് |
| 1 മെഗാബാറ്റ് | = 1000 പേജുള്ള പുസ്തകം |
| 1 ജിഗാബൈറ്റ് | = 1000 പുസ്തകം (ഒരു ലോറി പുസ്തകം) |
| 1 ടെറാബൈറ്റ് | = 1000 ലോറി പുസ്തകം (ഒരു ലോറിക്കൂട്ടം) |
| 1 പെറ്റാ ബൈറ്റ് | = 1000 ലോറിക്കൂട്ടങ്ങൾ |

മേൽ സൂചിപ്പിച്ച കണക്ക് ഒരു ഏകദേശ ധാരണയ്ക്കുമാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. അക്ഷരങ്ങൾ മാത്രമുള്ള പുസ്തകങ്ങളിലാണ് ഈ കണക്ക്. ചിത്രങ്ങൾ ചേരുമ്പോൾ വലിപ്പം പതിന്മടങ്ങ് കൂടും. അതുപോലെ ചലച്ചിത്രങ്ങൾക്ക് അതിലുമേറെ മെമ്മറി വേണ്ടിവരും. 3 മണിക്കൂർ സിനിമ രണ്ടു സി.ഡി.കളിലാണല്ലോ നാം കണ്ടുവരുന്നത്. ഇന്നു നാം ജിഗാബൈറ്റ് യുഗത്തിലാണ്. തള്ളവിരൽ വലിപ്പമുള്ള തമ്പ് ഡ്രൈവ് /ഫ്ളാഷ് മെമ്മറിയിൽ ഏതാനും ജിഗാബൈറ്റ് രേഖപ്പെടുത്താൻ നമുക്കാകുന്നു. (ഇത് ഏതാനും ലോറിയിൽ കൊള്ളാവുന്ന പുസ്തകങ്ങളാണെന്ന് ഓർക്കണം). ഏതാനും വർഷത്തിനകം ടെറാബൈറ്റുകടന്ന് പെറ്റാബൈറ്റ് മെമ്മറി ശേഖരിക്കുവാൻ വാനുകളോ ചിലപ്പോൾ ലൈബ്രറി മന്ദിരങ്ങളോ തന്നെ വേണ്ടി വന്നേയ്ക്കും. എന്നാൽ സാങ്കേതികവിദ്യ പൂർണ്ണമായും വികസിക്കുമ്പോൾ പെറ്റാബൈറ്റും തമ്പ് ഡ്രൈവറിലൊതുങ്ങും, മുഴുവൻ പത്രങ്ങളും... എല്ലാം നമ്മുടെ പോക്കറ്റിൽ കിടക്കുന്ന തമ്പ് ഡ്രൈവിൽ!

അഞ്ചു സർവ്വകലാശാല ലൈബ്രറികളിലെ പുസ്തകങ്ങൾ ഗൂഗിളിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റിക്കൊണ്ടിരിക്കയാണ്. ഇന്ത്യയിലും ചൈനയിലും പുറം കരാറായാണ് ഈ പണിച്ചെയ്യപ്പെടുന്നത്. ഒരു പുസ്തകത്തിന് 500 രൂപ മുതൽ 1500 രൂപ വരെ ചിലവുണ്ട് ഡിജിറ്റൽ വൽക്കരണത്തിന്. നമ്മുടെ നാട്ടിലും ചെറിയ തോതിലെങ്കിലും ഡിജിറ്റൽ വൽക്കരണത്തിന്. പബ്ലിക് ലൈബ്രറി (തിരുവനന്തപുരം), കേരള സർവ്വകലാശാലയുടെ മുഖ്യ ലൈബ്രറിയിലെ കേരള പഠനവിഭാഗത്തിലെ പുസ്തകങ്ങൾ, മാനുസ്ക്രിപ്റ്റ് ലൈബ്രറിയിലെ താളിയോലകൾ എന്നിവ, നിയമസഭാ ലൈബ്രറിയിലെ നിയമസഭാ രേഖകൾ, തൃശൂർ സാഹിത്യ അക്കാദമിയിലെ പഴയ ആനുകാലികങ്ങൾ എന്നിവയാണ് ഡിജിറ്റൽവൽക്കരിക്കപ്പെടുന്നത്. എന്നാൽ നാമിത് ലോകസമൂഹത്തിനായി ലഭ്യമാക്കുന്നില്ല എന്നത് ശ്രദ്ധേയം. പുരാതന കാലത്ത് ഭാരതം വിജ്ഞാനത്തിന്റെ ദാതാവായിരുന്നുവെങ്കിലും ഇന്ന് നാം മറ്റുള്ള സ്രോതസ്സുകളെ ഡൗൺലോഡ് ചെയ്യുകയും സ്വന്തം വിജ്ഞാന ശേഖരം കെട്ടി മുറുക്കി കാവലിരിക്കുകയും ചെയ്യുന്ന അന്യായത്തിന്റെ വക്താക്കളാണ്. ബ്രിട്ടീഷ് സ്ഥാപനങ്ങളിലെ ഇന്ത്യൻ രേഖകളും പുസ്തകങ്ങളും

**ബ്രിട്ടീഷ് സ്ഥാപനങ്ങളിലെ ഇന്ത്യൻ രേഖകളും പുസ്തകങ്ങളും മറ്റും മിക്കപ്പോഴും ഇന്റർനെറ്റിലൂടെ നമുക്ക് സൗജന്യമായിലഭിക്കുമ്പോൾ നമ്മുടെ സൈറ്റുകളിൽ നിന്ന് നമുക്കോ ബ്രിട്ടീഷുകാർക്കോ ഇത് ലഭ്യമല്ല.**

മറ്റും മിക്കപ്പോഴും ഇന്റർനെറ്റിലൂടെ നമുക്ക് സൗജന്യമായിലഭിക്കുമ്പോൾ നമ്മുടെ സൈറ്റുകളിൽ നിന്ന് നമുക്കോ ബ്രിട്ടീഷുകാർക്കോ ഇത് ലഭ്യമല്ല. പങ്കിടുമ്പോൾ മൂല്യം വാർദ്ധിക്കുന്ന ഒന്നാണ് വിജ്ഞാനമെന്ന ആപ്തവാക്യം നമുക്ക് ഇന്നും ബാധകമല്ല! ഒറ്റപ്പെട്ട ചില യത്നങ്ങൾ ദേശീയതലത്തിൽ ഇതിന് അപവാദമായുണ്ട്. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് നേതൃത്വം നൽകുന്ന E-prints ആണ് അവയിൽ ഒന്ന്.

സിനിമയും സംഗീതവും ആസ്വദകർതന്നെ മിക്കവാറും പൂർണ്ണമായി ഡിജിറ്റൽ രൂപത്തിലാക്കിക്കഴിഞ്ഞു. പുതിയവ ഡിജിറ്റൽരൂപത്തിൽ തന്നെയാണ് ജനിക്കുന്നതും. പത്രങ്ങളുടെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. ഡിജിറ്റൽ രൂപത്തിലാണവ ജനിക്കുന്നത്. ആ രൂപത്തിൽ തന്നെ അവ ശേഖരത്തിൽ സൂക്ഷിക്കാൻ സാധിക്കും. കൂടാതെ പത്രത്തിന്റെ ഓൺ – ലൈൻ പതിപ്പിന് മാറ്റങ്ങളുണ്ടെങ്കിൽ (ഉദാഹരണം വീഡിയോ, ആഡിയോ ഇവ ചേർക്കുന്ന വാർത്തകൾ) അവയും ഡിജിറ്റൽ ശേഖരത്തിൽ ചേർക്കാൻ സാങ്കേതിക ബുദ്ധമുട്ടുകൾ തീരെ ഇല്ല. എന്നാൽ പുസ്തകങ്ങൾ മുതൽ വെബ്സൈറ്റുകൾ വരെയുള്ള വിജ്ഞാനശകലങ്ങളിൽ പകർപ്പവകാശ പ്രശ്നങ്ങൾ ഉണ്ടെന്നത് സുപ്രധാനമായ കാര്യമാണ്. ഏകദേശം 70 വർഷങ്ങൾക്കുമുൻപുള്ള പകർപ്പവകാശം ഇല്ലാത്തവ തന്നെ വലിയൊരു ശേഖരമാ



ണെന്നതും ഇത്തരുണത്തിൽ ഒർക്കണം. പകർപ്പവകാശം പുരിത്യജിച്ച് പ്രസാധകർ മറ്റ് മാതൃകകൾ സ്വീകരിക്കുമെന്ന പ്രതീക്ഷയും സമീപകാലത്തായി ഉണ്ടായിട്ടുണ്ട്. 'ഓപ്പൺ ആക്സസ്' പ്രസിദ്ധീകരണമെന്ന ശൈലി ഇതിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

യൂണിവേഴ്സൽ ഡിജിറ്റൽ ലൈബ്രറിയുടെ ഒരു പ്രത്യേക സ്വഭാവം അതിന്റെ ജനാധിപത്യ സ്വഭാവത്തിലുള്ള 'കാറ്റലോഗിങ്' ആണ്. ഏതാനും ഗ്രന്ഥശാല ഉദ്യോഗസ്ഥർ നാട്ടുന്ന ചൂണ്ടുപലകകൾ വായനക്കാരെ വഴികാട്ടുന്ന സമ്പ്രദായം മാറി 'പബ്ലിക്ക് ടാഗിങ്' എന്ന കൂട്ടായ അഭിപ്രായ ശേഖരമായിരിക്കും വായനക്കാരെ പുസ്തകങ്ങളും സിനിമകളും മറ്റും തിരഞ്ഞെടുക്കാൻ സഹായിക്കുക. ഡിജിറ്റൽ പുസ്തകങ്ങൾ വായിച്ചു പോകുമ്പോൾ ഓരോ പേജിലും വായനക്കാരന് കമന്റുകൾ രേഖപ്പെടുത്താം. ഇന്നും ഇത്തരം പബ്ലിക്ക് ടാഗിങ് നിലവിലുണ്ട്. എന്നാൽ അവ സംഘടിതമല്ല എന്നു മാത്രം. നാം ഒരു സിനിമ കാണാൻ തിരഞ്ഞെടുക്കുമ്പോൾ അതിനെക്കുറിച്ചുള്ള എത്ര അഭിപ്രായങ്ങളാണ് നമ്മെ നയിക്കുന്നതെന്ന് ആലോചിച്ചു നോക്കൂ. യൂണിവേഴ്സൽ ലൈബ്രറിയിൽ ഇത് ഒരു ക്രോഡീകരിച്ച് സെർച്ച് ചെയ്യാവുന്ന സംവിധാനമായി ലഭ്യമാകും. ഓരോ വിജ്ഞാനശാകലത്തിനു ചുറ്റും തുടർച്ചയായി വളർന്നുകൊണ്ടിരിക്കുന്ന സമൂഹത്തിന്റെ അഭിപ്രായ വലയം.

അതിലെ കോട്ടങ്ങൾ ലോകമെമ്പാടുമുള്ള സോഫ്റ്റ് വെയർ വിദഗ്ധർ നിരീക്ഷിക്കുകയും തൽഫലമായി പരിഹരിക്കപ്പെടുകയും ചെയ്യുന്നു. സ്വതന്ത്ര സോഫ്റ്റ് വെയർ സാങ്കേതിക മികവിന്റെ കാരണം ഇതുതന്നെയാണ്. ഒരു സ്ഥാപനത്തിലെ മാത്രം വിദഗ്ധരുടെ വൈദഗ്ധ്യം പകർപ്പവകാശ സോഫ്റ്റ് വെയറിൽ നിഴലിക്കുമ്പോൾ ലോകമെമ്പാടുമുള്ള സ്വതന്ത്ര സോഫ്റ്റ് വെയർ പ്രവർത്തകരുടെ വൈദഗ്ധ്യത്തിലാണ് സ്വാതന്ത്ര സോഫ്റ്റ് വെയറുകൾ മികവാർജിക്കുന്നത്.

സോഴ്സ് കോഡ് ലഭ്യമാകുന്നത് സാധാരണ ജനങ്ങൾക്ക് പ്രസക്തമല്ല എന്നൊരു വാദമാണ്. ഒരു വ്യക്തി സോഴ്സ് കോഡ് നേരിട്ടു മാറ്റം വരുത്തുന്നുവോ എന്നുള്ളതല്ല പ്രശ്നം. സോഴ്സ് കോഡ് ലഭ്യമായിരുന്നാൽ സമൂഹത്തിന്റെ ആവശ്യമനുസരിച്ച് സാങ്കേതിക വിദഗ്ധർക്ക് മാറ്റങ്ങൾ വരുത്തുവാൻ കഴിയും എന്നത് പരോക്ഷമായി വ്യക്തികളെ ബാധിക്കുന്ന കാര്യമാണ്. വിൻഡോസിന് മലയാളം പതിപ്പ് ഉണ്ടാക്കാൻ അമേരിക്കൻ കമ്പനി കനിയേണ്ടിവരുന്നതുതന്നെയാണ് ഉദാഹരണം. ലിനക്സിന്റെ മലയാളം പതിപ്പ് കേരളത്തിൽ ഒന്നിലധികം സ്ഥാപനങ്ങൾ തയ്യാറായിട്ടുള്ളത് ഇതുമായി താരതമ്യപ്പെടുത്തുക.

**ഇ-ഗവേണൻസ് പോലുള്ള സംരംഭങ്ങളിൽ പൊതുമുതൽ മുടക്കി വാങ്ങുന്ന സോഫ്റ്റ് വെയറിന്റെ സോഴ്സ് കോഡ് ഗവൺമെന്റിനു പോലും പരിശോധിക്കുവാൻ സാധിക്കില്ല എന്നത് ഗൗരവമേറിയ ഒരു വിഷയമാണ്.**

സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ എളുപ്പമല്ല എന്നൊരു വാദഗതിയുണ്ട്. പൊതുവിൽ ഈ സാധരണ തെറ്റാണെങ്കിലും ചുരുക്കം ചില കാര്യങ്ങളിൽ ഇത് ശരിയുമാണ്. ഈ വിമർശനം ശാശ്വതമായി നില നിൽക്കുന്നതല്ല. കൂടുതൽ മെച്ചപ്പെടുത്തലുള്ള പ്രചാരവും കൂടുതൽ അനുബന്ധസാഹിത്യവും പ്രത്യക്ഷപ്പെടുമ്പോൾ ഈ അവസ്ഥക്ക് പരിണാമം സംഭവിക്കുമെന്നതിനു സംശയമില്ല.

3. സാമൂഹിക മികവ്: വിജ്ഞാനത്തിന്റെ തടസ്സമില്ലാതെ വിന്യാസം എന്ന ആശയത്തിലധിഷ്ഠിതമാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ. സ്റ്റാൾമാന്റെ തന്നെ വാക്കുകളിൽ അത്യാഗ്രഹത്തിന്റെ ഉരുൾപൊട്ടലിൽ അധിഷ്ഠിതമാണ് പകർപ്പവകാശ സോഫ്റ്റ് വെയർ. ഒരു പക്ഷേ പൊതുജനങ്ങളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നത് സ്വതന്ത്ര സോഫ്റ്റ്വെയറിന്റെ സാമൂഹിക മികവ് തന്നെയായിരിക്കണം. ഇ-ഗവേണൻസ്പോലുള്ള സംരംഭങ്ങളിൽ പൊതുമുതൽ മുടക്കി വാങ്ങുന്ന സോഫ്റ്റ് വെയറിന്റ സോഴ്സ് കോഡ് ഗവൺമെന്റിനു പോലും പരിശോധിക്കുവാൻ സാധിക്കില്ല എന്നത് ഗൗരവമേറിയ പൗരന്മാരെക്കുറിച്ചുള്ള വിവരങ്ങൾ സോഫ്റ്റ്‌വെയർ രഹസ്യമായി ഇന്റർനെറ്റിലൂടെ കടത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ പോലും ഭരണകൂടത്തിന് കഴിയാതെ വരുന്നത് ഗുരുതരമായ ഒരു കാര്യമാണ്.

സ്വകാര്യ വ്യക്തികളെയും സ്വകാര്യസ്ഥാപനങ്ങളെയുംകാൾ സർക്കാർ സോഫ്റ്റ് വെയറുകൾ വാങ്ങുന്ന വേളയിലാണ് സോഫ്റ്റുവെയർ സ്വാതന്ത്രത്തിന്റെ പ്രയോഗം വളരെ നിർണ്ണായകമാകുന്നത്. മുകളിൽ സൂചിപ്പിച്ച സാമൂഹിക മികവ് ഒരു സർക്കാരിനും അവഗണിക്കാനാവില്ല. ലോകത്ത് ഒട്ടനേകം രാജ്യങ്ങളിൽ ഈ വിഷയം സർക്കാരുകൾ ഗൗരവമായി എടുത്തു കഴിഞ്ഞു. ജർമ്മനി, മലേഷ്യാ, പെറു, ബ്രെസിൽ എന്നു തുടങ്ങി പാകിസ്ഥാനും നേപ്പാളും വരെ ഈ പട്ടികയിൽ പെടും.

ഇതിൽ പെറുവിലെ നിയമ നിർമ്മാണം സ്വതന്ത്ര സോഫ്റ്റ് വെയർ ചർച്ചയുടെ ആണിക്കല്ലായി മാറേണ്ട ഒന്നാണ്. ഫ്രീ സോഫ്റ്റ് വെയർ ഇൻ പബ്ലിക്ക് അഡ്മിസ്ട്രേഷൻ എന്ന 2002-ാം മാണ്ടിലെ ബിൽ നമ്പർ 1609 ചരിത്രത്തിൽ സ്ഥാനം നേടിയിരിക്കുന്നു. ഈ ബില്ലിനെ എതിർത്തുകൊണ്ട് 13 വാദങ്ങൾ പെറുവിലെ മൈക്രോസോഫ്റ്റ് ജനറൽ മാനേജർ പെറുവിലെ കോൺഗ്രസ് അംഗമായ എഡ്ഗർ വില്യൂനേവ ന്യൂനെസിന് അയക്കുകയുണ്ടായി. ഇവയെ പണ്ഡിതോചിതമായി ഒരു മറുപടിയിലൂടെ യുക്തിയുക്തം ഡോ.എഡ്ഗർ ഖണ്ഡി

ക്കുകയുണ്ടായി. ഈ സംവാദത്തിൽ ഉയർത്തപ്പെട്ട പ്രശ്നങ്ങളും അവയ്ക്കുള്ള മറുപടികൾക്കും പുറത്ത് മറ്റ് വിഷയങ്ങളൊന്നും തന്നെ നമ്മുടെ നാട്ടിലും ഉണ്ട് എന്ന് തോന്നുന്നില്ല. പെറുവിലെ നിയമവും മേൽസൂചിപ്പിച്ച സംവാദവും ഇന്റർനെറ്റിൽ സുലഭമാണ്.

കേരളത്തേയും ഇന്ത്യയെയും വ്യവസായ രംഗത്തെ പുത്തനുണർവ്വായാണ് നാം ഐ.റ്റിയെ കാണുന്നത്. സ്വാഭാവികമായും ഈ രംഗത്തെ സാധ്യതയെ സ്വതന്ത്ര സോഫ്റ്റ് വെയർ പ്രചാരം എങ്ങനെ ബാധിക്കും എന്നത് വികസന തല്പരരെ അലട്ടുന്ന ചോദ്യമാണ്. സ്വതന്ത്ര സോഫ്റ്റ് വെയറിനെ കുറിച്ച് ബിസിനസ്സ് സംരംഭകർ സാധാരണ പ്രകടിപ്പിക്കുന്ന ഭയം താഴെപ്പറയും പ്രകാരമാണ്. വൻകിട കമ്പനികൾ വൻ മുതൽമുടക്കിൽ നിർമ്മിക്കുന്ന സോഫ്റ്റ് വെയറുകൾ ആർക്കും പകർത്തിയെടുക്കാം എന്ന നിലവന്നാൽ ഐ.റ്റി. വ്യവസായരംഗം തകരില്ലേ?

ഒരു രാജ്യം സമ്പൂർണ്ണമായി സ്വതന്ത്ര സോഫ്റ്റ് വെയറിലേക്ക് തിരിഞ്ഞാൽ ഐ.റ്റി രംഗത്ത് ഇന്നു കാണുന്ന രീതിയിലുള്ള അസ്വാഭാവിക ലാഭം കൊയ്യാൻ സാധിക്കുകയില്ല എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ചെറുകിട സംരംഭകർക്ക് സാധ്യതകളുണ്ടാകും എന്നതും സമൂഹത്തിന് മൊത്തത്തിൽ ഗുണകരമാകും എന്നതുകൂടി കണക്കിലെടുത്തുകൊണ്ടുവേണം ഇക്കാര്യം വിലയിരുത്താൻ. ടൂറിസം വ്യവസായം പരിപോഷിപ്പിക്കുവാൻ വേശ്യാവൃത്തി പ്രോത്സാഹിപ്പിക്കുവാൻ ഏതെങ്കിലും രാജ്യം ഒരുമ്പെടുന്നതുപോലെ തന്നെയാണ് ഐ.റ്റി. വ്യവസായം സംരക്ഷിക്കാൻ മനുഷ്യാവകാശങ്ങളുടെ ഭാഗമെന്നു വാദിക്കാവുന്ന സോഫ്റ്റ് വെയർ സ്വതന്ത്ര്യങ്ങൾ ഹനിക്കുന്ന കുത്തക സോഫ്റ്റ് വെയറുകൾ പരിപോഷിപ്പിക്കുന്നത്. വൻകിട സംരംഭങ്ങളെ സ്വതന്ത്ര സോഫ്റ്റ് വെയർ പ്രതികൂലമായി ബാധിക്കുകയും മൈക്രോ എന്റർപ്രൈസുകൾക്ക് സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും എന്നതാണ് വാസ്തവം. ഐ.റ്റി. വ്യവസായരംഗത്തെ വികസന മാതൃകയെക്കുറിച്ചുള്ള ഒരു സുപ്രധാന തീരുമാനമാണ് സ്വതന്ത്ര സോഫ്റ്റ് വെയറിലേയ്ക്ക് തിരിയണോ വേണ്ടയോ എന്നത്. ഉപരിപ്ലവമായ ചർച്ചകളും പിടിവാശിയുമല്ല. മറിച്ച് ദീർഘവീഷണവും ആഴവുമുള്ള ചർച്ചകളാണ് നമുക്കാവശ്യം. നൈതികതയോടൊപ്പം തന്നെ പുതിയ ലോകക്രമത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയർ പ്രതിനിധീകരിക്കുന്ന വികസന മന്ത്രങ്ങളോട് ഭാവിതലമുറയുടെ സമീപനവും സ്വപ്നങ്ങളും യാഥാർത്ഥ്യബോധത്തോടെ പരിഗണിക്കേണ്ടതുണ്ട്. ■

PLUS
DIGITAL
MEDIA

TC-25/2727(7)
LUKE LAME,
PULIMOOD, G.P.O,
TRIVANDRUM,
KERALA STATE
9495354555

Cinema

# സിനിമയെ പ്രണയിച്ച സി. ജെ. തോമസ്

ജോൺ പോൾ



ചലനത്തെ പുനഃസൃഷ്ടിക്കുവാനുള്ള അദമ്യമായ ആഗ്രഹ തുടർച്ചയിലാണ് സിനിമ പിറന്നത്. അങ്ങിനെ പിറന്ന സിനിമയുടെ വഴി തുടർച്ചയിൽ ഇന്ത്യയിൽ സിനിമ ഉണരുന്നത് സംഭവങ്ങളുടെ ചിത്രലിഖിത സാദ്ധ്യതയിൽ കമ്പം പൂണ്ടാണ്. സംഭവങ്ങൾ എന്നത് കഥകളായതാണു പരിണാമത്തിലെ അടുത്ത ഘട്ടം. കഥകളുടെ ദൃശ്യാവിഷ്ക്കാരത്തിന് ലഭ്യമായ മാതൃക നാടകങ്ങളുടേതായിരുന്നു. ആ വഴി പിൻപറ്റി നമ്മുടെ ആദ്യകാലചിത്രങ്ങൾ ഏറെയും നാടകങ്ങളുടെ ഛായാഗ്രഹണോപാധി പ്രയോഗിച്ചുള്ള പരിഭാഷകളായി. നിലവിലുള്ള നാടകങ്ങൾ വിട്ട് പുതിയ കഥകൾ തേടിയപ്പോഴും നാടകവഴി വിട്ടില്ല സിനിമ. ഒരു പ്രമേയം കണ്ടെത്തിയാൽ ആ കഥയെ ദൃശ്യലേഖന സൗകര്യത്തെ മുൻനിറുത്തി കൊച്ചുകൊച്ചു രംഗങ്ങളായി പകുത്ത് അവയ്ക്കു സംഭാഷണം എഴുതി ചേർക്കുക എന്നതായി വഴക്കം. ഫലത്തിൽ ചെറിയ ചെറിയ രംഗങ്ങളുള്ള ഒരു നാടകമായിത്തന്നെയായിരുന്നു എഴുത്തു വിധം. അവയെ സദസ്സിന്റെ മുൻപിൽ നേരിട്ടവതരിപ്പിക്കുന്നതിനു പകരം ദൃശ്യശകലങ്ങളായി ക്യാമറയുടെ മുന്നിലവതരിപ്പിച്ചു. ആ ലിഖിതങ്ങളെ പുനർ സന്നിവേശിപ്പിച്ചു പ്രദർശന സാങ്കേതികതയിലൂടെ സദസ്സിന്റെ മുൻപിൽ അവതരിപ്പിച്ചു പോന്നു. ലോകമെങ്ങും സിനിമ അതിന്റെ ആഖ്യാനധാരയെ ത്രിതല രംഗഘടനയെ (Three Act Structure) നാടക വഴിയിൽ നിന്നും കടമെടുത്ത് ക്രമാനുക്രമമായും ക്രമം വിട്ട ക്രമത്തിലും ചിട്ടപ്പെടുത്തി വന്നതും വരുന്നതും ഇതോടുചേർത്തു കാണാവുന്നതാണ്.

മലയാളസിനിമ സഞ്ചരിച്ചതും ഈ എഴുത്തുമട്ടത്തിലൂടെ തന്നെയാണ്. 'ചെമ്മീൻ' സിനിമയിൽവരെ കഥ, സംഭാഷണം എന്നേ ടൈറ്റിലുകളിൽ കാണാനാകൂ. തിരനാടകം എന്ന ടൈറ്റിൽ പോലും കടന്നുവരുന്നത് അതിൽ പിന്നെയാണ്.

വിരലിലെണ്ണാവുന്ന ചിത്രങ്ങൾമാത്രമാണ് മലയാളത്തിൽ 1949 വരെ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. വിഗതകുമാരൻ, മാർത്താണ്ഡവർമ്മ, ബാലൻ, ജ്ഞാനാംബിക, പ്രഹ്ലാദ, നിർമ്മല... അത്രതന്നെ.

ഈ പശ്ചാത്തലത്തിലാണ് 1949-50 ഘട്ടത്തിൽ വിദേശ ചലച്ചിത്രങ്ങൾക്കുമാത്രം എത്തിപ്പെടുവാൻ കഴിയുമായിരുന്ന അതിവിശാലമായ ഒരു ക്യാൻവാസിൽ ക്രിസ്തുവിന്റെ ജീവിതത്തിലെ അവസാന നാളുകളെ പ്രമേയമാക്കി അന്ന് വിഭാവനം ചെയ്യുവാനാകുമായിരുന്ന ഏറ്റവും ഉയർന്ന സാങ്കേതികത്തികവോടെ സി.ജെ.തോമസ് ഒരു സിനിമ സങ്കല്പിക്കുകയും ചെയ്യുന്നത്. 1950 ആയപ്പോൾ ചിത്രനിർമ്മാണ രംഗം കുറെക്കൂടി സജീവമായി മാറിയിരുന്നു. നല്ല തങ്ക, സ്ത്രീ, ശശിധരൻ, പ്രസന്ന, ചന്ദ്രിക, ചേച്ചി എന്നിങ്ങനെ 6 ചിത്രങ്ങൾ ആ വർഷമിറങ്ങി. തന്റെ തിരരചനയെ കഥയും സംഭാഷണവും എന്നു പരിമിതപ്പെടുത്താതെ, തിരനാടകം എന്ന അതിന്റെ വരുംകാല തുടർച്ചയിൽ മുൻപേ ഇടം ചേരാതെ ചലച്ചിത്ര തിരക്കഥ (Film Script) എന്ന് അടിവരയിട്ടുതെളിച്ചു പറഞ്ഞുകൊണ്ടായിരുന്നു കഥാകൃത്തുക്കളും സംഭാഷണ രചയിതാക്കളും മാത്രമുള്ള അന്നത്തെ സിനിമാ പരിവൃത്തത്തിലേക്ക് സി.ജെ. കടന്നു വന്നത്. സിനിമയുടെ എഴുത്തു ധാരയ്ക്കു തിരക്കഥ എന്ന സംജ്ഞ ആദ്യ


മായി കോയിൻ ചെയ്തുപയോഗിച്ചത് സി.ജെ. ആണെന്ന് പ്രാമാണിക മാധ്യമപണ്ഡിതനും ചരിത്രാന്വേഷിയുമായ തോമസ് ജേക്കബ് ചൂണ്ടിക്കാട്ടുന്നു.

മലയാള സിനിമയുടെ ആദ്യപാദം എന്നു മാത്രം വിശേഷിപ്പിക്കാവുന്ന ആ ഘട്ടത്തിൽ കാലത്തിനുമുൻപേ സഞ്ചരിക്കുന്ന മനസ്സുമായി സി.ജെ.എഴുതിയ തിരക്കഥ ഇന്നും ദൃശ്യാവിഷ്ക്കാര പ്രസക്തമാണ്. കാലത്തെ അതിഭവിക്കുന്ന ചലച്ചിത്ര സങ്കൽപ്പങ്ങളുടെ നേർക്കാഴ്ച എന്ന നിലയിൽ സമഗ്രമായ പഠനം ഈ രചന അർഹിക്കുന്നു.

കൈനിക്കര പത്മനാഭ പിള്ളയുടെ 'കാൽവരിയിലെ കല്പപാദം' എന്ന നാടകത്തെ ഉപലംബമാക്കിയായിരുന്നു സി.ജെ.യുടെ തിരരചന. മേരി കാർലിയുടെ 'ബാറാബാസ്' എന്ന നോവൽ വായിച്ചപ്പോഴുണ്ടായ പ്രചോദനമാണ് കൈനിക്കരയെ നാടക രചനയ്ക്ക് പ്രേരിപ്പിച്ചത്. നാടകത്തിന്റെ അക്കാല രീതികൾക്കൊത്തുള്ള പൊതുസ്വഭാവം പാട്ടും കരച്ചിലും പ്രസ്താവനയുമൊക്കെയായി ശബ്ദായമാനമായിട്ടാണ്. കടുത്ത വർണ്ണത്തിലുള്ള കഥാപാത്ര തീർപ്പുകളാലും അതി നാടകീയതയാലും 'സ്പീച്ചുകൾ' എന്ന വിശേഷണത്താൽ പുകൾപ്പെട്ട നീണ്ട സംഭാഷണങ്ങളാലും മുഖരിതമായിരുന്നു അന്നത്തെ നാടക രീതികൾ. അതിശയവൽക്കരണം അനിവാര്യമായിരുന്നു. അത്തരം സ്വാധീനങ്ങളെ വലിയൊരളവുവരെ പരിമിതപ്പെടുത്തുകയും പരിപാകപ്പെടുത്തുകയും ചെയ്യുവാൻ കൃതഹസ്തനായ കൈനിക്കര ശ്രമിച്ചിട്ടുണ്ട്. എങ്കിൽക്കൂടിയും അന്നത്തെ നാടക വഴികളിൽ നിന്നും ഈ നാടകം പൂർണ്ണമായും ഒഴിവായിട്ടുമില്ല.

കൈനിക്കരയുടെ നാടകം സി.ജെ.യുടെ തിരക്കഥയ്ക്കു ഉപലംബം മാത്രമായിരുന്നു. നാടകത്തിലെ ഊന്നൽലുകളിൽ നിന്നും വ്യത്യസ്തമായാണ് തിരക്കഥയിലെ ഫോക്കസ്. മൂലകഥയിൽ നിന്നും വേണ്ടത്ര സ്വാതന്ത്ര്യമെടുക്കുവാൻ തിരക്കഥയിൽ സി.ജെ. മടിച്ചിട്ടില്ല. ഇരുപതു രംഗങ്ങളുള്ള നാടകം തിരക്കഥയായപ്പോൾ പതിനാലു സ്വീക്വെൻസുകളും 305 ഷോട്ടുകളുമായി. സീനുകളായല്ല, സ്വീക്വെൻസുകളും, ഷോട്ടുകളുമായാണ് സി.ജെ.യുടെ രചന. അതായത് സന്ദർഭങ്ങളിൽ കഥാപാത്രങ്ങളുടെ മാനസികതലത്തെ ചുരുങ്ങിയ വാക്കുകളിൽ വിവരണഭാഗത്തു സി.ജെ. ഭംഗിയായി സൂചിപ്പിച്ചിട്ടുമുണ്ട്.

സംഭാഷണത്തിന്റെയും ഇതര ശബ്ദങ്ങളുടെയും ഔചിത്യപൂർണ്ണമായ സംയമനം തിരക്കഥയിൽ ആദ്യന്തം ദീക്ഷിച്ചിരിക്കുന്നു. ദൃശ്യങ്ങളിലൂടെ തന്നെ കഥ പറഞ്ഞിരിക്കുന്നു. സംഭാഷണങ്ങൾ കുറവ് ഉള്ളവയ്ക്കു നാടകത്തിലുണ്ടായിരുന്നതിനേക്കാൾ കൂറെക്കൂടി മിഴിവാർജ്ജിച്ചിരിക്കുന്നു; അർത്ഥ പുഷ്ടി വന്നിരിക്കുന്നു. ചിലയിടങ്ങളിൽ പ്രകടനപരമായല്ലാതെ അവയിൽ ദാർശനിക സൂചകങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. കഥാപാത്രങ്ങൾക്കു കൂടുതൽ വ്യക്തിത്വം, വ്യംഗ്യങ്ങൾ അർത്ഥ പ്രാപ്തം, സന്ദർഭങ്ങളിൽ വ്യക്തത, മുഹൂർത്തങ്ങളിൽ അനുപാത കൃത്യതയോടെ തീവ്രത, നിശ്ശബ്ദരംഗങ്ങളെ ദൃശ്യപ്രതീകങ്ങളിലൂ



ടെ വാചാലമാക്കുവാനുള്ള മാധ്യമത്തിന്റെ കഴിവുകൾ സി.ജെ. ഫലപ്രദമായി നിവേശിച്ചിരുന്നു.

'കാൽവരിയിലെ കല്പപാദപം' എന്നുതന്നെയാണ് തിരക്കഥയുടെ മുൻപേജിൽ നൽകിക്കാണുന്നപേര്. അന്തർദ്ദേശീയവും സാർവ്വകാലികവുമായ പ്രസക്തി ചിത്രത്തിനു ലക്ഷ്യമാക്കിയിരുന്നതുകൊണ്ടു ഇതൊരു താൽക്കാലിക പേരു (Woking title) എന്നേ ഉദ്ദേശിച്ചിരിക്കുവാനിടയുള്ളു. സി.ജെ. യുടെ സംവിധാനത്തിൽ തന്നെ വിഭാവനം ചെയ്യപ്പെട്ടിരുന്ന ഈ ചലച്ചിത്ര ശ്രമം തിരക്കഥാരചനയ്ക്കപ്പുറം മുൻപോട്ടുപോയില്ല. അതിൽ സി.ജെ. ഭഗ്നാശനായിരുന്നു. അതാവാം ഈ തിരക്കഥ പ്രസിദ്ധപ്പെടുത്തുവാൻ സി.ജെ. ശ്രദ്ധിക്കാതെപോയതും അവസാനനാൾ വരെ റോസി തോമസ് അതിനുത്സാഹിക്കാതിരുന്നതും.

1949 –50 കാലത്താണ് ഇതെഴുതിയതെന്നു പറയുമ്പോൾ 'സോഷ്യലിസം', 'മതവും കമ്മ്യൂണിസവും' എന്നീ ഗ്രന്ഥങ്ങൾ സി.ജെ. എഴുതിക്കഴിഞ്ഞിരുന്നു. 'അവൻ വീണ്ടും വരുന്നു'. 1949 ലും 'ഉയരുന്ന യവനിക' 1950 ലുമാണ് വരുന്നത്. അതിനിടയിലായിരുന്നു തിരരചന. അതു ചലച്ചിത്രമാക്കുവാനുള്ള ശ്രമങ്ങൾ നടന്നിട്ടുള്ളത് 1951–52 കാലഘട്ടത്തിലാണ്. അതായത് 'ജീവിതനൗക' തൊട്ടു 'മരുമകൾ' വരെയോ ഏറിയാൽ 'പൊൻകതിർ' വരെയോ ഉള്ള ചലച്ചിത്ര കാലയളവിൽ വിലയിരുത്തൽ




(1952) ജനുവരി ഒൻപത് (1953) എന്നിവയാണ് ഈ ഘട്ടത്തിൽ സി.ജെ. എഴുതിയ ഇതര രചനകൾ. നീലക്കുയിലും ന്യൂസ് പേപ്പർബോയിയും മലയാളത്തിലും പഥേർ പാഞ്ചാലി ബംഗാളിലും പിറക്കുന്നതിനുമുൻപേ സി.ജെ. ഈ തിരക്കഥയെഴുതുകയും അതു സിനിമയാക്കുവാൻ ശ്രമം നടത്തുകയും ചെയ്തിരുന്നു. മലയാളസിനിമയുടെ എഴുത്തു വഴിയിൽ പൂർവ്വ സൂരികളായി പലരെയും ചൂണ്ടിക്കാട്ടുവാനുണ്ടെങ്കിലും ചിത്രം കൈവരിച്ച കലാപരമായ മികവിന്റെ പേരിൽ നീലക്കുയിലിന്റെ രചയിതാവായ ഉറൂബിന് നാമൊരു പ്രത്യേക സ്ഥാനം നൽകേണ്ടതുണ്ട്. സിനിമയായി ഭവിച്ചില്ലെങ്കിലും ഈ തിരക്കഥയെഴുതുകയും അതു സിനിമയാക്കുവാൻ ശ്രമം നടക്കുകയും ചെയ്തപ്പോൾ സി.ജെ. ഫലത്തിൽ സ്വന്തമാക്കിയത് ഉറൂബ് അടക്കമുള്ള ആദ്യകാലചലച്ചിത്ര രചയിതാക്കളുടെ മുൻനിരയിലെ പ്രമുഖ സ്ഥാനമാണ്. ലക്ഷണയുക്തവും ദൃശ്യസാദ്ധ്യതകളോടു ചേർന്നു നിൽക്കുന്നതും ആയ മലയാള തിരക്കഥയുടെ ചരിത്രം സി.ജെ.യിൽ നിന്നു തുടങ്ങുന്നു എന്ന് പറയണം. മലയാള സിനിമയുടെ ചരിത്രത്തിൽക്കൂടി ഇതിലൂടെ സി.ജെ. സ്ഥാനം നേടുകയാണ്. അതാവട്ടെ ഈ ചലച്ചിത്ര ശ്രമം ഫല ശ്രുതിയിൽ എത്തിയിരുന്നുവെങ്കിൽ വളരെ പ്രമുഖമായ ഒരു സ്ഥാനം തന്നെയാകുമായിരുന്നു എന്ന് ഈ തിരക്കഥ ബോദ്ധ്യപ്പെടുത്തുന്നു.

‘അവൻ വീണ്ടും വരുന്നു’ എന്ന നാടകവും ‘ഉയരുന്ന യവനിക’ എന്ന നാടകവിചാരണയും ഈ തിരക്കഥയ്ക്കു മുൻപേ എഴുതി അവയ്ക്ക് ബൗദ്ധിക മണ്ഡലത്തിൽ നല്ല പ്രതികരണം ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ ചലച്ചിത്ര ശ്രമം നടക്കുകയും വിജയിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഇതോടൊപ്പം സി.ജെ. വിഭാവനം ചെയ്തിരുന്ന ചലച്ചിത്ര ശ്രമങ്ങൾ കൂടി സാഫല്യമടഞ്ഞിരുന്നുവെങ്കിൽ സംശയിക്കാനാവില്ല, സി.ജെ. മലയാള സിനിമയിലെ ഒരു വലിയ ശക്തി സാന്നിദ്ധ്യമാകുമായിരുന്നു. നാടകക്കൂറു കൈവിടുമായിരുന്നതിന്റെ സർഗ്ഗസിദ്ധിപങ്കിടുമ്പോൾ സ്വഭാവികമായും നാടകത്തിനു ലഭിക്കുമായിരുന്ന വെളിപാടുസമങ്ങളായ കലാപങ്ങൾക്കും ഉണർവ്വുകൾക്കും നൂനം സംഭവിക്കില്ലായിരുന്നുവെങ്കിൽത്തന്നെയും മാത്രകളിൽ അളവു ശോഷണം സംഭവിക്കുമായിരുന്നു എന്നുറപ്പ്. അങ്ങിനെ സംഭവിച്ചില്ല.സിനിമയുടെ നഷ്ടം നാടകത്തിനു അനുഗ്രഹമായി.


സിനിമ ബ്ലാക്ക് ആന്റ് വൈറ്റിന്റെ കലയല്ല എന്നും വർണ്ണങ്ങളാണ് അതിന്റെ വിന്യാസമുറയെന്നും വർണ്ണ ചിത്രങ്ങളുടെ ഒരു ലോകമായി സിനിമ മാറുമെന്നും ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രങ്ങളുടെ കാലത്ത് തന്നെ സി.ജെ. പ്രവചന രൂപത്തിൽ പറയുമായിരുന്നത് പഴവിളരമേശൻ ഓർക്കുന്നു.

നാടകത്തിൽ ദത്തശ്രദ്ധനായി തുടരുമ്പോഴും സിനിമയിൽ ജാഗരുകമായ ശ്രദ്ധ തുടക്കംതൊട്ടേ സി.ജെ. പതിപ്പിച്ചിരുന്നു. സിനിമയെന്ന മാധ്യമം ആദ്യപാദങ്ങളിൽ നേരിട്ട അവഗണനയെ അതിജീവിച്ചു പ്രൗഢിഗരിമകൾ സ്വന്തമാക്കി, മറ്റേതുകലാപ്രസ്ഥാനങ്ങളോടുമൊപ്പം സമൂഹധാരകളോടു പ്രതിസ്പന്ദിക്കുവാനും പ്രായത്തിൽ ഏറ്റവും ചെറുപ്പമായ മാധ്യമമായിരുന്നിട്ടും ഏറ്റവും പ്രേരണാശക്തിയുള്ള മാധ്യമമായി ശക്തിയാർജ്ജിക്കുവാനും തുടങ്ങിയിരുന്ന നാളുകളാണത്. സ്വാഭാവികമായും കലാതല്പരായ എല്ലാവരെയും സിനിമ വിശേഷാൽ ആകർഷിച്ചിരുന്നു. സി.ജെ.യെപ്പോലെ കലയുടെ വിവിധ പ്രകാശതലങ്ങളിൽ സ്വയം അടയാളപ്പെടുത്തുവാൻ വെമ്പുന്ന മനസ്സുള്ള ഒരാളെ ഈ മാധ്യമം വല്ലാതെ സ്വാധീനിക്കുകയും ചെയ്തു. ജന്മനാസിദ്ധവും സ്വയാർജ്ജിതവുമായ ഒരു ദൃശ്യസംസ്ക്കാരം സി.ജെ.യിൽ മുൻപേ അന്തർലീനമായുണ്ടായിരുന്നതിനെ അനിവാര്യമായും സിനിമ പ്രകോപിപ്പിച്ചിരുന്നു.

തിരക്കഥയുടെ രീതിശാസ്ത്രങ്ങളെക്കുറിച്ചു സൂചനകങ്ങളോ, അവലംബിക്കാവുന്ന റഫറൽ ഗ്രന്ഥങ്ങളോ മലയാളത്തിൽ ഉണ്ടായിരുന്നില്ല. ചിത്രങ്ങൾ കണ്ട് അങ്ങിനെയൊരവബോധം പ്രാപിക്കുവാൻ മാത്രം മലയാള സിനിമ അന്നു പരിപാകവുമായിരുന്നില്ല. സിനിമയെക്കുറിച്ചും അതിന്റെ ദൃശ്യഭാഷയെക്കുറിച്ചും സി.ജെ. വായിച്ചിട്ടുള്ളതും മനസ്സിലാക്കിയിട്ടുള്ളതും ഏറെയും വിദേശചിത്രങ്ങളിൽ നിന്നും വിദേശ ഗ്രന്ഥങ്ങളിൽ നിന്നുമാവണം. സിനിമയുടെ സാങ്കേതിക വശങ്ങൾ, സംവിധാനം, ഫോട്ടോഗ്രാഫി, സ്ക്രീൻപ്ലേ മുതലായ കാര്യങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന വിലപിടിപ്പുള്ള പുസ്തകങ്ങൾ സി.ജെ. ശ്രമപ്പെട്ട് സംഘടിപ്പിച്ച് പഠിച്ചിരുന്നതായി സി.ജെ.യുടെ പത്നി റോസി തോമസ് ഓർ

**വിദേശഗ്രന്ഥങ്ങൾ സംഘടിപ്പിച്ചെടുക്കുവാൻ സി.ജെ.യെ ഏറ്റവും കൂടുതൽ സഹായിച്ചത് ബഷീർ ബുക്സ്റ്റാളാണ്. ബഷീറിന്റെ സാരഥ്യത്തിലുള്ള ബുക് സ്റ്റാൾ ഏറെ സുവിദിതമായിരുന്നത് അവിടെ ലഭ്യമായിരുന്ന അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ ഇംഗ്ലീഷ് പുസ്തകങ്ങളുടെ പേരിലാണ്.**








ക്കുന്നുണ്ട്. ആ വഴിക്കും ചിത്രങ്ങൾ കണ്ടിട്ടും ചിത്രങ്ങളുടെ സൃഷ്ടിവഴികളെക്കുറിച്ച് ആരാഞ്ഞറിഞ്ഞിട്ടും നേടിയെടുത്ത പൊട്ടും പൊടിയും സാമാന്യവൽക്കരിച്ച് സ്വന്തം സങ്കൽപ്പത്തോടുചേർത്തിണക്കി സ്വയം ശിക്ഷണത്തിലൂടെ നേടിയെടുത്തിരിക്കാവുന്ന ചലച്ചിത്രാവബോധവും തിരക്കഥാസങ്കൽപ്പവുമായിരുന്നു സി.ജെ.യുടെ മൂലധനം. മുൻപേയുള്ള ഫോട്ടോഗ്രാഫിയിലും ചിത്രകലയിലുമുള്ള നൈപുണ്യവും സി.ജെ. യുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചിട്ടുമുണ്ടാകാം.

വിദേശഗ്രന്ഥങ്ങൾ സംഘടിപ്പിച്ചെടുക്കുവാൻ സി.ജെ.യെ ഏറ്റവും കൂടുതൽ സഹായിച്ചത് ബഷീർ ബുക്സ്റ്റാളാണ്. ബഷീറിന്റെ സാരഥ്യത്തിലുള്ള ബുക്സ്റ്റാൾ ഏറെ സുവിദിതമായിരുന്നത് അവിടെ ലഭ്യമായിരുന്ന അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ ഇംഗ്ലീഷ് പുസ്തകങ്ങളുടെ പേരിലാണ്. ഗോപുരം മാസികയിൽ പ്രസിദ്ധപ്പെടുത്തികാണുന്ന ബഷീർ ബുക്സ്റ്റാളിന്റെ പരസ്യങ്ങളെല്ലാം തന്നെ അവിടെ ലഭ്യമായ ഇംഗ്ലീഷ് പുസ്തകങ്ങളെ പ്രതിലംബിച്ചിട്ടുള്ളവയാണ്. ബഷീർ സ്വന്തം നിലയിൽ സിനിമയിൽ തല്പരനായിരുന്നു. ആ താല്പര്യത്തെ ഉദ്ദീപിപ്പിക്കുവാൻ സി.ജെ. യുമൊത്തു രാവുവെളുക്കുവോളം നടത്തുമായിരുന്ന ചലച്ചിത്ര ചർച്ചകൾ സഹായകമായിട്ടുണ്ട്. താൻ എഴുതിയ തിരക്കഥ സി.ജെ. ആദ്യം വായിച്ചുകേൾപ്പിക്കുന്നത് ബഷീറിനെയാവണം. അതു കേട്ടപ്പോഴുള്ള ഉണർവ്വാണ് തിരക്കഥാവഴിയെ പരീക്ഷണം നടത്തുവാൻ തനിക്കുപ്രേരകമായതെന്നു ബഷീർ ചേലങ്ങാട്ടു ഗോപാലകൃഷ്ണനോടു പറഞ്ഞിട്ടുണ്ട്. നീലവെളിച്ചം കഥയുടെ പിൻപറ്റി ഭാർഗ്ഗവീനിലയം പിറക്കുന്നത്. ആ വഴി തുടർച്ചയിലായതുകൊണ്ട് വൈക്കം മുഹമ്മദ് ബഷീറിന് സിനിമയിൽ രണ്ടു മാർഗ്ഗദർശികളുള്ളത് ഒന്നു സി.ജെ. തോമസും രണ്ടാമത്തേത് സംവിധായകൻ എ. വിൻസന്റുമാണെന്നുകൂടി വെളിവാകുന്നു.

തന്റെ ഭാവനയെ ഏറ്റവും ആകർഷിച്ച ദാവീദ് രാജാവിന്റെ ദീർഘമായ ജീവിതകഥയെ അടിസ്ഥാനമാക്കി ഒരു ഗംഭീര ചലച്ചിത്രം ഒരുക്കണമെന്നതു സി.ജെ. തോമസിന്റെ ഒരു ചിരകാലാഭിലാഷമായിരുന്നുവെന്നും അതിനായിവിപുലമായ തോതിൽ ഒരു ഷെനറിയോ സി.ജെ. തോമസ് തയ്യാറാക്കിയിരുന്നതായറിയാമെന്നും അയ്യപ്പപണിക്കർ എഴുതിയിട്ടുണ്ട് അതിന്റെയൊന്നും തിര രചന പക്ഷെ കണ്ടെത്തുവാനായിട്ടില്ല. രണ്ടോ മൂന്നോ ചലച്ചിത്രശ്രമങ്ങൾ ഇവയ്ക്കുപുറമെ സി.ജെ.യുമായി നടന്നതിന്റെ സൂചന റോസി തോമസിന്റെ ഓർമ്മപുസ്തകത്തിലും ഡോ. എ. റസലുദ്ദീന്റെ ഒരു ലേഖനത്തിലും വായിച്ചതായുമോർക്കുന്നു ജീവിതത്തിന്റെ അവസാനപാദത്തിൽ എം. ഗോവിന്ദന് എഴുതിയ ഒരു കത്തിൽ ശ്രീബുദ്ധന്റെ ഐതിഹാസികമായ ജീവിതത്തെ ആധാരമാക്കി ഒരു ചലച്ചിത്രം സ്വപ്നം കാണുന്നതായി സി.ജെ. സൂചിപ്പിച്ചിരുന്നുവെത്രെ. സിനിമയിൽ സി.ജെ.യ്ക്കു ചെറിയ സ്വപ്നങ്ങളില്ലായിരുന്നു എന്നർത്ഥം.

സി.ജെ. മനസ്സിൽ സങ്കൽപിച്ചിരുന്ന ചലച്ചിത്രങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ടിരുന്നുവെങ്കിൽ നമ്മുടെ സിനിമയുടെ തുടർയാഹത്തെ തന്നെ സ്വാധീനിച്ചിരിക്കാവുന്ന ഒരു ദിശാമാറ്റത്തിനു തുടക്കംക്കുറിക്കുമായിരുന്നു. അതുസംഭവിക്കാതെ പോയ നിർഭാഗ്യത്തിൽ പരിതപിക്കുകമാത്രം വിധിനിയോഗം.



## പി. ജി. അനുസ്മരണം

# സാമ്രാജ്യത്വകാലവും മാധ്യമങ്ങളും



സി-ഡിറ്റിന്റെ സ്ഥാപകനായ സ. പി.ജി. നമ്മെ വിട്ടു പിരിഞ്ഞിട്ട് രണ്ടു വർഷം കഴിഞ്ഞു. പി.ജിയെ അനുസ്മരിക്കുന്നതിലേക്കായി സാമ്രാജ്യത്വകാലവും മാധ്യമങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. പി.ജി. വളരെയധികം ഇഷ്ടപ്പെട്ടിരുന്ന രണ്ട് മേഖലകൾ സംയോജിപ്പിച്ചുകൊണ്ടാണ് സെമിനാറിന് വിഷയം തെരഞ്ഞെടുത്തത്. ലോകത്തെ മാധ്യമങ്ങളെ അവരുടെ വരുതിക്ക് കൊണ്ടുവരികയും പിടിച്ചെടുക്കുകയും ചെയ്ത് മാധ്യമ ആധിപത്യം സൃഷ്ടിക്കുക എന്നതാണ് സാമ്രാജ്യത്വത്തിന്റെ പുത്തൻ നയം എന്ന് സെമിനാർ ഉത്ഘാടനം ചെയ്തുകൊണ്ട് മുൻ കേരള വിദ്യാഭ്യാസ മന്ത്രിയും സി.പി.എം. പോളിറ്റ് ബ്യൂറോ മെമ്പറുമായ സ: എം.എ. ബേബി അഭിപ്രായപ്പെട്ടു.















നവമാധ്യമങ്ങളെയും ദൃശ്യമാധ്യമങ്ങളെയും കീഴ്പ്പെടുത്തുവാനും അതിനെ ഉപകരണമാക്കി. ഒന്നും ചെയ്യാൻ സാമ്രാജ്യത്വത്തിന് കഴിയില്ലെന്നും സമാന്തര മാധ്യമശൃംഖല വളർന്നുവരേണ്ടതുണ്ടെന്നും നവമാധ്യമങ്ങളിലൂടെ സാമൂഹ്യ നന്മക്കാവാവശ്യമായ നടപടികളാണ് വേണ്ടതെന്നും സെമിനാറിന്റെ വിഷയം മുഖ്യമായും അവതരിപ്പിച്ചുകൊണ്ട് പ്രശസ്ത പത്രപ്രവർത്തകനും സ: പി.ജിയുടെ മകനുമായ ശ്രീ എം.ജി. രാധാകൃഷ്ണൻ ചൂണ്ടിക്കാട്ടി. സി.ഇ.എ. പ്രസിഡന്റ് സ: കടകംപള്ളി സുരേന്ദ്രൻ സെമിനാറിൽ അദ്ധ്യക്ഷത വഹിക്കുകയും പിജിയുമായുള്ള ഓർമ്മകൾ പങ്ക് വയ്ക്കുകയും ചെയ്തു. സി-ഡിറ്റ് രജിസ്ട്രാർ ഡോ. എസ്.എ. ഷാജഹാൻ എന്നിവർ ചടങ്ങിൽ ആശംസകൾ നേർന്ന് സംസാരിച്ചു. സി.ഇ.എ. ജനറൽ സെക്രട്ടറി ബി. സതീശൻ സ്വാഗതം ആശംസിച്ചു. ശ്രീമതി പ്രേം സുജ കൃതജ്ഞത രേഖപ്പെടുത്തി. ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും സാന്നിദ്ധ്യം സെമിനാറിന് പ്രത്യേക അനുഭവമായിരുന്നു.






Homage



# ഓർമ്മ



ദാമോദർ പ്രസാദ്

ഒരു തവണ പിജിയും ഗോപാലൻസാറും ശിവശങ്കരൻ മാഷും തമ്മിൽ ഒരുമിച്ച് സന്ധിച്ച് സംസാരിക്കുന്നതിന് സാക്ഷിയാകാൻ ഇടവന്നിട്ടുണ്ട്. അതിന് മുമ്പും പിമ്പും അവർ ഒരുമിച്ച് സംസാരിച്ചിരുന്നോ എന്നറിയില്ല. സാധ്യത നന്നേ കുറവാണ്. കാരണം ഒരിക്കലും അങ്ങനെയങ്ങ് പരസ്പരം പൊരുത്തപ്പെടുന്ന സ്വഭാവമായിരുന്നില്ല മൂവരുടേതും. പിജിയ്ക്കും ശിവശങ്കരൻ മാഷിനും പോലെ താല്പര്യമുള്ള പലേ മേഖലകളുണ്ടായിരുന്നു. മാനവോദയം പ്രോജക്ടിന്റെ ഭാഗമായി സർക്കാർ ഗസ്റ്റ് ഹൗസിൽ നടന്ന വർക്ക്ഷോപ്പിന്റെ ഇടവേളയിൽ വെച്ചായിരുന്നു മൂവരും സന്ധിച്ചത്. ഒരുമിച്ചുണ്ടായപ്പോൾ നടന്ന ഏതാനും നിമിഷങ്ങളിലെ സംസാരത്തിൽനിന്ന് അവരുടെ സ്വഭാവ വ്യതിരിക്തത മനസ്സിലാക്കാവുന്നതാണ്.

മാനവോദയത്തിന്റെ വിവിധ എപ്പിസോഡുകളുടെ സ്ക്രിപ്റ്റ് തയ്യാറാക്കാൻ നിയോഗിച്ച വിദഗ്ദ്ധരിൽ നിന്ന് ഒരു മാസത്തിനകം തന്നെ

സ്ക്രിപ്റ്റുകൾ വാങ്ങണമെന്ന് പ്രോജക്ട് കോർഡിനേറ്റർ എന്ന നിലയ്ക്ക് എന്നെ ഗോപാലൻ സാർ ചട്ടം കെട്ടി. വാസ്തവത്തിൽ കർക്കശസ്വരത്തിൽ എന്നോടെന്ന പോലെ ശിവശങ്കരൻ മാഷിനോടാണ് ഗോപാലൻ സാർ ഇത് പറഞ്ഞത്. ശിവശങ്കരൻ മാഷ് ഈ അജ്ഞതയെ വേണ്ടപോലെ വില കൽപ്പിക്കുന്നില്ല എന്ന് തോന്നിയ ഗോപാലൻ സാർ വീണ്ടും ആവർത്തിച്ചുകൊണ്ട് ഒരു തുള്ളി ഡിപ്ലമസി ചേർത്ത് പറഞ്ഞു. Don't worry, Professor will help you getting the script from the experts. പക്ഷെ ശിവശങ്കരൻ മാഷ് മുഖഭാവത്തിൽ ഒരു മാറ്റവും വരുത്തിയില്ല. അത് ഗോപാലൻസാറിനെ ഇച്ചിരി അസ്വസ്ഥനാക്കി. അല്പം കാർക്കശ്യത്തോടെ പറഞ്ഞു, Professor, as a consultant you have a bigger role in completing this project. ശിവശങ്കരൻ മാഷ് വളരെ പതിഞ്ഞ സ്വരത്തിൽ Yes, I am talking to all എന്നു പറഞ്ഞുകൊണ്ട് ഈണത്തിലുള്ള പതിവുള്ള ഒരു ചിരി ചിരിച്ചു. അത് ഗോപാലൻസാറിന് അത്രയൊന്നും പിടിച്ചില്ല എന്നുറപ്പ്. അത് പെട്ടെന്ന് മനസ്സിലാക്കിയ പിജി എന്നോട് ചോദിച്ചു, ആരൊക്കെയാണ് എക്സ്പേർട്സ്? രണ്ട് മൂന്ന് പേരുകൾ പറയുമുമ്പേ ഗോപാലൻ സാർ ഇടപെട്ടു പറഞ്ഞു PG, you can certainly help us. ഉടനെ പിജി പറഞ്ഞു, തീർച്ചയായും. ആ പറഞ്ഞത് ഗോപാലൻ സാറിന് ഇഷ്ടമായെന്ന് തോന്നുന്നു. സാർ പറഞ്ഞു, thank you PG, you can give your script to him immediately. പിജി എന്നോട് പതിയേ ചോദിച്ചു. ഏതാണ് പിജി എഴുതേണ്ട എപ്പിസോഡ് എന്ന്. $20^{th}$ century എന്ന് ഞാൻ. ഉടനെ തരാമെന്ന് പിജി. പിജിക്ക് എളുപ്പം എഴുതാവുന്ന ഒരു മേഖലയാണ്. പിജിയുടെ പഠന മേഖലയുമാണ് ഇരുപതാം നൂറ്റാണ്ടിലെ സമൂഹവും സംസ്കാരവും. പിന്നീട് തിരക്കുകള് കാരണം പൂർണമായും എഴുതിതരാൻ പിജിക്ക് കഴിഞ്ഞില്ല.

സംഭാഷണം കഴിഞ്ഞ് പിജി ഭക്ഷണം കഴിക്കാൻ നിൽക്കാതെ അപ്പോൾ തന്നെ കാറിൽ യാത്രയായി. വർക്ക്ഷോപ്പ് കഴിഞ്ഞു വിശദാംശങ്ങൾ വൈകിട്ട് ഗോപാലൻ സാറിനെ ബോധിപ്പിക്കണം എന്ന് തെര്യപ്പെടുത്തി അദ്ദേഹവും പോയി. വിശന്നു വലഞ്ഞിരുന്നു അപ്പോഴേക്കും. ശിവശങ്കരൻ മാഷ് വന്നു പറഞ്ഞു. താൻ വല്ലതും കഴിച്ചോ. ഇല്ലെങ്കിൽ വേഗം പോയി കഴിക്കൂ. മാഷ് കഴിച്ചോ. നേരത്തേ എന്ന് പറഞ്ഞു. മാഷിന്റെ സ്വതസിദ്ധമായ ചിരി ചിരിച്ചു. മാഷിനോട് അന്ന് വൈകുന്നേരം തന്നെ ഞാൻ ആരാന്നു പറഞ്ഞ സമയത്ത് ഈ സ്ക്രിപ്റ്റുകളൊക്കെ കിട്ടുമോ, കിട്ടുമെടോ. ഇല്ലെങ്കിൽ നമുക്ക് അത് എഴുതാൻ വഴിയുണ്ടാക്കാം. എനിക്ക് ഒന്നുറപ്പായിരുന്നു മാഷ് വിചാരിച്ചാൽ അതിലെ പല എപ്പിസോഡുകളുടെയും സ്ക്രിപ്റ്റ് സ്വയം തന്നെ എഴുതാം.

ഇന്ന് മൂവരും ഇല്ല. സിഡിറ്റിൽ ചേർന്ന വേളയിൽ ഈ മൂന്ന് സവിശേഷ വ്യക്തിത്വങ്ങളുടെ കീഴിൽ ജോലി ചെയ്യാൻ കഴിഞ്ഞത് വലിയ അനുഗ്രഹമായി കരുതുന്നു. ഓരോ നിലയ്ക്ക് ഓരോരുത്തരും എന്റെ തുടർന്നുള്ള ജീവിതപ്രവർത്തനത്തിൽ സ്വാധീനമായി. അഗാധവും പരന്നതുമായ വായനയും സവിശേഷമായ രാഷ്ട്രീയ കാഴ്ചപ്പാടുംകൊണ്ട് പിജി സ്വാധീനിച്ചെങ്കിൽ, ശിവശങ്കരൻ മാഷ് അറിവ് തേടലിന്റെയും ജീവിത സരളതയുടെയും പാഠങ്ങൾ കൊണ്ടാണ് സ്വാധീനമായത്. ഔദ്യോഗിക ജീവിതത്തിൽ പുലർത്തേണ്ട കൃത്യതയും കണിശതയും എങ്ങനെയായിരിക്കണം എന്നാണ് ഗോപാലൻ സാറിൽ നിന്ന് പഠിച്ചത്.

അവർ മൂന്ന് പേരും പ്രവർത്തിച്ച മേഖലകളിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചവരാണ്. ഇതിൽ പിജിയും ശിവശങ്കരൻ മാഷും അറിയപ്പെടുന്ന എഴുത്തുകാർ കൂടിയായിരുന്നു. മലയാള വായനക്കാർക്ക് ശാസ്ത്ര രംഗത്തും സാമൂഹ്യശാസ്ത്ര രംഗത്തും വികസ്വരമായിക്കൊണ്ടിരുന്ന അറിവിനെ പരിചയപ്പെടുത്തുക എന്നതായിരുന്നു പിജിയുടെയും ശിവശങ്കരൻ മാഷിന്റെയും പ്രധാന ദൗത്യം തന്നെയും. എന്നാൽ ഇവർ ആരും തന്നെ തങ്ങളുടെ ജീവിതാനുഭവങ്ങൾ അടുക്കോടെ കുറിച്ചുവയ്ക്കുകയുണ്ടായില്ല. ഗോപാലൻ സാറും തന്റെ ജീവിതകാല അനുഭവങ്ങളും എവിടെയും രേഖപ്പെടുത്തി വച്ചില്ല. ഗോപാലൻ സാർ പ്രമുഖ രാഷ്ട്രീയ നേതാക്കളുടെ കൂടെ ജോലി ചെയ്തിട്ടുണ്ട്. ഒരേ സമയം രണ്ട് സർവകലാശാലയുടെ വൈസ് ചാൻസിലർ ആയിരുന്നു. പിന്നീട് എൻ.സി.ഇ.ആർ.ടി. പോലെയുള്ള ദേശീയ പ്രസിദ്ധ സ്ഥാപനത്തിന്റെ അധിപനായി. മൂവരും ജീവിച്ചത് ഏതാണ്ടൊക്കെ ഒരേ കാലഘട്ടത്തിൽത്തന്നെയായിരിക്കും. കാലത്തിലും ജീവിതത്തിലും വന്ന വലിയ മാറ്റങ്ങൾ അവരുടെ അനുഭവക്കുറിപ്പുകളിലൂടെ അറിയാൻ കഴിയുക എന്നൊരു ഭാഗ്യം നമുക്ക് നഷ്ടമായി. അവർ ചെയ്തുകൊണ്ടിരുന്ന ജോലികളിൽ അങ്ങേയറ്റം വ്യാപൃതരായതിനാലാണ് ഒരുപക്ഷെ ജീവചരിത്രം പോലുള്ള വ്യക്തിഗത ആഖ്യാനങ്ങൾക്ക് വലിയ പ്രാമുഖ്യം നൽകാതെ പോയത്. എങ്കിലും അവർ നമ്മളിലേക്ക് പ്രസരിപ്പിച്ച നല്ലത് നമ്മെ ഇന്നും ഊർജ്ജ്വലർക്കരിക്കുന്നു. ■

Manufactured & Marketed by :

COCHIN
SECURITY PRESS PRIVATE LIMITED
Vishnupuram, Cheranellore, Kochi-682 034. Tel.: 0484-3296405 E-mail: cspcochin@ymail.com

Authorised IBA Approved Security Printers | Manufacture of Computer Forms & Paper Rolls




# സീൻലെറ്റ് പ്രകാശനം 2014












സീൻ ലെറ്റ് ഓണപതിപ്പിന്റെ പ്രകാശനം സി-ഡിറ്റ് മെയിൻ ആഫീസ് അങ്കണത്തിൽ 2014 സെപ്റ്റംബർ 3ന് നടന്നു. പ്രമുഖ കവിയും എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ ശ്രീ. പ്രഭാവർമ്മ, സി-ഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ.ജി. ജയന് സീൻ ലെറ്റ് കൈമാറിക്കൊണ്ട് പ്രകാശനം ചെയ്തു. സി-ഡിറ്റ് എംപ്ലോയീസ്







അസോസിയേഷൻ പ്രസിഡന്റ് സഖാവ് കടകംപള്ളി സുരേന്ദ്രൻ, സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടറി സഖാവ് ബി. സതീശൻ, ജിബി പി. എബ്രഹാം എന്നിവർ പ്രസംഗിച്ചു. സി.ഇ.എ. വനിതാ സബ്കമ്മിറ്റി കൺവീനർ പ്രേം സുജ കൃതജ്ഞത പറഞ്ഞു.






























# C-DIT

## Proposed "Micro Taggant embedded Polyester based Holographic Thread" for Security Enhancement of Indian Currency

In the Conference on 'Make in India – Indigenisation of Currency' held in Vigyan Bhawan, June 2nd 2015, CDIT, by its invited talk by Mr. Sajan Ambadiyil, Head (Design and Research), Optical Image processing and Security Product Division proposed "Micro Taggant embedded Polyester based Holographic Thread" for Security Enhancement of Indian Currency. The conference was inaugurated by the Finance Minister Shri Arun Jaitley. The Conference organised by the Department of Economic Affairs, Ministry of Finance, Government of India supported by Security Printing and Minting Corporation of India Limited (SPMCIL), Reserve Bank of India (RBI), Bhartiya Reserve Bank Note Mudran Private Limited and Bank Note Paper Mill India Pvt. Ltd. The Finance Minister Shri Arun Jaitley was the Chief Guest on the occasion while Shri Jayant Sinha, Minister of State

(Finance) was Guest of Honour. The Conference was attended among others by about 250 delegates from India and abroad comprising of Scientific and R & D Institutions under CSIR, DRDO, CPPRI, IIT-Delhi, C-DIT, IISc and domestic and foreign manufacturers of currency and various security products and suppliers of raw materials.

In the conference our Finance Minister: Underlines the need for Indigenisation of Paper, INK and ecurity Features of Indian Currency; Says that the Country has the Advantage of Cost Effective and Skilled Manpower, R & D Capacity and Adequate Power.

The programme was followed by the presentations from Reserve Bank of India (RBI), SPMCIL and BRBNMPL on scope and potential of indigenisation for raw materials for bank notes and security products. This was followed by another session where presentations from R & D Institutions, National Chemical Laboratory Pune, C-DIT, Trivandrum and IIT Delhi, presenting R & D activities undertaken by them recently in this area. They also emphasized that the R & D institutions are working in development of security features in high-tech areas like Nano Technology, Optics, Holograms, information technology, inlays and packaging.

In the presentation of CDIT, by Mr. Sajan Ambadiyil, Head (Design and Research), Optical Image processing and Security Product Division proposed "Micro Taggant embedded Polyester based Holographic Thread" for Security Enhancement of Indian Currency. This paper was also discussed about a novel method to authenticate and track and trace Indian Currency, by providing digital security based on material security such as Optical variable and invariable devises like hologram and security fibers. He explained about the potential of CDIT that C-DIT is the one and only public sector security hologram production facility of the country. C-DIT has over 15 years of experience in the field of holography which is gained through exploring and executing major R&D and commercial security hologram and Security printing related projects in association with IT enabled networking. C-DIT also has owned a fully underground, holography laboratory built as per international standards. Team OIP@CDIT mainly focusing on various security related project such as security holography, security printing, security registration and networking systems. As per the G.O (P) No. 2/09/I7PRD Thiruvanthapuram dated 31-01-2009, Government of Kerala has declared Team OIP @ C-DIT as the Total solution provider in Security holography and Security Printing

News

# C-DIT scientist devises unique ID to detect fake stamp paper

In a bid to check stamp paper counterfeiting, Sajan Ambadiyil scientist, Head (Design and Research), Optical Image Processing and Security Product, C-DIT has devised a unique ID to authenticate stamp paper. He plans to apply for a patent and his presentation on the concept won an award at the recently concluded 27th Kerala Science Congress in Alappuzha. The award carries a certificate of merit and a cash prize of Rs.10,000. The awardees are also eligible for a contingency grant of Rs.1 lakh for two years for pursuing further research, based on a proposal submitted to the Kerala State Council for Science, Technology, and Environment. He has already presented a paper at the High Security Printing conference 2015 at Manila in Philippines. The Telgi scam in 2003 exposed the counterfeit stamp paper scam in 18 states and the Indian exchequer lost Rs 32,000 crore. In Kerala, a fake stamp paper scam worth lakhs surfaced in 2012, yet no mechanism was devised to check the menace. "At present, there is no safety net to detect this fraud. This can be solved by creating a unique ID in the form of 'quick response code or 2D barcode' with security fibre embedded in the stamp paper using ultraviolet rays. The unique ID printed on the documents is identifiable and it can be detected in the data base. Such security features can be introduced during production with an embedded code to track the paper from the wholesaler to retailer to departments concerned and even courts. "With such a system in place, there can be a provision for the public to check counterfeit stamp paper through mobile tracking," Though there are some existing technologies that use certain invisible features to create a unique ID, the method proposed is simpler and reliable because it uses the chaotic inscription feature that cannot be cloned like security fibre pattern embedded in the stamp paper. It is reminded that stamp paper scam is one menace that goes unchecked. It is more in the case of judicial stamps that include those for criminal cases and bail applicants. In case of non-judicial stamps, such as those taken for land purchase and insurance, counterfeit stamps go unchecked. "The reasons for rampant fake stamp paper are that it's easier to print stamp paper than currency notes and it involves huge profit. High level of accountability can help identification easier with the new technology,"





# ജയപഥം തേടി

## ശ്രീ. കെ.ജി. ജയനുമായുള്ള അഭിമുഖം



പ്രേംസുജ.

"പുളിയിലക്കരയോലും പുടവചുറ്റീക്കുളിർ-
ചന്ദന തൊടുകുറി ചാർത്തീ....
നാഗഭണ തിരുമുടിയിൽ
പത്മരാഗ മനോജ്ഞമാം പൂ തിരുകി
സുസ്മിതേ നീ വന്നു.... ആ...
ഞാൻ വിസ്മിത നേത്രനായ് നിന്നു"

എന്നു തുടങ്ങുന്ന അതിമനോഹരമായ പാട്ട് എന്റെ ടീനേജ് കാലഘട്ടത്തിലേതാണ്. ആ പ്രായത്തിലെ പെൺകുട്ടികളുടെ മനസ്സിൽ ഒളിപ്പിച്ച കാമുക സങ്കല്പങ്ങൾക്ക് നിറവും മാനവും പകർന്ന ഗാനമാണ്. അക്കാലത്ത് പുറത്തിറങ്ങിയ "ജാതകം" എന്ന ചിത്രത്തിലെ ഈ ഗാനരംഗത്തിൽ പുലരിയും പുഴയും പ്രകൃതി ഭംഗിയുമൊക്കെ സമന്വയിപ്പിക്കുന്ന ദൃശ്യചാരുത പകർത്തിയ ആ ഛായാഗ്രഹകനാരാണെന്ന് ഞാനറിഞ്ഞത് വളരെവൈകിയാണ്... ശ്രീ. കെ.ജി. ജയൻ, അതെ നമ്മുടെ ജയൻസാർ. അങ്ങനെയെത്രയെത്ര ചിത്രങ്ങളിൽ അദ്ദേഹം ക്യാമറ ചലിപ്പിച്ചിരിക്കുന്നു.

സി-ഡിറ്റിൽ ഡെപ്യൂട്ടി ഡയറക്ടറായിരിക്കെ 2014-ൽ ജോലിയിൽ നിന്നു വിരമിച്ച ജയൻസാർ ഒരു ഉന്നത ഉദ്യോഗസ്ഥ ന്റെ യാതൊരു ജാടകളുമില്ലാതെ നമ്മോടൊപ്പം നമ്മളിൽ ഒരാളായി പ്രവർത്തിച്ചയാളാണ്. ചലച്ചിത്രലോകത്തെ ശ്രദ്ധേയ നായൊരു ഛായാഗ്രഹകനാണ് ജയൻസാർ എന്നത് പലരും ശ്രദ്ധിച്ചിട്ടുണ്ടാകില്ല. അധികം സംസാരിക്കാതെ എപ്പോഴും കർമ്മനിരതനായി, ലാളിത്യം പെരുമാറ്റത്തിൽ സൂക്ഷിച്ചിരുന്ന ഒരാൾ. ജോലി സി-ഡിറ്റിലാണെന്നു പറയുമ്പോൾ, മാധ്യമ ചലച്ചിത്രരംഗത്തെ സുഹൃത്തുക്കൾ ജയൻ സാറിനെപ്പറ്റി അന്വേഷിക്കാറുണ്ട്. മോഹൻസാർ, ബീനാപോൾ മാഡം, ജയൻ സാർ എന്നിവരെപ്പോലുള്ളവരുടെ സി-ഡിറ്റിലാണല്ലോ ഞാനും ജോലിചെയ്യുന്നത് എന്നത് എനിക്ക് എക്കാലവും അഭി മാനം പകർന്ന കാര്യമാണ്. പതിമൂന്ന് വർഷമേ ആയിട്ടുള്ളൂ ഞാൻ ജയൻ സാറിനെ കണ്ടുതുടങ്ങിയിട്ട്. സീൻലറ്റിനായി എഴുതാനും അദ്ദേഹത്തെക്കുറിച്ച് കൂടുതൽ അറിയാനും ആ അറിവുകൾ പങ്കുവയ്ക്കാനും കഴിഞ്ഞത് ഭാഗ്യമായി ഞാൻ കരുതുന്നു.

പോക്കുവെയിലിന്റെ നിറഞ്ഞ പ്രകാശം പരന്ന നേരത്ത് സാറിനെ കാണാൻ വീട്ടിലെത്തുമ്പോൾ സ്വതസിദ്ധമായ ചെറുചി രിയോടെ സാധാരണ സഹപ്രവർത്തകനെപ്പോലെ സാർ മുന്നിലെത്തി.

**1. സർ, ഛായാഗ്രഹണമാണ് പ്രവർത്തനമേഖല എന്ന് തീരുമാനിക്കാനുണ്ടായ സാഹചര്യം എന്താണ്?**

ഫോട്ടോഗ്രാഫി വളരെ ഇഷ്ടമായിരുന്നു. സുഹൃത്തും അയൽവാസിയുമായ ഷാജി എൻ. കരുൺ പൂന ഫിലിം ഇൻസ്റ്റിറ്റ്യൂ ട്ടിൽ പഠനത്തിനു ചേർന്നതോടെയാണ് ഞാനും ആ വഴിക്ക് തിരിഞ്ഞത്. അങ്ങനെ ഞാൻ 80-84 ൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ സിനിമാട്ടോഗ്രഫി പഠനം നടത്തി.

**2. തുടർന്ന് സി-ഡിറ്റിൽ ക്യാമറാമാൻ?**

അല്ല. സി-ഡിറ്റിൽ ഞാനെത്തുന്നത് 1990 ലാണ്. അതിനു മുൻപായി ആറോ ഏഴോ ചലച്ചിത്രങ്ങളും അനവധി ഡോക്യു മെന്ററികളും ചെയ്തു. സഖാവ് പി.ജി.യുടെ നേതൃത്വത്തിൽ സി-ഡിറ്റിലന്ന് വിദഗ്ദ്ധരായ ഒരു ടീം തന്നെയുണ്ടായിരുന്നു. മോഹൻകുമാർ, നടാദുരെ, ബീനാപോൾ, എം.പി.പരമേശ്വരൻ സാർ, ശശിധരൻ തുടങ്ങി കഴിവുറ്റ മികച്ച ടീം. ആ ടീമുമാ യുണ്ടായ സൗഹൃദമാണ് സി-ഡിറ്റിലേക്ക് ക്യാമറാമാനായി ഞാനെത്താനുണ്ടായ കാരണം. "കൂടുതൽ ലാഭം കൂടുതൽ കൂലി" തുടങ്ങി അന്നത്തെ സാമൂഹ്യാധിഷ്ഠിത ഡവലപ്മെന്റൽ ഡോക്യുമെന്ററികൾ നല്ല നിലവാരം പുലർത്തിയവയായി രുന്നു.

**3. ഡ്യോകുമെന്ററി, സിനിമ ഇഷ്ടമുള്ള രംഗം?**

രണ്ടും ഇഷ്ടമാണ്. എന്നാൽ ഡോക്യുമെന്ററി വർക്ക് കുറച്ചു താൽപ്പര്യ കൂടുതലുണ്ടെനിക്ക്. ഡോക്യുമെന്ററികൾ ഇൻഫർമേ റ്റീവാണ്. പലതരം സബ്ജക്ടുകൾ ഇവയിലൂടെ നമുക്ക് പഠിക്കാൻ കഴിയും. ബീഡി തെറുപ്പു മുതൽ ഡയമണ്ട് നിർമ്മാണം വരെയുള്ള അറിവുകളെനിക്ക് കിട്ടിയത് ഡോക്യുമെന്ററി വർക്കിൽ നിന്നാണ്. കെ.ആർ. മോഹൻ സംവിധാനം ചെയ്ത സർപ്പക്കാവ്, മലയാള വിത്ത്, മീനും മനുഷ്യനും, ഒരു വനവ്യവസ്ഥയുടെ ശേഷിപ്പ് - സിഡിറ്റിൽ അങ്ങനെ ധാരാളം ഇൻഫർമേറ്റീവായ വർക്കുകൾക്ക് ക്യാമറ ചെയ്തു.

**4. ശ്രമകരമായി ചെയ്ത ചില പ്രോജക്ടുകൾ?**

അക്കാലത്ത് ആന്ധ്രയിൽ ചാരായ നിരോധനത്തിനായി അവിടത്തെ സ്ത്രീകൾ വലിയൊരു സമരം നടത്തുകയുണ്ടാ യി. പ്രസ്തുത വിഷയത്തെ ആസ്പദമാക്കി ശബ്നം തയ്യാറാക്കിയ 'വെൻ വിമെൻ യുണൈറ്റഡ്' എന്ന ഡോക്യുമെന്ററി അത്തരത്തിൽ ചെയ്തതാണ്. പിന്നെ, ആനകളെ നാം അലങ്കാരത്തിനും ആഘോഷങ്ങൾക്കും ഉപയോഗിക്കാറുണ്ടല്ലോ. നമുക്കത് സന്തോഷം തരുന്നതാണ് പക്ഷെ ആനയത് എങ്ങനെ നോക്കി കാണുന്നു എന്ന വിഷയത്തിൽ, പി.ബാലൻ സംവിധാനം ചെയ്ത '18th എലിഫന്റ്' എന്ന ഡോക്യുമെന്ററിയും വളരെ ശ്രമ കരമായി ചെയ്തതും തൃപ്തി നൽകി യതുമാണ്.



**5. മുപ്പതോളം സിനിമകൾ. ഏത് ചിത്രമായിരുന്നു തുടക്കം?**

1987 ൽ ഹരികുമാർ സംവിധാനം നിർവ്വ ഹിച്ച 'ജാലകം'. പിന്നീട് 89-ൽ വിജി തമ്പിയുടെ'കാലാൾപ്പട', സുരേഷ്ഉണ്ണി ത്താൻ സംവിധാനം ചെയ്ത 'ജാത കം', 89 ൽ തന്നെ മാധവിക്കുട്ടിയുടെ ഒരു കഥയെ ആസ്പദമാക്കി കെ.പി. കുമാരൻ പുറത്തിറക്കിയ 'രുക്മിണി' പിന്നെ 90-ൽ വിജി തമ്പിയുടെ തന്നെ 'മറുപുറ'വും.

**6. റ്റി.വി. ചന്ദ്രൻ സിനിമകൾ?**

ശാസ്ത്ര സാഹിത്യപരിഷത്തിന്റെ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനിലൂടെയാണ് ഞാൻ ടി.വി.ചന്ദ്രനുമായി അടുപ്പമാകുന്നത്. അങ്ങനെ 2000–ത്തിൽ അദ്ദേഹത്തിന്റെ സൂസന്നയെന്ന ചിത്രമാണ് ഞങ്ങളൊരുമിച്ച് ചെയ്ത ആദ്യ സിനിമ ടി.വി.ചന്ദ്രന്റെ 'ഡാനി' എന്ന ചിത്രത്തിലൂടെയാണെനിക്ക് ആദ്യ സംസ്ഥാന അവാർഡ് കിട്ടുന്നത്. സൂസന്ന എന്ന ചിത്രത്തിലെ ഛായാഗ്രഹണത്തിന് എനിക്ക് സംസ്ഥാന അവാർഡ് ഒഴികെ മറ്റു നാലു പുരസ്കാരങ്ങൾ ലഭിച്ചു. 'സൂസന്ന', 'ഡാനി' കൂടാതെ 'പാഠം ഒന്ന് ഒരു വിലാപം' (2003) 2004–ൽ റിലീസ് ചെയ്ത 'കഥാവശേഷൻ', 2009 ൽ 'ഭൂമി മലയാളം' എന്നീ ചിത്രങ്ങളിലാണ് ഞങ്ങൾ ഒത്തുചേർന്ന് ചെയ്തത്. ഇവയൊക്കെയും വ്യത്യസ്തതയാർന്നതും നല്ല അഭിപ്രായം നേടിയവയുമാണ്.

**7. 'സൂഫി പറഞ്ഞകഥ'യ്ക്ക് സംസ്ഥാന അവാർഡുണ്ടായിരുന്നുവല്ലൊ?**

അതെ, 2009 ൽ പ്രിയനന്ദൻ സംവിധാനം ചെയ്ത ചിത്രമാണ് 'സൂഫി പറഞ്ഞകഥ'. 'പുലിജന്മം' എന്ന ചിത്രവും അദ്ദേഹത്തിന്റേതാണ്. രണ്ടു ചിത്രങ്ങളും ദേശീയതലത്തിൽ ശ്രദ്ധനേടിയവയാണ്. വിജിതമ്പി, ടി.വി.ചന്ദ്രൻ, പ്രിയനന്ദനൻ, എം.പി. സുകുമാരൻ നായർ, ശശിപരവൂർ തുടങ്ങി സി–ഡിറ്റിലെ സ്റ്റുഡന്റായിരുന്ന മനോജ് കാന വരെയുള്ള സംവിധായകരുടെ ചിത്രങ്ങളിൽ പ്രവർത്തിക്കാൻ കഴിഞ്ഞു. പി.ടി. കുഞ്ഞുമുഹമ്മദ് പുറത്തിറക്കിയ 'പരദേശി'യും എന്റെ മറ്റൊരുവർക്കാണ്.


**8. കൂടിയാട്ട കലാകാരി മാർഗ്ഗി സതി അഭിനയിച്ച 'നോട്ടം' എന്ന ചിത്രവും?**

അതെ ശരി പരവൂരിന്റെ സംവിധാനത്തിൽ നോട്ടവും ഞാൻ ചെയ്തതാണ്.

**9. സർ, അങ്ങ് ചിത്രം വരയ്ക്കുമല്ലോ? ചിത്രകല, ഛായാഗ്രഹണത്തിന് ഗുണകരമായി വർത്തിച്ചിട്ടുണ്ടോ?**

തീർച്ചയായും. ഒരു നല്ല ചിത്രകാരൻ ക്യാമറാമാൻ ആകണമെന്നില്ല, നല്ല ക്യാമറാമാൻ നല്ല ചിത്രകാരനും ആയിരിക്കണമെന്നില്ല. പക്ഷെ ചിത്രകാരൻ കാണുന്ന ത്രീഡൈമൻഷൻ കാഴ്ച ക്യാൻവാസിലേക്ക് പകർത്തുമ്പോൾ, ആ ചിത്രം ചിത്രകാരന്റെ വിഷ്വൽ സെൻസിനെയാണ് കാണിക്കുന്നതാണ്. ആ വിഷ്വൽ സെൻസ് ക്യാമറാമാന് ഗുണകരമാണ്. കംപോസിഷൻ ആസ്പക്ട്സിലൊക്കെ ഈ വിഷ്വൽ സെൻസ് ഗുണം ചെയ്യും.

സൂര്യോദയം എല്ലാവരും കാണുന്നതാണ്. ഒരു ചിത്രകാരൻ അതു വരയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ അത് ക്യാമറാമാനും ശ്രദ്ധിക്കേണ്ടവയാണ്. അവ സാധാരണക്കാരൻ അറിയണമെന്നില്ല. എന്റെ വർക്കിൽ റിയലിസ്റ്റിക് വിധം ഔട്ട്പുട്ട് കിട്ടുന്നതരത്തിൽ ആവശ്യം വേണ്ട ലൈറ്റ്സ് മാത്രമെ ഉപയോഗിക്കാറുള്ളൂ



**10. ചലഞ്ചിംഗ് ആയി ചെയ്തവ?**

ടി.വി.ചന്ദ്രന്റെ 'സൂസന്ന'യിൽ ഒരു ചലഞ്ചിംഗ് ഷോട്ടുണ്ട്. അഞ്ചുമിനിട്ടിൽ സിംഗിൾ ഷോട്ട്. വളരെ കോംപ്ലിക്കേറ്റഡ് ഷോട്ട് ചെയ്തിട്ടുണ്ട്. ട്രാക്ക് ആന്റ് ട്രോളി ബാക്ക് ചെയ്ത് 5 മിനിട്ടു മുഴുനീളം സിംഗിൾ ഷോട്ട്. അത് നല്ലൊരനുഭവമായിരുന്നു. മനസ്സിൽ പ്ലാൻ ചെയ്ത് സ്റ്റോറി ബോർഡ് ഇല്ലാതെ ചെയ്ത ഷോട്ടുകളുണ്ട്.

**11. സാങ്കേതിക വിദ്യയുടെ വികാസം ക്യാമറാമാന്റെ പങ്ക് ലഘൂകരിച്ചിട്ടുണ്ടോ? അത് പോസിറ്റീവായ മാറ്റമാണോ?**

ഒരു പരിധിവരെ. സാങ്കേതിക വിദ്യയുടെ വികാസം പോസിറ്റീവായും – നെഗറ്റീവായും ഫീൽ ചെയ്തിട്ടുണ്ട്. പരിമിതമായ ടെക്നിക്കൽ എക്യുപ്മെന്റിൽ, ലോ ബഡ്ജറ്റിൽ ആർക്കും സിനിമ ചെയ്യാം എന്നത് ഡിജിറ്റൽ സാങ്കേതിക വിദ്യ വന്നതിനു ശേഷമാണ്. സിനിമ കൂറേക്കൂടി ജനങ്ങളിലേക്കിറങ്ങി. അത് പോസിറ്റീവ് ആണ്. ക്യാമറാമാൻ ഷൂട്ട് ചെയ്യുന്ന ഓരോ ഘട്ടങ്ങളും മോണിട്ടറിലൂടെ ഏവർക്കും കാണാം. വിലയിരുത്താം. ഔട്ട്പുട്ടിന്റെ ഫ്രെയിംസ്, കോംപോസിഷൻ, ലൈറ്റിംഗ് തുടങ്ങി എല്ലാ സാങ്കേതിക വശങ്ങൾക്കും പലതരം അഭിപ്രായങ്ങൾ ഛായാഗ്രാഹകന് നേരിടേണ്ടതായി വരും. സിനിമയുടെ നിലവാരം ഉയർത്താൻ പ്രാപ്തമായ കഴമ്പുള്ളവയാകണം എല്ലാ അഭിപ്രായങ്ങളും എന്ന് നിർബ്ബന്ധമില്ലതാനും.



ഡിജിറ്റൽ സ്റ്റിൽ ക്യാം ഉപയോഗിച്ച് ഇപ്പോൾ ചലച്ചിത്രങ്ങൾ വരുന്നുണ്ട്. വാൾട്ടർ സംവിധാനം ചെയ്ത 'പുതപ്പ്' അത്തരത്തിലുള്ള ചിത്രമാണ്. നൂതനമായ ഡിജിറ്റൽ ക്യാമറകൾ പല സാധ്യതകൾ തുറന്നിടുന്നുണ്ട്. പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ മേഖലയിൽ ധാരാളം സാധ്യതകളാണ് ഡിജിറ്റൽ സാങ്കേതിക വിദ്യ ലഭ്യമാക്കിയിരിക്കുന്നത്. സിനിമയുടെ വിഷ്വൽ സൈഡ് ഒരുപാട് മെച്ചപ്പെട്ടിട്ടുണ്ട് എന്നത് പറയാതെ വയ്യ. ലൈറ്റിംഗിന്റെ മാത്രമല്ല പല മാറ്റങ്ങളും പോസ്റ്റ് പ്രൊഡക്ഷനിൽ ഇപ്പോൾ ചെയ്യാൻ കഴിയുന്നു. സിനിമയുടെ സാങ്കേതിക വശത്തിൽ ഒരുപാട് മാറ്റങ്ങൾ വന്നു കഴിഞ്ഞു. യൂണിറ്റ് പഴയതു പോലെ വേണ്ട. ഒരുപാട് യന്ത്രങ്ങൾ ഒറ്റ യന്ത്രത്തിലേക്ക് മാറുന്നരീതിയാണ് സാങ്കേതിക വിദ്യയുടെ പ്രസരം സാധ്യമാക്കുന്നത്.

**12. അഡ്വർടൈസ്മെന്റ് രംഗത്ത് ശ്രദ്ധപതിപ്പിച്ചു കണ്ടില്ല?**

അതെ. പരസ്യങ്ങൾക്കായി അധികം ക്യാമറ ഞാൻ ചെയ്തില്ല. സർക്കാരിന്റെ പരസ്യങ്ങൾ KSFDC ക്കും C-dit നും പി.ആർ.ഡി. ക്കും വേണ്ടി ചെയ്തത് ഒഴിച്ചാൽ ആ മേഖലയിൽ ഞാൻ പ്രവേശിച്ചിട്ടില്ല എന്നു പറയാം. ഒന്നാമത് എനിക്ക് കൺസപ്റ്റിനോടു തന്നെ താത്പര്യക്കുറവാണ്. ഇല്ലാത്തത് ഉണ്ട് എന്നു പറഞ്ഞു പ്രചരിപ്പിക്കുന്നതിനോട് യോജിപ്പില്ല. പക്ഷെ, റെമ്യൂണറേഷൻ കൂടുതൽ പരസ്യത്തിലാണ്.

**13. പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ സഹപാഠികൾ ആരെങ്കിലും ഇന്ന് ഈ രംഗത്ത് സജീവമായുണ്ടോ?**

ഉണ്ട്. സന്തോഷ് ശിവൻ. അദ്ദേഹം എന്റെ സഹപാഠിയായിരുന്നു.

**14. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകൾ പോലുള്ള സ്ഥാപനങ്ങളിൽ മേധാവികളായി നിയമിക്കപ്പെടുന്നവർ കൊടിയുടെ നിറം നോക്കി നിയമിച്ച അനർഹരാണെന്ന വസ്തുത ഇന്ന് പ്രക്ഷോഭത്തിലെത്തി നിൽക്കുകയാണല്ലോ. എന്താ അഭിപ്രായം?**

അതെ. ശ്യാംബനഗൽ, സത്യജിത്ത് റേ, അടൂർ ഗോപാലകൃഷ്ണൻ, ഗിരീഷ് കർണാഡ് എന്നിവരെപ്പോലെയുള്ള, ചലച്ചിത്രരംഗത്തെക്കുറിച്ച് ആഴത്തിലറിഞ്ഞവർ, പ്രവർത്തിച്ചവർ ആണ് മേധവികളായി വന്നിട്ടുള്ളത്. രാഷ്ട്രീയം നോക്കിയോ ഇല്ലയോ എന്നതല്ല വിഷയം. അർഹരായവർ നിയമിക്കപ്പെടണം എന്നതാണ് അഭിപ്രായം. അക്കാദമിക് പ്രവർത്തനങ്ങൾ തടസ്സപ്പെട്ടാൽ ചലച്ചിത്ര പഠിതാക്കൾക്ക് നഷ്ടപ്പെടുന്നത് അവരുടെ തന്നെ വിലപ്പെട്ട സമയമാണ്.



**15. പുതിയ ഛായാഗ്രഹകരിൽ അങ്ങ് ശ്രദ്ധി ച്ചവർ?**

ജോമോൻ, ഷംനാദ് തുങ്ങിയവർ.

**16. സി-ഡിറ്റ് എന്ന സ്ഥാപനത്തെക്കുറിച്ചു ള്ള കാഴ്ചപ്പാട്?**

സി-ഡിറ്റ് രൂപം കൊടുത്തപ്പോൾ ഈ സ്ഥാ പനത്തിന്റെ കർമ്മപദ്ധതികൾ എങ്ങനെയാ കണം എന്താകണം എന്ന് വളരെ വ്യക്ത മായ ഒരു കാഴ്ചപ്പാടുണ്ടായിരുന്നു. സേവ നം, സാമൂഹ്യാധിഷ്ഠിത, വികസനോൻമു ഖമായ പ്രോജക്ടുകൾ ഏറ്റെടുത്ത് അവ പര മാവധി ജനങ്ങളിലേക്കെത്തിക്കാൻ ലാഭേ ച്ഛയില്ലാതെ പ്രവർത്തിക്കുകയെന്ന ഉദ്ദേശല ക്ഷ്യത്തിൽ നിന്ന് സി-ഡിറ്റ് ഒരുപാട് വ്യതി ചലിച്ചു പോയി. ഇച്ഛാശക്തിയുള്ളൊരു സർ ക്കാരും നേതൃത്വവുമുണ്ടെങ്കിൽ സി-ഡിറ്റിനു നല്ല ഭാവിയുണ്ടാകുമെന്നു പ്രതീക്ഷിക്കാം.

**17. മാതാപിതാക്കൾ? ജന്മസ്ഥലം?**

തൃശ്ശൂരിലെ ആലപ്പാട് കൊടപ്പുള്ളി കുടും ബാംഗം. അച്ഛൻ ഡോ.ഗംഗാധരൻ റേഡി യോളജിയിൽ ആദ്യ എം.ഡി. നേടിയ ആളാണ്. അമ്മ, കമല. അച്ഛൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡി യോളജി വിഭാഗം തലവനായി വന്നപ്പോൾ മുതലാണ് ഞങ്ങൾ തിരുവനന്തപുരത്തുകാരായത്. പേട്ട ഗവൺമെന്റ് സ്കൂൾ, മോഡൽ സ്കൂൾ, ആർട്സ് കോളേജ്, ഇവാനിയോസ് കോളേജ് എന്നിവിടങ്ങളിൽ പഠനം. എം.എസ്. ഡബ്ലിയൂ ചെയ്തത് ലയോള കോളേജിൽ. അതിനുശേഷമാണ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നത്. ഭാര്യ ഷീബ, മകൾ രാധിക.

**18. ചലച്ചിത്രരംഗത്ത് സജീവമാകും ഇനി?**

സിനിമയോടൊപ്പം, എൽ.വി. പ്രസാദ് ഇൻസ്റ്റിറ്റ്യൂട്ടിൽ സിനിമാട്ടോഗ്രഫിയുടെ മേധാവിയാണ്, അധ്യാപകനും. രണ്ടും ഒരു പോലെ കൊണ്ടുപോകണം എന്നാണാഗ്രഹം.

**19. സർ, സി-ഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ചലച്ചിത്ര ഛായാഗ്രഹകൻ ചലച്ചിത്ര അവാർഡ് കമ്മിറ്റി ജൂറിയംഗം, അദ്ധ്യാ പകൻ- വിവിധ റോളുകളുണ്ടായിരുന്നു. ഈ തിരക്കും കുടുംബജീവിതവും എങ്ങനെയായിരുന്നു?**

വളരെ വലിയ തിരക്കൊന്നും എനിക്കുണ്ടായിട്ടില്ല. എല്ലാ ചുമതലകൾക്കിടയിലും എനിക്കെന്റേതായി സമയം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കിട്ടുന്ന സമയം കുടുംബത്തോടൊപ്പം ചെലവഴിക്കാനാണ് എനിക്കിഷ്ടം.



പരാതിയിൽ പരിഭവവും ഏതുമി ല്ലാതെ തന്റെ ജീവിതയാത്രയിൽ സംതൃപ്തനാണ് ജയൻ സാർ. ദേശീ യ, സംസ്ഥാനതലത്തിൽ അംഗീകരി ക്കപ്പെട്ട ഈ വലിയ ചലച്ചിത്രകാരൻ, ഈ നല്ല മനുഷ്യൻ എല്ലാത്തിരക്കുകൾക്കിട യിലും തന്റെ കുടുംബത്തെയും ഒപ്പം ചേർ ത്തു പിടിക്കാനാണ് ഇഷ്ടപ്പെടുന്നത്. ഇവരിലാണ് തന്റെ സന്തോഷം എന്നും പറയുന്നു. ലളിതം, ധന്യമായ ഈ ജീവിതം സുഖകരമായൊരു ഗാനം പോ ലെ ശ്രുതി ചേർന്നൊഴുകട്ടെ കാലങ്ങ ളോളം... കണ്ണിന്നും ക്യാമറയ്ക്കുമിട യിൽ ഈ ഛായാഗ്രാഹകൻ മെനഞ്ഞ ചിത്രങ്ങൾ... സ്വപ്നങ്ങൾ... സപ്ത വർണ്ണങ്ങൾ ചാലിച്ച് ജനമനസ്സുകളിൽ ഇടംനൽകുന്ന പുതിയ ചലച്ചിത്രങ്ങളായ് ഇനിയും നമുക്ക് അനുഭവവേദ്യമാകട്ടെ...


Equipped with the latest Multicolour Printing Machine with Computer Print Controls
Professional Agents. Premier Results.
Akshara Offset
ISO 9001:2008 COMPANY
T.C. 25/3230(1), Near Old GPO, Vanchiyoor
Thiruvananthapuram 695 035, Kerala, South India
Phone: ++91-471-2471174, 2473470, Fax: 0471-3012289
e-mail: aksharaoffset@yahoo.com
Our sister concern
Computer-to-plate (CtP)
Graphic designing
Color separation
Digital printing
abc Color Systems (P) Ltd.
T.C. 25/3230(2), Near Old GPO, Vanchiyoor
Thiruvananthapuram 695 035, Kerala, South India
Phone: ++91-471-2473911, Fax: 0471-3012289
QUALITY | COMMITMENT | PERFECTION








# സൈബർശ്രീ ഉപകേന്ദ്രം ഹരിപ്പാട് ഉദ്ഘാടനം

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിൽ കമ്പ്യൂട്ടർ കോഴ്സുകൾ പഠിക്കാൻ അവസരം നൽകുന്ന സി-ഡിറ്റ് സൈബർശ്രീ പ്രോജക്ടിന്റെ ആദ്യ ഉപകേന്ദ്രം ഹരിപ്പാട് സാംസ്കാരിക ഗ്രാമവികസനമന്ത്രി ശ്രീ. കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്തു. സൈബർശ്രീ പദ്ധതിയെ വിജയകരമായി ഗവൺമെന്റ് മുന്നോട്ടു കൊണ്ടുപോകുമെന്ന് മന്ത്രി പറഞ്ഞു. വിവര സാങ്കേതികവിദ്യയുടെ ലോകത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളെ മുൻപന്തിയിലെത്തിക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. മികച്ച സൗകര്യങ്ങളോടെയാണ് ഹരിപ്പാട് കോഴ്സുകൾ ആരംഭിക്കുകയെന്നും മന്ത്രി വ്യക്തമാക്കി. പട്ടികജാതി വികസനവകുപ്പ് 83 ലക്ഷം രൂപ ഇതിനായി അനുവദിച്ചതായി ആഭ്യന്തര മന്ത്രി പറഞ്ഞു. 100 കുട്ടികൾക്ക് ഇവിടെ പഠിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ വിദ്യാർത്ഥികൾക്ക് ഈ കേന്ദ്രം ഏറെ പ്രയോജനപ്രദമായിരിക്കും. അപേക്ഷിക്കുന്നവർക്കെല്ലാം പരിശീലനം നൽകത്തക്കവിധമാണ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനു തെക്ക് മാറി കെ.സി.ടി. ഓഫീസിനു സമീപത്തായി 4000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടമാണ് സൈബർശ്രീ കേന്ദ്രത്തിനായി ഏറ്റെടുത്തിരിക്കുന്നത്.

ഉദ്ഘാടന ചടങ്ങിൽ വിവിധ ജനപ്രതിനിധികൾക്കു പുറമെ സി-ഡിറ്റ് ഡയറക്ടർ ഡോ. ബാബുഗോപാലകൃഷ്ണൻ, രജിസ്ട്രാർ ഡോ. എസ്.എ. ഷാജഹാൻ, സൈബർശ്രീ പ്രോജക്ട് ഓഫീസർ ബി. സതീശൻ എന്നിവർ സംബന്ധിച്ചു.









# വനിതാ ദിനം







അന്തർദേശീയ വനിതാ ദിനാചരണത്തിന്റെ ഭാഗമായി സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷ വനിതാ സബ്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വനിതാകൂട്ടായ്മ സംഘടിപ്പിച്ചു. പ്രശസ്ത നർത്തകി ഡോ. നീനാ പ്രസാദ് 'പുരാണങ്ങളിലെ ശക്തരായ സ്ത്രീകഥാപാത്രങ്ങൾ' എന്ന വിഷയത്തിൽ സോദ്ദാഹരണ പ്രഭാഷണം നടത്തി. വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും ഇതൊരു നവ്യാനുഭവമായി. ചടങ്ങിൽ ശ്രീമതി നിലീന സ്വാഗതം പറഞ്ഞു.







# വനിതാ ദിനം 2014















സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ വനിതാ സബ് കമ്മിറ്റി കൺവീനർ പ്രേംസുജ അദ്ധ്യക്ഷത വഹിച്ചു. സി-ഡിറ്റ് ഡയറക്ടർ ഡോ. ബാബു ഗോപാലകൃഷ്ണൻ സന്നിഹിതനായിരുന്നു. സി-ഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ബീനാപോൾ ഡോ. നീനാപ്രസാദിനെ പൊന്നാടയണിയിച്ച് ആദരിച്ചു സംസാരിച്ചു. സി.ഇ.എ. പ്രസിഡന്റ് സഖാവ് കടകംപള്ളി സുരേന്ദ്രൻ, സി.ഇ.എ. സെക്രട്ടറി ബി. സതീശൻ എന്നിവർ ആശംസകളർപ്പിച്ചു. ശ്രീമതി പ്രീത നന്ദി പ്രകാശിപ്പിച്ചു.























www.mediatrendz.co.in email: mediatrendz3@gmail.com

media TRENDZ®

a complete media solution

mob: 09387482300, 09400830000





# അർത്ഥപ്പൂക്കളം

**പ്രേംസുജ**
കമ്മ്യൂണിക്കേഷൻ കോഴ്സ് ഡിവിഷൻ

പ്രകൃതിതൻ നിറക്കൂട്ടൊഴുകിപ്പരന്നതോ
പ്രഭയെഴും മഴവില്ലു മേലാട തീർത്തതോ
പ്രിയദം പീതവർണ്ണമീ ചെണ്ടു മല്ലിപ്പാടം
പോക്കുവെയിൽ മിന്നും കാഞ്ചനത്തിളക്കം
കമനീയം, കണ്ണെത്തും ദൂരം കനകാംബരം
കാമനയുണർത്തും മണമോലും കുടമുല്ലയും
ശ്വേതഭംഗി വിടർത്തുപരശതം റോസാപ്പൂവും
ഗരിമയോടെ വാഴുന്നു പ്രണയം പകുക്കുവാൻ
വാടാമലർ വെയിലത്തും മഴയത്തും തളരില്ലാ
വാടാമുല്ലകളതാ മുത്തുമണികൾ പോലെങ്ങും
മധുവുണ്ണാൻ പറന്നേറും പൂത്തുമ്പികൾ
ജഗന്നിയന്താവേകും വരദാനമാണീ മധുര
മനോജ്ഞ സുന്ദര ഭൂ, ദർശനമെത്ര പുണ്യം.
ഇപ്പൂക്കൾ, പൂവനിയെൻ മണ്ണല്ല, മനസ്സാണ്
ഇന്നാട്ടിലിക്കാഴ്ചയെങ്ങും കാൺമതില്ല
ഓർമ്മകളിലോണം പിറക്കുന്നു അന്നൊക്കെ
ഒരുമയോടെ തീർത്തു നാം പൂക്കളങ്ങൾ
ചെത്തിയും ചെമ്പരത്തി, തുമ്പയും തുളസിയും
ചേർത്തുവച്ചൊരുക്കിയാ സ്നേഹപ്പൂ ചിത്രം
കൃത്യമായ് പെയ്യും ഇടവപ്പാതിയും മറക്കാതെയാ
യെത്തും മകരമഞ്ഞുമേറ്റുർവ്വരയാം നമ്മുടെ നാടും
കോൺക്രീറ്റു പാകിയഹൃദയവും മുറ്റവുമായിന്ന്
നൻമതൻ ഹരിതാങ്കുരം നാം പിഴുതെറിഞ്ഞൂ
ചിങ്ങം പിറന്നല്ലോ പൊന്നോണം വന്നല്ലോ
പൂക്കൾ നിറയ്ക്കേണ്ടേ പൂക്കളം തീർക്കേണ്ടേ
അങ്ങു തോവാളയും ഒട്ടംഛത്രവും പൂത്തല്ലോ
അർത്ഥം നൽകി നേടാം മോടിയായ്
അർത്ഥപ്പൂക്കളമൊരുക്കിയാ മത്സരം ജയിച്ചിടാം



# ജീവിത സത്ത



ഡോ. എം.എസ്. രാജൻ

ഇടവപ്പാതി മഴയുടെ താണ്ഡവം ഗ്രാമത്തിന്റെ മുഖചരായ മാറ്റി. നേരം സന്ധ്യയോടടുത്തുകൊണ്ടിരിക്കുന്നു. ഇടിമിന്നലിന്റെ വെളിച്ചത്തിൽ ചെമ്മണ്ണും ചെളിയും നിറഞ്ഞ പരിചയമില്ലാത്ത ഒറ്റയടിപ്പാതയിലൂടെ നാട്ടിലെ മണിസൗധങ്ങളുടെ മാന്ത്രികനായ കണക്കൻ തങ്കപ്പനാശാരി തന്റെ പണിയായുധങ്ങൾ കുട്ടിചാക്കിലാക്കി തലയിലും കൈയ്യിൽ നീളമുള്ള മുഴക്കോലുമായി വീട്ടിലേക്ക്. കുടുംബത്തിന്റെ അന്നദാതാവ്. ജീവിത പ്രാരാബ്ദങ്ങളുടെ ഉലകനായകൻ. അച്ഛനും, അമ്മയും, ഭാര്യയും, ഏഴു കുട്ടികളുമടങ്ങുന്ന കുടുംബം. ഭാര്യ അമലുവല്ലിയുടെ ചിത്രം മനസ്സിൽ തെളിഞ്ഞു വന്നു. തന്റെ ഇഷ്ടാനിഷ്ടങ്ങളും കുഞ്ഞുങ്ങളുടെ പരിപാലനവുമായി രാപ്പകലദ്ധ്വാനിക്കുന്ന ഭാര്യയോട് ഇനി എങ്ങനെ കാര്യങ്ങൾ തുറന്നു പറയണം. എത്ര ശ്രമിച്ചിട്ടും നടത്തത്തിനു വേഗത ലഭിക്കുന്നില്ല. കൈകാലുകൾക്ക ശക്തി ലഭിക്കുന്നില്ല. എങ്ങനെയെങ്കിലും വീട്ടിലെത്തണം. ദിവസേന കൂലിയായി ലഭിക്കുന്ന അഞ്ച് ഇടങ്ങഴി നെല്ല് ഒരു മണി പോലും കളയാതെ ഭാര്യയുടെ കൈവശം നൽകും. ഇങ്ങനെ നാനാവിധ ചിന്തകളാൽ നടക്കുന്നതിനിടയിൽ ഗ്രാമത്തിലെ പ്രമാണിയായ കേശവൻ നായരെപ്പറ്റി ഓർത്തുപോയി.

ആഹാര പ്രിയനായ കേശവൻ നായർക്ക് തന്നോട് കടുത്ത അസൂയ. എല്ലാവിധ സൗഭാഗ്യങ്ങൾ ഉണ്ടായിട്ടും ആവലാതികൾ മാറുന്നില്ല. എന്നാൽ വെറും അഞ്ചിടങ്ങഴി നെല്ല് ദിവസ ക്കൂലി ലഭിക്കുന്ന തങ്കപ്പനാശാരിക്ക് യാതൊരുവിധമായ പരിഭവങ്ങളുമില്ല. തങ്കപ്പനാശാരിയുടെ ജീവിത രഹസ്യ മറിയുവാൻ കേശവൻ നായർ ആഗ്ര ഹിച്ചു. ഒരു ദിവസം പണിക്കിടയിൽ കേശവൻ നായർ തങ്കപ്പനാശാരിയോട് “എടോ... തങ്കപ്പാ... ദിവസക്കൂലിയായ അഞ്ചിടങ്ങഴി നെല്ലുകൊണ്ട് ഇത്ര വലിയ കുടുംബം പുലർത്തുന്നതെ ങ്ങനെയാണ്.” തങ്കപ്പനാശാരി കേശ വൻ നായരുടെ ചോദ്യം കേട്ടതായി ഭാവിക്കാതെ തന്റെ പ്രവൃത്തിയിൽ മുഴുകി. ചോദ്യം വീണ്ടുമാവർത്തിച്ച പ്പോൾ തങ്കപ്പനാശാരി തന്റെ സ്വയ സിദ്ധമായ ശൈലിയിൽ “അങ്ങുന്നേ, എനിക്കു കിട്ടുന്നതുകൊണ്ട് ആദ്യം കടം വാങ്ങിയത് തിരിച്ചു കൊടുക്കും. പിന്നെ കുറെ കടം കൊടുക്കും. ബാക്കിയുള്ളതുപയോഗിച്ച് ഞങ്ങ ളുടെ ജീവിതം കഴിയും.” കേശവൻ നായർക്ക് തങ്കപ്പനാശാരിയുടെ മറു പടിയുടെ പൊരുൾ മനസ്സിലായില്ല. എന്നിട്ട് “അല്ല ഇതെങ്ങനെ നടക്കും” വീണ്ടും ചോദ്യമാവർത്തിച്ചപ്പോൾ ഉത്തരം പഴയതുപോലെ തന്നെ. തന്റെ മനസ്സിൽ പലവിധമായ ചിന്തകൾ ഒന്നിനുപുറകെ ഒന്നായി മിന്നി മറഞ്ഞു. അവസാനം ഇവനെ ഒരു പാഠം പഠിപ്പിക്കാൻ തന്നെ കേശവൻ നായർ തീരുമാനിച്ചു. പതിവിനു വിപരീതമായി അന്നേ ദിവസം അഞ്ചിടങ്ങഴി നെല്ലിനു പകരം നാലരയിടങ്ങഴി നെല്ലു നൽകി. കഥയറിയാതെ തങ്കപ്പനാശാരി വീട്ടിലേക്കു മടങ്ങി. തുടർന്നുള്ള ഓരോ ദിവസങ്ങളിലും അര ഇടങ്ങഴി നെല്ലുവീതം കുറച്ചു നൽകി. അവസാനം രണ്ടി ടങ്ങഴി നെല്ല് കൂലിയായി കൊടുത്തു. എന്നിട്ടും തങ്കപ്പനാശാരിയിൽ നിന്നും യാതൊരു പ്രതികരണവും ഇല്ലാത്തതിനാൽ കേശവൻ നായർക്ക് മനസ്സിൽ കുറ്റ ബോധവും മനോവിഷമവുമുണ്ടായി. “തങ്കപ്പാ.... നീ അതിബുദ്ധിമാൻ തന്നെ നീ പറഞ്ഞതിന്റെ അർത്ഥം ഇതുവരെ എനിക്കു മനസ്സിലായിട്ടില്ല.

തങ്കപ്പനാശാരി... “എനിക്ക് കിട്ടുന്നതിൽ നിന്നും എന്റെ മാതാ പിതാക്കൾക്ക് ഭക്ഷണം നൽകുന്നതുവഴി ഞാൻ എന്റെ കടം വീട്ടും. പിന്നെ മക്കൾക്കു നൽകുന്നത് കടം കൊടുക്കുന്നതാകും. ബാക്കി യുള്ളതുപയോഗിച്ച് ഞങ്ങളുടെ ജീവിതമെന്നാൽ ഞാനും എന്റെ ഭാര്യയും ഭക്ഷണം കഴിക്കുന്നതാണ്.” തങ്കപ്പനാശാരിയുടെ ബുദ്ധി ശക്തിയിലും അർപ്പണബോധത്തിലും അതിയായ മതിപ്പു തോന്നിയ കേശവൻ നായർ അന്നുമുതൽ ദിവസക്കൂലി അഞ്ചിടങ്ങഴി നെല്ലിൽ നിന്നും പത്തിടങ്ങഴി നെല്ലായി വർദ്ധിപ്പിച്ചത് ദേശത്തിൽ നടപ്പിലായി.

ദിവസക്കൂലി വർദ്ധനവുണ്ടായിട്ടും തങ്കപ്പനാശാരിയുടെ ജീവിത പ്രശ്ന ങ്ങൾക്ക് പരിഹാരമുണ്ടായില്ല. ദിവസങ്ങൾ കഴിയുന്തോറും ശാരീരിക ക്ഷീണം വർദ്ധിച്ചു വന്നു. എല്ലാ ദിവസവും രാത്രിയിൽ ഭക്ഷണ സമയത്ത് “നമ്മുടെ മക്കളെ പട്ടിണിക്കിടരുതെന്ന്” പറയാറുണ്ടായിരുന്നു. അർത്ഥമറിയാതെ ഭർത്താവിനുള്ള വിഹിതം കുറച്ച് മക്കൾക്ക് കൂടുതൽ ഭക്ഷണം നൽകാൻ തുടങ്ങി. തന്മൂലം തങ്കപ്പനാശാരിയുകട ശാരീരിക ക്ഷീണം വർദ്ധിക്കുകയും തൊഴി ലിനു പോകാൻ സാധിയ്ക്കാതെ രോഗ ബാധിതനായി കിടപ്പിലായി. ഏതാനും ദിവസങ്ങൾക്കകം തങ്കപ്പനാശാരി ഈ ലോകത്തോടു വിട പറഞ്ഞു. തങ്കപ്പനാശാരിയുടെ മരണ ശേഷം കുട്ടികൾക്ക് ഭക്ഷണത്തിന് മാർഗ്ഗമില്ലാതെ വന്നപ്പോഴാണ് “മക്കളെ പട്ടിണിക്കിടരുത്” എന്നുള്ള ഭർത്താവിന്റെ വാക്കിന്റെ സത്ത അമലുവല്ലിക്ക് മനസ്സിലായത്.







2015 മാർച്ച് 18

# സമരാവേശത്തിന്റെ ചരിത്ര മുഹൂർത്തം





**1999** ൽ ഒരു വർഷം നീണ്ടു നിന്ന പ്രക്ഷോഭത്തിനൊടുവിൽ 2000 ൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുകയുണ്ടായി. തുടർന്നുള്ള നാളുകളിൽ പല ആവശ്യങ്ങൾക്കായി പ്രതിഷേധ ദിനങ്ങൾ, പണിമുടക്ക്, സെക്രട്ടറിയേറ്റ് മാർച്ച്, സെക്രട്ടറിയേറ്റിനു മുന്നിൽ ഉപവാസം, സ്ഥാപനത്തെ രക്ഷിക്കാനായുള്ള ജനകീയ കൂട്ടായ്മ തുടങ്ങി നിരവധി പ്രക്ഷോഭ സമരങ്ങൾക്ക് സി.ഇ.എ. നേതൃത്വം നൽകിട്ടുണ്ട്. എന്നാൽ 2015 മാർച്ച് 18-ാം തീയതി സി-ഡിറ്റിന്റെ ഹെഡ് ഓഫീസ് ഉപരോധിച്ചുകൊണ്ടുള്ള അതിശക്തമായ സമരം തികച്ചും അപ്രതീക്ഷിതമായ സമരാവേശമായിരുന്നു. ഇന്നത്തെ മാനേജ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാരെ രാഷ്ട്രീയമായി വേർതിരിച്ചു. വിവേചനപരമായ സർവ്വീസ് ആനുകൂല്യങ്ങൾ നൽകുക, രാഷ്ട്രീയമായ സ്ഥലം മാറ്റൽ, തരംതാഴ്ത്തൽ തുടങ്ങി നിരവധി സർവ്വീസ് പീഡനങ്ങളാണ് നാല് വർഷമായി നടത്തിവരുന്നത്. ഇതിനെതിരെ ശക്തമായ പ്രതിഷേധവും പ്രതികരണങ്ങളും സമരവും ഉപവാസവുമെല്ലാം സി.ഇ.എ. നടത്തിയിട്ടുണ്ടെങ്കിലും മാർച്ച് 18 ന്റെ സമരം ഒരിക്കലും മറക്കാൻ കഴിയുന്നതല്ല. വർഷങ്ങളായി ജോലിയെടുത്തുവരുന്ന കരാർ ജീവനക്കാർക്ക് 6 മാസവും ഇന്നത്തെ ഭരണസമിതി വന്നതിനുശേഷം വന്നവർക്ക് 4 വർഷത്തെ കരാറും, സ്ഥിരപ്പെടുത്തിയ ജീവനക്കാരെ വീണ്ടും കരാറുകാരുടെ ലിസ്റ്റിൽപ്പെടുത്തി അവഹേളിച്ചതും, പുതിയ ട്രെയിനി നിയമങ്ങൾക്ക് കൂടിയ ശമ്പളവും സീനിയറായവർക്ക് കുറഞ്ഞ ശമ്പളവും, എല്ലാ ജീവനക്കാരും ചേർന്ന് വെൽഫയർ ഫോറത്തിന്റെ നേതൃത്വത്തിൽ നടത്തിയ സ്റ്റാഫ്ഡേയ്ക്ക് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിരിച്ചെടുത്ത തുക നൽകാതിരിക്കൽ എന്നിവയ്ക്കെതിരെ ജീവനക്കാരുടെ



2015 മാർച്ച് 18

# സമരാവേശത്തിന്റെ ചരിത്ര മുഹൂർത്തം

മനസ്സിൽ പ്രതിഷേധത്തിന്റെ തീ ആളികത്തുകയുണ്ടായി.

ജീവനക്കാരുടെ അവസ്ഥ മനസ്സിലാക്കിയ സി.ഇ.എ. പ്രസിഡന്റ് സ: കടംപള്ളി സുരേന്ദ്രൻ നേരിട്ട് സി-ഡിറ്റ് ഓഫീസിനുള്ളിൽ വന്ന് ഉപരോധസമരത്തിന് നേതൃത്വം നൽകി എന്നത് സമരത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നതാണ്.

ജീവനക്കാരുടെ അവകാശ പത്രിക സമർപ്പിച്ച് സി-ഡിറ്റ് ഡയറക്ടറുടെ ഓഫീസിൽ ചർച്ചക്കായി ഉച്ചയ്ക്ക് 2 മണിക്ക് എത്തിയ പ്രസിഡന്റ് പ്രധാനപ്പെട്ടവയിലൊന്നും തീരുമാനമാകാതിരുന്നതിനാൽ അവിടെ ഇരിക്കേണ്ടിവന്നു. സ: കടകംപള്ളി സി-ഡിറ്റ് ഓഫീസിൽ ഇരിക്കുന്ന വിവരമറിഞ്ഞ സ്ഥലം എം.എൽ.എ. സ: ശിവൻകുട്ടി എത്തിചേർന്നു. ഡയറക്ടർ, രജിസ്ട്രാർ എന്നിവരുമായി നടത്തിയ ചർച്ച വൈകുന്നേരം 5 മണിയായിട്ടും ഒന്നിനും അനുകൂല തീരുമാനം എടുക്കാതിരുന്നതോടെ അധികാരികളുടെ മുന്നിൽ ഇരുവരും ഇരിപ്പുറപ്പിച്ചു. സി.ഇ.എ.യുടെ പ്രവർത്തകർ ഉച്ച മുതൽ ഓഫീസ് പൂർണ്ണമായും ഉപരോധിച്ചു. വൈകുന്നേരം 6 മണിയോടെ പ്രദേശത്തെ സി.പി.എം. തൊഴിലാളി സംഘടന, ഡി.വൈ.എഫ്.ഐ. എന്നീ സംഘടനകളുടെ പ്രവർത്തകർ സി-ഡിറ്റിനുള്ളിൽ സമരത്തെ പിൻതുണയ്ക്കുവാനായി എത്തിചേർന്നു. ഉച്ചക്ക് 1.30നു സമരത്തിൽ പങ്കാളികളായി ഉപരോധിച്ച ഒറ്റ ജീവ











നക്കാരനും പുറത്തു പോകാതെ ശക്തമായ ഉപരോധം ഏർപ്പെടുത്തി. 6 മണിക്കുശേഷം സമരത്തിന്റെ ആവേശം കൂടുകയും സഖാക്കളെ നിയന്ത്രിക്കാൻ കഴിയാത്തവണ്ണം സമരാവേശം മാറുകയുമായിരുന്നു. രാത്രി 8 മണിയായിട്ടും തീരുമാനം ആകാതെ നീണ്ടു. സി.ഇ.എ. പ്രസിഡന്റിന്റെയും എം.എൽ.എ.യുടെയും നേതൃത്വത്തിൽ രാത്രി മുഴുവൻ സി-ഡിറ്റ് ഉപരോധിക്കാൻ തയ്യാറായതോടെ മാനേജ്മെന്റ് പ്രധാനപ്പെട്ട ആവശ്യങ്ങൾ അംഗീകരിക്കുകയായിരുന്നു. രാത്രി 8 മണിക്ക് സ. കടകംപള്ളി പുറത്തുവന്ന് ചർച്ചയിൽ അംഗീകരിച്ച വിവരങ്ങൾ ജീവനക്കാരോടും നാട്ടുകാരോടും വിശദീകരിച്ചു. ജീവനക്കാർ സമരം വിജയിപ്പിച്ച ആവേശത്തോടെ മുദ്രാവാക്യം മുഴക്കി സമരം അവസാനിപ്പിച്ചു. സി-ഡിറ്റിന്റെ ചരിത്രത്തിലാദ്യമായി ആവേശോജ്വലമായ സമര മുഹൂർത്തമായി മാറി 2015 മാർച്ച് 18.

വാർഡ് കൗൺസിലർ സ: എ.ജെ. സുകാർണോ സി.പി.എം. ലോക്കൽ കമ്മറ്റി സെക്രട്ടറി സ: സത്യൻ, യുവജന നേതാക്കൾ, സി.ഐ.ടി.യു. ന്റെ നേതാക്കൾ എന്നിവർ പ്രദേശത്തെ ജനാധിപത്യ വിശ്വാസികളോടൊത്ത് പിന്തുണയേകി.







2015 മാർച്ച് 18

# സമരാവേശത്തിന്റെ ചരിത്ര മുഹൂർത്തം





















# നുറുങ്ങു കവിതകൾ

എമ്മാർ

**അ**യലത്തൊരു വിവാഹസല്കാരം
ഗംഭീര ശാപ്പാട്. ഏമ്പക്കവും
കൂടെ "എന്തൊരു ധൂർത്ത്"

**ബോ**ഡി ഫ്രീസറിലായിട്ടു നാലുദിവസം
ഇന്ന് അഗ്നിക്കിരയാക്കും
ഉച്ചയ്ക്ക് ഫിഷ്ഫ്രൈ

**വോ**കുന്നത് ഒക്കെ കൊള്ളാം
കഴിഞ്ഞ പ്രാവശ്യത്തെപ്പോലെ
മുണ്ടില്ലാതെ മടങ്ങരുത്
പ്രജകളാണത്രേ പ്രജകൾ

**എ**ന്തൊരു പുരോഗതി
പല്ലെടുത്തപ്പം വേദന ഇല്ലേ ഇല്ല
ബില്ലെടുക്കുമ്പം വരുവോ?

**ഇ**ല വന്നു മുള്ളേൽ വീണാലും
മുള്ള് വന്ന് ഇലയിൽ വീണാലും
ചീത്തപ്പേര് പാവം മുള്ളിന്

**നി**നക്കറിയുവോ
നമ്മുടെ അമ്മേടെ വയസ്സ്?
നാളെ സഞ്ചയന കാർഡ് അടിക്കണം

**അ**ടുത്ത ബോറന്മഴ കവിത
മഴയെ മനോഹരിയാക്കി പാടിയ കവിയെ
ചെകിടു നോക്കി പൂശി
തമ്പാനൂരിൽ നിന്ന് വന്നവൻ

**പൊ**റോട്ട എത്ര കുഴപ്പക്കാരൻ
സാറിന്റെ ക്ലാസ് ഗംഭീരം
എന്നാലും രണ്ടു പൊറോട്ട പോരട്ടെ.

**ഈ** വർഷത്തെ പൊങ്കാല
അതിഗംഭീരം
നാലു സിനിമ നടികൾ പങ്കെടുത്തു

**മൂ**ന്നു മണിക്കൂർ ഫ്രീസർ, ഒരു
മണിക്കൂർ മൈക്രോവേവ് അവൻ
ഏഴു മണിയോടെ എല്ലാം ഓക്കെട്ടോ
രാത്രീലെ ഫ്ളൈറ്റ് ബുക് ചെയ്തോ
കർമ്മങ്ങൾ വേണമെങ്കിൽ ചെയ്യട്ടെ

**ഞാ**ൻ ഫാസിസ്റ്റ് വിപത്തും
മുതലാളിത്ത വിരുദ്ധ വിപ്ലവ
പോരാട്ടവും
എൻ മകൻ "കോപ്പ്"

**ആ**റുലക്ഷം അടച്ചു
സ്പെഷ്യാലിറ്റി ആശുപത്രി വിട്ടു
ഇപ്പം നല്ല സുഖമുണ്ട്
നല്ല തണുപ്പ്

**അ**മ്പിളി മാമനെ കണ്ടിട്ട് ഏറെ നാളായി
അങ്ങേരിപ്പോഴും
ജീവിച്ചിരിപ്പുണ്ടോ ആവോ?
അതോ കുട്ടിക്കാലത്തെ ഒരു പൊട്ടമിത്തോ

**മൊ**ബൈൽ ആപ്പിന്റെ ഭാരത്തിൽ
എന്റെ കഴുത്തൊടിഞ്ഞു
എന്തൊരു ആപ്പ്

**രാ**വിലെ കണ്ടപ്പം
അയൽക്കാരൻ ചിരിച്ചു
പണ്ടാരം കടത്തിനാന്നോ?

**ഈ** നശിച്ച കുടിയന്മാർ
കുടി നിർത്തിയിരുന്നെങ്കിൽ
ഈ മുടിഞ്ഞ ക്യൂവില്ലാതെ
സംഗതി ഒപ്പിക്കാമായിരുന്നു.

# After a Rain





## About Academy Award Winning Works Of Shajith R B

Born at Malappattam in Kannur district of Kerala State in 1981. Childhood years and school education were completed in the native village. Thereafter underwent a course in mural painting from Kerala Sanskrit University and took Degree in painting from Fine Arts College,Thiruvananthapuram. During the days of his studentship he was influenced by Indian miniatures and the paintings of Paul Gauguin, David Hockney et al. On the third year of Bachelor of Fine Arts course, he contributed in two series; School Time and Rain, in water colour. During the final year of his study he painter in the series; Good Morning, Last Emotions and After Rain. After the Harmony Show in Mumbai, he participated in exhibitions like Big Zero, Reviews etc. The last one was Art Chennai Exhibition, 2012. About the paintings Settings ofn nature in village, myths, life, Solitude and fear dominate his later paintings. The girl who appears time and again is a symbol of victimhood, posited in distress and trepidation. After Rain Thirty odd pictures attempted recently come under this series. It proclaims the hollowness after a torrented rain. Dut the slowly germinating seeds arouse hopes. The juxtaposition of human/animal figurines with nature is meant to stress that nature is the phenomenon that dominate around us.

# Who is a journalist when any one can publish?



B. Manoj

"usually citizen journalists record an event and present it to the public, very often without checking all the facts related to the event"

Confusion about who is a journalist, when any one can publish is commonly referred as a negative effect of online journalism. Yes, it is high time we discuss the merits and demerits of online journalism or web journalism. This is because journalism is evolving rapidly in a mixed media of traditional newspapers and broadcast stations combined with a 'new media' of online journalists. These developments in journalism are driven by vast economic and technological changes. In many parts of the world newspaper sales have declined and therefore some have opted only to have electronic versions of their publications. Now millions of bloggers, countless websites, web broadcasts and 'podcasts' have become popular. All these together makeup the body and content of today's new media in which web/online journalism plays a major role.

Now a question arises, can web journalism replace newspaper? The answer is, not yet, but web journalism is the future of the news business. Web journalism actually encompasses a whole range of things including newspaper websites, independent News Websites, Hyper-Local News Sites, Citizen Journalism Sites, Blogs etc.

Newspaper Websites are basically extensions of the papers themselves. As such they can provide a wide range of articles in a variety of areas – news, sports, business, arts, culture, literature, politics, science etc.

Independent News Websites, often found in larger cities, tend to specialize in hard-news coverage of municipal government, city agencies, law enforcement and schools. Some of them are known for their hard-hitting investigative reporting. Their content is typically produced by small staff of full-time reporters and freelancers.

Hyper-Local News Sites specialize in

coverage of small, specific communities, right down to the individual neighbourhood. As the name implies, the coverage tends to focus on extremely localized events: the police blotter, the agenda of the town board meeting, the performance of a school play and the like. Hyper-local sites can be independent or run by newspapers as extensions of their websites. Their content is typically produced by local freelance writers and bloggers.

Citizen journalism sites run a wide gamut. Some are basically just online platforms where people can post video reports or pictures on virtually any subject. Others focus on a specific geographic area and provide more targeted, specific coverage. Content for citizen journalism sites is usually provided by a loose affiliation of writers, bloggers and video reporters with varying degrees of journalism experience. Some citizen journalism sites are edited and some are not.

Blogs online platforms for delivering opinion and commentary, but many actually do real reporting as well. Bloggers have varying degrees of journalism experience.

Now a day even in Newspaper Websites, there are provisions for anyone to write and publish. And in other online media the prominent publishers are the writers themselves and there is no role of an editor to monitor the so called journalism ethics or to verify factual errors or if any.

It is obvious that citizen journalism is getting bigger and bigger with several advantages. However, even though it has a huge effect, it still has some negative aspects. For example:

- "usually citizen journalists record an event and present it to the public, very often without checking all the facts related to the event"
- "this legitimacy may be unknown with a blog or user-created site and, indeed, there have been cases where individuals have gamed the system, deliberately posting fake information"

It is in this context that we have to think about the positive and negative aspects of online journalism.

Positive effects:

• Interactivity: Increased ability of the public to actively search for their own information and to interact online with news web sites.
• Increased public access to different forms and types of media; access to a greater diversity of content.
• Reduced "gate keeping" powers of major news organizations; less power to set the news agenda or manipulate the public's understanding of events.
• New and powerful story-telling methods through multi-media technology.
• Convergence in news may mean more resources to probe issues.

Negative effects

• Rise in "journalism of assertion": unsubstantiated opinion and rumour which harms journalistic credibility; lack of restraint among online writers.
• Pressure to lower ethical standards and sensationalize stories.
• Public complaints about how a "ubiquitous" media violate personal privacy.
• Confusion about who is a journalist, when anyone can publish.
• Ethical "vertigo" regarding news values, newsworthiness, credibility. What standards are appropriate for this new "mixed media"?

In most of the online journalism platforms, the conventional journalistic parameters like reporter, editor, publisher etc. are becoming insignificant as all these are played by the same person. Hence the freedom of expression has become much more extensive allowing anyone to publish at a mouse click.





# അടിയന്തരാവസ്ഥയുടെ ഓർമ്മകൾ

നാൽപതുവർഷങ്ങൾക്ക് മുമ്പ് ആകാശവാണിയിലൂടെ ഒഴുകിയെത്തിയത് 'രാഷ്ട്രപതി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു' എന്ന വാർത്തയാണ്. ഇതിൽ പരിഭ്രാന്തരാകേണ്ട കാര്യമില്ല എന്നായിരുന്നു തുടക്കം, ഒരു പാട് അകലെയുള്ള ഒരു ചരിത്രം ഞാൻ ഇത് എഴുതാൻ പ്രാധാനകാരണം പുതുതലമുറയിലുള്ളവർ എന്താണ് ഈ അടിയന്തരാവസ്ഥ എന്ന് ചോദിക്കുന്നത് പലവട്ടം ഞാൻ കേട്ടിട്ടുണ്ട്. നമ്മുടെ ജനാധിപത്യ സങ്കൽപ്പങ്ങൾക്ക് അടിയന്തരാവസ്ഥ ഏൽപ്പിച്ച മുറിവ് വളരെ വലുതായിരിന്നു. അധികാരം ദുർവിനിയോഗം, കരിനിയമങ്ങൾ, ജനാധിപത്യധ്വംസനം, ഏകാധിപത്യം തുടങ്ങിയ നാല് പതിറ്റാണ്ടുകൾക്കപ്പുറത്തെ 1975 ജൂൺ 25 സമയം രാത്രി 11.35ന് തീക്ഷ്ണാനുഭവങ്ങളുമായി ജീവിച്ച ഒരുതലമുറയുടെ ഓർമ്മപ്പെടുത്തലുകളാണ്. മക്കൾ നഷ്ടപ്പെട്ട മാതാപിതാക്കളും, ഭാർത്താവ് നഷ്ടപ്പെട്ട ഭാര്യമാരും ഈച്ചരവാര്യരെപ്പോലെയുള്ളവരുടെ ഓർമ്മകളുടെയും, ജീവിത ദുഃഖങ്ങളുടെയും അനുഭവമാണ്. ഫെയ്സ് ബുക്കിലും, വാട്ട്സ് ആപ്പിലും, ടിറ്ററിലും എഴുതിയും, പോസ്റ്റ് ചെയ്തും സംവദിക്കുന്ന ഒരു പുതിയ തലമുറയ്ക്കു വേണ്ടി ആ കറുത്ത നാളുകൾ, ചരിത്രം എന്നിവ ചുരുക്കി പറയാം.

അടിയന്തരാവസ്ഥയുടെ തുടക്കം 1962-ലെ ചൈനീസ് യുദ്ധകാലത്തായിരുന്നു. ഒരു വിധത്തിലുള്ള എതിർപ്പും നേരിടാതെ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ നെഹ്റു സർക്കാരിന് സാധിച്ചു. 1975 ലെ അടിയന്തരാവസ്ഥയുടെ തുടക്കം തികച്ചും രാഷ്ട്രീയ കാരണങ്ങളായിരുന്നു. ഇന്ദിരാഗാന്ധി ജിവിച്ചിരുന്നപ്പോൾ മറക്കാൻപറ്റാത്ത ദിവസമായിരുന്നു. 1974 ജൂൺ 12ൽ കോൺഗ്രസ്സിനേറ്റ ചരിത്രപരമായ രണ്ട് തിരിച്ചടികൾ, ഒന്ന് ഗുജറാത്ത് നിയമസഭ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനേറ്റ കനത്ത പരാജം. സ്വതന്ത്ര ഇന്ത്യയിൽ കോൺഗ്രസ്സിനേറ്റ കനത്ത വെല്ലുവിളി. രണ്ട്, അലഹബാദ് ഹൈക്കോടതിയുടെ ചരിത്ര പ്രധാനമായ വിധി. ഉത്തർപ്രദേശിലെ റായ്ബറേലി മണ്ഡലത്തിൽ നിന്നുള്ള ഇന്ദിരാഗാന്ധിക്ക് തെരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ വിലക്ക് ഏർപ്പെടുത്തി. എതിർ സ്ഥാനാർത്ഥിയായി മത്സരിച്ച സോഷ്യലിസ്റ്റ് പാർട്ടി നേതാവ് രാജ്നാരായൺ നൽകിയ കേസ്സിൽ ആയിരുന്ന ആ സുപ്രധാന വിധി. തെരഞ്ഞെടുപ്പിൽ ശ്രീമതി ഗാന്ധി സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്തു. ഇന്ദിരാഗന്ധി 17 തെരഞ്ഞെടുപ്പ് കുറ്റങ്ങൾ നടത്തി എന്നും അതുവഴി അവരുടെ തെരഞ്ഞെടുപ്പ് റദ്ദാക്കുന്നുവെന്നും രാജ്യം ഭരിക്കാൻ തുടർ സംവിധാനത്തിന് 20 ദിവസത്തെ സാവകാശം നൽകിയാണ് അലഹബാദ് ഹൈക്കോടതി വിധി പ്രസ്താവിച്ചത്.

ഇരട്ട പ്രഹരത്തിന് ശേഷം കോൺഗ്രസ്സിനെയും, ഇന്ദിരാഗാന്ധിയെയും ഉലച്ചത് ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ നടന്ന ജനകീയ മുന്നേറ്റമായിരുന്നു. പ്രതിപക്ഷത്തിരിക്കേണ്ട സ്ഥിതി ഇന്ദിരാഗാന്ധിയേയും മകൻ സഞ്ജയ് ഗാന്ധിയേയും അസ്വസ്ഥരാക്കി. തെരഞ്ഞെടുപ്പ് ഫലവും കോടതിവിധിയും വന്ന അന്നുതന്നെ ഇന്ദിരാഗാന്ധി തന്നോടൊപ്പം നിൽക്കുന്നവരുടെ യോഗം



എ ആർ തമ്പി



വിളിച്ചു. ആ യോഗത്തിൽ ഇന്ദിര മാറിനിന്ന് അധികാരം നിലനിർത്തണമെന്നൊരു അഭിപ്രായം വന്നിരുന്നു എന്ന് പറയപ്പെടുന്നു. എന്നാൽ ശക്തമായ എതിർപ്പുമായി ആ യോഗത്തിലേയ്ക്ക് കടന്നുവന്ന സഞ്ജയ് ഗാന്ധി അധികാരം നിലനിർത്തണം, ഭരണം തുടരണമെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചുവെന്നാണ് രേഖകൾ. സുപ്രധാനമായ രാഷ്ട്രീയ വഴിത്തിരിവുകൾ തുടങ്ങുന്നത് ഇവിടെ നിന്നാണ്. സഞ്ജയ് ഗാന്ധി 20 ദിവസത്തെ സമയംകൊണ്ട് അധികാരം നിലനിർത്താൻ സാധ്യമായ എല്ലാ വഴികളും ആലോചിക്കാൻ നേതാക്കൾക്ക് നിർദ്ദേശം കൊടുത്തു. മാത്രവുമല്ല, സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കാനും തീരുമാനിച്ചു. വിധി എതിരായാലും ഇന്ദിര ഒഴിയാൻ പാടില്ല അതായിരുന്നു രാഷ്ട്രീയ തീരുമാനം.

പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയായിരുന്ന സിദ്ധാർത്ഥ് ശങ്കർ റെയാണ് ഇന്ദിരയെ സന്ദർശിച്ച് ആഭ്യന്തര അടിന്തരാവസ്ഥ രഹസ്യമായി കൈമാറിയത്. ആഭ്യന്തര അടിയന്തരാവസ്ഥ രാജ്യത്ത് പ്രഖ്യാപിക്കുന്നതിന് ഒരു തടസ്സവുമില്ല എന്ന് 'റെ' ഉപദേശം നൽകി. ഇന്ദിരാഗാന്ധിക്ക് ഇതിനെക്കുറിച്ച് യാതൊരു അറിവും ഉണ്ടായിരുന്നില്ല എന്ന് പിന്നീട് പറയപ്പെടുന്നു. അങ്ങനെ ജൂൺ 16-ാം തീയതി 'റെ'യുടെ ഉപദേശപ്രകാരം രാഷ്ട്രപതിയെ ഇന്ദിരാഗാന്ധി കണ്ടു. അന്ന് ഇന്ദിരാഗാന്ധിയുടെ കൂടെ ഉണ്ടായിരുന്ന ഏക നേതാവ് 'റെ' ആയിരുന്നു. തത്വത്തിൽ സുപ്രീം കോടതിയുടെ വിധി എതിരായാൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ തീരുമാനമായി. ദില്ലിയിലെ രണ്ടോ മൂന്നോ നേതാക്കൾക്ക് മാത്രമേ ഇത് അറിയാമായിരുന്നുള്ളൂ. ജൂൺ 22-ാം തീയതി തന്റെ അടുത്ത അനുയായികളോട് ഇന്ദിര അടിയന്തരാവസ്ഥയുടെ വിവരം കൈമാറി. ജൂൺ 24-ാം തീയതി സുപ്രീം കോടതിയുടെ അവധികാല ബഞ്ചിലിരുന്ന് ഇന്ദിരാഗാന്ധിയുടെ അപ്പീലിൽ വിധി പറയാൻ ഏതാനും നിമിഷങ്ങൾ ബാക്കിയുള്ളപ്പോൾ അതിനുമുൻപ് രാജ്യത്തെ പ്രതിപക്ഷ നേതാക്കളെ അറസ്റ്റു ചെയ്യാൻ തീരുമാനിച്ചു.

വിധി വന്നു, ആ വിധി ഇങ്ങനെയായിരുന്നു: ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അസാധുവാക്കിയ അലഹബാദ് ഹൈക്കോടതിവിധി സാധുവാണ്. പക്ഷേ ഇന്ദിര പ്രധാനമന്ത്രി സ്ഥാനം രാജിവയ്ക്കേണ്ടതില്ല. പാർലമെന്റിൽ വോട്ടെടുപ്പിൽ പങ്കെടുക്കാൻ പാടില്ല, പാർലമെന്റ് അംഗത്വവും പ്രധാനമന്ത്രി സ്ഥാനവും സംരക്ഷിക്കപ്പെടുകയും ചെയ്തു. വിധിയിലെ ആശയകുഴപ്പം ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ മരണംവരെ പിന്തുടർന്നു. രാഷ്ട്രീയമായി പ്രതിപക്ഷവും, കോൺഗ്രസ്സും വിധിയെ തരംപോലെ വ്യാഖ്യാനിച്ചു.


ജയപ്രകാശ് നാരായണൻ ഡൽഹിയിൽ വമ്പിച്ച റാലി സംഘടിപ്പിച്ചു. അയോഗ്യത കൽപിച്ച ഇന്ദിരയെ പോലീസും പട്ടാളവും പോലും അനുസരിക്കേണ്ടതില്ല എന്ന് ആ യോഗത്തിൽ വച്ച് ജെ.പി. പ്രഖ്യാപിച്ചു. ജൂൺ 25-ന് രാവിലെ തന്നെ ഇന്ദിര കൂടിയാലോചനകൾ തുടങ്ങി. ഇന്ദിരയും സഞ്ജയ്യും നേരത്തെ തീരുമാനിച്ച പദ്ധതി പ്രകാരം മുന്നോട്ടു പോകാൻ തീരുമാനിച്ചു. വൈകിട്ട് 5.30 ന് 'റെ' യുമൊത്ത് ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥയുടെ സൂചനകൾ രാഷ്ട്രപതി ഫക്കറുദ്ദീൻ അലിക്ക് നൽകി മടങ്ങി.

അറസ്റ്റുകൾ തുടങ്ങി, പോലീസ് ജീപ്പുകൾ രാത്രിയിൽ തലങ്ങും വിലങ്ങും ഓടിക്കൊണ്ടേയിരുന്നു. ജയപ്രകാശ് നാരായണൻ, മൊറാർജി ദേശായി, വാജ്പേയ് തുടങ്ങിയ പ്രതിപക്ഷ നേതാക്കളെ കസ്റ്റഡിയിൽ എടുത്തു. സർക്കാരിനെ അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്നാരോപിച്ചാണ് അറസ്റ്റ്, രാത്രി 11.25 ന് ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ ശുപാർശ ചെയ്ത് രാഷ്ട്രപതിക്ക് കത്ത് നൽകി. മന്ത്രിസഭ ചേരാൻ സമയമായില്ല, ഉടൻ ഉത്തരവ് വേണം എന്നും ആവശ്യപ്പെട്ടു. 11.35ന് രാഷ്ട്രപതി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു ഉത്തരവ് ഇറക്കി. ഈ വിവരം രഹസ്യമാക്കിവയ്ക്കാനും, നേതാക്കളുടെ അറസ്റ്റ് വിവരം പുറത്തറിയാതിരിക്കാനും പ്രത്യേകം ശ്രദ്ധിച്ചു. ദില്ലിയിലെ മുഴുവൻ പത്രസ്ഥാപനങ്ങളിലേക്കുമുള്ള വൈദ്യുതി പ്രവാഹം രാത്രി തന്നെ വിച്ഛേദിച്ചു അങ്ങനെ അച്ചടി നിലച്ചു. പൂർത്തിയാക്കിയവ പോലീസ് കണ്ടുകെട്ടി.

ജൂൺ 25-ാം തീയതി രാവിലെ 6.30ന് മന്ത്രിസഭായോഗം അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് അറിയാതെയാണ് നടന്നത്. പല മന്ത്രിമാരും ഈ തീരുമാനം അറിഞ്ഞിരുന്നില്ല, അറിഞ്ഞപ്പോൾ സന്തോഷത്തോടെ മന്ത്രിസഭ അനുമതി നൽകി. വീണ്ടും രാവിലെ 8.20ന് മന്ത്രിസഭായോഗം ചേർന്നു. സെൻസെർഷിപ്പിന് അംഗീകാരം നൽകി ഭരണം സൂത്രത്തിലൂടെ നിലനിറുത്തി.

രാജ്യമെങ്ങും പ്രതിപക്ഷനേതാക്കളെ വേട്ടയാടി. പ്രതിഷേധ സ്വരം കുറഞ്ഞു കുറഞ്ഞുവന്നു. പലരും ബംഗാളിലും, ബീഹാറിലും, തമിഴ്നാട്ടിലും ഒളിവിൽ പോയി. സംസ്ഥാന സർക്കാരുകൾ രാഷ്ട്രീയ വിരോധം തീർക്കാനുള്ള ആയുധമായി ഇതിനെ ഉപയോഗിച്ചു. സി.പി.ഐ. ഒഴികെയുള്ള പ്രതിപക്ഷ കക്ഷികളെയെല്ലാം തന്നെ അറസ്റ്റ് ചെയ്യാനായിരുന്നു ഉത്തരവ്.

അടിയന്തരാവസ്ഥകാലത്തെ അറസ്റ്റുകളിൽ തടവറയിലും പുറത്തും ജീവിതം ഹോമിക്കപ്പെടേണ്ടി വന്നവർ നിരവധിയാണ്. അതിൽ ചിലത് ഇവിടെ പറയാം. 'സ്നേഹ ലതാ റെഡ്ഡി' 'സംസ്കാര' എന്ന സിനിമയിലൂടെ ദേശീയ പുരസ്കാരം നേടിയ ചലച്ചിത്ര താരം, അറസ്റ്റ് ചെയ്യപ്പെടാനുണ്ടായ കാരണം വിചിത്രമായിരുന്നു. സോഷ്യലിസ്റ്റ് നേതാവ് ജോർജ് ഫെർണാണ്ടസ്സുമായുള്ള സൗഹൃദം ആയിരുന്നു അതിനു


INDIAN HERALD
NATIONAL ENGLISH DAILY
Founder & Editor: THAKUR V. HARI PRASAD
SPECIAL SUPPLEMENT
HYDERABAD, Thursday, June 26, 1975 PRICE 15 Pais

# ERGENCY DECLARED
## Morarji, Advani, Asoka ...ta & Vajpayee arrested

The morning flight.

According to the Superintendent of the central district police Mr R K Ohri Mr Narayan was detained under the Maintenance of Internal Security Act (MISA) warrants for his arrest were issued by the Deputy Commissioner of Delhi Mr Sushil Kumar It is learnt that warrants for arrest against many leaders of non-CPI opposition parties have also been issued.

NEW DELHI June 26: Mr Morarji Desai was allowed to have his bath and perform "puja" before police officers took him into custody shortly after 2 a.m. His clothes were packed in advance and kept in a waiting taxi.

When the police party reached his house and informed him that he was being taken into custody under the Maintenance of Internal Security Act Mr Desai said he would like to go to toilet and have his bath. The police party agreed and later Mr Desai performed his prayers before boarding the waiting taxi.

...a meeting of the Parliamentary Consultative Committee.

According to reports from various Haryana districts the State police swing into action in the small hours of this morning and arrested a number of Opposition leaders including two Jana Sangh MLA's.

CHANDIGARH: Over 35 top Opposition leaders most of them belonging to the Jana Sangh and the Socialist Party were arrested early today by the Punjab police from throughout the State under the

കാരണം. ഫെർണാണ്ടസ്സിനെ സ്നേഹലത ഒളിപ്പിച്ചു എന്ന് പോലീസ് പറയുകയും തുടർന്നുണ്ടായ നിരന്തരമായ ചോദ്യം ചെയ്യലും, പീഡനമുറകൾക്കും വിധേയമാക്കുകയും ചെയ്തു. ഈ സംഭവം പുറത്തുകൊണ്ടുവന്നത് അന്ന് മറ്റൊരു സെല്ലിൽ കഴിഞ്ഞിരുന്ന മുൻ അസൂത്രണ സമതി ഉപാധ്യക്ഷൻ ആയിരുന്ന 'മധുദന്തവദെ' ആയിരുന്നു. എല്ലാ പീഡനമുറകളും അവർക്കുമേൽ പ്രയോഗിച്ചിരുന്നു, രാത്രികളിൽ നിലവിളിയും നീണ്ട രോദനവും കേൾക്കുമായിരുന്നു. ഭക്ഷണപോലും നൽകാതെ ദിവസവും രാത്രിയിൽ അതിക്രൂരമായരീതിയിലാണ് ചോദ്യം ചെയ്തിരുന്നതെന്ന് 'മധുദന്തവദെ' രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് അവർക്കെതിരെ പോലീസിനു ഒരു കുറ്റവും തെളിയിക്കാൻകഴിയാതെവന്നപ്പോൾ അവരെ വിട്ടയച്ചു. അവശനിലയിലായ സ്നേഹലത റെഡ്ഡി കുറച്ച് ദിവസങ്ങൾക്കകം മരിച്ചു. സ്നേഹലതയുടെ കുറിപ്പുകൾ മരണശേഷം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാത്രവുമല്ല 'കൻസാരി' എന്ന സ്നേഹലതയുടെ സിനിമ മരണശേഷമാണ് പുറത്തുവന്നത്.

ജനാധിപത്യത്തെ ചങ്ങലക്കിട്ട ആ 21 മാസക്കാലം കേരളത്തെ എങ്ങനെയെല്ലാം മാറ്റിമറിച്ചുവെന്നത് ചെറുതായി പറഞ്ഞുപോകേണ്ടത് അനിവാര്യമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ച കൊടിയ പീഡന കഥകൾ ഏറെയുണ്ടെങ്കിലും ചിലത് ഇവിടെ കുറിക്കാം. 1926 ഫെബ്രുവരിയിൽ 'കായണ്ണ' പോലീസ് സ്റ്റേഷനിലെ ആക്രമണത്തിൽ രണ്ട് തോക്കുകൾ കാണാതായി അതിന്റെ അന്വേഷണമാണ് ഇന്നും ദുരൂഹമായി തുടരുന്ന രാജൻ എന്ന രാഷ്ട്രീയ തടവുകാരന്റെ തിരോധാനത്തിലേക്ക് നയിച്ചത്. കോഴിക്കോട് ജില്ലയിലെ കക്കയത്ത് കുറ്റ്യാടി ജലവൈദ്യുത പദ്ധതിക്കായി നിർമ്മിച്ച പഴയ കെട്ടിടമായിരുന്നു പോലീസ് ക്യാമ്പ്, കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥി രാജനെയും കൂട്ടരെയും ഈ ക്യാമ്പിൽ കൊണ്ടുവന്ന് മർദ്ദിച്ച് അവശനാക്കി കൊന്നു മറവുചെയ്തതായും സാഹചര്യതെളിവുകൾ ഉണ്ട്. പിന്നീട് ഒരച്ഛന്റെ നഷ്ടപ്പെട്ടുപോയ മകനെ കുറിച്ചുള്ള ഓർമ്മകളിൽ ജീവിക്കേണ്ടതായിവന്നു. നക്സൽ പ്രസ്ഥാനവുമായി രാജന് ബന്ധമുണ്ടെന്ന് ആരോപിച്ചാണ് അറസ്റ്റ് ചെയ്തത്. നൂറുക്കണക്കിനാളുകൾക്ക് അന്ന് കക്കയം ക്യാമ്പിന്റെ ഇരുണ്ട മുറികളിൽ ചോദ്യം ചെയ്യലിന്റെ ക്രൂരതകൾ ഏറ്റുവാങ്ങേണ്ടതായിവന്നു.

കക്കയം ക്യാമ്പിൽ നിന്നും പുറത്ത് വരുന്ന വാർത്തകൾ രാഷ്ട്രീയ പ്രവർത്തകർക്ക് ഭീതി പടർത്തുന്നതായിരുന്നു. അങ്ങാടിപ്പുറം ബാലകൃഷ്ണൻ സി.പി.എം.ന്റെ പ്രവർത്തകനായിരുന്നു. പിന്നീട് പ്രഭാകരൻ എന്ന നക്സലേറ്റുകാരനുമായി പരിചയപ്പെട്ടതോടെ ഇദ്ദേഹം നക്സൽ അനുഭാവിയായി മാറി. ഈരണ്ടുപേരെയും പോലീസ് കസ്റ്റഡിയിൽ എടുത്തു. കക്കയം ക്യാമ്പിലേക്കാണ് യാത്ര എന്ന് മനസ്സിലാക്കിയ ബാലകൃഷ്ണൻ സമ്മർദ്ദത്തിലായി ശക്തമായി അദ്ദേഹം പ്രതികരിച്ചു. പോലീസ് ജീപ്പിന്റെ സീറ്റിനടിയിൽ ഒളിപ്പിച്ച് വച്ചിരുന്ന പെട്രോൾ കന്നാസ് മറിച്ചിട്ട് ബീഡികത്തിക്കാൻ വച്ചിരുന്ന തീപ്പെട്ടി പൊടുന്നനവെ കത്തിച്ചിട്ടു. തീ ആളി കത്തി മുൻസീറ്റിലിരുന്ന പോലീസ് ഉദ്യോഗസ്ഥനെ വരിഞ്ഞു മുറുക്കി. അങ്ങനെ രണ്ടു പേരും അഗ്നിക്കിരയായി വെന്തമർന്നു. പോലീസ് ക്രൂരതകൾക്കേറ്റ ശക്തമായ തിരിച്ചടിയായി ഇതിനെ കണക്കാക്കാം.

കിരാത വാഴ്ച ഏറ്റവും നടമാടിയ മറ്റൊരു ക്യാമ്പാണ് ഇടപ്പള്ളി കോൺസൺട്രേഷൻ ക്യാമ്പ്. ഭീകര മർദ്ദനത്തിന്റെ ഒട്ടനവധി കഥ പറയാനുണ്ടെങ്കിലും കൊടുങ്ങല്ലൂർ അഴീക്കോട് സ്വദേശി മുഹമ്മദ്ദാലിയെ കുറിച്ച് പറയാതെ പോകാൻ കഴിയില്ല. നന്നായി കവിത എഴുതുന്ന ആളായിരുന്നു മുഹമ്മദ്ദലി. ചോദ്യം ചെയ്യലുകൾക്ക് മറുപടി മുദ്രാവാക്യരൂപത്തിലായിരുന്നു പറഞ്ഞിരുന്നത്. പ്രകോപിതരായ പോലീസുകാർ അദ്ദേഹത്തെ വളഞ്ഞിട്ട് തല്ലുന്നത് പതിവായിരുന്നു. ബെഞ്ചിന്മേൽ കിടത്തി ഉലക്കകൊണ്ടുള്ള ഉരുട്ടും മാത്രവുമല്ല, പമ്പയിൽ നിന്നും ശേഖരിച്ചുകൊണ്ടുവന്ന കല്ല് കെട്ടി നട്ടെല്ലിന് താഴെ പ്രയോഗിക്കുന്നമുറയും ഉണ്ടായിരുന്നു. പ്രയോഗത്തിന് പോലീസുകാർ നൽകിയ പേര് 'പമ്പാവാസൻ' എന്നായിരുന്നു. കടുത്ത പീഡനങ്ങളെ തുടർന്ന് മുഹമ്മദാലി അകാലത്തിൽ മരണമടഞ്ഞു. ഈ ക്യാമ്പിന്റെ ചുമതലക്കാരൻ കേരളം അറിയപ്പെട്ടിരുന്ന ശ്രീ. ജയറാം പടിക്കൽ എന്ന പോലീസ് ഉദ്യോഗസ്ഥനായിരുന്നു.

അടിയന്തരാവസ്ഥ പ്രാബല്യത്തിൽ വന്ന അന്നുതന്നെ എസ്.എഫ്.ഐ.യുടെ സംസ്ഥാന സെക്രട്ടറിയായ കോടിയേരി ബാലകൃഷ്ണൻ അറസ്റ്റിലായി. കേരളത്തിലെ വിദ്യാർത്ഥി സംഘടനയിൽ എസ്.എഫ്.ഐ. മാത്രമേ ഉണ്ടായിരുന്നുള്ളു അടിയന്തരാവസ്ഥയ്ക്കെതിരെ പ്രതിഷേധിക്കാൻ, അതുകൊണ്ടാണ് അടിയന്തരാവസ്ഥയ്ക്ക് ശേഷം എസ്.എഫ്. ഐ. കേരളത്തിലെ ഏറ്റവും വലിയ വിദ്യാർത്ഥി സംഘടനയായി മാറിയത്.

മണ്ണാർക്കാട് കോളേജ് വിദ്യാർത്ഥിയായിരുന്ന മുഹമ്മദ് മുസ്തഫ രക്തസാക്ഷിയായതിനെ തുടർന്ന് യൂണിവേഴ്സിറ്റി യൂണിയൻ പിരിച്ചുവിട്ടു. തെരെഞ്ഞെടുപ്പുകൾ റദ്ദാക്കി, ജനാധിപത്യ അവകാശങ്ങൾ വിദ്യാർത്ഥികൾക്ക് നിഷേധിക്കപ്പെട്ടു. രാജന്റെ കാര്യം നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ! രാജൻ വിദ്യാർത്ഥിയായിരുന്നപ്പോഴാണ് രക്തസാക്ഷിയായത്. കോളേജ് വാർഷിക പരിപാടിയിൽ അടിയന്തരാവസ്ഥയെയും കെ. കരുണാകരനെയും നാടകത്തിലൂടെ അപമാനിച്ചു എന്നൊരു ആരോപണവും നിലനിൽക്കുന്നുണ്ടാ



യിരുന്നു. അങ്ങനെ കൊടിയമർദ്ദനം വിദ്യാർത്ഥി സമൂഹം ഏറ്റുവാങ്ങിയിട്ടുണ്ട്. എല്ലാവരുടെയും പേരുപറഞ്ഞാൽ സംഭവപരമ്പര തന്നെ എഴുതേണ്ടി വരും.

നിരവധി നേതാക്കൾക്ക് ഭീകര മർദ്ദനം ഏറ്റുവാങ്ങേണ്ടതായി വന്നിട്ടുണ്ട്. അതിൽ ഒരാളാണ് സഖാവ് പിണറായി വിജയൻ. എം.എൽ.എ. ആയിരുന്നിട്ടും ലോക്കപ്പിൽ മൃഗീയ മർദ്ദനത്തിന് ഇദ്ദേഹം ഇരയായി. മർദ്ദനം മുൻകൂട്ടി ആസൂത്രണം ചെയ്തതാണെന്നും പറയപ്പെടുന്നു. ആ കാലഘട്ടത്തിലെ പോലീസ് മർദ്ദനത്തിനെതിരെ ശക്തമായി പിണറായി വിജയൻ ഇടപെടുകയും പോലീസിന്റെ തെറ്റായ രീതികളെ ചോദ്യം ചെയ്യുകയും ചെയ്തിരുന്നു. ആരെയും മർദ്ദിക്കും എം.എൽ.എ. യേയും മർദ്ദിക്കും അത് കണ്ടുപഠിച്ചുകൊള്ളണം എന്ന് ഭയപ്പെടുത്താനും കൂടിയുള്ളതായിരുന്നു ഉദ്യോഗസ്ഥരുടെ ഉദ്ദേശം. പിന്നീട് ഹൈക്കോടതി ജസ്റ്റിസിന് പിണറായി വിജയൻ കത്തെഴുതുകയും ആ കത്ത് റിട്ട് ഹർജ്ജിയായി പരിഗണിക്കുകയും ചെയ്തു. എം.എൽ.എ.യുടെ പരാതി ശരിയാണെങ്കിൽ അത് സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടു ഇതായിരുന്നു ജഡ്ജിയുടെ കമന്റ്. ഓരോ നേതാക്കൾക്കും പീഡനത്തിന്റെ ചരിത്രം എണ്ണിയാലൊടുങ്ങാത്തതാണ്.

കോൺഗ്രസ് നേതാക്കളും കേരളത്തിൽ അടിയന്തരാവസ്ഥയെ എതിർത്തിരുന്നു. ശങ്കരനാരായണൻ, എം. കമലം, എം.എ. ജോൺ എന്നിവരാണ് എതിർത്തിരുന്നത്. കൂടാതെ മന്ത്രിസഭായോഗത്തിൽ ഒരു പഴയ കോൺഗ്രസ്സുകാരനായ സർദാർ സ്വരൺ സിംഗ് ഇന്ദിരാഗന്ധിക്ക് എതിരെ തിരിഞ്ഞു, ഇദ്ദേഹം ഇന്ദിരാഗാന്ധിയുടെ മന്ത്രിസഭയിലെ അംഗമായിരിക്കെ ഇത്തരത്തിലുള്ള പോലീസ് രാജ് നടക്കില്ലെന്ന് പറഞ്ഞതിന്റെ പേരിൽ ആ നിമിഷം തന്നെ അദ്ദേഹത്തെ മന്ത്രിസ്ഥാനത്തു നിന്നും നീക്കം ചെയ്യുകയാണുണ്ടായത്. ഒ. രാജഗോപാൽ, കെ. എം. ജോർജ് അങ്ങനെ നിരവധി പേർ അടിയന്തരാവസ്ഥയ്ക്കെതിരെ പോരാടി.

അടിയന്തിരാവസ്ഥയുടെ ചരിത്രം പുരുഷ പ്രതിരോധമായി ചിത്രീകരിക്കുന്നത് ഉചിതമല്ല. സ്ത്രീകളുടെ ചെറുത്തുനിൽപ്പും അവർക്കേറ്റ മർദ്ദനങ്ങളും ചരിത്രപരമായി ചുരുക്കപ്പെട്ടിട്ടുണ്ട്. ആ നാളുകളിൽ സമരത്തിലും, സഹനത്തിലും, അത്യുജ്ജ്വലമായ മാതൃകകൾ സ്ത്രീകൾ തീർത്തു.

അനൗദ്യോഗിക കണക്ക് പ്രകാരം 500 ലേറെ സ്ത്രീകൾ തടവുകളിൽ കഴിഞ്ഞിരുന്നു. അന്നത്തെ ഭരണകൂടം ഈ രേഖകളും തെളിവുകളും എല്ലാം നശിപ്പിച്ചുകളഞ്ഞിരുന്നു. 1976 മാർച്ച് 9ന് നിയമസഭയിൽ പെണ്ണമ്മ ജേക്കബ് രാഷ്ട്രീയ തടവുകാരായ സ്ത്രീകൾ എത്ര എന്നും ആരൊക്കെയാണെന്നും ഉള്ള ചോദ്യത്തിന് വിവരങ്ങൾ വെളിപ്പെടുത്താൻ നിർവാഹമില്ലെന്നായിരുന്നു കരുണാകരന്റെ മറുപടി. സുശീല ഗോപാലൻ, കെ. ആർ. ഗൗരിയമ്മ, പെണ്ണമ്മ ജേക്കബ്, എം. കമലം, ടി.പി. വിലാസിനി അമ്മ, എം. ദേവകി അമ്മ, മന്ദാകിനി നാരായണൻ, കെ. അജിത തുടങ്ങിയ നിരവധി സ്ത്രീകൾ അടിയന്തരാവസ്ഥക്കെതിരെ പോരാടി.

മന്ദാകിനി നാരായണനാണ് അടിയന്തരാവസ്ഥക്കെതിരെയും മനുഷ്യാവകാശ ലംഘനങ്ങൾക്കുമെതിരെയും ജയിലിൽ സമരമുഖം തീർത്ത സ്ത്രീ. നക്സൽ രാഷ്ട്രീയ നിലപാടുകളാണ്

മന്ദാകിനിയെ ജയിലിലടക്കാൻ ഭരണക്കൂടത്തിന് കാരണമായത്. പിന്നീട് ഗൂഢാലോചന കേസ്സിലും മന്ദാകിനിയെ ഉൾപ്പെടുത്തിയിരുന്നു. ജയിലിൽ സഹതടവുകാരോട് രാഷ്ട്രീയം പറഞ്ഞും പോരാടിയുമാണ് മന്ദാകിനി നാരായണൻ നിലകൊണ്ടത്. ജയിലവകാശങ്ങൾ നേടിയെടുക്കാൻ മാത്രമല്ല, ജയിലിൽ കഴിയുന്ന മകളെ കാണാനുള്ള അപേക്ഷ നിരസിക്കപ്പെട്ടതിനെയും തുടർന്ന് നിരാഹാര സമരം ആരംഭിച്ചു. നിരാഹാരം മൂന്ന് ദിവസം കഴിഞ്ഞപ്പോൾ ആരോഗ്യ സ്ഥിതി വഷളായതിനെ തുടർന്ന് ജയിൽ ഉദ്യോഗസ്ഥൻമാർ കരണ്ടി വായിൽ തിരികികേറ്റി ഭക്ഷണം കഴിപ്പിക്കാൻ ശ്രമിച്ചു. ഈ ശ്രമത്തെ മന്ദാകിനി ചെറുത്തതിനെ തുടർന്ന് ജയിലിൽ ഉന്തും തള്ളുമായി. പിന്നീട് ഒറ്റക്ക് ഒരു സെല്ലിൽ മന്ദാകിനിയെ അടച്ചു. അവസാനം അവരുടെ മകളായ അജിതയെ അമ്മയെ കാണാനുള്ള അവസരം അവർക്ക് ലഭിച്ചു.

അടിയന്തരാവസ്ഥ കാലത്ത് വനിതാ രക്തസാക്ഷികളും ഉണ്ടായിരുന്നു. കായണ്ണ പോലീസ് സ്റ്റേഷൻ ആക്രമണ കേസുമായാണ് എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന പി. രാജനെ അറസ്റ്റുചെയ്യുന്നതും പിന്നീട് പോലീസ് കസ്റ്റഡിയിൽ രാജൻ കൊല്ലപ്പെടുകയും ചെയ്തു. കേരളം ഒരിക്കലും അർഹമായ പരിഗണന നൽകാത്ത മരണങ്ങൾ ആ കാലഘട്ടത്തിൽ നടന്നു. 1976 മാർച്ച് 1, രാജനും, ആർ.ഇ.സി.യുടെ അടുത്തു താമസിക്കുന്ന അലക്കുതൊഴിലാളിയായ സത്യനെയും പോലീസ് അറസ്റ്റ് ചെയ്തു. സത്യന്റെ അമ്മ ഇതുകണ്ട് നിലവിളിച്ചു, നിലവിളികേട്ട് ആർ.ഇ.സി. യിലെ തൂപ്പു ജോലികാരിയായിരുന്ന ദേവകിയും, ടാപ്പിംഗ് തൊഴിലാളിയായിരുന്ന രാജനും ഓടിവന്നു പോലീസ് ജീപ്പിലിരിക്കുന്ന പി. രാജനെയാണ് അവർ കണ്ടത്. ഈ ദൃക്സാക്ഷികൾ രാജൻ പോലീസ് കസ്റ്റഡിയിലാണെന്നതിന്റെ തെളിവാകുമെന്ന് പോലീസ് ഭയപ്പെട്ടു. അടുത്ത ദിവസം ആർ.ഇ.സി.യുടെ വളപ്പിലെ മാവിന്റെ കൊമ്പിൽ ദേവകിയമ്മയുടെയും രാജന്റെയും മൃതദേഹങ്ങൾ തൂങ്ങിനിൽക്കുന്നതാണ് കേരളം കണ്ടത്. ആദ്യം ഇത് ആത്മഹത്യ എന്ന് പറഞ്ഞെങ്കിലും ചില പോലീസ് സാക്ഷികൾ കൊലപാതകമെന്ന് വെളിപ്പെടുത്തി.

അനധികൃത ക്യാമ്പിൽ ഏറ്റവും അധികം പീഡനം ഏറ്റുവാങ്ങിയത് വയനാട് സ്വദേശിയായ സി.ആർ. സുലോചന എന്ന നാടക പ്രവർത്തകയായിരുന്നു. 10-ാം ക്ലസ്സിൽ പഠിക്കുമ്പോഴായിരുന്നു അവർ കൊടിയ മർദ്ദനത്തിന് ഇരയായത്. നിരവധി സ്ത്രീകൾക്ക് പീഡനത്തിന്റെ കഥ പറയാനുണ്ട്. കുറുമ്പ, അന്ന തുടങ്ങി ഇനിയൊരവസരത്തിൽ ഇവരുടെ കഥ പറയാം.

ആ കാലഘട്ടത്തിൽ നടന്നത് എന്താണെന്ന് കൃത്യമായ ഒരു രേഖയുമില്ല. സർക്കാർ രേഖകൾ എല്ലാം തന്നെ നശിപ്പിക്കപ്പെടുകയോ, തിരുത്തുകയോ ചെയ്തു. പൗരസ്വതാന്ത്ര്യത്തെയും ജനാധിപത്യത്തെയും, ആ 21 മാസക്കാലം ചങ്ങലക്കിട്ടു എന്ന് തന്നെ പറയാം. അടിയന്തരാവസ്ഥയ്ക്ക് ശേഷം അധികാരത്തിൽ വന്നത് മൊറാർജി ദേശായി സർക്കാരാണ്. ഈ സർക്കാരാണ് ചീഫ് ജസ്റ്റീസ് ആയിരുന്ന 'ജെ.സി. ഷാ' അധ്യക്ഷനായ ഒരു കമ്മീഷനെ നിയമിച്ചത്. 1977 മാർച്ച് 21 വരെയുള്ള കാലത്തെ സംഭവങ്ങളാണ് കമ്മീഷൻ അന്വേഷിച്ചത്. മൂന്ന് ഘട്ടങ്ങളായി അദ്ദേഹം 643 പേജുള്ള റിപ്പോർട്ട് സമർപ്പിച്ചു. ഇന്ദിരാഗാന്ധി, രാജീവ് ഗാന്ധി, നമ്മുടെ ഇപ്പോഴത്തെ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജിയുമെല്ലാം പ്രതിസ്ഥാനത്ത് വരുന്നതാണ് റിപ്പോർട്ട്. റിപ്പോർട്ടിന്റെ പകർപ്പ് എല്ലാം തന്നെ നശിപ്പിക്കപ്പെട്ടിരുന്നു. പാർലമെന്റ് ലൈബ്രറിയിൽ പോലും റിപ്പോർട്ടിന്റെ കോപ്പിയില്ല. 'ഇറാശേഷിയാൽ' എന്ന മുൻ എം.പി. ഈ റിപ്പോർട്ട് അടിസ്ഥാനമാക്കി എഴുതിയ പുസ്തകം പ്രസിദ്ധീകരിച്ചതോടെ ഷാ കമ്മീഷൻ ചർച്ചയായി. കമ്മീഷന്റെ കണ്ടെത്തലുകളെ കുറിച്ച് പിന്നീടൊരിക്കൽ പറയാം.

ഇനി ഒരിക്കലും അടിയന്തരാവസ്ഥ വരില്ല എന്ന് തറപ്പിച്ച് പറയാൻ പറ്റില്ല. കാരണം രാഷ്ട്രീയത്തിൽ അധികാരം ചിലരെ മത്ത് പിടിപ്പിക്കും, അപ്പോൾ അവർ ഏകാധിപതിയാകും. ഏകാധിപത്യം വന്നുകഴിഞ്ഞാൽ ഫാസിസത്തിലേക്ക് കടക്കുകയും ഫാസിസം അനിവാര്യഘടകമായിതീരുകയും ചെയ്യും.

*(അടുത്തലക്കത്തിൽ തുടരും)*

*(കടപാട്: കക്കയം കുറിപ്പുകൾ, അടിയന്തരാവസ്ഥയുടെ അന്തർ ധാര, സ്മൃതിദർപ്പണം, സമകാലിക മലയാളം, The Dramatic Decade)*

UPS Universal Print Systems
Driven by Creativity, Committed to Human Values

**Plot No.113, ALEAP Industrial Estate,**
**Surampalli (V), Gannavaram (M),**
**Krishna District,**
**Andhra Pradesh–521 212.**
**Phone 08676-325724**
**Mobile 9391540240**
**Website: www.universalprintsystems.com**



# നിധി

പൂക്കളെ പ്രദക്ഷിണം വെച്ചും തേനുണ്ടും
പാറിപറന്നു കളിക്കുന്ന
പൂമ്പാറ്റപോലൊരു പൈതലാമെൻ
പൂങ്കാവനത്തിലും പുൽമേട്ടിലും തൻ കുഞ്ഞു-
പാദങ്ങൾ നോവാതെയും ഓടിയും ചാടിയും കളിച്ചിടുന്നു.

ഒരു പൂവ് വിരിയുന്ന ചന്തത്തിലെന്നപോൽ
പാൽ പല്ലുകാട്ടി ചിരിച്ചിടുന്നു
കലപിലശബ്ദിച്ച് തേനുണ്ണാനെത്തുന്ന
ചെറുകിളികളെന്ന പോലെ

അയ്യയ്യ എന്തൊരു ചന്തമീ പൈതലിൻ
തേനോലും കൊഞ്ചലു കേട്ടുനിൽക്കാൻ
ഇളം തെന്നലേറ്റു ചാഞ്ചാടി ഇളകുന്ന
പനിനീർ പൂവിനെയെന്നപോലെ


ആടിയും പാടിയും നൃത്തം ചവിട്ടിയും
കുഞ്ഞനുജത്തിയെ കയ്യിൽ പിടിച്ചുകൊണ്ടോരോരോ
കുസൃതികൾ കാട്ടിടുന്നു
എൻ ഓമന പൈതലിൻ പൊൻമുഖം കാണുമ്പോൾ
ഞാനറിയാതെയെൻ ഉള്ളിലെ മാതൃത്വം
ഉൻമാദത്തോടെ ഉണർന്നിടുന്നു

കനിവോടെ ഈശ്വരൻ അൻപാർന്നു തന്നൊരു-
നിധിയാണെന്നെനുള്ളം ചൊല്ലിടുന്നു
എൻ അകതാരിൽ നിന്നാരോ
എൻ കാതിൽ മന്ത്രിച്ചു
ഇവളാണെൻ നിധി
ഇവളെൻ ശ്രീനിധി



**രാജേശ്വരി. ആർ**
കമ്മ്യൂണിക്കേഷൻ ഗ്രൂപ്പ്





# ഹൃദയപൂർവ്വം



**സജി നാരായണൻ**
ഡെപ്യൂട്ടി ഡയറക്ടർ

അനന്തപുരിതൻ നെഞ്ചിൽ നിന്നും
കൊച്ചിതൻ മാറിലേയ്ക്കു
പറന്നു പറന്നൊരു ഹൃദയയാത്ര
വീ≠ുമതാ കൊച്ചീന്നു ചെന്നൈയ്ക്കും!

ഹാ! മർത്ത്യാ നിന്റെ ശാസ്ത്രം
രക്ഷകൻ തന്നെ നിശ്ചയം
തുടരട്ടെ ജയിക്കട്ടെ
നിൻമഹത്വം നീണാൾ വാഴട്ടെ.

ജീവൻ തുടിക്കുന്ന ഹൃദയം
സ്നേഹം ജനിക്കുന്ന ഹൃദയം
വേദന താങ്ങുന്ന ഹൃദയം
മനുഷ്യത്വ മുണരുന്ന ഹൃദയം

നിത്യം പ്രകാശം ചൊരിയുന്ന സത്യമേ
നിറഞ്ഞു നിൽക്കൂ സദയമാഹൃദയ
ത്തിലും
ഹൃദയവയലുകളിൽ വിളയട്ടെ
നന്മതൻ വിത്തുകളെന്നുമെന്നും.



Searching for an interior designer???


RightMove
Interiors &
Security Systems

OFFICE INTERIORS & HOME INTERIORS

Our expertise
Interior Design & Decoration
Modular Kitchen & Carpentry
Aluminium Fabrication & Glass works
Electrical interior, Gypsum Works
ACP & Structural glazing
Exterior & interior Painting

CALL NOW: 9946099930 | 8592080300

Address: Bridge Lane, Ulloor, Medical College P.O., Trivandrum 695011
Phone: 0471 4060613, web: www.rightmoveinteriors.com
email: info@rightmoveinteriors.com



**അനു ജോർജ്ജ്**
ഒ.ഐ.പി. പ്രൊഡക്ഷൻ

# അവൾ

മറന്നെന്ന് ഭാവിച്ചു ഞാൻ മയങ്ങി
എങ്കിലും മറക്കാതെ നീ
എൻ ഹൃദയത്തിലെവിടെയോ
ശ്രുതി മീട്ടുന്നു..

ആ നാദത്തിൽ ഞാൻ-
ഉണർന്ന് പോകുന്നു
ഞാൻ ഉണർന്നാൽ നിന്റെ-
നാളുകൾ ഉറങ്ങി പോകുമോ-
എന്ന ഭയത്താൽ ഞാൻ-
ഉണരാതെ ഉറങ്ങുന്നു നിനക്കായ്...

എൻ ഹൃദയത്തിൽ ഒരിക്കലും-
ഉണങ്ങാത്ത മുറിവുകൾ നൽകി നീ
യാത്രയായപ്പോഴും നിൻ ഓർമ്മകൾ
മാത്രം സഖി ആ ഓർമ്മകൾ
ഇനി എൻ ജീവിതം





**രഞ്ജിത്ത് വി.ആർ**
ഒ.ഐ.പി. പ്രൊഡക്ഷൻ

# സഖി

കാത്തിരിപ്പൂ ഞാൻ ഈ വഴിത്താരയിൽ
നിൻമുഖമൊന്നു കാണുവാൻ-
നിൻ കാലൊച്ച കേൾക്കുവാൻ
എത്രയോ കാലങ്ങളായ് നിന്നെ മാത്രം
സ്വപ്നം കണ്ടു ഞാൻ ഉറങ്ങുന്നു സഖീ..

പ്രിയ സഖീ നിന്നോട് ഞാനെന്റെ-
ഇഷ്ടം പറഞ്ഞിട്ടും
നീയെന്നിലേക്ക് വന്ന് ചേരാത്തത് എന്തേ
നിൻ സമ്പന്നതയാകും എന്നിലേക്കുള്ളദൂരം
കൂട്ടിയത് എന്ന് ഞാൻ അറിയുന്നു സഖീ..
നീ ഓർക്കുന്നുവോ സഖി
നമ്മുടെ ബാല്യത്തിൻ തിരുവോണ പുലരിയിൽ
പൂന്നുള്ളാൻ പോയതും തുമ്പിയെ പിടിച്ചതും

ഇനിവരും പൊന്നോണ പുലരി-
കളിലും നിന്നോടൊത്ത് പൂന്നുള്ളാൻ
ഞാൻ കാത്തിരിക്കുന്നു സഖീ

Short Story

# അവധി

വഴിയുടെ ഇരുവശവും കൊന്നകൾ വളർന്നു നിന്നിരുന്നു. ഇടയ്ക്ക് ചില പ്ലാവും കാപ്പിയും മുളയും. ദേവസിയുടെ അതിര് തീരുന്നത് പനികൂർക്ക വേലി തീർത്ത വഴിയുടെ അറ്റത്താണ് അതിനപ്പുറം പഞ്ചപാണ്ഡവൻമാർ പണ്ട് താമസിച്ചിരുന്ന നേർത്തിരുണ്ട ഗുഹ. അത് ആ നാട്ടിലെ പട്ടികളുടെയും, സാമൂഹ്യവിരുദ്ധരുടെയും ആവാസ സ്ഥലമായിരുന്നു. അതിനപ്പുറത്തുള്ള ഓലിയിൽ ആണത്രെ സീതാദേവി കുളിച്ചിരുന്നത്. ചൊവ്വോൻ ഗോപാലന്റെ സ്ഥലം തുടങ്ങുന്നത് അവിടെയാണ്. ഇരുവരും ഇണ പിരിയാത്ത സുഹൃത്തുക്കളാണ് ചൊവ്വോൻ ഗോപാലന് മക്കൾ അഞ്ച്. ദേവസി– ബ്രിജിത്താ ദമ്പതികൾക്ക് മക്കൾ മൂന്ന്. സമൂഹത്തിന്റെ താഴേത്തട്ടിൽ അവരങ്ങനെ പെറ്റും പെറുക്കിയും ജീവിച്ചുപോന്നു. ആയിടക്കാണ് ദേവസികുട്ടിയുടെ മൂത്ത മകളുടെ കല്യാണം. പണത്തിന് ലേശം ബുദ്ധിമുട്ടുണ്ട്, ലേശമല്ല നല്ല ബുദ്ധിമുട്ടുണ്ട്. ചൊവ്വോൻ ഗോപാലനാണ് പറമ്പിന്റെ ഒരതിര് വിൽക്കാൻ പറഞ്ഞത്. കേട്ടപ്പോൾ അതുനല്ലകാര്യമാണെന്ന് ദേവസികുട്ടിക്കും തോന്നി. പനികൂർക്ക അതിരുതീർത്ത കരിയില കിളികളുടെ കൂടുള്ള മുള വളർന്നു നിൽക്കുന്ന ആ അതിര്. അതു വിൽക്കാൻ ദേവസിയുടെ മനസനു വദിക്കുന്നില്ലാത്തപോലെ ഒരു തോന്നൽ. അതിനപ്പുറമുള്ള ഗുഹയിലാണ് പണ്ട് താനും ചൊവ്വോൻ ഗോപാലനും കൂടി ഒൻപതാംവയസിൽ പച്ചില ചുരുട്ടി ബീഡി വലിച്ചത്. അതിനപ്പുറമുള്ള ഓലിയിലേക്കലാണ് 12 വയസുകാരി മറിയാമ്മ പെറ്റികോട്ടിട്ടുകുളിച്ചപ്പോൾ ഉളിഞ്ഞു നോക്കിയത്. അവളുടെ പറ്റുകുപ്പായം ഓലി കരയിലെ കൈതമേൽ ഉണക്കാൻ വിരിച്ചപ്പോൾ കൈവശപ്പെടുത്തി 2 ദിവസം സ്കൂളിൽ കൊണ്ടുപോയതും പിന്നെ കൈതകാടിനപ്പുറത്തെ ഇലഞ്ഞി ചോട്ടിൽ ഉപേക്ഷിച്ചതുമല്ലാം ഓർമ്മിക്കാൻ ഇടയ്ക്ക് തങ്ങൾ ഒത്തു കൂടുന്ന സ്ഥലമാണ്. ഓർമ്മകൾ മാത്രം ബാക്കി നിർത്തി ദേവസിക്കുട്ടി അതിര് വിറ്റു.

സാലിക്കുട്ടിയുടെ കല്യാണം ചെറിയ തോതിൽ ആർഭാടത്തോടെ കഴിഞ്ഞു. അച്ചന്റെ പ്രസംഗമൊഴിച്ചാൽ എല്ലാം നന്നായിരുന്നു. ഒരു ആടും ആട്ടിടയനും കഴിഞ്ഞ രണ്ട് ദശാബ്ദകാലമായി മേഞ്ഞുകൊണ്ടിരിക്കുകയാണ്. ദേവസിക്കുട്ടിക്ക് ഇത്തരം പ്രസംഗങ്ങൾ കേൾക്കുന്നത് വെറുപ്പാണ് പക്ഷേ ദേവസിക്കുട്ടിയുടെ പെമ്പ്രന്നോര് ബ്രിജിത്താമ്മ ഭക്തിപൂർവ്വം ഇത്തരം കഥകൾ കേട്ടിരിക്കും.

സ്ഥലം വാങ്ങിയവൻ വീടുപണി തുടങ്ങാൻ പോകുന്നകാര്യം ചൊവ്വോൻ ഗോപാലൻ പറഞ്ഞാണ് ദേവസികുട്ടി അറിഞ്ഞത്. എന്തായാലും അതിര് വരെ ഒന്നുപോയി നോക്കാം. ദേവസികുട്ടി ചെല്ലുമ്പോൾ തൊട്ടടുത്തുള്ള ആശ്രമത്തിലെ സാമിജി സ്ഥല പൂജ ചെയ്യുകയാണ്. പെരയ്ക്ക് കല്ലിടുന്നതും കട്ടൻ കാപ്പിയും അവലും കൊടുക്കുന്നതും ദേവസികുട്ടി നോക്കിനിന്നു. തങ്ങൾ മറിയാമ്മയുടെ പറ്റുകുപ്പായം ഉപേക്ഷിച്ച ഇലഞ്ഞി ചോട്ടിൽ സ്ഥലം വാങ്ങിയ ചെല്ലപ്പനാശാരിയുടെ ചെറു മകളിരുന്ന് മണ്ണുവാരികളിക്കുന്നുണ്ട്. അപ്പോഴാണ് അതിരിന്റെ അപ്പുറം ചൊവ്വോൻ ഗോപാലൻ നിൽക്കുന്നത് ദേവസികുട്ടികണ്ടത്. രണ്ടുപേരും കുറച്ചു വർത്തമാനനൊക്കെ പറഞ്ഞു പിരിയാൻ തുടങ്ങുമ്പോഴാണ് സാമിജി ഒരു വിളക്കുമായി ഗുഹയുടെ മുമ്പിലേയ്ക്ക് നടന്നുപോകുന്നതാണ് കണ്ടത്. അവിടെ രാവിലെയും വൈകുന്നേരവും ഒരു വിളക്കു വയ്ക്കണം ഇല്ലെങ്കിൽ പുതിയ വീട്ടിൽ താമസിക്കുന്നവർക്ക് അനർത്ഥങ്ങൾ ഉണ്ടാകും. സാമിജി പറഞ്ഞു നിർത്തിയപ്പോൾ ദേവസികുട്ടിയും ചൊവ്വോൻ ഗോപാലനും പരസ്പരം നോക്കി അവർ അന്ധിച്ചുപോയി. തങ്ങൾ പണ്ട് അതിനുള്ളിൽ കയറി തൂറുകവരെ ചെയ്തിട്ടുണ്ട്. ഇപ്പോൾ അതൊരു ആരാധന സ്ഥലമായിരിക്കുന്നു. പുറമേ ചിരിച്ചില്ലെങ്കിലും ഉള്ളിൽ രണ്ടുപേരും പൊട്ടിച്ചിരിച്ചുപോയി. തെക്കേ തൊടിയിൽ വളർന്നു പന്തലിച്ച കശുമാവിന്റെ ചോട്ടിലിരുന്ന് ഇരുവരും കുറെ ചിരിച്ചു. പഞ്ചപാണ്ഡവന്മാരുടെ ഗുഹമുതൽ മറിയാമ്മയുടെ പറ്റുകുപ്പായം വരെ അതിന് വിഷയമായി തീർന്നു. ഇളയമകൾ സുമതി അച്ചോന്ന് നീട്ടി കൂവുന്ന കേട്ടാണ്. ചൊവ്വോൻ ഗോപാലൻ ചിരിനിർത്തി വീട്ടിലേയ്ക്ക് പോയത്. ഗുഹയുടെ അവിടെ ആശ്രമം വക കാണിക്കവഞ്ചി സ്ഥാപിച്ചിരിക്കുന്നത്രേ. ഗുഹക്കു പേരു വീണിരിക്കുന്നു. 'വിളക്ക് ഗുഹ' അവിടെ വിളക്കുവച്ച് പാർത്ഥിച്ചാൽ എന്തുകാര്യവും നടക്കുമത്രേ. ഭക്തജനങ്ങളുടെ തിരക്ക് ദിനം പ്രതി കൂടി കൂടി വന്നു. പാണ്ഡവന്മാർ അഞ്ചുപേരും കൂടി ഇരുന്ന കല്ല് അവിടെ കണ്ടെത്തിയത്രേ. സീതാ ദേവിയുടെ മൂക്കുത്തിയിൽ നിന്നും അടർന്ന മുത്ത് അവിടുന്ന് കിട്ടിയത്രെ.

ഓരോ വാർത്തകളും കേൾക്കുമ്പോൾ ദേവസികുട്ടിയും ചൊവ്വോൻ ഗോപാലനും അന്തംവിട്ടിരിന്നു. ചാച്ചാ ഈ ഗുഹനിൽക്കുന്നത് ആരുടെ സ്ഥലത്താണ് എന്നുള്ള ഇളയമകന്റ ബേബിയുടെ ചോദ്യം കേട്ടാണ് ദേവസികുട്ടി ഒരു ഉച്ചമയക്കത്തിൽ നിന്നും ഉണർന്നത്. ഓ അത് ആരുടെയും പറമ്പിലല്ലടാ വഴിയിലല്ലേ. ചൊവ്വോൻ ഗോപാലൻ പറമ്പിന്റെയും നമ്മുടെ പറമ്പിന്റെയും



**ധന്യലാൽ**
ഡിജിറ്റൽ ജേർണലിസ്റ്റ്,
ന്യൂസ് ട്രാക്കിംഗ്



അതിരാണത്. എന്ന് ദേവസികുട്ടി മകനോട് പറഞ്ഞു. മകൻ ആ മറുപടിയിൽ തൃപ്തനായില്ല. വില്ലേജാഫീസറെകണ്ട് സ്ഥലം റീസർവ്വേ ചെയ്യാൻ അപേക്ഷ കൊടുത്തു. ചൊവ്വോൻ ഗോപാലന്റെ രണ്ടാമത്തെ മകനും ഇതേ ആവശ്യവുമായി വില്ലേജാഫീസിലെത്തി. ഗുഹനിൽക്കുന്ന സ്ഥലം ആശ്രമം കാര് മോഹവിലയ്ക്ക് വാങ്ങിക്കുമത്രേ. അളക്കലും തിരിക്കലും കഴിഞ്ഞപ്പോൾ രണ്ടു കൂട്ടർക്കും തർക്കമായി. ചൊവ്വോൻ ഗോപാലന്റെ മക്കളും ദേവസികുട്ടിയുടെ മക്കളും ഇഞ്ചോടിഞ്ച് പൊരുതി അവസാനം കേസ് കോടതിയിലെത്തി. കോടതി അത് അവധിക്കു വച്ചു. ചൊവ്വോൻ ഗോപാലന്റെ കുടുംബവും ദേവസികുട്ടിയുടെ കുടുംബവും പരസ്പരം കണ്ടാൽ മിണ്ടാത്തത്ര ശത്രുക്കളായി.

പക്ഷേ ദേവസിക്കുട്ടിയുടെയും ചെവ്വോൻ ഗോപാലന്റെയും മനസിൽ പഴയ സ്നേഹവും സൗഹാർദ്ദവും മാഞ്ഞിരുന്നില്ല.

ദേവസികുട്ടി എന്നു പനിയാണെന്നും പനികൂർക്ക ഇല പറിക്കാൻ പോകുന്നെന്നും പറഞ്ഞു തുടങ്ങി. പനികൂർക്ക പറിക്കുമ്പോൾ കൊന്ന കമ്പ് വെട്ടി വേലിയ്ക്ക് കുത്തുന്ന ചൊവ്വോൻ ഗോപാലനെ ദേവസികുട്ടി കാണാറുണ്ട്. ഇരുവരും പരസ്പരം യാതൊരു ദയയുമില്ലാതെ നോക്കാറുണ്ടായിരുന്നു. ചൊവ്വോൻ ഗോപാലൻ കൊന്ന കമ്പ് വെട്ടി വേലിയ്ക്ക് കുത്തുന്നതും കാണുമ്പോൾ മക്കൾക്ക് സന്തോഷമാണ് അച്ഛന് അവരോട് ദേഷ്യമുണ്ടാല്ലോ അതുമതി. പക്ഷേ മൂത്തമകൻ ബാലന് ആ വിഷയം അത്രകണ്ട് വിശ്വസിച്ചില്ല. അച്ഛൻ വേലികുത്താൻ ഇറങ്ങുമ്പോൾ തന്നെ ദേവസികുട്ടി പനികൂർക്ക പറിക്കാൻ വരുന്നത് എന്തിനാണ്. ചിലസംശയങ്ങൾ ബാലന് തോന്നിതുടങ്ങിയെങ്കിലും അയാളതു വിട്ടുകളഞ്ഞു. കോടതി അടുത്ത മാസം 5-ാം തീയതി അവധിക്ക് വച്ചിരിക്കുന്ന കേസ് തങ്ങൾക്ക് അനുകൂലമായി വിധിക്കാൻ രണ്ടു കൂട്ടരുടെയും മക്കൾ വിളക്ക് ഗുഹയുടെ മുമ്പിൽ ദീപം തെളിച്ച് പ്രാർത്ഥിച്ചു.

കേസ് അവധിക്ക് വച്ച് വച്ച് വർഷം 5 കഴിഞ്ഞിരിക്കുന്നു. ദേവസികുട്ടി മക്കൾവക മെഴുകുതിരികളും ചൊവ്വോൻ ഗോപാലൻ മക്കൾ വക നെയ് വിളക്കും മുറയ്ക്ക് കത്തികൊണ്ടിരുന്നു.

കേസ് അവധിക്ക് വെയ്ക്കൽ മാത്രം അന്യുസ്യൂതം തുടർന്നു. വിളക്കു ഗുഹയുടെ അവിടെ നടപാന്തലായി, അമ്പലമായി. കാണിക്കവഞ്ചി 6 അടിവരെ നീട്ടം പ്രാപിച്ചു. അടുത്ത വർഷം സീതാ ദേവിക്ക് പൊങ്കാല നിവേദ്യം തുടങ്ങുമത്രേ.

ദേവസികുട്ടിയുടെയും ചൊവ്വോൻ ഗോപാലന്റെയും മക്കളുടെ വാശി കൂടി കൂടി വന്നതെയുള്ളു. ആയിടയ്ക്കാണ് ബ്രിജിത്താമ്മ ദേവസി കുട്ടിയെ വിട്ട് പോയത്. ക്യാൻസറായിരുന്നു. ചൊവ്വോൻ ഗോപാലൻ കാണാൻ പോകാൻ ഇറങ്ങിയപ്പോൾ മക്കൾ തടഞ്ഞു. പണ്ട് ബ്രിജിത്താമ്മയുണ്ടാക്കിതന്ന കപ്പയുടെയും കാന്താരിയുടെയും രുചിയും മണവും ഓർത്ത് ചൊവ്വോൻ ഗോപാലൻ 2 കുപ്പി അന്തി അടിക്കാൻ ഷാപ്പിലേയ്ക്ക് നടന്നു. ചെന്നുനിന്നത് ദേവസികുട്ടിയുടെ വീടിനു മുമ്പിൽ. ദേവസികുട്ടിയുടെ മക്കളെല്ലാവരും കൂടി പൊരുന്നപിടകൾ ഇറങ്ങിവരുന്നപോലെ ചീറികൊണ്ട് ഇറങ്ങി വന്നു. ദേവസികുട്ടി മാത്രം ഇതെല്ലാം നോക്കി തിണ്ണക്കലെ അരപ്രയിസുമേൽ നിസഹായനായി ഇരുന്നു. വീട്ടിലേക്ക് തിരികെ നടക്കുമ്പോൾ ഇളയമകൾ കൊന്ന വേലി ചോട്ടിൽ തന്നെ തന്നെ നോക്കി നിൽക്കുന്നത് ചൊവ്വോൻ ഗോപാലൻ കണ്ടു. ഇന്ന് തനിക്ക് കോളാണ്. ശരിയായിരുന്നു. അന്ന് ചൊവ്വോൻ ഗോപാലന് കോളായിരുന്നു മകളുടെ വക മുട്ടൻ ഉത്സവം അവസാനം മരുമക്കൾ വക വെടിക്കെട്ടും. ദേവസികുട്ടി ഇതെല്ലാം തിണ്ണയ്ക്കിരുന്ന് കേൾക്കുന്നുണ്ടായിരുന്നു.

നാളെ കേസ് അവധിക്ക് വച്ചിരിക്കുകയാണ്. ഉറക്കം വരാതെ ചൊവ്വോൻ ഗോപാലൻ തിരിഞ്ഞു മറിഞ്ഞു കിടന്നു. വെളുപ്പാൻകാലം 4 മണിക്ക് ചൊവ്വോൻ ഗോപാലൻ തന്റെ മുറിയുടെ ജനലിൽ ചെറിയ ഒരു കൊട്ടുകേട്ടു.

പിറ്റെന്ന് പ്രഭാതം നല്ലതെളിച്ചമുള്ളതും ധാരാളം തുമ്പികൾ പറക്കുന്നതുമായിരുന്നു. കരിയില പിടകൾ കൊത്തികിരിച്ച് പറമ്പിൽ അങ്ങോളം ഇങ്ങോളം പറന്നു. തെക്കെ തൊടിയിലെ കശുമാവിൽ ചൊവ്വോൻ ഗോപാലനും ദേവസികുട്ടിയും പരസ്പരം നോക്കി കൈകോർത്ത് നിശ്ചലരായി കിടന്നു. പഴുത്ത കപ്പിലുമാങ്ങ വീണ പറമ്പും കരിയില പിടയും, പനികൂർക്കയും കൊന്നവേലിയും മറിയാമ്മയുടെ പട്ടുകുപ്പായത്തിന്റെ ഓർമ്മകളും അവിടെ ഉപേക്ഷിക്കപ്പെട്ടു. വിളക്ക് ഗുഹ കേസ് മാത്രം കോടതി അന്നും അവധിക്ക് വച്ചു.

■

# C-DIT Staff Day 2014



**ജിബി പി. എബ്രഹാം**
സ്റ്റേറ്റ് കോർഡിനേറ്റർ

**2014** ഡിസംബറിൽ സി-ഡിറ്റ് ഉത്സവ പ്രതീതിയിലായിരുന്നു. 4 വർഷത്തെ ഇടവേളയ്ക്കുശേഷം സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷ(സി.ഇ.എ)ന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട staff day ആഘോഷ പരിപാടി സ്ഥാപന ത്തിലെ ജീവനക്കാരുടെ കലാ, കായിക കഴിവുകൾ മാറ്റുരയ്ക്കുന്നതിനും അവ തരിപ്പിക്കുന്നതിനുമുള്ള പൊതുവേദിയായി. ഒതുക്കലുകളും പരിദേവനങ്ങളും പിരിമുറുക്കവും സ്ഥിരതയും എല്ലാം മാറ്റിവച്ച് ജീവനക്കാർ ഒന്നിച്ച ദിനങ്ങൾ.










ഡിസംബർ 17 മുതൽ 21 വരെ സി-ഡിറ്റിന്റെ നടുമുറ്റം സ്റ്റാഫ് ഡേയുടെ ഭാഗമായുള്ള ഷട്ടിൽ ബാഡ്മിന്റൺ മത്സരങ്ങൾക്കു വേദിയായപ്പോൾ അയൽസ്ഥാപനമായ തിരുവല്ലം ക്രൈസ്റ്റ് നഗർ സ്കൂൾ ഗ്രൗണ്ടിൽ ക്രിക്കറ്റ്, ഫുട്ബോൾ മത്സരങ്ങൾക്കു കളമൊരുങ്ങി. വാശിയേറി ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ ഒരേ സമയം കളിക്കളത്തിലും കാണികളിലും മത്സര ചൂടു പകർന്നു. ജീവനക്കാർ ഡിവിഷൻ അടിസ്ഥാനത്തിൽ കളിക്കളത്തിൽ പന്തിനു പുറകേ ഓടിയപ്പോൾ ഗാലറിയിൽ ചേരിതിരിഞ്ഞ് പ്രോത്സാഹന ആരവവും ഉയർന്നു. ഫുട്ബോൾ, ക്രിക്കറ്റ്, മത്സരങ്ങളുടെ റണ്ണിംഗ് കമന്ററിയിലെ തമാശകൾ മത്സരങ്ങളുടെ ആവേശം ഉയർത്തി. ഗാലറിയുടെ ആവേശം അണപൊട്ടിയപ്പോൾ ഒരു സെൽഫ്ഗോൾ എങ്കിലും നേടാനായി കളിക്കാർ പായുന്ന രംഗം മറക്കാൻ കഴിയുന്നതല്ല. ഫുട്ബോൾ മത്സരം രജിസ്ട്രാർ ഡോ. എസ്.എ. ഷാജഹാനും ക്രിക്കറ്റ് മത്സരം ഡയറക്ടർ ഡോ. ബാബു ഗോപാലകൃഷ്ണനും ഉദ്ഘാടനം ചെയ്തു. ഉദ്വേഗജനകമായ ഫുട്ബോൾ ഫൈനൽ മത്സരത്തിൽ എ.ആർ.



C-DIT

# Staff Day

## badminton

















C-DIT
STAFF
DAY'14





തമ്പി ക്യാപ്റ്റനായ റഷ്യൻ ടീമിനെ ബി. സതീശൻ നയിച്ച മലയാളി താരങ്ങളടങ്ങിയ തിരുവല്ലം ടീം മൂന്നിനെതിരെ ആറ് ഗോളുകൾക്ക് പരാജയപ്പെടുത്തി ട്രോഫി നേടി. കളിയിൽ മൂന്ന് തവണ ഗോൾ അവസരം പാഴാക്കിയ ബി. സതീശൻ ഗോൾഡൻ ബൂട്ട് കരസ്ഥമാക്കി. വിദ്യാർത്ഥികളുടെ ഫുട്ബോളിൽ വഴുതക്കാട് സൈബർശ്രീ ടീം വിജയിച്ചു. 10–10 ക്രിക്കറ്റിൽ ജയമോഹൻ ക്യാപ്റ്റനായ തിരുവല്ലം ബ്രദേഴ്സ് ടീം പ്രദീപ് ക്യാപ്റ്റനായ കവടിയാർ ലയൺസ് ടീമിനോട് 3 വിക്കറ്റ് പരാജയം ഏറ്റുവാങ്ങി. 38 ബോളിൽനിന്നും ബൗളർമാരെ തലങ്ങും വിലങ്ങും പായിച്ച് 3 റൺസ് നേടി തകർപ്പൻ പ്രകടനം കാഴ്ചവെച്ച പ്രദീപാണ് മാൻ ഓഫ് ദി സീരീസ്.

ഷട്ടിൽ ബാഡ്മിന്റൺ മത്സരത്തിൽ ഒരു കൈ നോക്കാൻ ഇതാദ്യമായി വനിതാജീവനക്കാരും കോർട്ടിൽ ഇറങ്ങിയതോടെ അങ്കം കൊഴുത്തു. കൊണ്ടും കൊടുത്തും സ്മാഷും പ്ലേസിംഗും ഒക്കെയായി മുന്നേറിയ വനിതാ ഡബിൾസ് ഫൈനലിൽ കല്ലമ്പലം സിസ്റ്റേഴ്സ് എന്ന് അറിയപ്പെടുന്ന സരിത – സിന്ധു ജോഡി ആര്യ – കാർത്തിക ടീമിനെ തകർത്തു ട്രോഫി നേടി.

പുരുഷന്മാരുടെ ഡബിൾസിൽ നിലവിലെ ചാമ്പ്യൻമാരായ ഇൻഫോർമാറ്റിക്സ് പ്രണയ ജോഡികളായ അരവിന്ദ് – ഷിബു ടീം ഇഞ്ചോടിച്ചു പോരാട്ടം കാഴ്ചവച്ച് കവടിയാർ സിംഹങ്ങളായ ജിബി– ശ്യാം ടീമിനു മുമ്പിൽ മുട്ടുമടക്കി. വിദ്യാർത്ഥികളുടെ ബാഡ്മിന്റണിൽ രഞ്ജിത്–അശ്വിൻ സഖ്യം അജിത്–മജേഷ് സഖ്യത്തെ പരാജയപ്പെടുത്തി ചാമ്പ്യനായി. കായികമത്സരങ്ങൾ സംഘാടക മികവുകൊണ്ട് ശ്രദ്ധേയമാക്കിയത് അജീഷ്, സുധീഷ്, റോജി എന്നിവരാണ്.

ഡിസംബർ 23–ന് സാന്റാക്ലോസും സംഘവും കിസ്മസ് കേക്ക് വിതരണം ചെയ്തുകൊണ്ട് staff day വിളംബരം നടത്തിയത് ഹൃദ്യമായ അനുഭവമായി. സ്റ്റാഫ് ദിനാഘോഷം നടത്തപ്പെട്ട ഡിസംബർ 30 ന് സി–ഡിറ്റിന്റെ എല്ലാ ഓഫീസുകളും ആഘോഷ തിമിർപ്പിലായിരുന്നു. ആഘോഷ വേദിയായ വഴുതക്കാട് വിമൻസ് കോളേജ് കവാടത്തിലെ കമാനം കാഴ്ച വസന്തത്തിന്റെ വിളംബരമായി നിലകൊണ്ടു. മൂന്നുമണിയോടെ ജീവനക്കാരെയും വഹിച്ചുകൊണ്ടുള്ള സ്റ്റാഫ് ബസ് വിമൻസ് കോളേജ് അങ്കണത്തിൽ എത്തിയതോടെ മത്സരങ്ങൾക്കു കളമൊരുങ്ങി. കോളേജ് ഓഡിറ്റോറിയത്തിൽ വനിതകൾക്കുവേണ്ടി സംഘടിപ്പിച്ച Lighting the candles മത്സരമായിരുന്നു ആദ്യ ഇനം. ഒരു തീപ്പെട്ടിക്കൊള്ളികൊണ്ട് 20 മെഴുകുതിരികൾ കത്തിക്കുന്നവർക്കായിരുന്നു സമ്മാനം.






C-DIT

Staff Day football









C-DIT STAFF DAY'14









C-DIT
# Staff Day football



C-DIT STAFF DAY'14

















C-DIT

# Staff Day cricket

ഏകാഗ്രതയും ഉന്നവും പിഴയ്ക്കാത്തവർക്കായുള്ള അമ്പേറ് മൽസം, വസ്തുവിന്റെ ജലചലനം അതിജീവിച്ച് shoot the coin മത്സരം, കേക്കിന്റെ ഭാരം നിർണ്ണയിക്കൽ മത്സരം, Marry the Duck മത്സരം, കസേര കളി, പാട്ടകിലുക്കൽ എന്നിവ പങ്കാളിത്തം കൊണ്ടും ആവേശതിമിർപ്പുകൊണ്ടും ഏറെ ശ്രദ്ധേയമായി. മത്സരങ്ങൾക്ക് ബി. മനോജ്, ഗോപികൃഷ്ണൻ, മനു എന്നിവർ ചുക്കാൻ പിടിച്ചു.

തുടർന്ന് കോളേജ് ബാസ്കറ്റ്ബോൾ ഗ്രൗണ്ടിൽ നടത്തിയ കാൽകെട്ടി ഓട്ടം പലർക്കും പുതിയ അനുഭവമായി. സ്വയം വീണും പങ്കാളിയെ വീഴ്ത്തിയും മുന്നേറിയ ഈ മത്സരത്തിനുശേഷം നടത്തിയ ബണ്ണ് കടി മത്സരം വിശപ്പിന്റെ









C-DIT
STAFF
DAY'14







C-DIT

# Staff Day

cricket









Staff Day Sports & Game Competitions

Surprise Gifts !





വിളിക്കുമുമ്പിൽ ഒരു ബണ്ണിന്റെ പോലും അവസ്ഥ പരിതാപകരമാണ്ണെന്നു വെളിവാക്കുന്നതായി. കാണികൾക്ക് ഏറെ നർമം വാരിവിതറിയ ഈ മൽസരങ്ങളോടെ സ്റ്റാഫ് ദിനാഘോഷങ്ങളുടെ ഭാഗമായുള്ള കായിക മത്സരങ്ങൾക്കു തിരശീല വീണു.

സൂര്യൻ ചക്രവാളത്തിൽ നിന്നും മറഞ്ഞുതുടങ്ങിയതോടെ വിമൻസ് കോളേജ് അങ്കണത്തിലെ മരങ്ങളെല്ലാം ദീപപ്രഭ ചൊരിഞ്ഞു സ്റ്റാഫ് ദിന സന്ധ്യാപരിപാടികൾക്കു സ്വാഗതമോതി. ആറരയോടെ വേദിയിൽ പദചലനമായി. ജീവനക്കാരും വിദ്യാർത്ഥികളും ക്ഷണിക്കപ്പെട്ട പ്രൊഫഷണൽ സംഘങ്ങളും അണിയിച്ചൊരുക്കിയ സംഘനൃത്തം, ഭരതനാട്യം, കഥക്, ബ്രേക്ക് ഡാൻസ് എന്നിവ സി-ഡിറ്റ് കുടുംബങ്ങളുടെ ലാസ്യഭാവമികവ് വിളിച്ചോതുന്നതായി.




ഇരുട്ട് കനത്തതോടെ വിശിഷ്ടാതിഥികൾ ആഗതരായി. പി.ആർ.ഡി. ഡയറക്ടർ ശ്രീമതി മിനി ആന്റണി ഐ.എ.എസ്. മുൻ ഡയറക്ടർ ഡോ. അച്യുത് ശങ്കർ എസ്.നായർ, സി.ഇ.എ പ്രസിഡന്റ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ഡയറക്ടർ ഡോ.ബാബു ഗോപാലകൃഷ്ണൻ എന്നിവർ ആശംസകൾ നേരുകയും വിജയികൾക്ക് സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു.

തുടർന്ന് നടത്തപ്പെട്ട മൂകാഭിനയം, ഷജിത്തും ഭാര്യയും ചേർത്ത് അവതരിപ്പിച്ച ലഘുനാടകം, മഹേഷ് പഞ്ചുവിന്റെ സ്കിറ്റ്, സരിത,



## Staff Day Sports & Game Competitions















ശോഭന, റീജ, സഹീറ, പ്രീത, പിങ്കി വാസൻ എന്നിവർ അവതരിപ്പിച്ച തിരുവാതിരകളി, രോഹിണി ആർ.എസ്. നായരുടെ കഥക് നൃത്തം, അനീഷ് & അനൂപ് അവതരിപ്പിച്ച സിനിമാറ്റിക് ഡാൻസ്, ലക്ഷ്മിയുടെ സെമിക്ലാസിക്കൽ ഡാൻസ്, കാർത്തിക്കിന്റെ സിനിമാറ്റിക് ഡാൻസ്, ഇൻഫർമാറ്റിക്സ് ഡിവിഷനിലെ ആര്യ, അശ്വതി, ദീപ്തി എന്നിവർ ചേർന്ന് അവതരിപ്പിച്ച സിനിമാറ്റിക് ഡാൻസ്, എന്നിവ ആവിഷ്കാരത്തിലും അഭിനയത്തികവിലും ഔന്നത്യം പുലർത്തുന്ന പരിപാടികളായിരുന്നു.

സി-ഡിറ്റിൽ നിന്നും റിട്ടയർ ചെയ്ത ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.കെ.ജി. ജയൻ മാഷുമായി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ബീനാപോൾ വേണുഗോപാൽ നടത്തിയ തുറന്ന വേദിയിലെ സൗഹൃദ സംഭാഷണം ഏറെ ഹൃദ്യമായി. ദേശീയ അവാർഡ് ജേതാവായ ജയൻ മാഷിന്റെ രണ്ടര പതിറ്റാണ്ടു നീളുന്ന സി-ഡിറ്റ് അനുഭവങ്ങ







Surprise Gifts !









C-DIT STAFF DAY'14















# Dance. Music.



C-DIT

# Staff Day

2014








DAY 14













C-DIT
# Staff Day
2014












# Skit. Play.

## Chat with Sri. K.G. Jayan

























C-DIT
# Staff Day
2014





C-DIT
STAFF
DAY'14















ളുടെ ഏടുകൾ ഒരു മുത്തു മാല പോലെ പുറത്തു വന്നത് പുതുതലമുറയ്ക്ക് വേറിട്ട ഗുരുപ്രസാദമായി. സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരായ ശ്രീ. കെ.ജി. ജയൻ, ശ്രീ. ശ്രീകണ്ഠൻ നായർ, കെ. ശ്രീകുമാർ എന്നിവർക്ക് സി.ഇ.എയുടെ ഉപഹാരം ഡയറക്ടർ ഡോ. ബാബു ഗോപാലകൃഷ്ണൻ നൽകി.

ഗാനമേളയിൽ സി-ഡിറ്റ് കുടുംബാംഗങ്ങളായ മഹേഷ് പഞ്ചു, പ്രേം സുജ, രാജേശ്വരി, അമ്പിളി, സംഗീത, ലിക്സൺ, ജയസന്ധ്യ എന്നിവർ ഗാനങ്ങളാലപിച്ചു. രാവേറെ പിന്നിടുമ്പോഴും ഗാനമേളയുടെ താളക്കൊഴുപ്പിനൊപ്പം നൃത്തം ചവിട്ടിയും ഡിന്നർ വിഭവങ്ങൾ ആസ്വദിച്ചും കഴിച്ചുകൂട്ടിയ സുദിനം സി-ഡിറ്റ് കുടുംബാംഗങ്ങളുടെ ഓർമച്ചെപ്പിൽ ചാരം മൂടാതെ നിലനിൽക്കുവാൻ പോന്നതായി.

# വെളിച്ചം വിതറുന്ന 2015

In support of

United Nations Educational, Scientific and Cultural Organization

International Year of Light 2015




**മനുലാൽ**
ഒ.ഐ.പി.

2014-ലെ ഭൗതിക-രസതന്ത്ര ശാസ്ത്രമേഖലകളിലെ നോബൽ സമ്മാനങ്ങൾ പ്രകാശാധിഷ്ഠിത നേട്ടങ്ങൾക്ക് സമ്മാനിച്ച സ്വീഡിഷ് അക്കാദമിയുടെ നടപടി കേവലം യാദൃശ്ചികമായിരിക്കാൻ സാദ്ധ്യതയില്ല. ലോകത്ത് പ്രകാശാധിഷ്ഠിത സാങ്കേതിക വിദ്യയുടെ വർദ്ധിച്ചു വരുന്ന സ്വാധീനം തിരിച്ചറിഞ്ഞുകൊണ്ട് തന്നെയാണ് 2013 ഡിസംബർ മാസത്തിൽ ഐക്യരാഷ്ട്രസഭ 2015-നെ പ്രകാശത്തിന്റെയും പ്രകാശാധിഷ്ഠിതസാങ്കേതികവിദ്യയുടേയും വർഷമായി ആചരിക്കുവാൻ തീരുമാനിച്ചത്2011-ൽ ഭൗതിക ശാസ്ത്രത്തിന് ഇസാമു അകാസാകി, ഹിരോഷി അമാനോ, സുചി നാകാമുറ എന്നീ ജപ്പാനീസ് ശാസ്ത്രകാരന്മാരെ നോബൽസമ്മാനത്തിന് അർഹരാക്കിയത് നീല വെളിച്ചം വിതറുന്ന LEDകളുടെ കണ്ടുപിടിത്തമായിരുന്നു എങ്കിൽ രസതന്ത്ര മേഖലയിലാകട്ടെ അത് എറിക് ബെട്സിക്, സ്റ്റിഫാൻ ഹെൽ, വില്ല്യം മോർഷൻ എന്നിവർ ഫ്ലൂറസെന്റ് മൈക്രോസ്കോപ്പി അഥവാ നാനോസ്കോപ്പിയുടെ സ്രഷ്ടാക്കളായതിനാണ് മനുഷ്യനേത്രത്തിന്റെ പരിമിതികൾക്കപ്പുറം കാഴ്ചയുടെ ലോകങ്ങളെ സാദ്ധ്യമാക്കുന്ന ഒന്നാണ് ഫ്ളൂറസെന്റ് മൈക്രോസ്കോപ്പി അഥവാ നാനോസ്കോപ്പി. പ്രതിദീപ്തി അഥവാ ഫ്ളൂറസെൻസ് എന്ന പ്രകാശത്തിന്റെ സ്വഭാവം ഈ രണ്ട് നേട്ടങ്ങളുടേയും പൊതുഘടകം ആയിരുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകത്തിലാണ്, ഇരു നേട്ടങ്ങളും സാദ്ധ്യമാക്കപ്പെട്ടത്.

വൈദ്യുത പ്രകാശ സ്രോതസ്സുകൾക്ക് പുതിയ മാനങ്ങൾ നൽകിയവയാണ് LED കൾ കുറഞ്ഞ ഊർജ്ജ വിനിമയമായിരുന്നു മുഖ്യ ആകർഷണീയത. ഡിജിറ്റൽ സാങ്കേതിക വിപ്ലവത്തെ സാദ്ധ്യമാക്കിയ അർദ്ധചാലക പദാർത്ഥങ്ങൾ തന്നെയായിരുന്നു LEDകളുടെ അടിസ്ഥാനം. 1961ൽ ആദ്യ വൈദ്യുത LED സാദ്ധ്യമാക്കി. ആദ്യകാലങ്ങളിൽ ഇൻഫ്രാറെഡ് വികിരണങ്ങൾ പുറപ്പെടുവിക്കുന്ന LEDകളായിരുന്നു കണ്ടെത്തിയത് എങ്കിൽ 1960-കളുടെ അവസാനത്തോടെ ചുവപ്പ്, പച്ച എന്നീ നിറങ്ങളുട LEDകൾ സാദ്ധ്യമാക്കപ്പെട്ടു. എങ്കിലും നീല തരംഗ ദൈർഘ്യം പുറപ്പെടുവിക്കുന്ന ഊർജ്ജ വിടവുകളുള്ള പദാർത്ഥങ്ങളുടെ അഭാവം ധവള LEDകളുടെ ഉത്പ്പാദനത്തിന് തടസ്സം സൃഷ്ടിക്കപ്പെട്ടു. ചുവപ്പ്, നീല, പച്ച എന്നീ നിറങ്ങളുടെ സംയുക്തമാണല്ലോ വെളുപ്പ് എന്നത് 1993 ന്റെ ആദ്യത്തിൽ തന്നെ ശാസ്ത്ര ലോകം നീല LEDകൾക്ക് ഉത്തരം കണ്ടെത്തുകയും പുതുതലമുറ വൈദ്യുത പ്രകാശസ്രോതസ്സുകൾക്ക് തുടക്കം കുറിക്കുകയും ചെയതു. സാധാരണ മൈക്രോസ്കോപ്പിയിൽ വസ്തു നിരീക്ഷണവിധേയമാകുവാൻ ഉപയോഗിക്കുക ബാഹ്യപ്രകാശ സ്രോതസ്സുകൾ ആയിരുന്നു. അവിടെ കാഴ്ചയുടെ സാദ്ധ്യമാക്കപ്പെടുന്ന പരിധി എന്നത് പ്രകാശ സ്രോതസ്സിന്റെ തരംഗദൈർഘ്യത്തിന്റെ പകുതി എന്ന അളവിലാണ് നാനോ സ്കോപ്പി ഈ പരിധിയെ മറിക്കടക്കുകയും കാഴ്ചയുടെ വ്യാപ്തിയെ വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ നിരീക്ഷണ വിധേയമാക്കപ്പെടുന്ന വസ്തുക്കളിൽ തന്നെ പ്രകാശം പുറപ്പെടുവിക്കുന്ന തരത്തിൽ ഫോസ്ഫർ തന്മാത്രകളെ കടത്തിവിട്ടുകൊണ്ടാണ് നാനോസ്കോപ്പിയെ സാധ്യമാക്കുന്നത്. പദാർത്ഥങ്ങളുടെ നാനോ തലത്തിലുള്ള കാഴ്ചയുടെ പരിധിയായ 200 നാനോ മീറ്റർ എന്നതിനപ്പുറവും കാഴ്ച ഈ വിധത്തിൽ സാധ്യമാക്കപ്പെടുന്നത് പ്രതിദീപ്തി എന്ന പ്രകാശഗുണം തന്നെയാണ്.

**ശാസ്ത്രത്തിന്റെ യുക്തികളെ ക്ഷേത്രഗണിതത്തിന്റെ ഭാഷയിൽ പരിചയപ്പെടുത്തിയ ഗലീലിയോ തുടങ്ങിവച്ചതും അതേ കാലയളവിൽ തന്നെ യൂറോപ്പിൽ ജീവിക്കുകയും യൂറോപ്യൻ നവോത്ഥാനത്തിലും, ശാസ്ത്ര വികസനത്തിലും പങ്കുവഹിച്ച റെനെ ദെക്കാർത്ത്, ക്ലെപ്പർ, ന്യൂട്ടൻ തുടങ്ങിയവരിലൂടെ വളർന്നതുമാണ് ആധുനിക ശാസ്ത്രയുക്തി എന്നു തന്നെയാണ് നമ്മുടെ പൊതുധാരണ.**



2015 ലേക്ക് വരുമ്പോഴാകട്ടെ അതിന്റെ പ്രകാശത്തിന്റെയും പ്രകാശ സാങ്കേതിക വിദ്യയുടേയും വർഷമായി ആചരിക്കുവാൻ ഐക്യരാഷ്ട്രസഭ തീരുമാനിക്കുമ്പോൾ അതിനു നിദാനമായത് ഒരായിരം വർഷങ്ങൾക്ക് മുൻപ് 1015ൽ പ്രകാശത്തിന്റെ ആദ്യകാല പഠനങ്ങളുടെ സമാഹാരമായ ഗ്രന്ഥരൂപം 'കിത്താബ് അൽ മാനസിർ' വെളിച്ചം കണ്ടതിന്റെ ഓർമ്മക്ക് ഒപ്പം തന്നെ 1815ൽ ആഗസ്റ്റിൻ ഫ്രണൽ എന്ന ഫ്രഞ്ച് ഭൗതിക ശാസ്ത്രജ്ഞൻ പ്രകാശത്തിന്റെ തരംഗസിദ്ധാന്തം മുന്നോട്ടു വച്ചതിന്റെ 200-ാം വാർഷികം അതെ നൂറ്റാണ്ടിൽ തന്നെ 1865ൽ ജയിംസ് ക്ലാർക്ക് മാക്സ് വെൽ എന്ന ഇംഗ്ലീഷ് ശാസ്ത്രജ്ഞൻ വൈദ്യുത കാന്തിക സിദ്ധാന്തത്തെ പരിചയപ്പെടുത്തിയതിന്റെ 150-ാം വാർഷികം തൊട്ടടുത്ത നൂറ്റാണ്ടിൽ ശാസ്ത്രത്തിന്റെ മഹാപ്രതിഭ ആൽബർട്ട് ഐൻസ്റ്റിൻ പൊതു ആപേക്ഷികത സിദ്ധാന്തം വികസിപ്പിച്ച 1915ന്റെ 100-ാം ആഘോഷ വേള. പ്രപഞ്ചവികാസം എന്ന് യുക്തിക്ക് ശ്കതിപകരുന്ന കോസ്മിക് മൈക്രോവേവ് റേഡിയേഷനെ കണ്ടെത്തിയ 1965ന്റെ 50-ാം വാർഷികം എന്നിവയ്ക്കൊപ്പം തന്നെ ഇന്ന് വാർത്ത വിവര ശൃംഖലയുടെ നട്ടെല്ലായ പ്രകാശ സാങ്കേതിക വിദ്യയായ ഫൈബർ ഓപ്ടിക്കൽ കേബിളുകളുടെ നേട്ടം ലോകത്തോടു വിളിച്ചറിയിക്കുക എന്നതുകൂടിയാണ് പ്രകാശവർഷാചരണത്തിന്റെ ലക്ഷ്യങ്ങൾ.

ശാസ്ത്രത്തിന്റെ യുക്തികളെ ക്ഷേത്രഗണിതത്തിന്റെ ഭാഷയിൽ പരിചയപ്പെടുത്തിയ ഗലീലിയോ തുടങ്ങിവച്ചതും അതേ കാലയളവിൽ തന്നെ യൂറോപ്പിൽ ജീവിക്കുകയും യൂറോപ്യൻ നവോത്ഥാനത്തിലും, ശാസ്ത്ര വികസനത്തിലും പങ്കുവഹിച്ച റെനെ ദെക്കാർത്ത്, ക്ലെപ്പർ, ന്യൂട്ടൻ തുടങ്ങിയവരിലൂടെ വളർന്നതുമാണ് ആധുനിക ശാസ്ത്രയുക്തി എന്നു തന്നെയാണ് നമ്മുടെ പൊതുധാരണ. നമ്മുടെ അറിവിൽ ഇപ്പോഴും ന്യൂട്ടൻ തന്നെയാണ് പ്രകാശ ശാസ്ത്രത്തിന്റെ പിതാവ്. എന്നാൽ യൂറോപ്യൻ നാവോത്ഥാനത്തിന്റെ ഗുണഫലമായി നാം ഇന്നു കാണുന്ന ശാസ്ത്രത്തിന്റെ അടിത്തറ അതിനും എത്രയോ കാലം മുമ്പ് തന്നെ ബലപ്പെട്ട ഒന്നു തന്നെയായിരിക്കണം. ശാസ്ത്രത്തിന്റെ ഇരുണ്ടകാലം എന്നറിയപ്പെടുന്ന 7-ാം നൂറ്റാണ്ടിനും 13-ാം നൂറ്റാണ്ടിനും ഇടയിലുള്ള നാളുകളുടെ വളർച്ചയെ പറ്റിയുള്ള നമ്മുടെ അജ്ഞത തന്നെയായിരിക്കണം ഈ ധാരണക്ക് അടിസ്ഥാനം. ഒരുപക്ഷെ ആ കാലയളവിൽ കണ്ടെത്തിയതും മുന്നോട്ടുവച്ചതുമായുള്ള അറിവുകൾ തന്നെയായിരിക്കണം പ്രപഞ്ചത്തിന്റെ രഹസ്യങ്ങൾ കണ്ടെത്തുന്നതിൽ വിജയിപ്പിക്കാൻ മനുഷ്യനെ സാധ്യമാക്കിയവയുടെ അടിത്തറകൾ. യൂറോപ്യൻ നവോത്ഥാനം രൂപം കൊണ്ട മധ്യകാലങ്ങൾ ആ അറിവുകളെ സമ്പുഷ്ടികരിക്കുകയും ആധുനിക യുക്തിക്ക് അടിത്തറ നൽകുകയും മനുഷ്യനെ ശാസ്ത്രീയമായി ചിന്തിപ്പിക്കുവാൻ പഠിപ്പിക്കുവാൻ പഠിപ്പിക്കുകയും ചെയ്തതായിരിക്കണം. എന്നാൽ ഇരുണ്ട കാലയളവിന്റെ അറേബ്യൻ സംസ്കാരത്തിന്റെ സുവർണ്ണനാളുകളിലൂടെയാണ് കടന്നു പോയത്. ഗണിതം, ശാസ്ത്രം, വൈദ്യം, വാനശാസ്ത്രം, എന്നീ മേഖലകളിൽ അറേബ്യൻ ചിന്തകൾ ലോകത്തെ നയിച്ച നാളുകളായിരുന്നു അവ ആ അറേബ്യൻ സംസ്കാരത്തിന്റെ സുവർണ്ണ നാളുകളായ 11-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അൽ-ഹസൻ ഇബൻ അൽഹയാത്തം എന്ന മഹാനായ അറബി പണ്ഡിതൻ പടിഞ്ഞാറൻ ശാസ്ത്രലോകം അൽ ഹസൻ എന്ന വിളിപേരു നൽകുന്ന മഹാപ്രതിഭ തന്റെ പരീക്ഷണ പദ്ധതികൾ വഴി ആ കാലയളവിൽ തന്നെ കാഴ്ചയുടെ യുക്തിക്കും പ്രകാശത്തിന്റെ സ്വഭാവങ്ങൾക്കും വിശദീകരണം ശാസ്ത്രീയമായി നൽകുവാൻ നടത്തിയ പരിശ്രമങ്ങൾ തന്നെയാണ്. നാം ഇന്നുകാണുന്ന ആധുനിക പ്രകാശ ശാസ്ത്രത്തിന്റെ അടിത്തറ. എ.ഡി. 965ൽ ഇന്നത്തെ ഇറാഖിലെ നസ്ര പട്ടണത്തിൽ ജനിക്കുകയും എ.ഡി. 1039ൽ 74-ാം വയസ്സിൽ ഈജിപ്തിലെ കെയ്റോ നഗരത്തിൽ അന്തരിക്കുകയും ചെയ്ത മഹാനായ ആ അറബി പണ്ഢിതൻ ആ കാലഘട്ടത്തിലെ പോളിമാത്തുകളിൽ ഒന്നായിരുന്നു. ആ കാലയളവിൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉള്ള അറിവിന്റെ ശിഖിരങ്ങളെ ഉൾക്കൊള്ളുന്നു വടവൃക്ഷമായിരുന്ന ബഹുമുഖ പ്രതിഭകളെ പോളിമാത്ത് എന്ന വിളിപ്പേരിൽ ആണ് അറിയപ്പെട്ടിരുന്നത്. അൽ ഹസനും അത്തരം ഒരു ബഹുമുഖ പണ്ഢിതനായിരുന്നു. ശാസ്ത്രം, സാഹിത്യം, തത്വചിന്ത. എഞ്ചിനിയറിംഗ് എന്നീ മേഖലകളിൽ തന്റെ വൈഗ്ദ്ധ്യം അദ്ദേഹം പ്രദർശിപ്പിച്ചിട്ടുണ്ട്.

തന്റെ ജീവിത കാലഘട്ടത്ത് അൽ ഹസൻ പ്രധാനമായും പ്രവർത്തിച്ചത് കാഴ്ചയുടെ പ്രവർത്തന തത്വത്തെ വിശദീകരിക്കുന്നതിനും ഒപ്പംതന്നെ പ്രകാശത്തിന്റെ സ്വഭാവത്തെ വിശദീകരിക്കുന്നതിനും ആയിരുന്നു. കാഴ്ചയുടെ പ്രവർത്തനരീതി പഠിക്കുവാൻ അദ്ദേഹം അവലംബിച്ച പ്രവർത്തന രീതി എന്നത് വസ്തുക്കളിൽ തട്ടിതെറിച്ചുവരുന്ന പ്രകാശത്തെ ഒരു സൂചിമുന ദ്വാരത്തിലൂടെ ഇരുണ്ട അറകളിലേക്ക്/ ഇരുട്ടുമുറികളിലേക്ക് കടത്തിവിടുക എന്നതായിരുന്നു. ഇത്തരത്തിൽ ബാഹ്യ പ്രകാശ സ്രോതസ്സുകളിൽ നിന്നുള്ള പ്രകാശം വസ്തുക്കളിൽ ചിതറി വീഴുന്ന പ്രകാശ രശ്മികൾ സൂക്ഷ്മ




**അൽ ഹസൻ**



ദ്വാരത്തിലൂടെ കടന്നു വരുമ്പോൾ ഇരുണ്ട അറകളിൽ തലതിരിഞ്ഞ പ്രതിരൂപങ്ങൾ സൃഷ്ടിക്കുന്നതായി അദ്ദേഹം കണ്ടെത്തി ഇതുതന്നെയാണ് കാഴ്ചയുടെ പ്രവർത്തനത്തിന് ആധാരം എന്ന് ആദ്യമായി പ്രസ്താവിച്ചത് അൽഹസൻ ആയിരുന്നു. അൽഹസൻ വസ്തുക്കളുടെ പ്രതിരൂപങ്ങളെ തടവറയിൽ ആക്കിയ, ലാറ്റിൻ പദാവലിയിൽ ഇരുണ്ട അറകൾ എന്ന അർത്ഥം വരുന്ന ക്യാമറ ഒബ്സ്ക്യുറ എന്ന് ആ പരീക്ഷണശാലകൾ ആയിരിക്കണം പിന്നീട് വസ്തുക്കളുടെ പ്രതിരൂപങ്ങളെ ആലേഖനം ചെയ്യാൻ രൂപം കൊണ്ട ആധുനിക ക്യാമറക്ക് പ്രചോദനമായത് തന്റെ പഠനങ്ങൾ വഴി അൽഹസൻ പ്രധാനമായും കാഴ്ച സാധ്യമാക്കുന്നത് ഒരു പ്രകാശ സ്രോതസ്സിന്റെ സഹായത്താലാണ് പ്രകാശം നേർരേഖയിൽ സഞ്ചരിക്കുന്നു. മറ്റൊന്നു പ്രകാശത്തിന്റെ പ്രതിഫലനം അപവർത്തനം എന്നീ സ്വഭാവങ്ങളെ സംബന്ധിച്ച് അദ്ദേഹം നിരീക്ഷണങ്ങൾ നടത്തി. പ്രകാശം ഒരു മാധ്യമത്തിൽ നിന്നും മറ്റൊന്നിലേക്ക് കടക്കുമ്പോൾ വേഗ വ്യതിയാനം സംഭവിക്കുന്നു. എന്ന് കണ്ടെത്തിയത് അദ്ദേഹമാണ്.

തന്റെ പരീക്ഷണങ്ങളിലൂടെ സാധൂകരിച്ച അറിവുകളെ കിത്താബ്-അൽ-മാസവിൻ എന്ന ഗ്രന്ഥരൂപത്തിൽ അദ്ദേഹം സമാഹരിച്ചു. 12-ാം നൂറ്റാണ്ടിൽ ആധുനിക യുക്തി ചിന്തയുടെ പിതാവായ റോജർ ബെക്കൻ ആ ഗ്രന്ഥം ലാറ്റിൻ ഭാഷയിലേക്ക് 'ബുക് ഓഫ് ഓപ്ടിക്സ്' എന്ന പേരിൽ പരിഭാഷപ്പെടുത്തുകയുണ്ടായി. പിന്നീട് നവോത്ഥാന കാലയളവിലെ ശാസ്ത്രചിന്തയെ അൽഹസന്റെ ചിന്തകൻ ഏറെ സ്വാധീനിച്ചതായി കാണാൻ സാധിക്കും. ആ അർത്ഥത്തിൽ തന്റെ ആധുനിക പ്രകാശ ശാസ്ത്രത്തിന്റെ പിതാവ് എന്ന വിളിപേര് ഇരുണ്ട അറകളിൽ പ്രകാശത്തെ കെട്ടിയിട്ട അൽഹസൻ എന്ന മഹാപണ്ഡിതന് അർഹനാണ്. അതുകൊണ്ട് തന്നെ അൽഹസൻ എന്ന മഹാപ്രതിഭയുടെ സ്മരണാർത്ഥം പ്രകാശത്തിന്റെ വർഷമായി 2015ൽ കൊണ്ടാടാനുള്ള ഐക്യരാഷ്ട്ര സംഘടനയുടെ ആഹ്വാനം അദ്ദേഹത്തിനുള്ള ഉചിത പ്രണാമം എന്നുതന്നെയാണ് കരുതേണ്ടത്.

പ്രകാശവർഷത്തിന്റെ ആഘോഷ നേട്ടങ്ങളുടെ പരിധിയിൽ വരുന്നില്ല എങ്കിലും 2015ൽ ശാസ്ത്രലോകത്തിന് അഭിമാനിക്കാവുന്ന മറ്റൊരു നേട്ടം ഹബിൾസ് ടെലസ്കോപ്പ് ബഹിരാകാശത്ത് വിജയകരമായ 25 വർഷങ്ങൾ പൂർത്തിയാക്കുന്നു എന്നതാണ്. ഭൂമിയിലെ ജീവന്റെ നിലനിൽപ്പിന് അനിവാര്യമായ ഒന്നാണ്. ഭൗമാന്തരീക്ഷം എന്നത് എങ്കിലും അത് പ്രപഞ്ചത്തിന്റെ വർണ്ണോജ്ജ്വലമായ കാഴ്ചയുടെ പ്രവാഹത്തിന് തടസ്സം സൃഷ്ടിക്കുന്ന ഒന്നാണ്. അതുകൊണ്ട് തന്നെ ഭൗമാന്തരീക്ഷം മറികടന്ന് പ്രപഞ്ചത്തിന്റെ അനിർവചനീയമായ കാഴ്ചകളെ സാധ്യമാക്കുന്നതിന് ഭൂമിക്കപ്പുറത്ത് ഒരു ആകാശ കണ്ണ് എന്ന മനുഷ്യ മോഹങ്ങളാണ്. ബഹിരാകാശ ടെലസ്കോപ്പുകൾ എന്ന ലക്ഷ്യത്തിലേക്ക് മനുഷ്യനെ നടക്കാൻ പ്രേരിപ്പിച്ചത്. 1946ൽ ലെയ്മാൻ സ്പിറ്റ്സെർ എന്ന ഒരു ശാസ്ത്രജ്ഞൻ ഒരു ബഹീരാകശ നിരീക്ഷണ നിലയം എന്ന ആശയം മുന്നോട്ടുവച്ചു. എന്നാൽ 1969 ൽ മാത്രമാണ് അതിനുള്ള പ്രവർത്തന പരിപാടികൾ തുടങ്ങിവക്കാൻ സാധിച്ചത്. അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസ ആയിരുന്നു സ്പേസ് ടെലസ്കോപ്പ് എന്ന കർമ്മ പദ്ധതിയുടെ മേൽനോട്ടം നിർവ്വഹിച്ചിരുന്നത്. പിന്നെയും 2 ദശകത്തിനുശേഷം അമേരിക്കയിലെ കേപ്പ് കനവലിലിൽ നിന്ന് വിക്ഷേപിച്ച ഡിസ്ക്കവറി എന്ന ബഹിരാകാശ പേടകത്തിന്റെ സഹായത്തോടെയാണ് സ്പേസ് ടെലസ്കോപ്പ് നാസ സ്ഥാപിച്ചത്. ലോകത്ത് ആദ്യമായി സ്ഥാപിച്ച ഈ ആകാശ കണ്ണിന് മഹാനായ വാന ശാസ്ത്രജ്ഞൻ എഡ്വിൻ ഹബ്ബിളിന്റെ സ്മരണാർത്ഥം ഹബ്ബിൾ ടെലസ്കോപ്പ് എന്ന് നാമാകരണം ചെയ്യുകയായിരുന്നു. 1889-ൽ അമേരിക്കയിൽ ജനിച്ച എഡ്വിൻ ഹബ്ബിൾ ഉന്നത വിദ്യാഭ്യാസത്തിനു ശേഷം 1914-ൽ ഷിക്കോഗോ യൂണിവേഴ്സിറ്റിയിൽ വാനശാസ്ത്ര രംഗത്ത് ചുവടുറപ്പിക്കുകയായിരുന്നു. 1923-ൽ മൗണ്ട് വിത്സൺ വാന നിരീക്ഷണ നിലയത്തിൽ നിന്നുള്ള ബഹിരാകാശ കാഴ്ചകളായിരുന്നു അദ്ദേഹത്തിന്റെ ശാസ്ത്ര നേട്ടങ്ങൾക്കു വഴിതിരിവായത്. ആകാശഗംഗ എന്ന നാം ഉൾപ്പെടുന്ന നക്ഷത്ര സമൂഹം മാത്രമല്ല പ്രപഞ്ചത്തിൽ ഉള്ളത് എന്നും ആകാശഗംഗയെപോലെത്തന്നെയുള്ളതും അതിനെക്കാൾ പതിന്മടങ്ങ് വലിപ്പം ഉള്ളതുമാണ് നക്ഷത്ര സമൂഹങ്ങളാലാണ് ഈ പ്രപഞ്ചം രൂപപ്പെട്ടിട്ടുള്ളത് എന്ന തിരിച്ചറിവ് സമൂഹത്തിന് നൽ



കിയത് അദ്ദേഹമാണ്. 1929–ൽ പ്രപഞ്ചം അതിവേഗത്തിൽ വികസിച്ചുവരുന്നു എന്നും പ്രപഞ്ചത്തിന്റെ വികാസത്തിന്റെ തോത് നിശ്ചയിക്കുന്ന സമീകരണം അദ്ദേഹം കാണുകയുണ്ടായി. 1954–ൽ അന്തരിച്ച അദ്ദേഹം വാനശാസ്ത്രം ഒരു നോബൽ സമ്മാനർഹമായ വിഷയമല്ല എന്ന കാരണത്താൽ നോബൽ സമ്മാനത്തിന് പരിഗണിക്കാതെ പോയി. ആധുനിക പ്രപഞ്ച വിജ്ഞാനീയത്തിന് തുടക്കമിട്ട ഈ മഹാനായ ശാസ്ത്രജ്ഞന്റെ ബഹുമാനാർത്ഥം ആണ് നമ്മുടെ ആദ്യ സ്പേസ് ടെലസ്കോപ്പ് അറിയപ്പെടുന്നത്.

ആദ്യകാലയളവിൽ ഹബിൾ ടെലസ്കോപ്പിന്റെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. ടെലസ്കോപ്പിന്റെ പ്രവർത്തന കേന്ദ്രമായ പ്രാഥമിക കണ്ണാടിയിൽ ഉണ്ടായിരുന്ന പിഴവാണ് ഇതിന്കാരണം. 1993–ൽ നാസ ഒരു സംഘം ബഹിരാകാശ വിദഗ്ദരെ അയക്കുകയും പിഴവ് പരിഹരിക്കുകയും ചെയ്തു. ഇത്തരത്തിൽ 1993–2009 നും ഇടയിലായി ഏതാണ്ട് 5 ബഹിരാകാശ ദൗത്യങ്ങൾ വഴി നാസ ബഹിരാകാശത്തിന്റെ കേടുപാടുകൾ പരിഹരിച്ചിട്ടുണ്ട്. ഓരോ 87 മിനിറ്റിലും ഭൂമിയെ വലയം ചെയ്യുന്ന ഈ ആകാശ കണ്ണ് വർത്തമാനകാലത്ത് ഈ ആകാശ കണ്ണ് പ്രപഞ്ച വികാസത്തെപറ്റിയുള്ള, പ്രപഞ്ചത്തിലെ മറ്റൊരു ഭൂമിയെ തേടിയുള്ള അന്വേഷണം, നക്ഷത്ര ജനനം തുടങ്ങിയവയുടെ ഗവേഷണങ്ങൾക്ക് വൻ സംഭാവനയാണ് നൽകുന്നത്. പ്രപഞ്ചത്തിന്റെ പ്രായം കണക്കാക്കുന്നതിൽ ഈ ആകാശകണ്ണ് വഹിക്കുന്ന പങ്ക് നിസ്തുലമാണ്. പ്രപഞ്ചത്തിന്റെ അനന്തതയിലേക്ക് ദൃഷ്ടിയൂന്നുന്ന ഹബ്ബിൾസ് ടെലസ്കോപ്പിന്റെ ദൃഷ്ടിപദത്തിലേക്ക് മറ്റൊരു ഭൂമിയുടെ കടന്നുവരവ് കാത്തിരിക്കുകയാണ്.

ഇന്ന് ശാസ്ത്രലോകം 2015 നെ പ്രകാശം വർഷം ലോകം ആഘോഷിക്കുമ്പോൾ നമ്മുടെ നിത്യജീവിതത്തിൽ വൻതോതിൽ സ്വാധീനം ചെലുത്തുന്ന ഒന്നായി മാറിയിരിക്കുന്നു. പ്രകാശ സാങ്കേതിക വിദ്യ വാർത്താവിനിമയ രംഗത്ത് ഫൈബർ ശൃംഖലകളും, ഊർജ്ജരംഗത്ത് സൗരപാനലുകളും ആരോഗ്യ രോഗ നിർണ്ണയ ചികിത്സാരംഗത്ത് ലേസറുകളും ക്യാമറകളും ഡിസ്പ്ലേ സംവിധാനങ്ങൾ വയർലെസ് സംവിധാനങ്ങൾ എന്നിവയിലൂടെ നിത്യ ജീവിതത്തിന് സുപരിചിതമാകുകയാണ്. നിത്യജീവിതത്തിൽ അനസ്യൂതം പകർന്നുകൊണ്ടിരിക്കുന്ന പ്രകാശത്തിന്റെ ലോകത്തിലേക്ക് പൊതുസമൂഹത്തെ കൈപിടിച്ചുയർത്താൻ ഒരു ബിംബീകരണ സമൂഹം എന്നനിലയിൽ പ്രാപ്തരാക്കാൻ ഇന്ന് പ്രകാശത്തിനും അതിന്റെ സാങ്കേതിക വിദ്യയുടേയും വർഷം ആചരിക്കുന്ന ഈ വേളയിൽ നാം പ്രതിജ്ഞാബദ്ധരാണ്. ■


*With Best Compliments from:*

**VOCATIONAL TRAINING CENTRE (CEP)**

Kacheripady, Main Road, North Paravoor, Ernakulam District

**Strawberry Software Solutions**
**Bulk Data Entry, Printing, Scanning, Designing, Call centre jobs**

Contact No. : 9447155069, 0484 2446217, vtcprr@gmail.com

**DELTA SECURITY SERVICES**
Reg.No.D5/571/111
(Govt. Of Kerala)

*The cosvt is long foregotten But Quality to Remembered for ever*

**Head Office** :Ground Floor Akshai Towers,
TV Centre Rd,Peeroorkada,Thiruvananthapuram-695 005
Ph:0471-3261025,Mob:9349947321 & 24,9446518962

**Branch Office:** Noufeez Building,Vendor Mukku,Kollam-10
Ph:047403293737,Mob:9387933100,8547429678
Website:www.deltasecurityservicesindia.com
Email:deltasecurityies@gmail.comv



**Resmi.V.T**
W/o Sudheer V.U
Communication Group

# പ്രയാണം

**അ**ജ്ഞാതമാം ലോകത്തു നിന്നു
തുടങ്ങിയൊരു ജീവന്റെ പ്രയാണം.
അമ്മതൻ ഉദരത്തിലൊരുൾത്തുടിപ്പായി
താരാട്ടു വിരിയും ഹൃദയത്തിലൊരുണർവ്വായി.

കരച്ചിലിൽ താളത്തിലൊരു ശ്വാസഗതിയുമായി
പിറന്നു വീണീ മണ്ണിൻമടിയിലവൾ
അമ്മ നല്കും അമൃതിൻ മാധുര്യം നുണയാൻ,
അച്ചൻ പകരും വാത്സല്യഭാവമറിയാൻ.

ദിനങ്ങൾ വർഷങ്ങളായി മാറീടവേ
വളർന്നവൾ താതൻ അരുമയായ്.
എന്തെന്നെങ്ങിനെയെന്ന ചോദ്യങ്ങളുമായി
ചിണുങ്ങി നിന്നവളമ്മ തൻ അരികിൽ

ഋതുക്കൾ വിരിഞ്ഞു, കൊഴിഞ്ഞു പലതായ്
വസന്തം പൂവിട്ടവളും നിറഞ്ഞു
ലോകത്തിനഴകായ്, ഹർഷമായ്,
നവസ്വപ്നഗീതിയുമായ് !

അന്നച്ഛനോതിക്കൊടുത്ത പാഠങ്ങൾ
മറന്നവൾ പാഞ്ഞു നവയുഗക്കാഴ്ചകൾ തേടി
മൂല്യങ്ങൾ തകർന്നടിഞ്ഞു മണ്ണിൽ
മാലിന്യം നിറഞ്ഞു കുമിഞ്ഞു മനസ്സിൽ

ഈ ലോകം തൻ കൈപ്പിടിയിലൊതുക്കാൻ
പറന്നവൾ പുത്തൻ ചിറകുമായ്,
പ്രതീക്ഷകൾ തൻ നാമ്പുമായ്,
വേറിട്ട ചിന്താധാരയുമായി !

വസന്തം ശിശിരത്തിനു വഴി മാറിയപ്പോൾ
നിറം മങ്ങിയവളുടെ വേഷഭൂഷാദികൾ
അറിഞ്ഞവൾ നിത്യ സത്യങ്ങൾ പലതും
മൂല്യമാണു മാറ്റു കുറയാത്ത ലോകം!
ഹൃദയം പകരും സ്നേഹമാണമൃതം!

ജീവിത പാതയിൽ വഴികൾ മുന്നോട്ടുമാത്രം
താതന്റെ വാക്കുകളോർത്തൊരാ നിമിഷം
ചിറകറ്റു വീണവൾ വെറും മണ്ണിൽ
തിരുത്താൻ കഴിയാത്തൊരപരാധവും പേറി!

വസന്തത്തിൽ വിണ്ണിലേറ്റി നടന്നവൾ ചൊല്ലി
ഇതുതന്നെ വേണമഹങ്കാരിയാമിവൾക്ക്.
പൊഴിഞ്ഞ ചിറകു ചവിട്ടി മെതിച്ചു നീങ്ങിയവൾ
പിടയും ഹൃദയത്തിൻ താളമറിയാതെ.

അന്നാ നോവറിഞ്ഞരികിലണയാൻ
കാലം കാത്തു വെച്ചില്ലൊരാളേയും,
മിഴികൾ തുടച്ചു സാന്ത്വനം പകരാൻ
നീണ്ടതില്ല ഹസ്തങ്ങളൊന്നുമേ!

അസത്യത്തിൽ നിന്നും സത്യത്തിലേയ്ക്ക്
തിന്മയിൽ നിന്നും നന്മയിലേയ്ക്ക്
സ്വാർത്ഥതയിൽ നിന്നും നിസ്വാർത്ഥതിയലേയ്ക്ക്
ഒടുവിൽ അനന്തമാം നിത്യതയിലേയ്ക്ക്
ഒടുങ്ങിയാ ജീവിതം കൊതിതീരാതെ

തുടരുന്നാത്മാവിന്റെ പ്രയാണം
ജീവന്റെ നിലയ്ക്കാത്ത ചാക്രിക പ്രവാഹം



# തേന്മാവ്

സുവർണ്ണ രഥത്തിലേറിയർക്കൻ സാഗരം പൂകുവാൻ യാത്രയായി
ഇരവിൽ പാൽ പുഞ്ചിരി വെട്ടവുമായ് അമ്പിളി വാനിലുയർന്നുവല്ലോ
ചുറ്റിലും പിച്ചകം പൂത്തപോലെ ചേർന്നു നിന്നല്ലോ താരകളും
വാനിൻ മലർവാടി കാണുമ്പോളെളോർമ്മകളെന്നിൽ നിറഞ്ഞിടുന്നു.

നിശാഗന്ധി പൂത്തൊരു താഴ് വാരം തന്നിലായ്
സുഗന്ധം പരന്നല്ലോ നിലാവിനൊപ്പം
ഇന്നീ നിലാവത്തു നിദ്ര തീണ്ടാതെയായ്
നിന്നോർമയിൽ ഞാൻ മുഴുകിപ്പോയി.

അന്നു നാം രണ്ടു തേന്മാവിൻ തൈകളായിരുന്നെങ്കി-
ലിന്നുനമ്മിൽ നിന്നെത്രയോ മാമ്പഴം കൊഴിഞ്ഞു പോയ്
അന്നീ മലർവാടിയിലിളം കൂട്ടുകാരോടൊപ്പം
തെന്നലിൻ കൈകളിലൂയാലാടീ നമ്മൾ

ഒരുമിച്ചു പൂത്തുലഞ്ഞൊരുമിച്ചു നിൽക്കുവാ-
നൊരു മാത്ര നമ്മൾ കൊതിച്ചിരുന്നു.
നിൻ മധു ചെറ്റു നുകരുവാനെത്തുന്ന മധൂപമിങ്ങെ-
ന്നിലേക്കണയുവാൻ മോഹിച്ചിരുന്നു.

നട്ടു നനച്ച കൈകളാലെന്നെ പറിച്ചു നട്ടല്ലോ നിന്നരികിൽ നിന്നും
നിന്നെ തഴുകിയ ചെറു തെന്നൽ പോലുമിന്നോളമെത്തിയില്ലിവിടേക്കു പിന്നെ
എങ്ങു നിന്നോയിപ്പൊ ദിശമാറി വന്നൊരു തെന്നലെൻകാതിൽ
മൊഴിഞ്ഞുതെന്തേ?
ഇന്നേവരെയൊരു മാങ്കനി പോലും നിൻമലരിൽ നിന്നുമുതിർന്നതില്ലെന്നതോ!



പ്രീത



# ദൈവത്തിന്റെ തോഴി

**അനിത മുരളി**
സോഫ്റ്റ്‌വെയർ ട്രെയിനീ
സൈബർശ്രീ

സമയസൂചിക നീങ്ങിത്തുടരുന്നു... കോട്ടയം റെയിൽവേ സ്റ്റേഷൻ...സമയം രാത്രി 9 മണി. മുംബൈയ്ക്ക് പോകുന്ന ട്രെയിൻ കാത്തുനിൽക്കുകയാണ്. ദീപാവലി കഴിഞ്ഞുള്ള അവധി കഴിഞ്ഞ് പോകുകയാണ്. മനസ്സില്ലാമനസ്സോടെ നിൽക്കുന്ന ഞാൻ ട്രെയിൻ വരരുതേ എന്നു പലതവണ മനസ്സിൽ പ്രാർത്ഥിച്ചു...തിരക്കേറിയ പ്ലാറ്റ്ഫോം. ഇതരസംസ്ഥാന തൊഴിലാളികൾ നിറഞ്ഞുനിൽക്കുന്നു. അവിടെ ഇടയിലായി ഒറ്റപ്പെട്ട് അത്യാവശ്യം ഹൈക്ലാസ് എന്നു തോന്നിക്കുന്നവരെയും കാണാം. വീണ്ടും ട്രെയിൻ വരരുതേ എന്നു ഞാൻ ആശിച്ചു. തൊട്ടടുത്ത നിമിഷം തന്നെ റെയിൽവേയുടെ ഉച്ചഭാഷിണി വിവിധ ഭാഷകളിൽ ശബ്ദിച്ചു..തിരുവനന്തപുരത്തുനിന്നും ഡ്യൂഡൽഹി വരെ പോകുന്ന സൂപ്പർഫാസ്റ്റ് എക്സ്പ്രസ്സ് ഒന്നാം നമ്പർ പ്ലാറ്റ്ഫോമിലേക്ക് വരുന്നു എന്ന്.

സാമാന്യം തിരക്കുള്ള കമ്പാർട്ടുമെന്റിൽ ഞാൻ എന്റെ സീറ്റിൽ സ്ഥാനം ഉറപ്പിച്ച് യാത്ര ആരംഭിച്ചു. തൊട്ടടുത്ത സീറ്റിൽ രണ്ട് മക്കളുള്ള കുടുംബം. എനിക്ക് നേരെ ചെറുപ്പക്കാരിയായ ഒരു കന്യാസ്ത്രീ. മുകളിലത്തെ ബർത്തിൽ ഓരോ സെക്കന്റിലും ചുമച്ചുകൊണ്ട് ഒരു മധ്യവയസ്കൻ. അവർക്കിടയിൽ തെല്ലൊരു സഭാകമ്പത്തോടെ ഞാനും. ഇരുവശങ്ങളിലെയും കാഴ്ചകൾക്ക് വേഗതകൂടി വന്നു. തണുത്ത കാറ്റ് അടിച്ചുകയറുന്നു. പക്ഷേ ഇരുട്ടിൽ പ്രകാശം ചൊരിഞ്ഞുകൊണ്ട് വീടുകളിൽ വെളിച്ചം.ഇന്നു നടന്ന മദ്യസൽക്കാരത്തിന്റെ ആണെന്നു തോന്നുന്ന നല്ല തലവേദന. ഒന്നുറങ്ങണം. മുകളിൽനിന്നും ചുമയുടെ ഇടവേള കുറഞ്ഞുവന്നു. അടുത്തിരുന്ന കുട്ടികളിൽ ഒരാൾ കിടന്നു നിലവിളി തുടങ്ങി. ക്ഷീണം കൊണ്ട് ഞാൻ വളരെ പെട്ടെന്ന് ഉറക്കത്തിലേക്ക് വഴുതിവീണു. ആരോ തട്ടിവിളിച്ചതുപോലെ ഞാൻ ഉറക്കത്തിൽനിന്നും ഞെട്ടി ഉണർന്നു. കമ്പാർട്ടുമെന്റിലെ സീറ്റുകൾ എല്ലാം ഏകദേശം ഒഴിഞ്ഞിരിക്കുന്നു. വായിച്ചുകൊണ്ടിരുന്ന ബുക്ക് അടച്ച് കൈയിൽപിടിച്ച് കന്യാസ്ത്രീ ഉറങ്ങുന്നു. എവിടെ ആയി എന്നു മനസ്സിലാകുന്നില്ല.. രത്നഗിരി കഴിഞ്ഞു എന്നു തോന്നുന്നു. ആളൊഴിഞ്ഞ ഏതോ സ്റ്റേഷൻ. ട്രെയിൻ വീണ്ടും ഉരുണ്ടുതുടങ്ങി.

ഞാൻ എന്റെ സീറ്റിൽനിന്നും എഴുന്നേറ്റ് വാതിലിനടുത്തേക്ക് നിന്നു. ഒരു സിഗരറ്റ് വലിക്കുകയാണ് ലക്ഷ്യം. ദൂരക്കാഴ്ചകളും കണ്ട് രണ്ടാഴ്ചത്തെ അവധി ദിനങ്ങൾ ഓർത്തെടുത്ത് ഞാൻ ഒരു സിഗരറ്റ് പുകച്ചു. തിരികെ സീറ്റിൽ വന്നപ്പോഴേക്കും കന്യാസ്ത്രീ ഉണർന്നിരുന്നു. ബുക്ക് മടക്കി ബാഗിൽ വച്ചുകൊണ്ട് അവർ എന്നോട് ചോദിച്ചു. എന്തിനാണ് ഇങ്ങനെ വലിക്കുന്നത്..ഇതുകൊണ്ട് എന്ത് ഗുണം.. മറുപടി ഇല്ലാതെ ഞാൻ ആകെ വല്ലാതായി.

ബാഗിൽനിന്നും തല ഉയർത്തി ഒരു ചെറുപുഞ്ചിരിയോടെ അവർ പറഞ്ഞു. പക്ഷെ സിഗരറ്റിന്റെ മണം എനിക്ക് ഇഷ്ടമാണ്. മറുപടിയായി ഒരു ചെറുപുഞ്ചിരി സമ്മാനിച്ച് ഞാൻ ചോദിച്ചു..സിസ്റ്റർ എങ്ങോട്ടാണ്? ചോദ്യം പ്രതീക്ഷിച്ചതുപോലെ അവർ പറഞ്ഞു.. ഡൽഹിക്ക്. എന്റെ അടുത്ത ചോദ്യം.. സിസ്റ്ററിന്റെ പേര്...റോസ്‌ലിൻ...റോസ്‌ലിൻ നല്ല പേര്. എന്റെ വക കോംപ്ലിമെന്റ്. അവർ ചോദിക്കാതെ തന്നെ ഞാൻ എന്നെ പരിചയപ്പെടുത്തി. എന്റെ പേര് രാഹുൽ. മുംബൈയിൽ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. വിവാഹം കഴിച്ചിട്ടില്ല. അങ്ങനെ പൊടിപ്പും തൊങ്ങലും ചേർത്ത് പറയുന്നതിനിടയിൽ അവർ ചോദിച്ചു... എന്തെ വിവാഹം കഴിക്കാത്തത്.. അതിന് മറുപടിയായി ചിരിച്ചുകൊണ്ട് തമാശയ്ക്ക് പറഞ്ഞു..ഞാൻ കെട്ടാനിരുന്ന പെണ്ണ് കന്യാസ്ത്രീ മഠത്തിൽ ചേർന്നു.. അതുകൊണ്ടിനി കല്യാണമൊന്നും വേണ്ട...ഇതു ഞാൻ പറഞ്ഞതും പുഞ്ചിരിതൂകിയിരുന്ന കണ്ണുകൾ നനഞ്ഞു തുളുമ്പുന്നു...പറഞ്ഞ തമാശ ഇത്ര പ്രശ്നമാകും എന്ന് ഒരിക്കലും കരുതിയില്ല. ക്ഷമാപണം നടത്തി അവിടെ നിന്നും ഒഴിഞ്ഞു മാറാം എന്നു കരുതി എഴുന്നേൽക്കാൻ തുടങ്ങിയപ്പോൾ അവർ പറഞ്ഞു..ഞാൻ രാഹുൽ പറഞ്ഞതുകൊണ്ടല്ല കരഞ്ഞത്...തമാശ മനസ്സിലാക്കാൻ ഉള്ള കഴിവ് എനിക്ക് നന്നായുണ്ട്. ഞാൻ വേറെ ചിലത് ഓർത്തുപോയതാണ്. വേറെ ഒന്നും ചോദിക്കരുത്..പ്ലീസ്.

ഞാൻ വീണ്ടും സീറ്റിൽനിന്നും എഴുന്നേൽക്കാൻ ഭാവിച്ചു. പുകവലി തന്നെ ലക്ഷ്യം. അതു മനസ്സിലാക്കിയിട്ടെന്നപോലെ സിസ്റ്ററിന്റെ ശബ്ദം...വീണ്ടും പുകവലിക്കാനാണല്ലോ? പറഞ്ഞാലും പറഞ്ഞാലും മനസ്സിലാകില്ലേ...ഇത് ശരീരത്തിന് ദോഷമാണ്...പറയാൻ പോകുന്നത് തമാശയാണ് എന്ന മുഖവുരയോടെ പറഞ്ഞു..ഇനിയും അബദ്ധം പറ്റരുതല്ലോ..ഇതിന്റെ മണം സിസ്റ്ററിന് ഇഷ്ടമാണ് എന്നു പറഞ്ഞതുകൊണ്ടാണ് ഞാൻ വലിക്കാൻ പോകുന്നത്.. അവർ ഒരു പുഞ്ചിരിയോടെ എന്നെ നോക്കി. ഞാൻ വാതിലിനടുത്തേക്ക് നിന്നു. ട്രെയിൻ ചൂളമടിച്ചുകൊണ്ടിരുന്നു. ഞാൻ അപ്പോൾ സിസ്റ്റർ റോസിലിനെപ്പറ്റി ആലോചിക്കുകയായിരുന്നു. നുണക്കുഴികൾ തെളിഞ്ഞമുഖം. നീളമുള്ള കൺപീലികൾ.. തിളങ്ങുന്ന കണ്ണുകൾ. എന്തിനാണ് അവർ കരഞ്ഞത്...ചിന്തക്കിടയിൽ അവസാന പുകയും നീട്ടി പുറത്തേക്ക് വിട്ട് ഞാൻ നിന്നു. ■

# വെറുമൊരു മനുഷ്യൻ

**അനിത മുരളി**

എനിക്കൊരു മഴയാകണം
വൃക്ഷദളങ്ങളെ തൊട്ടുണർത്തി
മണ്ണിന്റെ മണം അറിയിച്ച്
ഉള്ളിൽ വേരായ് പടർന്നിറങ്ങി
ഭൂമിയുടെ ആത്മാവ് തൊട്ടറിഞ്ഞ്
അവളുടെ വേദനയറിയണം

എനിക്കൊരു പുഴയാകണം
ഈ മണ്ണിലെ ഉദരത്തിൽ ജനിച്ച്
ലോകപാപങ്ങളെ ഉള്ളിലാവാഹിച്ച്
കടലിലേക്ക് ഒഴുകണം

എനിക്കൊരു കാറ്റാകണം
ജീവന്റെ ഉള്ളിൽ കടന്ന്,
കണ്ണീരും വേദനയും ചൂഴ്ന്നെടുത്ത്
മലനിരകളിൽ നിന്നു ഉത്ഭവിച്ച്
മലനിരകളിൽ ചേരണം
എന്നാൽ ഞാൻ ഇപ്പോൾ നിസ്സഹായനാണ്,
എന്റെ കാലുകൾ ചങ്ങലക്കിട്ടിരിക്കുന്നു
കണ്ണുകൾ കുത്തിപ്പൊട്ടിച്ചിരിക്കുന്നു,
നാവു പിഴുതെടുത്തിരിക്കുന്നു
ഒരു സൂര്യതേജസ്സായി വിളങ്ങാൻ
മോഹിച്ചു നിന്ന ഞാൻ
ഒരു കരിന്തിരി നാളമായ് അണയുന്നു
അതെ,





# അന്നും അച്ഛൻ പോകാനൊരുങ്ങി നിൽക്കുകയായിരുന്നു



അഭിലാഷ് കെ.
മെയിൻ ഓഫീസ്

അരുണിമയ്ക്ക് അച്ഛന്റെ ഒരേ ഒരു രൂപവും ഭാവവുമാണ് മനസ്സിലുള്ളത്. പുലർച്ചെതന്നെ ജോലിക്കു പോകാനൊരുങ്ങി നിൽക്കുന്ന അച്ഛൻ. രാവിലെയുള്ള കുളിയും കഴിഞ്ഞ് നെറ്റിയിൽ ചന്ദനക്കുറിയുമിട്ട് അലക്കിതേച്ച ഷർട്ടുമിട്ട് നിൽക്കുന്ന അച്ഛൻ. അപ്പോഴെല്ലാം ടിഫിൻ ബോക്സും വെള്ളം നിറച്ച കുപ്പിയും ബാഗിലിട്ട് അരികിൽ അമ്മയുണ്ടാകും. ബാഗ് കൈമാറി അച്ഛനെ യാത്രയാക്കിയിട്ടു വേണം അമ്മയ്ക്ക് അവളെ കുളിപ്പിച്ച് ഒരുക്കി സ്കൂളിലയയ്ക്കാൻ. സമയബന്ധിതമായി ചെയ്തുതീർക്കാനുള്ള ജോലികളെക്കുറിച്ചുള്ള ഉത്കണ്ഠ രാവിലെ എപ്പോഴും അമ്മയുടെ മുഖത്തു നിഴലിച്ചു കാണുമായിരുന്നു.

'മോളെ.. അച്ഛൻ പോയിട്ടു വരാം കേട്ടോ...' ഈ വാചകം കേട്ടാണ് അരുണിമ എന്നും ഉണരാറുള്ളത്. നന്നായി ഉണർന്നു എന്നു തോന്നിയാൽ അച്ഛൻ അടുത്തു വരും. അവൾക്ക് തുരുതുരെ ഉമ്മ നൽകും. ഉറക്കച്ചടവിൽ കിട്ടുന്ന ഉമ്മകൾക്കൊപ്പം അച്ഛന്റെ കവിളിലെ ടാൽക്കം പൗഡറിന്റെ മണവും.... അരുണിമയ്ക്ക് അച്ഛനുമായുള്ള അടുപ്പത്തിന്റെ അടയാളങ്ങളാണ്.

പുതിയ ബാഗും ഉടുപ്പുമൊക്കെ അമ്മ നൽകുമ്പോൾ 'ഇതെവിടുന്നാ.....' എന്ന അവളുടെ ചോദ്യത്തിനു അമ്മ പറയും.

'ഇത് ഇന്നലെ അച്ഛൻ മോൾക്കു വാങ്ങികൊണ്ടു വന്നതാണ്.'

ഈ പറയുംപോലെ തന്നെയാണ് എല്ലാം അരുണിമയ്ക്ക് കിട്ടിയിട്ടുള്ളത്. വിഷുവിനും മാസപ്പിറവിക്കുമൊക്കെ കിട്ടുന്ന കൈനീട്ടം പോലും അച്ഛനവൾക്ക് അമ്മ വഴിയാണ് നൽകുന്നത്.

'ഈ അച്ഛനെന്താ ഒരിക്കലും വീട്ടിൽ പകൽനേരം നിൽക്കാത്തെ....'

ഈ ചോദ്യത്തിന് അമ്മ അവൾക്ക് പലപ്പോഴും പല ഉത്തരങ്ങളാണ് നൽകാറ്. ജോലിത്തിരക്ക്, രണ്ടു ദിവസം കഴിഞ്ഞേ വരൂ... വണ്ടി വഴിയിലായി, ബസ് വർക്ക്ഷോപ്പിലാണ് ഇതൊക്കെയാണ് മറുപടി. അവളറിയുന്നുണ്ടോ ജീവിതം കൂട്ടിമുട്ടിക്കാനായി അവളുടെ അച്ഛൻ പെടുന്ന പെടാപ്പാട്. ഗവൺമെന്റ് സ്ഥാപനത്തിലാണെങ്കിലും വർഷങ്ങളായി കരാറടിസ്ഥാനത്തിലാണ് ജോലി. എല്ലാവർക്കും കൃത്യസമയത്ത് വന്നും പോയും ജോലി നോക്കാം. എന്നാൽ, അവരെ കൃത്യമായി എത്തിക്കുകയും തിരികെ കൊണ്ടുവിടുകയും ചെയ്യുന്ന അയാളുടെ ജോലി എന്നും മൂന്നു മണിക്കൂർ നേരത്തേയും പിന്നെ മൂന്നു മണിക്കൂർ വൈകിയുമാണ്. 12 മണിക്കൂർ പകൽനേരത്തിൽ 14 മണിക്കൂർ എന്നും പണിയെടുക്കുന്ന അയാൾക്കെങ്ങിനെയാണ് മകളുമായി നേരം ചെലവിടാൻ കഴിയുക. ഇതൊന്നും കുഞ്ഞു മനസിനറിയില്ലല്ലോ. വളർന്നു വലുതാകുമ്പോൾ അവളെല്ലാം മനസിലാക്കുമെന്ന് അയാൾ ആശ്വസിച്ചു.

മകളുടെ പരിദേവനത്തെക്കുറിച്ചയാൾ തന്റെ സഹപ്രവർത്തകരോട് പറഞ്ഞു. എല്ലാവരുടെയും സ്ഥിതി ഏതാണ്ടിതൊക്കെതന്നെയാണ്. എങ്കിലും, കൂട്ടത്തിൽ കൂടുതൽ സഹൃദയനും സരസനുമായ രതീഷ് പറഞ്ഞത് അല്പമൊരു കടുത്ത തമാശയായില്ലേ എന്നയാൾക്കു തോന്നി. 'കൊച്ചൊറൊങ്ങമ്പം വീട്ടിക്കേറും. അവളുണരും മുമ്പേ സ്ഥലം വിടും. കുറെ കഴിയുമ്പോ ആരാണ് അച്ഛനെന്ന് കൊച്ച് ചോദിക്കരുത്.'

പക്ഷേ, അരുണിമയ്ക്ക് അടുത്തുകിട്ടിയില്ലെങ്കിലും അച്ഛൻ സ്നേഹത്തിന്റെ പ്രതിരൂപംതന്നെയായിരുന്നു. അച്ഛ

നെന്ന ബിംബം അവളുടെ മനസ്സിൽ എപ്പോഴും നിറസാന്നിദ്ധ്യമാണ്. സ്കൂളിലെ കൂട്ടുകാർ അവരുടെ അച്ഛനുമൊരുമിച്ചുള്ള സന്ദർഭങ്ങളെക്കുറിച്ചു പറയുമ്പോൾ അരുണിമ ശ്രദ്ധാപൂർവ്വം കേൾക്കും. എന്നിട്ടതെല്ലാം താനും തന്റെ അച്ഛനുമായി ചെലവഴിച്ച നേരമായി മനസ്സിൽക്കാണും.

'പിതൃവാത്സല്യത്തിനു കേഴുന്ന മകളുടെ മനസ്സ് അച്ഛൻ കണ്ടില്ലെന്നുണ്ടോ..?'

സഹികെട്ടൊരു ദിവസം അരുണിമ തീരുമാനിച്ചു നാളെ ഞാനച്ഛനെ ജോലിക്കു വിടില്ല. തീരുമാനിച്ചുറച്ചാണ് അന്ന് അവൾ ഉറങ്ങാൻ കിടന്നത്. പിറ്റേന്നു രാവിലെ പൗഡറിട്ട അച്ഛന്റെ മുഖത്തെ മണം അറിഞ്ഞുകൊണ്ടാണവൾ ഉണർന്നത്. പെട്ടന്നവൾ പതിവില്ലാതെ അച്ഛന്റെ കഴുത്തിൽ ചുറ്റിപ്പിടിച്ചു കരഞ്ഞു.

'ഇന്നച്ഛൻ പോകണ്ടാ... നമുക്കു കളിക്കാം'

'ങ്ഹ... രാവിലെ കളിക്കാനോ, അച്ഛനു ജോലിക്കു പോണം മോളെ... വൈകിട്ടു നേരത്തെ വരാം...'

ഉമ്മ തന്നിട്ട് അന്നും അച്ഛൻ പോയി. വൈകിട്ടു നേരത്തേ വന്നതുമില്ല.

'അമ്മേ അച്ഛൻ നേരത്തെ വരാമെന്നു പറഞ്ഞിട്ടു വന്നില്ലല്ലോ'

'വരും മോളെ.... വണ്ടിക്കു ടയറ് മാറാനുള്ളതുകൊണ്ട് വൈകുമെന്നു പറഞ്ഞു.'

അച്ഛൻ ജോലിക്കു പോയാലേ നമുക്ക് അല്ലലില്ലാതെ ജിവിക്കാനാകൂ എന്നും ജോലിയിൽ നിന്നു കിട്ടുന്ന ശമ്പളമാണ് നമ്മുടെ വരുമാനമെന്നും അമ്മ അരുണിമയക്കു പറഞ്ഞു കൊടുത്തെങ്കിലും അവൾക്കതങ്ങോട്ട് കൃതിയമായി ബോധിച്ചിട്ടില്ലന്നത് വ്യക്തം.

എങ്കിലും, അരുണിമയ്ക്കൊരു കാര്യം പിടികിട്ടി. ജോലി ചെയ്യുമ്പോൾ ശമ്പളമായി കിട്ടുന്ന കാശാണ് വിഷയം. ജോലി ചെയ്യാതെ അവൾക്ക് കാശ് കിട്ടുന്നുണ്ടല്ലോ. വിഷു കൈനീട്ടം, പിറന്നാൾ സമ്മാനമായി ബന്ധുക്കൾ നൽകിയ കാശ്, ചിങ്ങം ഒന്നിന് കോടിയോടൊപ്പം കിട്ടിയ നാണയങ്ങൾ. എല്ലാം അവൾ അച്ഛൻ തന്നെ വാങ്ങിതന്ന കാശുപെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുകയാണ്.

'അമ്മേ, അച്ഛനൊരു ദിവസം കിട്ടുന്ന ശമ്പളമെത്ര രൂപയാണ്.'

കുഞ്ഞുവായിൽ നിന്നും വന്ന വലിയ ചോദ്യം കേട്ട് അമ്മ അമ്പരന്നു. എങ്കിലും, ആശ്ചര്യം മറച്ചുവെച്ച് അമ്മ ഉത്തരം നൽകി.

'അഞ്ഞൂറ്-അറുന്നൂറു രൂപ കിട്ടും'

അന്ന് എന്തോ ഉറച്ച തീരുമാനമെടുത്തിട്ട് ഉറങ്ങാൻ കിടന്നപോലെയായിരുന്നു അരുണിമ. മകരമാസക്കാലമായിരുന്നു അത്. കുളിരുള്ള പ്രഭാതമായതിനാൽ കുട്ടികൾ കൂടുതൽ നേരം ഉറങ്ങുകയും ഉണരാൻ വൈകുകയും ചെയ്യുന്ന കാലം. എങ്കിലും, അരുണിമ അച്ഛന്റെ പുലർച്ചെയുള്ള വിളി കാതോർത്ത് ഉറങ്ങാൻ കിടന്നു. പതിവുപോലെ തന്നെ സംഭവിച്ചു. അച്ഛന്റെ മോളെ.... എന്ന ഒറ്റ വിളിക്ക് അവൾ ഉണർന്നു. അച്ഛന്റെ ഉമ്മകൾക്ക് കാതോർക്കാതെ ചാടി എണീറ്റ് കട്ടിലിനടിയിൽ നിന്നും നേരത്തെ കരുതി വെച്ചിരുന്ന കാശുപെട്ടി എടുത്തു. വേഗം അച്ഛന്റെ അടുത്തെത്തി.

'അച്ഛാ ഇതെടുത്തോളൂ... ഇതിലെ കാശൊക്കെ അച്ഛനെടുത്തോളൂ... ഇന്നൊരു ദിവസമെങ്കിലും അച്ഛൻ വീട്ടിൽ നിൽകോ..... എന്റെ കൂടെ കളിക്കുവോ....'

ആർത്തിരമ്പി വന്ന ഒരു തിരമാല തന്നെയാകെ നനച്ചിട്ടു തിരികെ പോകും പോലെയാണ് അച്ഛനു തോന്നിയത്.


# SEARCHPOINT

(Computer and Garment making Fashion Designing Classes)
SULTHAN BUILDING, NEAR KSRTC BUS STAND, KANIYAPURAM
PH: 0471-2755024, 9387742804

കഴിഞ്ഞ 10 വർഷമായി കണിയാപുരം കേന്ദ്രമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സെർച്ച്പോയിന്റ് കമ്പ്യൂട്ടർസെന്റർ അതിന്റെ അടുത്ത അദ്ധ്യയനവർഷത്തിലേക്കുള്ള ക്ലാസുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

- **PSC Approved Computer Courses**
  - Graphic Designing
  - Animation DTP
  - Hardware Training
  - Web Designing
  - Post Graduate Diploma Courses(Oneyear)
  - Diploma Courses (6 Months)
  - Advance Diploma Courses (One year)
  - Certificate Courses(3 Months)

- **Fashion designing Courses(6 Months)**
- **Beautician Courses( 6 Months)**

- **Other Works**
  - DTP (Mal. & Eng)
  - Colour and Laser Printing
  - Spiral Binding
  - Lamination works
  - Photostat
  - Screen Printing

ആശംസകളോടെ

*SEARCHPOINT*

(Computer and Garment making Fashion Designing Clasess
Sabari Building, Opp. St.Thomas College, Chandavila, Kattayikonam .p.o
Ph: 0471-2410515, 9387742804



രോഹിണികൃഷ്ണ

# ജീവിതത്തിന്റെ പൊരുൾ

നാളിത്രയായ് ഞാനീഭൂമിയിൽ പിറന്നിട്ട്
ഇന്നേയ്ക്കും ഞാനറിലയെന്തെൻ ദൗത്യമെന്നത്
പലരും പാഞ്ഞോടുന്നു നെടുവീർപ്പിട്ടെന്നപോൽ
എന്തിനെന്നറിയാതെ എവിടേയ്ക്കെന്നറിയാതെ

പണമെന്നൊരു വിപത്തിന്റെ പുറകെയാണോ-
യിവരോടിത്തീർക്കുന്നു നിധിയാമീ ജീവിതം
പണ്ഡിതരെന്നു പുകഴ്ത്തുന്നുണ്ട് സ്വയം
പാണ്ഡിത്യമെന്നതിൻ പൊരുളറിയാതെയല്ലോ

മർത്ത്യന്നു ജീവിതം മത്സരമായീടുമ്പോൾ
പാവമാം ജന്തുക്കൾ വെന്തു മരിക്കുന്നു
മർത്ത്യനാം പണ്ഡിതനറിയുന്നുവോ അവൻ
തോൽക്കുവാൻ പോകുന്നു പ്രകൃതിയോടെന്നത്

നാളത്തെ ദീപങ്ങൾ കെട്ടണയുന്നുവോ
ക്രൂരനാം അവനുടെ സാമീപ്യത്താൽ
നാളേയ്ക്കായ് ജന്മമെടുത്തിടാൻ തുനിയുന്ന
പൈതങ്ങളെ നിങ്ങളറിയുക
പിറന്നു വീഴാൻ ഇനി ഭൂമിയില്ലെന്നത്.

ZEALOUS ACADEMY
AN INSTITUTE FOR MATERIAL RESEARCH & TRAINING

COURSES / SERVICES PROVIDED
- QA / QC / NDT / Piping / Pipeline Engineering
- Aeromodelling Courses & Practioning
- Project Assistance
- Special Coaching for Engineering as well as School Students
- Career Guidance + Admission Counselling
- Soft skill training
- Job Consultancy
- Hardware training & Assembling

Eligibility : Any Graduates, Any Diploma Holders

100% Assured PLACEMENT*

Enroll now, and mould a strong career to success.

For Assistance Contact: HR
WEB: www.zealousacademy.com
Phone: 9037343895, 9809931564
Mail us: zealousacademy.edu@gmail.com
* Terms & Conditions Apply



HITACHI
Inspire the Next

# HITACHI
**AIRCONDITIONERS**
**Sales & Services**

Takumi Series
MICROCOOL Scroll
Ductable Package



SET FREE System (V.R.F)
Screw Chiller Plant

LOGICOOL Split

879-T2

**ABSONIC AGENCIES**
Kulangara lane, Opp. LIC Pattom
Thiruvananthapuram- 695 004, Kerala
Ph: 0471 2447064, Mob: 9847069191
e-mail: absonicagencies@yahoo.co.in

www.absonicagencies.com

Estd: 1975 PH: 0460 2203355

# NATIONAL COLLEGE

Court Road, TALIPARAMBA
*Email : nationalcollegetaliparamba@gmail.com*

*Courses Offered*

**PLUS-TWO** : *COMMERCE*
*HUMANITIES*

**B.Com.**
**M.Com.**

**B.A.** : *ENGLISH*
*HISTORY*
*POLITICAL SCIENCE*

**M.A.** : *ENGLISH*
*HISTORY*
*ECONOMICS*

കേരള സർക്കാർ സ്ഥാപനമായ

# സി-ഡിറ്റ്

നടത്തുന്ന **PSC**
നിയമനങ്ങൾക്ക് അനുയോജ്യമായ

**DCA, PGDCA, DATA ENTRY**
തുടങ്ങിയ വിവിധ കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു

സി-ഡിറ്റ് പഠനകേന്ദ്രം **C-DIT Computer Centre**

Aysha Tower, Mukund Junction Thalassery PH :0490 3295525, 9349870311

*With Best Compliments from:*

# FRIENDS COMPUTERS
KANNUR

**friendscomputersknr@gmail.com**
**Mobile: 94970 227 55**

**We Undertake All Kinds of Data Entry Job Work**



# യോഗ
## ഭാരതം ലോകത്തിനു നൽകിയ നന്മ

സനീഷ് ജി. എസ്
ഒ.ഐ.പി പ്രൊഡക്ഷൻ

മഹത്തായ ഒരു ദാർശനിക പൈതൃകത്തിന്റെ അവകാശികളാണ് നാം ഭാരതീയർ. മാനവ പ്രതിഭയുടെ ഉന്നതവും ഉദാത്തവുമായ പ്രകാശമേഖലകൾ അനാവരണം ചെയ്യുന്ന നിസ്തുല നിധികൾ ഭാരതീയ ദർശനങ്ങളിൽ അടങ്ങിയിരിക്കുന്നു.

'കാണുക' എന്ന അർത്ഥത്തിലുള്ള 'ദൃശ്' ധാതുവിൽ നിന്നാണ് ദർശനം എന്ന പദം രൂപപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ 'ദൃഷ്ടി മാർഗേണ ഉണ്ടാകുന്ന ബോധം' എന്നാണ് അതിന്റെ ശരിയായ അർത്ഥം. എന്നാൽ ആധുനിക പണ്ഡിതൻമാർ കേവലം ദൃഷ്ടി മാർഗേണ ഉണ്ടാകുന്ന കാഴ്ചയായിട്ടല്ല ഈ വാക്കിനെ കാണുന്നത്. കാഴ്ച അവരെ സംബന്ധിച്ചിടത്തോളം ആന്തരികമായ ചോദനയാണ്, ഉൾവിളിയാണ്. ഈ ആന്തരിക ചോദനയാണ് മോക്ഷത്തെക്കുറിച്ച് അറിയുന്നതിനുള്ള നൈസർഗികത്വര. അങ്ങനെ ഭാരതീയ സങ്കല്പമനുസരിച്ച് ദർശനം എന്നാൽ ഈശ്വരനും ലോകത്തിനും അഥവാ ആത്മാവിനും അനാത്മാവിനും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രസ്താവിക്കുന്ന ശാസ്ത്രം എന്നാണർത്ഥം.

തപം ചെയ്ത് ധ്യാനത്തിൽ തെളിഞ്ഞ നമ്മുടെ ഈ ദർശനങ്ങളുടെ അടിത്തറയിലാണ് ഭാരതീയ സംസ്കൃതി യുഗങ്ങളെ വെല്ലുവിളിച്ചുകൊണ്ട് നിലനിൽക്കുന്നത്. അവ സാംഖ്യം, യോഗം, ന്യായം, വൈശേഷികം, മീമാംസ, ചാർവ്വാകം, വേദാന്തം, ബൗദ്ധം, ജൈനം എന്നിങ്ങനെ കാലങ്ങളിലൂടെ പല പല ശാഖകളായി വികസിച്ചു. ആഴവും പരപ്പുമേറിയ ആ ദർശനങ്ങൾ ഇന്ന് ഭാരതത്തിന്റെ അതിർവരമ്പുകൾ കടന്ന് ലോകംമുഴുവൻ ഇതിന്റെ മാഹാത്മ്യത്തെ മനസ്സിലാക്കിക്കഴിഞ്ഞു.

പ്രാചീന ഭാരതത്തിൽ ആര്യന്മാരുടെ ആഗമനത്തിനു മുൻപുതന്നെ പ്രചാരത്തിലുണ്ടായിരുന്ന ദർശനമാണ് 'യോഗം'. പതഞ്ജലി മഹർഷിയാണ് യോഗദർശനത്തിന്റെ പിതാവ്. പതഞ്ജലിയുടെ കാലഘട്ടത്തെപ്പറ്റി പണ്ഡി


തൻമാർക്കിടയിൽ വ്യത്യസ്ഥ അഭിപ്രായങ്ങളാണുള്ളത് എങ്കിലും അദ്ദേഹത്തിന്റെ കാലത്തിന് എത്രയോ മുൻപുതന്നെ യോഗ സാധനകളെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു എന്ന കാര്യത്തിൽ ഒട്ടുമിക്ക പണ്ഡിതർക്കും ഒരേ അഭിപ്രായമാണ്. എന്നാൽ ആ സിദ്ധാന്തങ്ങളെ സമാധി, സാധന വിഭൂതി, കൈവല്യം എന്നിങ്ങനെ നാലു പാദങ്ങളിലായി 195 സൂത്രങ്ങളിൽ ഒതുക്കി ചിട്ടപ്പെടുത്തി കെട്ടുറപ്പുള്ള ഒരു ദർശനമാക്കി മാറ്റി എന്നതാണ് പതഞ്ജലി മഹർഷിയുടെ സംഭാവന.



ആത്മീയവാദികളായ വേദാന്തികളെ സംബന്ധിച്ചിടത്തോളം യോഗം ആത്മജ്ഞാനത്തിനുള്ള ഒരുപാധി മാത്രമാണ്. ആത്മാവും ബ്രഹ്മവും അഭിന്നമാണെന്ന് മനസ്സിലാക്കുകയും നിർദ്ദിഷ്ടങ്ങളായ യോഗാസനവിധികളെ അവലംബിച്ചുകൊണ്ട് 'അഹംബ്രഹ്മാസ്മി' എന്ന് ഇടവിടാതെ ധ്യാനിക്കുകയും ചെയ്യുക – ഇതാണ് യോഗം. എന്നാൽ പതഞ്ജലിയുടെ അഭിപ്രായത്തിൽ മാനസിക വ്യാപാരങ്ങളെ നിയന്ത്രിക്കുന്നതിനാണ് യോഗമെന്നു പറയുന്നത്. യോഗാഭ്യാസത്തിന് യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിങ്ങനെ എട്ട് അംഗങ്ങളുണ്ട്. ഈ അഷ്ടാംഗങ്ങളുടെ നിയന്ത്രിച്ചു കൊണ്ട് മനുഷ്യന് പടിപടിയായി സ്വയം പരമാനന്ദമെന്ന പരിപൂർണ്ണതയിലെത്തിച്ചേരാൻ കഴിയുമെന്നാണ് യോഗം പ്രഖ്യാക്കുന്നത്.

അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നീ പഞ്ചമഹാവ്രതങ്ങൾക്കാണ് യമം എന്നുപറയുന്നത്. നിയമത്തിൽ ശൗചം അഥവാ ബാഹ്യവും ആന്തരികവുമായ ശുദ്ധി, തപസ്സ്, സന്തോഷം, സ്വാധ്യായം, ഈശ്വര ധ്യാനം എന്നിവയുൾപ്പെടുന്നു. യോഗസാധനകളുടെ പ്രാഥമികോപാധിയായ മനുഷ്യ ശരീരത്തിന്റെ ആരോഗ്യം, സൗന്ദര്യം, ബലം, ശരീരദാർഢ്യം മുതലായവയുടെ പ്രാധാന്യത്തെപ്പറ്റിയോഗസൂത്രത്തിൽ എടുത്തുപറയുന്നു. യമവും നിയമവും വേണ്ടപോലെ അഭ്യസിച്ചാൽ മാത്രമേ ശരീരവും മനസ്സും നിയന്ത്രിക്കാനാവശ്യമായ മറ്റു സാധനകൾ സഫലമാവുകയുള്ളൂ.

മൂന്നാമത്തെയംഗമായ ആസനം പതഞ്ജലിയുടെ അഭിപ്രായത്തിൽ നിശ്ചലവും സുഖകരവുമായ ഇരിപ്പാണ്. നിർദ്ദിഷ്ടമായ ആസനത്തിൽ ഇരുന്നുകൊണ്ട് ധ്യാനിച്ചാൽ ശീതോഷ്ണ സുഖദുഃഖാദികളുടെ ബാധ ഏൽക്കുകയില്ലത്രെ. സുഖാസനത്തിലിരിക്കുന്നു. കൊണ്ടുവേണം നാലാമത്തെയംഗമായ പ്രാണായാമം സ്വീകരിക്കുക. ശ്വാസോച്ഛ്വാസങ്ങളുടെ ഗതിവിച്ഛേദങ്ങളെ നിയന്ത്രിക്കുന്നതിനാണ് പ്രാണായാമം എന്നു പറയുന്നത്. ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാനുള്ള മാർഗ്ഗമാണ് പ്രത്യാഹാരം. മനസ്സിനെ ശരീരത്തിനുള്ളിലോ പുറത്തോ ഏതെങ്കിലും ഒരു പ്രത്യേക സ്ഥാനത്ത് ഉറപ്പിച്ചു നിർത്തലാണ് ധാരണ. ചിത്തത്തിന്റെ ഏകാഗ്രത കൈവരിക്കലാണ് ധ്യാനം. ധ്യാനത്തിലൂടെ ചിത്തം ധ്യേയവസ്തുവിൽ ഏകാഗ്രമായും ഏകതാനമായും താദാത്മ്യം പ്രാപിക്കുന്നു.



ഇങ്ങനെ ചിത്തംധ്യേയത്തിൽ പൂർണ്ണമായും ലഭിക്കുകയും രണ്ടും ഏകരൂപമായി തീരുകയും ചെയ്യുന്ന അവസ്ഥാവിശേഷമാണ് സമാധി. ഈ അഷ്ടാംഗസാധനയുടെയെല്ലാം പരമമായ ലക്ഷ്യം കൈവല്യമാണ്. യോഗസാധനകളിലൂടെ മനുഷ്യർ ബാഹ്യമായുള്ള എല്ലാ ബന്ധങ്ങളെയും വിച്ഛേദിക്കുകയും സംസാര ദുഃഖങ്ങളുടെ എല്ലാത്തരബന്ധങ്ങളിൽ നിന്നും മോചനം നേടുകയും ചെയ്തുകൊണ്ട് പരിപൂർണ്ണനും സ്വതന്ത്രനുമായിത്തീരുന്ന അവസ്ഥയാണ് കൈവല്യം അഥവാ പരമാനന്ദം.

കാലക്രമത്തിൽ യോഗത്തിന്റെ ദാർശനികമായ അടിത്തറ വിസ്തരിക്കപ്പെടുകയും അത് ശാരീരികവും മാനസികവുമായ വ്യായാമങ്ങളുടെ ഒരു സുസംഘടിത വ്യവസ്ഥയായിത്തീരുകയും ചെയ്തു. യോഗത്തിന്റെ ഈ അംശത്തിനാണ് ഇക്കാലത്ത് കൂടുതൽ പ്രചാരണമുള്ളത്.

മേല്പ്പറഞ്ഞ കാര്യങ്ങളെല്ലാം കൊണ്ടു തന്നെ യോഗയുടെ മഹത്വത്തെയും അതുവഴി ഭാരതീയ സംസ്കാരത്തെയും ലോകം മുഴുവൻ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. അതിന്റെയെല്ലാം അനന്തരഫലമായിട്ടാണ് "ജൂൺ–21" അന്താരാഷ്ട്ര യോഗാദിനമയി ആചരിക്കുവാൻ യു.എൻ.ഒ. തീരുമാനിച്ചത്. അങ്ങനെ ഇക്കഴിഞ്ഞ 2015 ജൂൺ 21 ലോകം മുഴുവൻ യോഗാദിഹമായി ആചരിക്കുകയും ചെയ്തു. വിശേഷിച്ച് ഭാരതത്തിൽ അത് വലിയൊരു ആഘോഷമായിത്തന്നെ നടത്തുകയും ചെയ്തു. അങ്ങനെ ലോകരാജ്യങ്ങൾക്കിടയിൽ ഭാരതത്തിന്റെ പ്രശസ്തി ഒരുപടികൂടി ഉയരുകയും ചെയ്തു.

Education

# വിദ്യാഭ്യാസ കച്ചവടവും കേരളവും



രൂപാറാണി എ.എസ്.
സൈബർശ്രീ ഫാക്കൽറ്റി

എം.ബി.എ. ഇരുപതിനായിരം, ബി.ടെക് മൂന്ന് ലക്ഷം, സി.എ.–ഇരുപത്തിയെട്ടായിരം, പ്ലസ്ടു എഴുപതിനായിരം ഇത് ടെലിവിഷനിൽ സ്ക്രോൾ ചെയ്തു പോകുന്ന പരസ്യത്തിന്റെ ചുരുക്കരൂപം. ഇത് സാക്ഷരകേരളത്തിന്റെ അധപതനത്തിന്റെ പരിച്ഛേദം. ഇത് കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളിൽ തുടർന്നുകൊണ്ടിരിക്കുന്ന ദുർനടപ്പുകളുടെ പരിണിതഫലമായി ഈ കച്ചവട വിദ്യാഭ്യാസത്തിനെ നമുക്ക് വിശേഷിപ്പിക്കേണ്ടി വരും. വീട്, കാറ്, ടിവി, പച്ചമുളക്, കറിവേപ്പില ഇങ്ങനെ എന്തും പണം കൊടുത്ത് വാങ്ങാൻ കഴിയുന്ന നമ്മുടെ നാട്ടിൽ ഡിഗ്രിയും പണം കൊടുത്ത് വാങ്ങുന്നത് തെറ്റായി കാണാൻ കഴിയുന്ന ആളുകളുടെ എണ്ണവും കുറഞ്ഞു വരുന്നു. ഇടയിൽ ഒന്നോ രണ്ടോ ആയിരങ്ങൾ മാത്രം കൊടുത്താൽ സെർട്ടിഫിക്കറ്റ് നിർമ്മിച്ച് നൽകുന്ന വ്യാജന്മാരും സജീവം. പരീക്ഷ എഴുതാത്ത കുട്ടികൾക്കു പോലും എ+ കിട്ടുന്ന നാട്ടിൽ വ്യാജസർട്ടിഫിക്കറ്റ് കണ്ട് അത്ഭുതപ്പെടാൻ ഒന്നുമില്ല.


കേരളത്തിൽ ഓരോ വർഷവും ഒന്നാം ക്ലാസിൽ ചേർക്കപ്പെടുന്നത് ലക്ഷക്കണക്കിന് കുട്ടികളാണ്. എന്തും എഴുതി മാർക്ക് നേടാം എന്ന തരത്തിൽ തയ്യാറാക്കിയ ഡി.പി.ഇ.പി. സിലബസിൽ വർഷങ്ങൾ തള്ളിനീക്കി പത്താം ക്ലാസിൽ എത്തുമ്പോഴേക്കും എല്ലാം വിഷയത്തിനും എ+ കൊടുക്കാൻ തയ്യാറായി നിൽക്കുന്ന സർക്കാരും. പകച്ചുപോയി എന്റെ ബാല്യം എന്ന് ചിലരെങ്കിലും ചിന്തിച്ചില്ലെങ്കിലെ അത്ഭുതമുള്ളൂ. നൂറിൽ 90% മാർക്ക് വാങ്ങി വിജയശ്രീ ലാളിതനായി പത്താം ക്ലാസ് പാസ്സാവുന്ന ഈ കുട്ടികൾക്ക് പ്ലസ്ടു കഴിയുമ്പോഴേക്കും കിട്ടുന്ന ശതമാനം അൻപതും അറുപതുമായി മാറുന്നു. റിസൾട്ട് വരുന്ന ദിവസം ഏതെങ്കിലും വിധത്തിൽ പ്ലസ്ടു ചാടിക്കടക്കുന്ന കുട്ടികളെ കാത്ത് സ്കൂൾ ഗേറ്റിൽ നിൽപ്പുണ്ടാവും. എഞ്ചിനീയറിംഗ് കോളേജിലെയും മെഡിക്കൽ കോളേജിലെയും ബ്രോക്കർമാർ. പ്ലസ്ടു രണ്ടാം തവണ എഴുതി പാസ്സായവർക്കും സീറ്റ് റെഡി. എന്നിട്ടും ഈ കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്നത് ആയിരക്കണക്കിന് സീറ്റുകൾ. വർഷങ്ങളിലെ പഠനത്തിനുശേഷം കോളേജിൽനിന്ന് ഇറങ്ങുന്ന കുട്ടികൾക്ക് എണ്ണി തിട്ടപ്പെടുത്താൻ കഴിയാത്ത അത്രയും സപ്ലികൾ മാത്രം ബാക്കിയാവും. ഇത്തരക്കാർക്ക് ജോലി നൽകാൻ കമ്പനികൾക്കും സാധ്യമല്ല. സർക്കാർ വക ജോബ് ഫെയർ എക്സിബിഷൻ എന്നിവ ധാരാളം നടക്കുന്നുണ്ട്. എങ്കിലും അതിൽ ഭൂരിഭാഗം കമ്പനികളുടെയും ശമ്പളം നാലായിരമോ അയ്യായിരമോ ആയിരിക്കും. പിന്നെ ശരണം ബാങ്ക് കോച്ചിംഗോ പി.എസ്.സി. കോച്ചിംഗോ തന്നെ. ഒന്നോ രണ്ടോ വർഷത്തെ കഷ്ടപ്പാടിനു ശേഷം ജോലി കിട്ടിയാൽ രക്ഷപ്പെടാം. അല്ലെങ്കിൽ ഏതെങ്കിലും ചെറിയ സ്ഥാപനങ്ങളിൽ പതിനായിരത്തിൽ താഴെ ശമ്പളത്തിൽ ഒതുങ്ങി കൂടേണ്ട അവസ്ഥ. കെട്ടിവെച്ച കാശ് പോലും തിരിച്ചു കിട്ടാത്ത തെരഞ്ഞെടുപ്പ് സ്ഥാനാർത്ഥിയുടെ അതേ അവസ്ഥ.

വിദ്യാഭ്യാസ കച്ചവട സ്ഥാപനങ്ങൾക്കും വ്യാജന്മാർക്കും പച്ചക്കൊടി കാണിക്കുന്ന നമ്മുടെ വിദ്യാഭ്യാസ വകുപ്പിനും മന്ത്രിമാർക്കും മാറ്റം വരേണ്ട

കാലമായിരിക്കുന്നു. മനോഭാവം മാറേണ്ടിയിരിക്കുന്നു. എന്ത് പഠിക്കുന്നു എങ്ങനെ പഠിക്കുന്നു എന്ന് മനസ്സിലാക്കി മുന്നോട്ട് പോവാൻ നമ്മുടെ കുട്ടികൾക്ക് കഴിയണം. നഗരത്തിലോ മുന്തിയ സി.ബി.എസ്.ഇ. സ്കൂളുകളിലോ മക്കളെ പഠിപ്പിക്കുന്ന അച്ഛനമ്മമാർ മേൽപ്പറഞ്ഞ കാര്യങ്ങളുടെ യുക്തിയിൽ സംശയിച്ചു എന്നു വരാം. എന്നാൽ നമ്മുടെ നാട്ടിലെ സർക്കാർ സ്കൂളുകളിൽ ഇന്നും പാഠപുസ്തകം ലഭിക്കാതെ കുട്ടികൾ പഠിക്കാനും പരീക്ഷ എഴുതാനും നിർബന്ധിതർ ആവുന്നുണ്ട്. എന്നത് ഒരു സത്യാവസ്ഥയാണ്. സ്വകാര്യ സ്കൂളുകളിൽ ചേർന്ന് പഠിക്കാൻ പണം ഇല്ലാത്തതുകൊണ്ട് അവർ നല്ല വിദ്യാഭ്യാസം ലഭിക്കാൻ അർഹരല്ലാതെ ആവുന്നില്ല. ഇത് മനസ്സിലാക്കേണ്ടത് കേരളം ഭരിക്കുന്നവർ തന്നെയാണ്. മഴക്കാലത്ത് കൂണുകൾ പൊട്ടിമുളക്കുന്ന പോലെ ഓരോ വർഷവും ഓരോ മതത്തിനും ജാതിക്കും സംഘടനകൾക്കും മുതലാളിമാർക്കും എഞ്ചിനീയറിംഗ് കോളേജുകളുടെ അംഗീകാരം നൽകുമ്പോൾ വിദ്യാഭ്യാസ കച്ചവടം മാത്രമല്ല വർഗീയതയും കൂടെയാണ് ജനിക്കുന്നത്. മുതിർന്നവരും രാഷ്ട്രീയക്കാരും ചേർന്ന് കുട്ടികളുടെ മനസ്സിലും വർഗീയതയും ജാതി വ്യത്യാസങ്ങളും അടിച്ചേൽപ്പിക്കുന്നു.

പഠനകാലത്ത് നന്നായി പഠിക്കുകയും നന്നായി പരീക്ഷ എഴുതുകയും ചെയ്യുന്ന അനവധി കുട്ടികൾ നമ്മുടെ നാട്ടിലുണ്ട്. ഇതിൽ ദുഃഖിക്കുന്നത് എന്തെന്നാൽ നന്നായി പഠിക്കുന്നവരും അതിന് കഴിയാത്തവരും ഒരേ രീതിയിൽ തുലനം ചെയ്യപ്പെടുന്നു എന്നുള്ളതാണ്. അതിന്റെ പരിണിത ഫലമായി കഴിവുള്ളവരുടെ അവസരം നഷ്ടപ്പെടുകയും ചെയ്യുന്നു. ഉയർന്ന ജാതിയുടെ പേരിൽ തരംതിരിക്കപ്പെട്ടതിനാൽ അവസരം നഷ്ടമാവുന്ന കുട്ടികളും കുറവല്ല. അതിനാൽ കാലഹരണപ്പെട്ട ജാതി സംവരണ വ്യവസ്ഥയിൽ മാറ്റം കൊണ്ടുവരികയും പകരം സാമ്പത്തികവും വിദ്യാഭ്യാസത്തിനും സംവരണം കൊണ്ടുവരേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമായിരിക്കുന്നു.

കേരളത്തിൽ ഒറ്റപ്പെട്ടു കിടക്കുന്ന ആദിവാസം സമൂഹത്തെ പുനരുദ്ധാരണം ചെയ്യാനായി സർക്കാർ പല പദ്ധതികളും ആസൂത്രണം ചെയ്തു എങ്കിലും അതിൽ ഒന്നും തന്നെ ഫലവത്തല്ല. കാടും പുഴയും താണ്ടി സ്കൂളിൽ എത്താൻ വൈകുന്ന കുട്ടികൾ ഇന്നും ഈ സമൂഹങ്ങളിൽ ഉണ്ട്. അങ്കണവാടികളിൽ നടപ്പിലാക്കുന്ന പോഷകാഹാര വിതരണം നഗരങ്ങളിൽ ഫലവത്താണ് എങ്കിലും ആദിവാസി സമൂഹങ്ങളിൽ ലഭ്യമാകുന്നില്ല. എന്നത് പോഷകാഹാര കുറവ് മൂലം മരിക്കുന്ന കുട്ടികളുടെ എണ്ണം എടുത്ത് നോക്കിയാൽ ഏത് സർക്കാരിനും മനസ്സിലാവുമെന്നതേയുള്ളൂ.





ഇങ്ങനെ അങ്കണവാടി മുതൽ ബിരുദതലം വരെ കുത്തഴിഞ്ഞു കിടക്കുന്നു കേരളത്തിന്റെ വിദ്യാഭ്യാസ രംഗം. സ്വന്തം താൽപര്യങ്ങൾക്ക് വേണ്ടി മാത്രം പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരും മന്ത്രിമാരും വിദ്യാഭ്യാസം കച്ചവടമാക്കി മാറ്റുമ്പോൾ നഷ്ടം സംഭവിക്കുന്നത് പാവപ്പെട്ട വീട്ടിലെ കുഞ്ഞുങ്ങൾക്ക് മാത്രം. പാഠപുസ്തകം കീറിക്കളയാൻ കാണിച്ച തിടുക്കം പാഠപുസ്തകം യഥാസമയത്ത് കൊടുക്കുവാനും അതിന്റെ നിലവാരം നിലനിർത്തുവാനും കാണിച്ചിരുന്നു എങ്കിൽ ഭാവിതലമുറയോട് അല്പമെങ്കിലും മര്യാദ കാണിക്കുവാൻ ഈ സർക്കാരിന് കഴിയുമായിരുന്നു. ബീഹാറിലും ആന്ധ്രാപ്രദേശിലും തമിഴ്നാട്ടിലും വിദ്യാഭ്യാസമേഖലയിൽ നടക്കുന്ന പണക്കൊഴുപ്പുകളുമായി കേരളത്തിലെ വിദ്യാഭ്യാസ രീതിയെ ചിലരെങ്കിലും താരതമ്യം ചെയ്തുകാണുന്നു. എന്നാൽ അത്രയും തരംതാണ ഒരു വിദ്യാഭ്യാസ സംസ്കാരം ആണോ നമുക്ക് ഉള്ളത് എന്ന് അവർ ചിന്തിക്കേണ്ടതാണ്. കാലാകാലങ്ങളായി പ്രബുദ്ധമായിരുന്ന കേരളത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കഴിഞ്ഞ കുറച്ചു നാളുകളായി മാത്രം കാണപ്പെടുന്ന ഈ കുത്തഴിഞ്ഞ അവസ്ഥയിൽ മാറ്റം വരാൻ അല്ലേ നാം ശ്രമിക്കേണ്ടത്. അറിവ് പകരേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ അറവുശാലകളാവുമ്പോൾ ഇവിടെ നഷ്ടപ്പെടുന്നത് നമ്മുടെ കുട്ടികൾക്ക് ലഭിക്കേണ്ട നിലവാരമാണ്. കേരളത്തിന്റെ വിദ്യാഭ്യാസ മേഘല അഭിമുഖീകരിക്കുന്ന ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇനിയെങ്കിലും നമ്മുടെ സർക്കാരിന് കഴിയണം. കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും കിട്ടണം നിലവാരമുള്ള വിദ്യാഭ്യാസം. ■






# Convocation-2014





സി-ഡിറ്റ് കമ്മ്യൂണിക്കേഷൻ കോഴ്സ് ഡിവിഷനിൽ നിന്ന് മാധ്യമ പഠനത്തിൽ പി.ജി. ഡിപ്ലോമ, ഡിപ്ലോമ സർട്ടിഫിക്കറ്റ് - കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ കോൺവൊക്കേഷനും സർട്ടിഫിക്കറ്റ് വിതരണവും 2014 സെപ്തംബർ 25-ാം തീയതി പ്രസ് ക്ലബ്ബിൽ വച്ച് ബഹു. വിദ്യാഭ്യാസമന്ത്രി ശ്രീ. അബ്ദുറബ്ബ് നിർവ്വഹിച്ചു. പ്രമുഖ ചലച്ചിത്ര സംവിധായകൻ ശ്രീ.കെ.ആർ.മനോജ് മുഖ്യതിഥിയായിരുന്നു. തദവസരത്തിൽ സി-ഡിറ്റ് ഡയറക്ടർ ഡോ. ബാബു ഗോപാലകൃഷ്ണൻ, രജിസ്ട്രാർ ഡോ. എസ്.എ. ഷാജഹാൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എൻ.കെ. ജയ, ഡെപ്യൂട്ടി ഡയറക്ടർ ജി. ജയരാജ് എന്നിവർ സംബന്ധിച്ചു.





# ബിടെക്കും ഷോർട്ട് ഫിലിമും



ബി. മനോജ്

ഇന്റർവ്യൂ ബോർഡിനെ സഹായിക്കാനായിരുന്നു അയാളുടെ നിയോഗം. ശിപായി തസ്തികയിലേക്കാണ് ഇന്റർവ്യൂ നടത്തേണ്ടത്. പൊതുമേഖലാസ്ഥാപനമായതുകൊണ്ട് ശിപായി എന്നത് 'ഹെൽപ്പർ' എന്നാക്കി പരിഷ്ക്കരിച്ചു. ഹെൽപ്പർ എന്ന വാക്കിന്റെ അർത്ഥവ്യാപ്തി ജോലിയിലുമുണ്ടായേക്കുമെന്നു കരുതി നിലവിലുള്ളവർ ഈ തസ്തികയുടെ പേര് 'വർക്ക് അസിസ്റ്റന്റ്' എന്നാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണത്രേ. ചുരുക്കപ്പേര് 'W Assistant' എന്നും പറയണമെന്നാണ് ആവശ്യം. 'W Assistant' എന്ന ജാട കണ്ടിട്ടാവണം ഇക്കുറി അപേക്ഷകരുടെ എണ്ണം പതിന്മടങ്ങാണ്.

ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനമായതിനാൽ ശാസ്ത്രാഭിരുചി വേണമെന്നും വീഡിയോ ചിത്രനിർമ്മാണം കൂടി നടത്തുന്ന സ്ഥാപനമായതിനാൽ അത്തരം പരിചയ സമ്പത്തും ഗുണകരമായിരിക്കുമെന്ന് തെറ്റിദ്ധരിച്ചാവണം അപേക്ഷകരുടെ എണ്ണം ഇത്തവണ പതിന്മടങ്ങ് കൂടിയതെന്ന് പിന്നാമ്പുറ വാർത്ത. ഏതായാലും, മരത്തൺ ഇന്റർവ്യൂ രണ്ടു ദിവസങ്ങളിലായി നടത്താൻ തീരുമാനമായി. അപേക്ഷകർക്ക് ഇന്റർവ്യൂ കാർഡുമയച്ചു.

ഇന്റർവ്യൂ തീയതി വന്നു. വളരെ ബുദ്ധിപരമായി തന്നെ സ്ഥാപന മേധാവി ടൂർപ്രോഗ്രാം തയ്യാറാക്കി മാറിനിന്നു. കാരണം വ്യക്തം; മൂന്നു ഒഴിവുകൾക്ക് മുപ്പതിലധികം പേർക്ക് ശുപാർശ. അതും ഉന്നതങ്ങളിൽ നിന്ന് എന്നു പറഞ്ഞാൽ പോര, അത്യുന്നതങ്ങളിൽ നിന്ന്. ആരുടെ ശുപാർശ കേൾക്കും? ആരെയും പിണക്കാൻ വയ്യ. ഒടുവിൽ, സ്ഥാപന മേധാവിയില്ലാതെ ഇന്റർവ്യൂ ബോർഡിലുള്ളവർ തന്നെ ഇന്റർവ്യൂ നടത്തി സെലക്ഷൻ ലിസ്റ്റിടാൻ മേധാവി ഉത്തരവിട്ടു. അയാൾ എല്ലാം കണ്ടു നിന്നു.

ഇന്റർവ്യൂ തുടങ്ങുന്നതിനു തൊട്ടുമുമ്പ് അയാൾക്ക് ഫോൺ സന്ദേശം വന്നു. മറ്റാരുടേതുമല്ല, സ്ഥാപന മേധാവിയുടേതുതന്നെ. ഉന്നതങ്ങളിലെ ശുപാർശ നടപ്പാക്കാൻ ബോർഡംഗങ്ങളെ ഓർമ്മിപ്പിക്കാനായിരിക്കുമെന്നാണ് കരുതിയത്. പക്ഷേ, അതല്ലായിരുന്നു. മറിച്ച് സാരോപദേശമായിരുന്നു. 'റൈറ്റ് ആന്റ് ഡിസർവിങ്ങ് കാൻ

ഡിഡേറ്റിനെ മാത്രമേ സെലക്ട് ചെയ്യാവൂ.' അപേക്ഷകരിൽ അതാരാണെന്നു കൂടി പറഞ്ഞു തരുമെന്നാണ് അയാൾ കരുതിയത്. പക്ഷേ, മേധാവി അതു പറഞ്ഞില്ല. പിന്നെ ഒന്നു കൂടി പറഞ്ഞു. 'നോക്കൂ... ഈ ജോലിക്ക് 8-ാം ക്ലാസ്സും സൈക്കിൾ സവാരിയുമാണ് യോഗ്യത. അതോർമ്മ വേണം. പത്തുവരെ പോയാലും കുഴപ്പമില്ല. പക്ഷേ പത്ത് പാസായവനെ വേണ്ട.'

അയാൾക്ക് ആശ്വാസമായി. എന്തായാലും ഒരു ബഞ്ച് മാർക്കായി. പത്ത് പാസായവൻ മുതൽ മുകളിലോട്ടുള്ള വരെ ഒഴിവാക്കാമല്ലോ. എങ്കിലും, എന്തിനായിരിക്കും സാറിങ്ങനെ യോഗ്യതയിൽ ഉറച്ചുനിൽക്കുന്നത് എന്നു സംശയമുണ്ടായി. മേലധികാരിയുടെ ഉദ്ദേശശുദ്ധിയെ സംശയിക്കരുതല്ലോ. ഇന്റർവ്യൂ ബോർഡംഗങ്ങളോട് മേധാവിയുടെ ഇംഗിതം ഇങ്ങനെയാണെന്ന് ഒരുവിധം അയാൾ പറഞ്ഞൊപ്പിച്ചു.

ഇന്റർവ്യൂ ബോർഡംഗങ്ങൾക്ക് കാര്യം പിടികിട്ടിയെന്നാണ് വിശ്വാസം. പക്ഷേ, രണ്ടഭിപ്രായം അവിടെയും വന്നു. ഒന്ന് ഇങ്ങനെ; 'മുന്തിയ ശുപാർശക്കാരന് വിദ്യാഭ്യാസം പത്തിനുതാഴെയായിരിക്കും. ജോലി കിട്ടേണ്ടവനു മാത്രമുള്ള യോഗ്യത നിശ്ചയിച്ച് അപേക്ഷ വിളിക്കുകയും ഇന്റർവ്യൂ നടത്തുകയും ചെയ്യുന്ന ഒരു രീതി നമുക്കിടയിലുണ്ടല്ലോ.' എന്നാൽ, മിതവാദിയായ മറ്റൊരു ബോർഡംഗത്തിന്റെ അഭിപ്രായം മറിച്ചായിരുന്നു. 'അല്ല സാറേ, പി.ജി. എടുത്ത ശിപായി ചായ എടുക്കില്ല.'

ഇന്റർവ്യൂ ആരംഭിച്ചു. ഇന്റർവ്യൂ ബോർഡംഗങ്ങളെ സഹായിക്കാനായി അയാളും ഇന്റർവ്യൂ നടക്കുന്ന മുറിയിൽ ഇരുന്നു. ആദ്യത്തെ ഉദ്യോഗാർത്ഥി എത്തി. വായു കയറ്റി കനപ്പിച്ചു പിടിച്ച് ബോർഡംഗങ്ങൾ ഇരുന്നു. ഇരിക്കാൻ ആംഗ്യം കിട്ടിയ ഉദ്യോഗാർത്ഥി ഇരുന്നു.

എന്താ പേര്?

'ദേവനാരായണൻ'

ഏതുവരെ പഠിച്ചു?

'ബി.ടെക്. ഇലക്ട്രോണിക്സ്'

ശിപായിയുടേതാണ് ജോലി എന്നറിയാമോ?

'അറിയാം സാർ, പിന്നെ ഞാനൊരു ഷോർട്ട് ഫിലിമും എടുത്തിട്ടുണ്ട് സാർ.'

ദേവനാരായണനെ പിന്നെ അധികം ചോദ്യം ചെയ്തില്ല. അടുത്ത ഉദ്യോഗാർത്ഥി വന്നു.

'ജോയ് ഇല്ലക്കൽ എന്നാണല്ലേ പേര്?'



'അതേ സർ'

'എവിടെയാണ് പഠിച്ചത്?'

'ഞാൻ സി.ഇ.ടി. പ്രോഡക്ടാണു സാർ'

ബി.ടെക്. സിവിലായിരുന്നു

'എന്താണ് പേരിലുള്ള ഈ ഇല്ലിക്കൽ?'

'അത് ഫാമിലി നെയിമാണു സാർ'

'എന്റെ ഫാമിലി ഒരു വലിയ ട്രീയാണു സാർ. അതുവെച്ച് ഞാനൊരു ഷോർട്ട് ഫിലിം ചെയ്തിട്ടുണ്ടു സാർ. യൂ ട്യൂബിലുണ്ട്.'

ഇതുകേട്ട് അയാൾക്ക് തലകറങ്ങുന്നുണ്ടോ എന്നു സംശയം. ബോർഡഗംങ്ങൾക്കും സന്ദേഹമായി 'എന്താ എല്ലാവർക്കും യോഗ്യത ബി.ടെക്കും ഷോർട്ട് ഫിലിമും.'

അടുത്തയാളിന്റെ ഊഴമായി. ആളെ കണ്ടപ്പോഴെ ഒരു (കപട) ബുദ്ധിജീവി ശരീരഭാഷ. എങ്കിലും, ശിപായിക്കുവേണ്ട വിനയം മുഖത്ത് സ്പഷ്ടം.

പേരു പറയൂ

'എല്ലാവരും 'അവി' എന്നു വിളിക്കും'

'അവിനാഷ് മേനോൻ എന്നാണ് ഫുൾ നെയിം.'

എന്താ അവി എന്നു പേര് ചുരുക്കിയത്?

'സർ, അതു ഞാൻ ബി.ടെക്കിന് പഠിക്കുമ്പോൾ തന്നെ സിനിമാ കമ്പം കയറി. പിന്നെ കാമ്പസ് വിട്ടിറങ്ങി ഷോർട്ട് ഫിലിമുകൾ ഡയറക്ട് ചെയ്തുനടക്കുമ്പോൾ കൂട്ടുകാരിട്ട പേരാണ് അവി.'

'കിളി പോയി'എന്ന പ്രയോഗം അക്ഷരാർത്ഥത്തിൽ അയാൾ അനുഭവിച്ചറിഞ്ഞു. ഒപ്പം ബോർഡഗംങ്ങളും. അടുത്ത ഉദ്യോഗാർത്ഥി വരും മുമ്പേ ഇനിയുള്ളവരുടെ ലിസ്റ്റിൽ എല്ലാവരുടേയും യോഗ്യത നോക്കി. ഒട്ടുമുക്കാൽ പേർക്കും ബി.ടെക്കും ഷോർട്ട് ഫിലിം നിർമ്മാണവുമാണ് യോഗ്യത. ശിപായി തസ്തികയ്ക്കുവേണ്ടതോ പത്താം ക്ലാസും ഗുസ്തീം. അപ്പോ ഒരു കാര്യം പിടികിട്ടി. പത്താം ക്ലാസും ഗുസ്തീം എന്ന യോഗ്യതക്ക് കാലാനുസാരിയായ മാറ്റം വന്നു. അത് ബി.ടെക്കും ഷോർട്ട് ഫിലിമുമായി. ബുദ്ധിപരമായ അർത്ഥഭേദം.

അതായത് 'പത്താം ക്ലാസ്സും ഗുസ്തീം=ബി.ടെക്കും ഷോർട്ടു ഫിലിമും.'





**രജനി**
ഒ.ഐ.പി. പ്രൊഡക്ഷൻ

# വേർപാട്

അനാഥമാമെൻ ജീവിതത്തിൽ
ജീവനായി മാറി നീ
നിൻകരലാളനങ്ങളും
നിൻ സ്നേഹത്തലോടലും
ഒരു സ്വപ്നമായിത്തീർന്നുവോ

നിന്റെ ജീവന്റെ തുടിപ്പ്
ഉദരത്തിലേറ്റി നിന്നെയും
കാത്തിരുന്നെൻ ജീവിതത്തിൽ
ലോറിയാമപകടത്താൽ
ശരീരം ഛേദിച്ച് വെള്ളയാം
പുതപ്പിനുള്ളിലെ ചലനമറ്റ-
നിൻ ശരീരത്തെ മാറോടണച്ചു ഞാൻ

എൻ ഹൃദയം നിലച്ചപോൽ
ആ നിമിഷമെൻ ഹൃദയനൊമ്പ-
രമെന്തെന്നു ഞാനറിഞ്ഞു.
നമ്മുടെ ജീവിതം പോൽ
അച്ഛനില്ലാതെയനാഥമായി-
ത്തീർന്നുവല്ലോ നമ്മുടെ കുരുന്നു ജന്മവും
ജീവിതമാകുന്നയീ ഇരുട്ടിൽ ഞാൻ
നിന്നെയും മനസ്സിലേറ്റിയെത്രനാൾ നീറട്ടേ....

*With Best Compliments from:*

**MVO Technologies Pvt. Ltd**

Piravom, Ernakulam District

C-dit Authorised Courses, Vaccation Courses,
Networking Courses etc


**Phone: 9947222943**



ദേശബന്ധു കെ.ഒ.

# സ്വാർത്ഥത

കണ്ണ് നനയ്ക്കുന്ന ചില കാഴ്ചകളാണ് നമുക്കു ചുറ്റും
കണ്ടില്ലെന്ന് നാം നടിക്കുന്ന കാഴ്ചകൾ
കാതടപ്പിക്കുന്ന ചില കരച്ചിലുകളുണ്ട് നമുക്ക് ചുറ്റും
കേട്ടില്ലെന്ന് നാം നടിക്കുന്ന കരച്ചിലുകൾ
വായടപ്പിക്കുന്ന ചില സത്യങ്ങളുണ്ട് നമുക്കു ചുറ്റും
അറിയില്ലെന്ന് നാം നടിക്കുന്ന സത്യങ്ങൾ
എല്ലാം കാണുന്നുണ്ടെങ്കിലും ഒന്നും കാണാതെ
എല്ലാം കേൾക്കുന്നുണ്ടെങ്കിലും ഒന്നും കേൾക്കാതെ
എല്ലാം അറിയുന്നുണ്ടെങ്കിലും ഒന്നും മിണ്ടാതെ
ഒന്നും കാണാത്ത കേൾക്കാത്ത മിണ്ടാത്ത
ഒരു സമൂഹത്തെ ഞാൻ കാണുന്നു
മരുന്ന് കിട്ടാതെ മരിക്കുന്നവനേയും
മലം ഭക്ഷിക്കുന്ന മനുഷ്യനേയും
മാനഭംഗപ്പെട്ട് മരിക്കുന്നവളേയും
മുന്നിൽ കാണുന്ന ഉൾപ്പിടച്ചലിലും
മനസ്സമാധാനം നിറഞ്ഞ മനസ്സുമായി
ജീവിക്കുവാൻ എങ്ങനെ സാധിക്കുന്നു.
ഒന്നും ചെയ്യാനാവില്ലെന്ന സ്വാർത്ഥതയിൽ
മൗനം നടിക്കുന്ന മരിച്ചൊരു ജനത
എനിക്കറിയാം ഇത് വായിക്കുന്ന ഒരു നിമിഷം
അത്രമാത്രമാണ് നമ്മുടെ സഹതാപത്തിന്റെ ആയുസ്സ്.





ദേശബന്ധു കെ.ഒ.


# ഓർമ്മകളിൽ എന്റെ ഓണം

ജീവിതയാത്രയിലെ ഏറ്റവും മനോഹരമായ നിമിഷങ്ങളിലേക്കാണ് ഓർമ്മകളുടെ പിൻനടത്തം എന്നെയിപ്പോൾ എത്തിച്ചിരിക്കുന്നത്. മറവികളെ ചുരണ്ടിക്കളഞ്ഞ് ഞാൻ ഇപ്പോൾ എത്തിനിൽക്കുന്നത് കുട്ടിക്കാലത്തെ നാളുകളിലാണ്.

ഓണം എന്നു കേൾക്കുമ്പോഴേ ആദ്യം മനസ്സിലേക്ക് ഓടിയെത്തുക ഓണപ്പരീക്ഷയും അത് കഴിഞ്ഞുള്ള പത്ത് ദിവസത്തെ അവധിയുമാണ്. പൂത്തുമ്പികൾ വട്ടമിട്ടു പറക്കുന്ന അത്തപ്പൂവുകൾ നുള്ളിയെടുത്ത് അനുജത്തിയുമായി ചേർന്ന് അത്തമിടും. തൊടിയിലേയും പരിസരത്തേയും പുല്ലുകൾ ചെത്തി വൃത്തിയാക്കും. ഓണത്തുമ്പികളെ പിടിച്ച് വാല് വാഴപ്പള്ളി നൂലിൽ കെട്ടിത്തൂക്കിയിട്ട് രസിക്കും. തിരുവോണ ദിവസം തൊടിയിൽ ഒറ്റപ്പൂവു പോലും ബാക്കിവയ്ക്കാതെ മുഴുവൻ പറിച്ചെടുത്ത് ഒരു വലിയ അത്തമിടും. കുടുംബത്ത് ബന്ധുക്കളെല്ലാവരും ഒത്തുകൂടി സദ്യ കഴിക്കും. പിന്നെ. ഓണക്കളി, പുലികളി അങ്ങനെ അങ്ങനെ...

കഴിഞ്ഞുപോയ ഓണക്കാലങ്ങൾ ഒരു നേർത്ത വേദനയോടെ എന്റെ മനസ്സിനെ മുറിവേൽപ്പിക്കാറുണ്ട്. മധുരമുള്ള നോവുണർത്തുന്ന വികാരമാണ് എന്റെ മനസ്സിൽ ഓണം. എത്ര പെട്ടെന്നാണ് വർഷങ്ങൾ ഓടി മറയുന്നത്. മറക്കാത്ത അനുഭൂതിയായി എന്റെ മനസ്സ് കുട്ടിക്കാലത്തെ ഓണ നാളുകളിലേക്ക് പോകാൻ വെമ്പിനിൽക്കുന്നു. എത്ര വലുതായി എന്ന് അഹങ്കാരത്തോടെ പറഞ്ഞാലും ഓണനിലാവിലെ ഓർമ്മയുടെ കൽവിളക്കിൽ തിരികൊളുത്തുമ്പോൾ ഞാൻ എന്നും ആ കൊച്ചുകുട്ടിയായി മാറുന്നു.

ഓർത്ത് വച്ചതെല്ലാം എങ്ങോ നഷ്ടപ്പെടുന്ന വേദനയാണ് മറവി. മറവിയുടെ കാലം എന്റെ മനസ്സിനെ അണിയിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ജീവിതത്തിലെ വിലപ്പെട്ടതെല്ലാം ഓണക്കാലത്തെ ഓർമ്മകളിൽനിന്നും പെറുക്കിയെടുക്കാം. മനസ്സിൽ ബാല്യത്തിന്റെ നോവ് ഉണരുമ്പോൾ കൊതിയോടെ ഞാൻ ആഗ്രഹിക്കാറുണ്ട്. ഓണ നാളുകളിൽ അലിഞ്ഞുചേരാൻ.



രജനി
ഒ.ഐ.പി. പ്രൊഡക്ഷൻ



അരവിന്ദ്
ഡിഡിഎംപി



നവീൻ
വീഡിയോ ഗ്രാഫി

# മഹാഹോമവും മേൽശാന്തിയും



പണ്ടു പണ്ട് കേരളനാട്ടിലെ അറിയപ്പെടുന്ന ഒരു ഐ.ടി. ക്ഷേത്രത്തിൽ പുതിയ മേൽശാന്തി എത്തി. ഭരണപരിഷ്കാരത്തിന്റെ ഭാഗമായി ആഴ്ചയിൽ അഞ്ചുദിവസം മാത്രം ക്ഷേത്രത്തിൽ പൂജകൾ മതിയെന്ന് മേൽശാന്തി കല്പിച്ചു. ദർശനത്തിരക്കുള്ള പൂജാരിമാർ മൂക്കത്തു വിരൽവച്ചു. ശിവ ശിവ. ഷേക്സ്പിയർ ഇംഗ്ലീഷും 'സഹസ്രകോടി അർച്ചന'യുമായി കാടിളക്കി പൂജ തുടങ്ങിയ മേൽശാന്തിയെ ക്ഷേത്രത്തിലെ സ്ഥിരം കീഴ്ശാന്തിമാരും സുനാമി വരുമ്പോൾ മാത്രം ക്ഷേത്രത്തിലെത്തുന്ന കീഴ്ശാന്തിമാരും ചേർന്ന് വരുതിയിലാക്കിയത്രെ. അവർ ഉപദേശിച്ചു, 'മഹാ ഐശ്വര്യ'ത്തിന് ഒരു 'മഹാഹോമം' നടത്തണം പോലും. അങ്ങനെ കേട്ടുകേൾവിയില്ലാത്ത ഒരു 'മഹാഹോമം' ക്ഷേത്രത്തിൽ നടന്നു. ഒരു വർഷത്തിനുള്ളിൽ ക്ഷേത്രത്തിൽ സഹസ്രകോടി ഐശ്വര്യം വരുമത്രെ. വിവരമുള്ള പാവം പൂജാരിമാരും ക്ഷേത്ര ജീവനക്കാരും നിലവിളിച്ചു പറഞ്ഞു, അരുതേ...., ഈ ഹോമം ഈ ക്ഷേത്രത്തിനു ചേർന്നതല്ല. മാ നിഷാദ... ആരു കേൾക്കാൻ...? മഹാഹോമത്തിനുശേഷം സ്വന്തം രഥത്തിന്റെ നിറം മാറ്റിയും കോവിലുകളുടെ സ്ഥാനം അടിക്കടി മാറ്റിയും പുറംവാതിലിലൂടെ ക്ഷേത്രത്തിനുള്ളിൽ ജീവനക്കാരെ നിയമിച്ചും നാടുഭരിക്കുന്ന രാജാക്കന്മാരുടെ മുമ്പിൽ വായദോഷം കൊണ്ട് പരിഹാസപാത്രമാവുകയും വരവറിയാതെ ധൂർത്തു നടത്തിയും മേൽശാന്തി ക്ഷേത്രം വാണു വന്നു.

പൂജാവിധികൾ ഒന്നും അറിയില്ലെങ്കിലും മേൽശാന്തിയുടെ വാല്യക്കാരനും അടുക്കളപ്പണിക്കാരനും ക്ഷേത്രം വക കോവിലുകളിൽ പൂജാരിമാരായി. അവിടുത്തെ പൂജാരിമാരെ സ്ഥാനഭ്രഷ്ടരാക്കി, ചിലരെ വനവാസത്തിനുവിട്ടു. വാല്യക്കാരൻ പൂജാരിയാകട്ടെ കിട്ടിയ അവസരം മുതലാക്കി കട്ടുവാരി. ഒടുവിൽ ദേവസ്വം പട്ടാളം കക്കൽ പിടിച്ചപ്പോൾ വാല്യക്കാരൻ മേൽശാന്തിയെ തള്ളിപ്പറഞ്ഞത്രേ. ഹോമത്തിലെ പിഴവാണോ എന്തോ.... കൂടെ നിന്ന കീഴ്ശാന്തിമാർക്കെല്ലാം ഒന്നൊന്നായി പണികിട്ടിതുടങ്ങി. ചിലർ 'നാടുകടത്ത'ലിനും ചിലർ 'നാടുനിരങ്ങ'ലിനും മറ്റു ചിലർ 'എഴുത്തുശിക്ഷ'യ്ക്കും വിധേയരായത്രെ. തൊഴിലുറപ്പിനും കൂലിക്കൂടുതലിനും വേണ്ടി മുറവിളിക്കൂട്ടിയ ക്ഷേത്ര ജീവനക്കാരെ തലങ്ങും വെലങ്ങും ഓടിച്ചും ക്ഷേത്ര സ്വത്തുക്കളായ രഥങ്ങളുടെ നിയന്ത്രണം ഏറ്റെടുത്തും വാല്യക്കാരനായ പൂജാരിയുടെ തലയണമന്ത്രം മാത്രം കേട്ട് പൂജാവിധികൾ നിശ്ചയിച്ച് മേൽശാന്തി വിരാജിക്കവെ, രഥത്തർക്കത്തിൽ ക്ഷേത്രം തന്ത്രിയോടു പ്രഹരം ഏറ്റുവാങ്ങിയത്രെ. തന്ത്രിയുടെ തോഴനായ വെബ്‌രാജസാമിയെ താന്ത്രികവിധി നിർണയിക്കുന്ന കീഴ്ശാന്തിമാരുടെ യോഗത്തിൽ നിന്ന് ഇറക്കിയും വിട്ടത്രെ. ഇതോടെ മേൽശാന്തിക്കെതിരെ പടയൊരുക്കം തുടങ്ങിപോലും.

അധികം വൈകിയില്ല...

ദേവസ്വം ആസ്ഥാനത്തുനിന്നും കൽപനവന്നുപോലും. മേൽശാന്തി ദൈനംദിനപൂജാവിധികൾ ചെയ്യേണ്ടെന്ന്. അത് തന്ത്രിനോക്കിക്കൊള്ളും. മേൽശാന്തിക്ക് ഇനി ഈ ക്ഷേത്രത്തിൽ പതിവില്ലാത്ത 'അതിരാത്രം', 'പുത്രകാമേഷ്ടിയാഗം' എന്നിവയ്ക്ക് പൂജാവിധികൾ കൽപ്പിക്കാമത്രെ. തീർന്നില്ല.... ക്ഷേത്രത്തിൽ എത്തുമ്പോൾ തലേന്നത്തെ പ്രസാദവസ്തുക്കളായ പഴം, പച്ചക്കറി എന്നിവ പരിചാരകർ കാണിക്കവെയ്ക്കും. വായിക്കാനായി താളിയോലഗ്രന്ഥങ്ങൾ കൊടുക്കും. വേണമെങ്കിൽ ശിഷ്ടകാലം അങ്ങനെ കഴിയാമത്രെ. ക്ഷേത്രവിധിക്കെതിരായി പണ്ടു നടത്തിയ ഹോമകുണ്ഡത്തിൽ തെന്നിവീണ മേൽശാന്തിയാകട്ടെ പരിഹാരക്രിയകൾക്കായി പത്മനാഭസ്വാമിക്ഷേത്രത്തിൽ 273 ദിവസത്തെ പ്രഭാത ഉരുളുനേർച്ചയിലാണെന്ന്.

ഒരു 'മഹാഹോമം' വരുത്തിവച്ച വിന.

ശുഭം.




## സ്വാതന്ത്ര്യദിനാഘോഷം 2015

രാഷ്ട്രത്തിന്റെ 69-ാം സ്വാതന്ത്ര ദിനാഘോഷം സി-ഡിറ്റിൽ നടത്തപ്പെട്ടു. 2015 ആഗസ്റ്റ് 15ന് രാവിലെ സി-ഡിറ്റ് മെയിൻ ഓഫീസ് അങ്കണത്തിൽ ഡയറക്ടർ ഡോ. ബാബുഗോപാലകൃഷ്ണൻ ദേശീയ പതാക ഉയർത്തി അഭിവാദ്യം ചെയ്തു.  ചടങ്ങിൽ രജിസ്ട്രാർ ശ്രീ. എസ്.എ. ഷാജഹാൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി എൻ. കെ. ജയ, ഡെപ്യൂട്ടി ഡയറക്ടർ ശ്രീ കെ. മോഹൻകുമാർ, സ. ബൈജു ആട്ടുകാൽ, സ. കുമാർ, സ. അജയൻകുന്നിൽ, ശ്രീ. രോഹിത് പണിക്കർ, സ. രാജേന്ദ്രൻ, സ. വിജയൻ തുടങ്ങിയവർ സംബന്ധിച്ചു.





# പ്രണാമം

ഭാരത മാതാവിൻ യശസ്സ് വാനോളമുയർത്തി
ലോകത്തിൻ മുന്നിലങ്ങ്.
ഇനിയുണ്ടാകുമോ അങ്ങയെപ്പോലൊരാൾ
ഉണ്ടാകട്ടെ ഒരായിരം പേർ
അതാവും അങ്ങേക്കുമിഷ്ടം.

നൂതനമാം ദൗത്യങ്ങളേറ്റെടുക്കാൻ
പുതുപുത്തൻ ചിന്തകളുണർത്തീടാൻ
ഈ മണ്ണിലിനിയങ്ങില്ലെന്ന തിരിച്ചറിവിനാൽ
വിങ്ങുന്നു കോടി കോടി ഹൃദയങ്ങൾ
ശക്തമാം കാറ്റിനാലുലയുന്ന
പായ്‌വഞ്ചി കണക്കേ...

അമ്പരചുംബികളാം സ്വപ്നങ്ങൾ
ഞങ്ങൾക്കേകി യാഥാർത്ഥ്യമാക്കി
സ്വപ്നങ്ങൾക്ക് സ്വർണ്ണ ചിറകുകൾ വിരിയിച്ച്
ജീവിതത്തിൻ വെല്ലുവിളികളാം
യാഗാശ്വത്തെ കൈപ്പിടിയിലൊതുക്കി
പഠിപ്പിച്ചു ഞങ്ങളെ വലിയൊരു പാഠം

ഇതുപോൽ ലോകം നമിച്ചൊരു ഭാരതപുത്രൻ
ജനിച്ചിരുന്നോ ഈ മണ്ണിൽ
അനേക ചിന്തകൾ ഞങ്ങളിലുണർത്തി
വിദ്യയാൽ അനേക ഹൃദയങ്ങളെ തെളിയിച്ച്
കാലത്തിൻ പാച്ചിലിലാണ്ടുപോയീടിലും
മിന്നിത്തിളങ്ങുമെന്നും മായാത്തൊരു നക്ഷത്രബിന്ദുവായ്...



അജി കെ. ജോർജ്
ഒ.ഐ.പി. പ്രൊഡക്ഷൻ

# സംഗമം

**ഹണി**
ഒ.ഐ.പി. പ്രൊഡക്ഷൻ



നീ ആകാശവും ഞാൻ
കടലുമായിരുന്നെങ്കിൽ
ഞാൻ വറ്റി വരളും വരെ
നീ ഇല്ലാതാകും വരെ
കണ്ണിൽ കണ്ണിൽ നോക്കി നമുക്ക്
കാലത്തെ തോൽപ്പിക്കാമായിരുന്നു

വാക്കുകൾ തിരകളായ്
നിന്നിലേക്കുയർത്തുകയും
പ്രണയം മഴയായ് എന്നിലേക്കത്
പൊഴിക്കുകയും
തമസാം നിലാവിൽ സ്വയം മറന്ന്
ചന്ദ്രനക്ഷത്ര ശോഭയിൽ
ഇഴുകി ചേർന്നതും
പകൽ വെളിച്ചത്തിലെ
സൂര്യകിരണങ്ങളിൽ നമ്മൾ
ഒന്നായ് ഉണർന്നതും
പുലർകാല ശാന്തതയിൽ
തിരകൾ പിന്നിലേക്കായ്

നമ്മളെ രണ്ടായ് പിരിച്ചതും
ആ സൂര്യോദയകിരണങ്ങളോ.?
അതോ പ്രപഞ്ചമേ നീ എന്ന സത്യമോ?
അറിയാതെ ഞാൻ നിന്നെ
വീണ്ടുമോർത്തപ്പോൾ
സന്താപംകൊണ്ടെന്റെ മനമീ സന്ധ്യയിൽ
പങ്കായമില്ലാത്ത തോണിയായ്
അതിൽ ഞാനിന്ന് ഏകനായ്
ഓരോ തിരയിലും
ഞാൻ മാത്രം നിന്നെ തിരയുന്നു
മറ്റൊരു സൂര്യാസ്തമയത്തിനായ്

# A BRAND AGAINST DUPLICACY

Brand Protection for Publishers
Customized Holographic Cover Pages.
High Security Gate Pass Labels
Number Plate Foil
Labels for Pharmaceuticals
Labels for Cosmetics
Gift Wrap

Flexible Packaging
Curry Powder Pouches
Spice Powder Pouches
High Security Pouches
Transfer Metalised/ Holographic Paper & Boards
Hologram Base Films
Hot Stamping Foil (Holographic/Normal)
Cold Foil (Holographic/Normal)

FSC
NABCB
TÜV



CHROME HOLORAM




NUMBER PLATE FOIL




GIFT WRAPPING PAPER




Customized Holographic Cover Pages

**RASIK PRODUCTS PVT. LTD.**

rasik foils

Works : 141 km., Delhi-Agra Bypass Road,
Near Alwar Railway Bridge, Krishna Nagar,
MATHURA - 281004 (U.P.) INDIA
Tel.: +91 (565) 3190666
Mob.: +91 9760507547, 9758227275
9557966677, 9837425103

Regd. Office :
99, Govind Dev Temple,
Vrindavan, Mathura (U.P.) INDIA
info@rasikfoils.com, rasikproduct@gmail.com
www.rasikfoils.com



# സൈബർ ദർശൻ

## കാലഘട്ടത്തിന് അനുയോജ്യം

കുറ്റകൃത്യങ്ങളുടെ ഗൗരവമറിയാതെ സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുമ്പോൾ ഇതിനെതിരെയുള്ള ബോധവൽക്കരണ പരിപാടിയെന്ന നിലവിൽ സൈബർ ദർശന് പ്രാധാന്യം ഏറെയാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. കഴക്കൂട്ടം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ സി–ഡിറ്റ് സംഘടിപ്പിച്ച സൈബർ ദർശൻ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം സൈബർ ദർശൻ കാലഘട്ടത്തിനനുയോജ്യമായ പരിപാടിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരളത്തിലെ മുഴുവൻ കലാലയങ്ങളിലേക്കും സൈബർ ദർശൻ പരിപാടി വ്യാപിപ്പിക്കണമെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് സാധ്യമാകുന്ന തരത്തിലുള്ള വൈജ്ഞാനികമായ വളർച്ച വിവര സാങ്കേതിക വിദ്യയിൽ കൈവന്നുകഴിഞ്ഞു. അതേ വിജ്ഞാനമുപയോഗിച്ച് വ്യാപകമായ കുറ്റകൃത്യങ്ങളില്ലാതാക്കാൻ സാധിക്കണമെന്നും മന്ത്രി സൂചിപ്പിച്ചു.

സൈബർ ദർശൻ വെബ്സൈറ്റ് ഉദ്ഘാടനം വ്യവസായ – ഐ.ടി. മന്ത്രി പി.കെ. കുഞ്ഞാലികുട്ടി നിർവ്വഹിച്ചു. സി–ഡിറ്റ് ഡയറക്ടർ ബാബുഗോപാലകൃഷ്ണൻ, രജിസ്ട്രാർ എസ്.എ. ഷാജഹാൻ തുടങ്ങിയവർ പ്രസംഗിച്ചു.








# കണ്ടതും കേട്ടതും




GREEN BUILDING
2012
GREEN BUILDING
2015
1 കോടി
BSNL
കൊണ്ട് പോയി
archivers

TO LET
TO LET
TO LET
C-DIT
C-DIT
TO LET
C-DIT
C-DIT
C-DIT
വാടകക്കെട്ടിടങ്ങൾ മാറി മാറി എടുക്കുന്നു


GOLD MINING OFFICE



COURIER
ENQUIRY


CYBER DARSHAN
Monday to Friday
Indiavision
M.M TV
MB TV
2pm
3pm
4 pm
Asianet
Reporter
5pm
5.30 pm


HOTEL REGENCY Thodupuzha
Reception
ഇവിടെ Engineers-ന് സ്പെഷ്യൽ റൂം വല്ലോം ഉണ്ടോ?
എന്താ?
കരുതൽ 2015



FILE മുക്കിംഗ്
all files cleared


അഴിമതിനിയമനം + ധൂർത്ത് = സാമ്പത്തികപ്രതിസന്ധി


ഐ ആം
ദി സോറി
അളിയാ..
C-Dit
Restructuring



സർക്കാർ
ഉത്തരവ്

# ചാമരൻ



### ◎ നടക്കുന്ന നിലവിളക്ക്....

ടെക്കികളുടെ നാട്ടിൽ സൈബർ സുരക്ഷാ പ്രോജക്ട് ഉദ്ഘാടന മാമാങ്കം. മുഖ്യാസനക്കാർ വേദിയിൽ എത്തിയതോടെ അണ്ണനും കൊച്ചുണ്ണിയും പരക്കം പായൽ തുടങ്ങി. തീപ്പെട്ടിയും, കൈവിളക്കുമാണ് ലക്ഷ്യം. പത്രത്തിൽ ഫോട്ടം വരുമ്പോൾ സ്വന്തം മുഖം ഇല്ലെങ്കിൽ പിന്നെന്തു കാക്രസ്. എങ്ങനെയോ കൈവിളക്കിൽ പിടിമുറുക്കി കൊച്ചുണ്ണി ദീർഘശ്വാസം വിട്ടു. അണ്ണനുണ്ടോ വിടുന്നു. മറിപ്പൻ ആലോചന തുടങ്ങി.




തിരി തെളിക്കാൻ മുഖ്യാസനക്കാർ എണീറ്റതോടെ എല്ലാ കണ്ണുകളും നിലവിളക്കിലേക്ക്..., കാണുന്നില്ല. അപ്പോൾ അതാ ഒരു നിലവിളക്ക് ഒക്കത്തിരുന്ന് മന്ദം മന്ദം നടന്നു വരുന്നു. മുഖ്യൻമാർ നെഞ്ചത്തു കൈവയ്ച്ചുപോയെന്നു വാർത്ത. ആരോ ചെവിയിൽ 'മന്ത്രി'ച്ചത്രെ. ഇതാണ് സി-ഡിറ്റിലെ "ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ" പരിപാടിക്കായി വെള്ളം കോരിയവരും വിറകുവെട്ടിയവരും 'ശശി'.

*ഒരു ഇന്ത്യൻ നിലവിളക്കു കഥ*

### ◎ താങ്കൾ വിളിക്കുന്ന... പരിധിക്കു പുറത്താണ്

ഭഗവാൻ പരിധിയ്ക്കു പുറത്തായിരുന്നതിനാൽ കോടികൾ ഒഴുകുമായിരുന്ന ടെണ്ടർ സമർപ്പിക്കാൻ സി-ഡിറ്റിന് കഴിഞ്ഞില്ലപോലും. മൈനിംഗ് ഉപകരണങ്ങളുമായി പോണ്ടിച്ചേരിയിലെത്തിയ ശാസ്ത്രജ്ഞതൊഴിലാളികൾക്ക് ഭഗവാന്റെ അനുമതി കടാക്ഷം കിട്ടാത്തതിനാൽ പണ്ട് 'ആരോ കമ്പോളത്തിൽ പോയ' പോലെ മടങ്ങേണ്ടി വന്നെന്ന്. ചില സമയത്ത് മൈനിംഗിനേക്കാൾ ഭഗവാന് പ്രിയം 'ദർശന'മാണെന്ന് പ്രശ്നം വച്ചപ്പോൾ തെളിഞ്ഞുപോലും. ഈ ദർശനം ഒരു ഒന്നൊന്നര ദർശനം തന്നെയായിരുന്നെന്നും പിന്നാമ്പുറ കഥ.

*ഒരു വിജിലൻസ് ഡയറിക്കുറിപ്പ്....*

### ◎ ...ബുജി ട്രാവൽസ്

തിരുവല്ലം സ്റ്റാൻഡിലെ ഒരു ദിനം. രാവിലെ പത്തരയോടെ '....ബുജി ട്രാവൽസ്' മുതലാളി കാറിൽ സ്റ്റാൻഡിലെത്തുന്നു. അന്തം വിട്ടപോലെ കാക്കിക്കുപ്പായക്കാർ സലൂട്ട് അടിക്കുന്നു. മുതലാളിയുടെ മുഖത്ത് ലോകം

കീഴടക്കിയ ഭാവം. ഉടനെ തന്നെ സദസ് ആരംഭിക്കുകയായി. “ആരവിടെ... വണ്ടികളുടെ താക്കോൽ കൂട്ടം കൊണ്ടുവരൂ” മുതലാളി അലറുന്നു. താക്കോൽ കൂട്ടങ്ങൾ ഒന്നൊന്നായി കാണിക്കയായി എത്തുന്നു. കാണിക്കവച്ചവരോടായി മൊതലാളി മൈലേജ്, ടയറിന്റെ പ്രഷർ, യാത്രാനുഭവം ഇവ ചോദിക്കുന്നു.




പിന്നീട് അന്നത്തെ ഓട്ടം വിശദീകരിക്കുന്നു. ആരെയൊക്കെ കയറ്റണം, ആരെയൊക്കെ ഇറക്കിവിടണം എന്നിങ്ങനെ. താക്കോൽക്കാർ പുറത്തിറങ്ങി കിളികളുടെ വിളിക്കായി കാതോർത്തു സ്റ്റാൻഡിൽ ഉലാത്തുന്നു. മൊതലാളിക്ക് പെരുത്ത സന്തോഷം. എല്ലാ ഗംഭീരമായില്ലേയെന്ന് ഇടയ്ക്കിടെ ചോദിക്കുന്നു... വെജിറ്റബിൾസ് കൊറിക്കുന്നു.

*കളക്ഷൻ കുറവായതിനാൽ*
*‘കൈരളി’ യിൽ ‘ഷി ടാക്സി’ കളിനിർത്തി.*

### ◎സൈബർ വിദ്വാനും കിട്ടി ‘ഹാക്കിംഗ്’

രാജ്യാന്തര സൈബർ വിദ്വാനും കിട്ടി പഴയ തോഴന്റെ വക ഉഗ്രൻ ‘ഹാക്കിംഗ്’. സൈബർ വിദ്വാന്റെ വിവരക്കേടും അപമാനവും സഹിക്കാതെ വന്നപ്പോൾ പണ്ട് സദ്ബുദ്ധി ഉപദേശിച്ചുകൊണ്ടിരുന്ന പഴയ തോഴൻ ആദ്യം ‘സോഫ്റ്റ് വെയറാ’യും പിന്നെ സാമാന്യം ഭേദപ്പെട്ട നിലയിൽ ‘ഹാർഡ് വെയറാ’യും കൊടുത്തുപോലും. വിദഗ്ദ്ധൻ പ്ലിംഗായി.



ഒടുവിൽ ചക്രവർത്തിയും സൈബർ ലേഡിയും ഇടയ്ക്കുകയറി രംഗം ശാന്തമാക്കി പുറത്തു പറയരുതെന്ന ധാരണയോടെ പറഞ്ഞുവിട്ടത്രെ. സന്ധ്യയായപ്പോൾ മാനഹാനി ഭയന്ന വിദഗ്ദ്ധൻ രാത്രിയിലെ പതിവ് ചാനൽ യുദ്ധം വേണ്ടെന്നു വച്ചു ഹാക്കറെ വിളിച്ചു മാപ്പിരന്നു പോലും.‘നാറ്റിക്കരുത് പ്ലീസ് വയറ്റിപ്പിഴപ്പാണെന്നു’ കാലുപിടിച്ചത്രെ. ഏതായാലും സൈബർ വിദഗ്ദ്ധന്റെ സാന്നിദ്ധ്യമില്ലാത്ത ആ രാത്രിയിൽ ചാനൽ കണ്ടവരുടെ എണ്ണം സർവ്വകാല റിക്കാർഡായെന്നു TAM റിപ്പോർട്ട്.

*ഉഗ്രം... ഉജ്ജ്വലം....*

### ◎നാടുകടത്തൽ

റൊട്ടിക്കടമുക്കിലെ റഷ്യൻ സാമാജ്യത്തിൽ പാമ്പ്, എലി, മരപ്പെട്ടി തുടങ്ങിയ ഹിംസ്ര ജീവികളുടെ ശല്യം കാരണം പട്ടാപകലും ജീവനക്കാർക്ക് പേടിയായത്രേ. ഇവയെ തുരത്താനുള്ള സർവ്വശ്രമങ്ങളും ‘സ്വാഹ’ ആയതോടെ ജീവനക്കാർ തിരുവല്ലം കുന്നിലെത്തി തലൈവിയെ കണ്ടു സങ്കടമുണർത്തിച്ചത്രേ. തലൈവി ഡിജിറ്റൽ കവടിനിരത്തി പരിഹാരക്രിയ നിർദ്ദേശിച്ചെന്ന്. ‘തിരുവല്ലം കുന്നിൽ നിന്നും ഉഗ്രമൂർത്തിയായ തുരപ്പൻ വിദ്വാനെയും സംഘത്തെയും റൊട്ടി കട മുക്കിലേക്കു നാടുകടത്തണം’. പരിഹാരക്രിയ നിർദ്ദേശിച്ച തലൈവി ആരെയോ നോക്കി എന്തോ സാധിച്ചമട്ടിൽ കണ്ണിറുക്കി കാണിച്ചത്രേ.... പ്ലാസ കിന്റർ ഗാർട്ടനിലെ പിഞ്ചു കുഞ്ഞുങ്ങൾക്കു ആപത്തു മാറിക്കിട്ടിയെന്നാണത്രേ തലൈവി ഉദ്ദേശിച്ചത്.

ചടപടാന്നു സജ്ജീകരണങ്ങൾ പൂർത്തിയായി തുരപ്പനും സംഘവും റൊട്ടിക്കടമുക്കിൽ കുടിയേറി. ഇതോടെ ഹിംസ്രജീവികൾ പോയിട്ട് ഉറുമ്പ് പോലും ആ വഴിക്കു വരുന്നില്ലത്രേ. സർവ്വം ശുഭം.

*ഹിംസ്ര ജീവികൾക്കും ജീവനിൽ പേടിയുണ്ടേ....*

### ◎ഓംലറ്റ് ആഫീസ്

വഞ്ചിയൂരിൽ അടുത്തിടെ തുറന്ന ‘അത്യന്താധുനിക’ ആപ്പീസിൽ പകൽ ഇരിക്കാൻ ജീവനക്കാരെ കിട്ടുന്നില്ലെന്നും പണി നടക്കുന്നില്ലെന്നും പരാതി വന്നെത്ര. ഞാഞ്ഞൂലുകളെക്കൊണ്ട് വിറപ്പിച്ചിട്ടും ‘കിം’ ഫലമെന്ന്.

നട്ടുച്ചയ്ക്ക് മുട്ട മേശപ്പുറത്തു വച്ചാൽ തനിയെ ഓംലറ്റാകുന്ന സെൻട്രലൈസ്ഡ് അടുപ്പ് സംവിധാനവും മഴക്കാലത്ത് വെള്ളം ഒരു തുള്ളി പോലും പുറത്തു പോകാത്ത എക്കോഫ്രണ്ട്ലി ക്ലൈമറ്റുമുള്ള ഈ ആപ്പീസിൽ ഇരിക്കാൻ യോഗം ഇല്ലാത്തവരെ എന്തു ചെയ്യണം.

പിടിപാടുള്ള സാറൻമാരാകട്ടെ പ്രോജക്ട്, വട്ടിപ്പിരിവ്, ചെക്ക് സൈൻ, വൗച്ചർ എന്നൊക്കെപ്പറഞ്ഞ് രാവിലെ തന്നെ ഹാജർ കുത്തി സ്ഥലം കാലിയാക്കുമത്രെ. പഴയ കെഎസ്‌യു മച്ചാനെ സഹായിക്കാൻ ഭഗവാൻ ജിയും അങ്കച്ചേകവൻ അണ്ണനും കൂടി ‘അരിഷ്ടം’ ഗോഡൗണിനെ ആപ്പീസാക്കി മാറ്റിയപ്പോൾ പാവം ജീവനക്കാരുടെ ഗതികേട് ആരറിഞ്ഞു. കഷ്ടം.

*‘ലാലിസം....’*

### ◎അതിശയൻ

വിദ്യാസമ്പന്നരായ മിടുക്കൻമാർ പങ്കെടുത്ത ഇന്റർവ്യൂവിൽ എട്ടാം സ്ഥാനക്കാരനായ അതിശയൻ, ഭഗവാന്റെ കടാക്ഷത്തിൽ തിരിമറിയിലൂടെ വഴുതയ്ക്കാട്ടെ വണ്ടിയാപ്പീസിൽ കാര്യക്കാരനായി നിയമിക്കപ്പെട്ടത്രേ...

ആദ്യമൊക്കെ ഹരിവരാസനം മൂളി പഞ്ചപുച്ഛം അടക്കി ചായയും വടയും വാങ്ങിക്കൊടുത്ത പയ്യൻ പിന്നെ പതിവു ശീലങ്ങളായ വണ്ടിക്കച്ചവടം, തട്ടിപ്പ്, വെട്ടിപ്പ്, കമ്മീഷന ടി എന്നീ ലീലാ വിലാസങ്ങൾ പുറത്തെടുത്തു പോലും. കൊല്ലക്കുടിയിലെ ഈ 'സൂചി' വിൽപന സഹിക്കാതാ യപ്പോൾ റിഷി രാജസിങ്കങ്ങൾ പയ്യനെ രായ്ക്കുരാമാനം കുറിമാനം നൽകി വഞ്ചിയൂരിലേക്കു നാടുകടത്തിപോലും

*പഠിച്ചതല്ലേ പാടൂ....*

### ◎ഗോർക്കി ഭവനിൽ മൂഷിക പുരാണം തുടരുന്നു...

വർഷങ്ങളായി മൂഷിക പുനരധിവാസ ഭവനമായി തുടർന്നി രുന്ന ക്യാമാറാ സ്റ്റോറിൽ നിന്നും കൂട്ടത്തോടെ വിഘ്നേ ശ്വര വാഹകരെ ഒഴിപ്പിച്ച് അവിടെ ശുദ്ധികലശം നടത്തി തന്ത്രപ്രധാനിയും, അഗ്രഗണ്യനുമായ ശാസ്ത്രജ്ഞനെ കുടിയിരുത്തി. എന്നാൽ മൂഷികപ്പട കൂട്ടത്തോടെ എഡിറ്റ് സ്യൂട്ടുകളിലേക്ക് ചേക്കേറി വാസമുറപ്പിച്ചു. അതിൽ ഒരു മൂഷിക കുടുംബം അവിടെ സൂക്ഷിച്ചിരുന്ന ഡൽഹി യൂണിവേഴ്സിറ്റിയിലെ പരിസ്ഥിതി വിഭാഗം പ്രൊഫസ റുടെ ക്യാമറാ ബാഗിൽ കയറി താമസമാക്കി ക്യാമറയും മറ്റു സാമഗ്രികളും കടിച്ചുപിന്നിയും മൂത്രമൊഴിച്ചും ന ശിപ്പിച്ചു. തവള ഗവേഷണത്തിൽ ലോക പ്രശസ്തനായ പാവം ശാസ്ത്രജ്ഞൻ മൂഷിക ഭവനത്തിൽ നിന്നും അവ ശേഷിച്ചു കിട്ടിയ ഭാഗങ്ങളുമായി ഡൽഹിക്ക് മടങ്ങി. എന്ത് വിലകൊടുത്തും മൂഷിക വംശത്തെ തുരത്താൻ ഗ്രൂപ്പ് ഹെഡിന്റെ നേതൃത്വത്തിൽ പ്രൊഡക്ഷൻ കുമാരൻമാർ തീരുമാനിച്ചു. എലിപ്പത്തായങ്ങൾ പലവിധം പലവഴി വന്നു നിരന്നു. എലിയെ ആരുപിടിക്കും? ചർച്ച.... ചർച്ച ഒടുവിൽ പാർട്ട് ടൈം സ്വീപ്പറെ ഏൽപ്പിച്ചു. കള്ളിമുണ്ടു മാത്രം ധരിക്കൂ എന്ന് ശപഥം ചെയ്ത സ്വീപ്പറുടെ ഡ്യൂട്ടി 1 മണിക്ക് അവസാനിക്കുന്നതിനാൽ എലിപ്പത്തായങ്ങളിൽ ഉണക്കമീൻ വച്ച് കെണി ഒരുക്കി ഗോർക്കി ഓഫീസിലെ എല്ലായിടത്തും സ്ഥാപിച്ചു പാർട്ട് ടൈം സ്വീപ്പർ സ്ഥലവും വിട്ടു. ഗ്രൂപ്പ് ഹെഡ് ഇല്ലാത്ത നേരത്ത് മുറിയിൽ സ്ഥാപി ച്ചത് വലിയ അയിലമീൻ ഉണക്കിയതായിരുന്നു. തിരിച്ചെ ത്തിയ ഗ്രൂപ്പ് ഹെഡ് നിലവിളിച്ചു കൊണ്ട് പുറത്ത് ചാടി ചാടി ഓടി – നാറ്റം സഹിക്കാതെ മൂഷിക സംഘത്തിനു പ്രിയം മൗസ്, ഹെഡ്ഫോൺ ക്യാമറ ചില പ്രത്യേക ഇല ക്ട്രോണിക്സ് സാധനങ്ങൾ മാത്രമാണ്. പി.ആർ.ഡി. യുടെ ന്യൂസ് ട്രാക്കിംഗ് പ്രോജക്ടിൽ ഹെഡ്ഫോണും, മൗസ്സും വാങ്ങി ഫണ്ടു തീർന്നെന്നാണ് കേൾക്കുന്നത്.

എന്തായാലും 4 എഡിറ്റ് സ്യൂട്ടുകളും, 3 ക്യാമാറാ യൂണി റ്റുകളും അടിയന്തിരമായി വാങ്ങിയിട്ടുണ്ട്. ഓണസമ്മാന മായി അത് ഉടനെ മൂഷിക രാജ്യത്തിനായി സമർപ്പിക്കും. നാരദർ വാഴും ഗോർക്കിയിൽ; എന്തര് മൂഷികൻ – എന്തര് സ്വീപ്പർ, എന്തര് ഗ്രൂപ്പ് ഹെഡ്, അയല ആയാലും നെ ത്തോലി ആയാലും, എലിപ്പത്തായമായാലും,....

*ദീപസ്തംഭം മഹാശ്ചര്യം.....*

### ◎സൈബർ വിദഗ്ദ്ധനും ഇന്റർപോളും

രാജ്യാന്തര സൈബർ വിദഗ്ദ്ധന്റെ 'രണ്ടാംവരവ്' വളഞ്ഞ വഴിയല്ലേയെന്നു അന്വേഷണ ഏജൻസിക്കും പൊരുത്ത സംശയമായി പോലും. ഏജൻസി സാറൻമാർ പലതവണ കേറിയിറങ്ങിയിട്ടും ഫയൽ കൊടുക്കാതെ 'ദൃശ്യം' സിനി മയെ വെല്ലുന്ന ഡയലോഗുകളുമായി തിരുവല്ലം കുന്നിലെ ആശാൻമാർ വട്ടം ചുറ്റിച്ചത്രേ. ഒടുവിൽ സഹികെട്ടപ്പോൾ വിദഗ്ദ്ധന്റെ 'മറിപ്പൻ വരവ് അന്വേഷണം' ഇന്റർപോളിനു കൈമാറി പോലും. വിദഗ്ദ്ധൻ രാജ്യാന്തര പ്രശസ്തനായ തുകൊണ്ടാണത്രേ ഇന്റർപോളിനെ അന്വേഷണം ഏൽപ്പി ച്ചത്. ഇന്റർപോളിനു നിർദ്ദേശം പോയ ഉടനെ തന്നെ മുങ്ങിയ ഫയൽ 'ശ്രീകണ്ഠേ'ശ്വരം ഭാഗത്തു പൊങ്ങിയ തായും വാർത്ത.

*വരാനുള്ളത് വഴിയിൽ തങ്ങില്ല.*

### ◎ഒരു കിഴക്കൻ സെൽഫി

സ്റ്റാച്ച്യുവിനു കിഴക്ക് ഒരു രാജ്യത്തെ പ്രജകളുടെ വൗച്ച റുകൾ കണ്ട് ഓഡിറ്റ് സംഘം അന്തം വിട്ടെന്നു വാർത്ത. ആപ്പീസ് സമയത്ത് നടത്തിയ ചോദ്യപേപ്പറിന്റെ പ്രൂഫ് റീ ഡിംഗിനു വരെ കാശ് അടിച്ചതായി കണ്ടുപോലും. പണ്ട് ഈ പണിയൊക്കെ ആരോടും പരിഭവമില്ലാതെ അധിക ക്കൂലി വാങ്ങാതെ ചെയ്ത ഒരു പാവം സാറ് ജീവിച്ചിരിപ്പു ണ്ട്. ഇപ്പോൾ തിരുവല്ലം കുന്നിൽ 'സൂര്യനമസ്കാര'ത്തി ലാണെന്നു മാത്രം. ചെന്നാൽ കാണാം. തീർന്നില്ല.. പാ തിര ആയാലും ഓഫീസിൽ നിന്ന് പുറത്തു പോകാതെ 'ഓറ്റി'യടിക്കുന്ന വരെ കണ്ട സംഘം അവരോടൊത്ത് സെൽഫിയെടുത്തെന്നും സംസാരം. 'റെയർ പീസല്ലേ. വാട്സ് ആപ്പിൽ' ഇടാമല്ലോ. അവിടുത്തെ രാജാവ് പണ്ട് ടൈംടേബിളിന്റെ കാലൊടിഞ്ഞവകയിൽ കാശ് അടിച്ചുമാ റ്റിയ ആളാണെന്നുകൂടി അറിഞ്ഞതോടെ സംഘം ജീവനും കൊണ്ട് രക്ഷപ്പെട്ടത്രേ.

*'ഓപ്പറേഷൻ സക്സസ്..*
*ബട്ട് പേഷ്യന്റ് എബൗട്ട് ടു ഡൈ'*

### ◎അസിസ്റ്റന്റ് മാനേജർ, സീനിയർ മാനേജർ എന്നിവരെ ആവശ്യമുണ്ട്....

തിരുവനന്തപുരം നഗരാർത്ഥിയായ തിരുവല്ലം കുന്നിനു മുകളിൽ പ്രവർത്തിച്ചുവരുന്ന ഒരു സ്വയം ഭരണ സ്ഥാപന ത്തിന്റെ ക്യാമ്പസിൽ നിറഞ്ഞു കവിഞ്ഞ ശ്വാനകൂട്ടത്തെ ന ിർമ്മാർജ്ജനം ചെയ്യുന്നതിലേക്കാണ് നിയമനം. നിയമനം ആദ്യം താൽക്കാലികമായിരിക്കും. തൊഴിലിൽ കാട്ടുന്ന ആത്മാർത്ഥതയനുസരിച്ച് മൂന്നു മാസത്തിനുള്ളിൽ സ്ഥിര പ്പെടുത്തും. വേതനം ഒരു ദിവസം പിടിക്കൂടുന്ന ശ്വാനൻമാ രുടെ എണ്ണത്തിനനുസരിച്ചായിരിക്കും (പീസ് വർക്ക്).




ഓരോ തസ്തികയുടെയും വലത്തേയറ്റത്ത് (ഡോഗ് കാച്ചർ) ചേർക്കുന്നതാണ്. അപേക്ഷകൾ കാലതാമസം കൂടാതെ ബന്ധപ്പെട്ട ഓഫീസിലെ എ.ഒ.അല്ലെങ്കിൽ മാനേ ജർ അഡ്മിൻ ഇവരുടെ കയ്യിലെത്തിക്കേണ്ടതാണ്.

നിലവിൽ കുംഭകർണ്ണസേവ നടത്തി ജീവിക്കുന്ന സീനിയറും പരിചയസമ്പന്നരുമായ മാനേജർമാരെ ചുമതലപ്പെടുത്തി അഴിമതി നിയമനം ഒഴിവാക്കാവുന്നതാണ്.

*Dog is also a part of our life-മേനകാഗാന്ധി.*

**◎വഴുതയ്ക്കാട് പുതിയ കിന്റർഗാർഡൻസ്.....**

ഡിജറ്റലിമേജിംഗ്, വെബ് ഹോസ്റ്റിംഗ് എന്നിവയിൽ പ്ലേ സ്കൂൾ മുതൽ പരിശീലനം നൽകുന്നു. ഈ മേഖലയിൽ അറിയപ്പെടുന്ന ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ദ്ധരുമാണ് പ്രധാന അധ്യാപിക, ഹെഡ്മാസ്റ്റർ എന്നീ ചുമതലകൾ വഹിക്കുന്നത്. പണിക്കർ ആശാന്റെയും വിഘ്നേശ്വര മേശിരിയുടെയും തൊഴിൽ അധിഷ്ഠിത ഡിജിറ്റൽ പരിശീലനവും ഇതോടൊപ്പം നൽകുന്നുണ്ട്. തികഞ്ഞ അച്ചടക്കത്തോടെയാണ് പരിശീലനം.



കുട്ടികൾ പരിശീലന സമയങ്ങളിൽ പുറത്തുപോകാൻ പാടുള്ളതല്ല. പാലും ബിസ്ക്കറ്റും കഴിക്കേണ്ട സമയത്ത് പരിചയസമ്പന്നരായ ആയമാർ അത് നൽകും. അനുസരിക്കാത്ത കുട്ടികൾക്കായി പട്ടിക്കൂട് സജ്ജമാക്കിയിട്ടുണ്ട്.

*"വളയ്ക്കുക....! ഒടിക്കരുത്...!"*

**◎വഞ്ചിയൂർ സിൻഡ്രം....!!!**

വഞ്ചിയൂർ ദേശത്ത് 'വെട്ട്'കിളി ശല്യം വർദ്ധിക്കുന്നതായി പരാതി. വാടക കെട്ടിടങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഉഷ്ണമേറിയ രണ്ടാം നിലകളും മഴയത്ത് വെള്ളം മുറികളിൽ കയറുന്നതുമായ വീടുകളാണ് വെട്ട് കിളികൾക്ക് കൂടുതൽ പ്രിയം.

വീടിനുള്ളിലെ പാഴ്സൽ, വേസ്റ്റ്പേപ്പർ, ബാഗ്, നനയുന്ന മെറ്റീരിയൽസ് എന്നിവയുടെ അവശിഷ്ടങ്ങളാണ് ഇവറ്റയുടെ ഏറെ ഇഷ്ടപ്പെട്ട ആഹാരം. ആഹാരത്തിന്റെ വിഹിതം മുതിർന്ന കിളികൾക്ക് എത്തിക്കാറുണ്ടെന്നാണ് കേൾവി. വഞ്ചിയൂർ ദേശം വിട്ടുമാറാതെ നിൽക്കുന്ന കിളി സംഘം വീട്ടുകാരെ ഉപദ്രവിച്ച് ചിലരെ പുറത്താക്കിയത്രേ.... തിന്ന് കൊഴുത്ത് ശക്തന്മാരായ വെട്ടുകിളിക്കൂട്ടത്തെ തുരത്താൻ കഴിയാതെ അധികാരികളും പേടിച്ചു കഴിയുകയാണത്രേ.

*"കൊന്നാൽ പാപം തിന്നാൽ തീരുമോ?"*

**◎റഷ്യയിൽ എഡിറ്റ്സ്യൂട്ട് സഞ്ചരിക്കുന്നു.**

വിഷൽ സാങ്കേതിക വിദ്യയുടെ പുതിയ കണ്ടെത്തലിന്റെ ഫലമായി റൊട്ടിക്കട മുക്കിലെ റഷ്യൻ സെന്ററിൽ നിന്നും സഞ്ചരിക്കുന്ന എഡിറ്റ് സ്യൂട്ടിന്റെ യാത്ര ആരംഭിച്ചുവെന്ന്.... ഒരിടത്ത് കുറ്റിയടിച്ചിരുന്ന് എഡിറ്റ് ചെയ്യുക എന്ന പഴഞ്ചൻ രീതിയെ മാറ്റിമറിച്ചുകൊണ്ടാണ് ഓടി നടന്ന് എഡിറ്റു ചെയ്യുവാൻ കഴിയുന്ന വിദ്യ കണ്ടുപിടിച്ചിരിക്കുന്നത്.



ആവശ്യക്കാർക്ക് ആവശ്യാനുസരണം ഓരോ ജംഗ്ഷനിലും വീട്ടുമുറ്റത്തും പൊറ്റക്കാട്ടിനുള്ളിലുമെല്ലാം സ്യൂട്ടിന് എഡിറ്റ് ചെയ്തു നൽകാൻ കഴിയുമത്രേ.... സർക്കാരിന്റെ 676 നമ്പർ പദ്ധതിയുടെ ഭാഗമായി ഗവേഷണം നടത്തി കണ്ടെത്തിയതാണ് സഞ്ചരിക്കുന്ന എഡിറ്റ്സ്യൂട്ട് എന്നാണ് കേൾവി. രണ്ടാം ഘട്ടത്തിൽ എല്ലാം അടങ്ങുന്ന സഞ്ചരിക്കുന്ന പ്രൊഡക്ഷൻ സെന്ററാക്കി മാറ്റാനുള്ള ശ്രമത്തിലാണത്രേ ഇവിടത്തെ ഗവേഷകർ.

*"ചക്രമുള്ള വാഹനത്തിനെ സഞ്ചരിക്കാൻ കഴിയൂ.... "*

**◎സുരക്ഷാഭടന് കഷ്ടകാലം...**

വഴുതക്കാടുള്ള ഒരു ഗവേഷണകേന്ദ്രത്തിലെ കാവൽ ഭടന് പറ്റിയ അബദ്ധ കാരണം ജോലി തെറിച്ചെന്ന്...




പാന്റും ഇൻസർട്ട് ചെയ്ത് വന്ന സുമുഖനായ ചെറുപ്പക്കാരനെ കണ്ട കാവൽഭടന് അത് യേമാനാണെന്ന് മനസ്സിലാകാതെ പോയത്രെ... മനസ്സിലായപ്പോഴേക്കും വെപ്രാളത്തിൽ സല്യൂട്ട് അടിച്ചതാകട്ടെ ഇടതു വശത്തായിപ്പോയി എന്ന്. ബഹു. യേമാൻ ഉടൻ തന്നെ ഭടനെ ഡീബാർ ചെയ്തുവെന്ന് കേൾവി.

*"കൂനിൻമേൽ കുരു"*

### ◎പ്ലാസ പാർക്കിൽ വൻതിരക്ക്....

അടിപൊളി സെറ്റപ്പുമായി പ്രവർത്തനം ആരംഭിച്ച പ്ലാസ പാർക്കിൽ വൻജനതിരക്കാണ്.

പുറത്ത് നിന്നു കാണുന്നതുപോലെ അല്ല അകത്ത് നിന്ന് പുറത്തേക്ക് നോക്കിയാൽ. വിശാലമായ ഷോപ്പുകൾ... "മേയ്ക്കപ്പ്"

കുപ്പിവളകൾ, ഗ്രഹോപകരണങ്ങൾ തുടങ്ങി എല്ലാ ഇനം ഷോപ്പുകളിലും കയറി കഴിഞ്ഞ് ഒരു ചിട്ടി പിടിച്ച് സർക്കാർ സ്ഥാപനങ്ങളുടെ വർണ്ണോജ്ജ്വലമായ സൈറ്റുകളും കണ്ട് രസിച്ച് ശീതള പാനീയവും കുടിച്ച് ഡിജിറ്റൽ പാർക്കും കണ്ട് പുറത്ത് കടക്കാം.

ഒരു വാഹനത്തിനു മുകളിലായി ഏറെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യാപഠനത്തിൽ മുഴുകിയിരിക്കുന്ന പാർക്കിലെ ടെക്കികളെയും കാണാം.

വരുന്നവർക്ക് വിശ്രമിക്കാൻ ആഡംബര ക്യാബിൻകൂട്ടവും ചർച്ചകൾക്കായി വട്ടമേശ സൗകര്യവും ഒരുക്കിയുണ്ടെ ത്രെ...പ്ലാസ പാർക്ക് ജനശ്രദ്ധാകേന്ദ്രമാകുകയാണ് എന്ന്.

ഓരോ വർഷവും ഓരോ സ്ഥലത്ത് സെറ്റു ചെയ്യുന്ന പാർക്ക് അടുത്ത വർഷം ഗണപതിക്ഷേത്രത്തിനു മുന്നിൽ ഗാന്ധിപാർക്കിലാവും എന്ന് കേൾവി.

*- പടിഞ്ഞാറേക്കോട്ട കഴിഞ്ഞാൽ അറബിക്കടൽ -*

### ◎കരിങ്കടമുഗളിൽ ഓരോ ബഞ്ച് വേണമെന്നാവശ്യം ഉയരുന്നു...


വിജിലൻസ്, ലോകായുക്ത എന്നീ അഴിമതി നിർമ്മാർജ്ജന സംഘത്തിന്റെ പ്രവർത്തനം അതിവേഗത്തിലാക്കുന്നതിന് കരിങ്കട മുകളിൽ ഈ കോടതിയുടെ ഓരോ ബ്രാഞ്ച് വേണമെന്ന് നിവാസികൾ... കരിങ്കടമുകളിനു സമീപം സ്ഥിതി ചെയ്യുന്ന ഗവേഷണസ്ഥാപനത്തിൽ സ്ഥിരം സന്ദർശിച്ച് ഫയലുകൾ എടുത്തുകൊണ്ടുപോയി പരിശോധിക്കുന്നതിന്റെ ബുദ്ധിമുട്ട് ഒഴിവാക്കാനാണത്രെ ബ്രാഞ്ച് വേണമെന്ന് ആവശ്യപ്പെടുന്നത്.

ബഞ്ച് കൊണ്ടിട്ടാൽ അതും അടിച്ചോണ്ടുപോകും. അടിച്ചുമാറ്റാൻ കഴിയാത്ത ബഞ്ചിനായുള്ള ശ്രമത്തിലാണെന്ന്

*കരിങ്കൽ ബഞ്ചാണ് ഉത്തമം.*

### ◎അഭിനവരാമായണം...

രാമനും രാവണനും ഭായ് ഭായ്...അഭിനവവഞ്ചിയൂർ രാമായണ യുദ്ധാവസാനം രാമനും രാവണനും ഭായ്മാരായി വാഴുന്നു എന്ന് കേൾവി.



സീതയെ കട്ടുകൊണ്ടു പോയ രാവണനെ വധിക്കാൻ രാമനും കൂട്ടരും ലങ്ക ആക്രമിച്ചെങ്കിൽ വഞ്ചിയൂർ ദേശത്തെ സകലതും കട്ടുമുടിക്കുന്ന രാവണസംഘവുമായി രാമൻ സന്ധിയിലായെന്ന്.

കലികാലം മറികടക്കാൻ രാമരാജ്യത്തെയും പ്രജകളെയും രക്ഷിക്കാനുള്ള തന്ത്രപരമായ നീക്കമാണത്രെ രാമന്റേത്. നല്ല ഹനുമാന്മാരില്ലാതെപോയി... ലക്ഷ്മണന്മാരാവട്ടെ വനവാസത്തിലും...രാമനാകട്ടെ ഇനിയോരു വനവാസം താങ്ങാനും വയ്യ..

*കലികാലം*

### ◎സീറോ അവർ ചോദ്യോത്തരവേള....

ചോദ്യം 1 : താങ്കൾ എവിടെ ജോലി ചെയ്യാൻ ആഗ്രഹിക്കുന്നു.

ഉത്തരം : വഞ്ചിയൂർ കോടതിയുടെ അടുത്ത്

ചോദ്യം 2 : കോടതിയിൽ പോകാനാണോ താല്പര്യം.

ഉത്തരം : അല്ല ജയിലിൽ പോകാനാണ്.

ചോദ്യം 3 : വഞ്ചിയൂരിൽ ജയിൽ ഉണ്ടോ.

ഉത്തരം : ഇല്ല അവിടെ പോയാൽ ജയിലിൽ പോകാം.

ചോദ്യം 4 : അത് എങ്ങനെ ഒരു ക്ലൂ തരാമോ?

ഉത്തരം : അവിടെ പല വകുപ്പുകൾ ഉണ്ട്, വെട്ടിപ്പ്, തട്ടിപ്പ്, അടിച്ചുമാറ്റൽ, കമ്മീഷൻ.

ചോദ്യം 5 : മറ്റൊരിടത്തും ഈ സൗകര്യങ്ങൾ ഇല്ലേ, മറ്റൊരിടവും ഇഷ്ടമല്ലേ?

ഉത്തരം : ഇവിടെയാണ് ഏറ്റവും അധികം സാദ്ധ്യതകൾ ഉള്ളത്. എനിക്ക് ഏറെ ഇഷ്ടപ്പെട്ട സ്ഥലം ഞങ്ങൾ അവിടെ മാത്രമേ പോകൂ..

ചോദ്യം 6 : ആരാണ് ഞങ്ങൾ...

ഉത്തരം : നിങ്ങൾക്ക് അറിയാമല്ലോ...ഞാൻ പറയില്ല..ട്രേഡ് സീക്രട്ടാണ്.

ചോദ്യം 7 : ഇതൊന്നും ആരും കണ്ടുപിടിക്കാറില്ലേ?

ഉത്തരം : കണ്ടുപിടിച്ചല്ലോ...എന്നിട്ട് എന്തായി?

ചോദ്യം 8 : കണ്ടുപിടിച്ചിട്ട് ഒന്നും ചെയ്തില്ലേ? എന്താ കാരണം?

ഉത്തരം : ഒന്നും ചെയ്തില്ല.. കൂടുതൽ സൗകര്യം ഒരുക്കി തന്നതേയുള്ളൂ. അതേ..ഭരിക്കുന്നവരെല്ലാം ഞങ്ങടെ കൂട്ടരാ...അറിയാമോ.

ചോദ്യം 9 : എന്നെങ്കിലും ശിക്ഷിച്ചാലോ?

ഉത്തരം : ആദ്യം ഒതുക്കാൻ നോക്കും. രക്ഷയില്ലെങ്കിൽ ജയിലിൽ പോകും.

ചോദ്യം 10 : ജയിലിൽ പോകാൻ അത്രയ്ക്ക് ഇഷ്ടമാണോ?

ഉത്തരം : എനിക്ക് ചപ്പാത്തിയും ചിക്കനും വളരെ ഇഷ്ടമാണ്. കഴിച്ചിട്ടുള്ളവരെല്ലാം പറയുന്നു ..നല്ല ടേസ്റ്റാണെന്ന്.

*ആഗ്രഹിക്കാം...അത്യാഗ്രഹിക്കരുത്.*

### ◎കവടിയാറിൽനിന്നും 'പ്രേമ'ത്തിനു വൻ ഇടി

കവടിയാർ കൊട്ടാരത്തിനുസമീപം നവമാധ്യമകോഴ്സുകൾ പഠിപ്പിക്കുന്ന കേന്ദ്രത്തിൽനിന്നും പ്രേമം സിനിമയ്ക്ക് വിദ്യാർത്ഥികളുടെ തള്ളിക്കയറ്റമാണെന്ന്. ദൃശ്യമാധ്യമ വിദ്വാൻ പ്രൊഫസർ ശിവമണിയുടെ ജ്ഞാനപ്രഭാഷണത്തിന്റെ കടന്നുകയറ്റത്തിൽനിന്നുമുള്ള എസ്കേപ്പിനാണത്രെ പാവം കുട്ടികൾ 'മലരി'ൽ അഭയം തേടിയത്. പ്രേ

മത്തിന്റെ രണ്ടാം ഭാഗം കാത്തിരിക്കുകയാണ് കൊട്ടാര അയൽവാസികളായ ശിഷ്യർമഠം.

*വിധിയെ തടുക്കാനാകുമോ?*

**◎ പത്മവിഭൂഷൺ കുഞ്ചാലുംമൂടിന്റെ സേവനം നീട്ടി നൽകി..**

റിട്ടയർമെന്റ് നിരോധിച്ച സി-ഡിറ്റിൽ സർക്കാർ വക സഹായം. പ്രതിസന്ധിയിലായിക്കൊണ്ടിരിക്കുന്ന സി-ഡിറ്റിനെ രക്ഷിക്കാൻ റിട്ടയർ ചെയ്ത മൈക്ക് ഗവേഷണ വിദ്വാൻ സർവ്വശ്രീ പത്മവിഭൂഷൺ കുഞ്ചാലുംമൂടിന്റെ സേവനം സർക്കാർ നീട്ടിനൽകി. പൂട്ടൽ ഭീഷണി നേരിടുന്ന റഷ്യൻ കേന്ദ്രത്തിലെ വിവിധതരം ഗവേഷണ ഗ്രൂപ്പുകളെ സഹായിക്കാൻ കൺസൾട്ട് ചെയ്യാനാണത്രെ നിയോഗം...ദൃശ്യ വിസ്മയ ലോകം കീഴടക്കാനുള്ള റോക്കറ്റ് അഗ്നി 2016-ന്റെ വിക്ഷേപണത്തിന് നേതൃത്വം നൽകുന്നതിനാണ് മഹാനായ കുഞ്ചാലുമൂടിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. 2016-ന്റെ അവസാനത്തോടെ ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ചന്ദ്രനിൽ മൈനിംഗ് തുടങ്ങുമെന്നാണ് പ്രതീക്ഷ.


ബഹിരാകാശത്തുനിന്നും പുതിയ ഇനം കോഴി, ആട്, മാട് എന്നിവ ഭൂമിയിലേക്ക് എത്തിക്കാനും ഇപ്പോൾ നഗര മദ്ധ്യേ നടത്തിവരുന്ന വിതരണശൃംഖല വഴി കേരളത്തിലുടനീളം എത്തിച്ച് ഭക്ഷ്യസുരക്ഷ നേടാനും കഴിയുമെന്ന് സർക്കാരും അതു വഴി 1000 കോടിയുടെ വരവ് ഉണ്ടാകുമെന്ന് സി-ഡിറ്റും പ്രതീക്ഷിക്കുന്നുണ്ടത്രെ.

റിട്ടയർ ചെയ്തതിനുശേഷം സ്ഥിരപ്പെട്ട മൂർത്തിഭാവങ്ങളും സ്ഥിരതയോടെ റിട്ടയർ ചെയ്ത ഭാവങ്ങളും പ്രതീക്ഷയിൽ തന്നെ.. ഭൂമിയിൽ മൈനിംഗ് കഴിഞ്ഞതിനാൽ ബഹിരാകാശത്ത് തുടങ്ങാം.

*ആകാശത്തിലെ കുരുവികൾ*
*വിതയ്ക്കുന്നില്ല...കൊയ്യുന്നുമില്ല...- വയലാർ*

**◎ സി-ഡിറ്റിൽ പെട്രോൾ ടാങ്കിന് റിട്ടയർമെന്റ്**

ജീവനക്കാർക്ക് റിട്ടയർമെന്റില്ലാത്ത സി-ഡിറ്റിൽ ഔദ്യോഗിക ബൈക്കിന്റെ പെട്രോൾ ടാങ്ക് വിരമിച്ചത്രെ. ഇരുചക്ര വാഹനം ഉപയോഗിച്ചുകൊണ്ടിരുന്ന ഇരുകാലി ഔദ്യോഗികമായി വിരമിച്ചപ്പോൾ സങ്കടം സഹിക്കവയ്യാതെ പെട്രോൾ ടാങ്കും കൂടെ പോയതാണെന്നാണ് കേൾവി.



ഒർജിനൽ ടാങ്ക് കൂടെ പോയെങ്കിലും ഇരുചക്രം പ്രവർത്തിപ്പിക്കാനായി ഓട്ടവീണ പഴയ ടാങ്ക് പകരം വെച്ചുവത്രെ. പെട്രോൾ ടാങ്ക് ഇരുചക്രത്തിന്റെ 'കണ്ണായ' ഭാഗമായതിനാൽ 'മഹാകണ്ണ'ന് വിട്ടുപിരിയാൻ കഴിയില്ലെന്ന്.. ഒറ്റപ്പെട്ടുപോയ ഇരുചക്രം മണ്ണായി എന്ന് കേൾവി. മൊത്തത്തിൽ അടിച്ചുമാറ്റൽ ഭീഷണി നേരിടുന്ന സി-ഡിറ്റിൽ പെട്രോൾ ടാങ്കിനുപോലും രക്ഷയില്ലെന്ന് സംസാരം.

*"വേർപിരിയാൻ കഴിയാത്ത ബന്ധങ്ങൾ"*

**◎ ഓക്സ്ഫോഡും കേരളയും തമ്മിലുള്ള ഹോ ഹോ മത്സരം സംഘട്ടനത്തി കലാശിച്ചു. കായിക വാർത്ത.**

അടുത്തിടെ തിരുവല്ലം സി-ഡിറ്റിന്റെ ഗ്രൗണ്ടിൽ ഓക്സ്ഫോഡ് സർവകലാശാല പ്രതിനിധിയും കേരള സർവകലാശാല പ്രതിനിധിയും തമ്മിൽ ഏറ്റുമുട്ടി. പ്രത്യേകയിനങ്ങളിൽ ഡോക്ടറേറ്റുള്ള ഇവരുടെ വാശിയേറിയ ഏറ്റുമുട്ടൽ കാണികളെ ആവേശപുളകം കൊള്ളിച്ചു. മത്സരത്തിനിടയിൽ കയ്യാങ്കളിയുടെ വക്കിലെത്തുകയും അസഭ്യവർഷം ചൊരിയുകയുമുണ്ടായി. സംഘാടകർ കായികതാരത്തിന് കളിസ്ഥലത്തേക്ക് കോച്ചുമാരുമായി എത്തിച്ചേരുന്നതിന് വണ്ടി നൽകാത്തതിനെക്കുറിച്ച് നേരത്തെ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഒരാൾ ഓക്സ്ഫോഡ് ഇംഗ്ലീഷിലും മറ്റേ താരം ഫിലോസഫിയിലും തെറി വിളിച്ചതിനാൽ റഫറിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതിനാൽ മഞ്ഞ കാർഡോ ചുവപ്പ് കാർഡോ കാണിക്കാൻ കഴിഞ്ഞില്ല. അക്രമാസക്തനായ ഒരു താരത്തെ ഒടുവിൽ കളിക്കളത്തി ൽ ഡ്യൂട്ടിയിലുണ്ടായിരുന്ന സെക്യൂരിറ്റി ജീവനക്കാർ നിയന്ത്രിക്കുകയായിരുന്നു. കളിക്കളത്തിനും കായികലോകത്തിനാകെയും നാണക്കേട് ഉണ്ടാക്കിയ സംഭവം നടന്നിട്ടും വകുപ്പ് മന്ത്രി ആവശ്യമായ നടപടി സ്വീകരിച്ചില്ലെന്ന പരാതി ഇതിനകം ഉയർന്നിട്ടുണ്ട്. താരങ്ങളെ ആജീവനാന്ത വിലക്ക് ഏർപ്പെടുത്താൻ സ്പോർട്സ് കൗൺസിൽ ആലോചിക്കുന്നതായി കേൾക്കുന്നു.

*"എന്നെ തല്ലേണ്ടമ്മാവാ ഞാൻ നന്നാവൂലാ"*

**◎ പെരുച്ചാഴിക്കൂട്ടങ്ങൾ തിന്നു മുടിക്കും....**

തിരുവല്ലം കുന്നിലെ കൃഷിഭവനിലെ കായ്ഫലങ്ങളെല്ലാം അധികാരി പെരുച്ചാഴികളും കൂട്ട് പെരുച്ചാഴികളും സീനിയർ സ്ഥാപക പെരുച്ചാഴികളും ചേർന്ന് തിന്നുമുടിക്കുകയാണത്രെ.

ഭൂപ്രദേശമാകെ കുഞ്ഞ് എലികളെ കൊണ്ടുവന്ന് നിറയ്ക്കുക, വാടക കെട്ടിടങ്ങളി മാറി മാറി പാർക്കുക, ആർഭാടമായി ജീവിക്കുക, ധൂർത്ത് അടിച്ച് നടക്കുക, കാർന്നെടുത്ത് പങ്കുവയ്ക്കുക, പോകുമ്പോൾ കൊണ്ടുപോകാനായി അടിച്ചുമാറ്റി വയ്ക്കുക, ഇവയൊക്കെയാണത്രെ പെരുച്ചാഴി കൂട്ടങ്ങളുടെ ഹോബി.

*"കരിമ്പൂച്ചകൾ തന്നെ ശരണം."*

**◎ വണ്ടി പ്രേതം അലഞ്ഞു നടക്കുന്നു!...**


സി-ഡിറ്റിൽ വിട്ടുമാറാതെ വണ്ടി പ്രേതം പിടികൂടിയിരിക്കുന്നു. കുറച്ചുകാലമായി ഒഴിയാബാധയായി ചിലരുടെ കൂടെ കൂടിയിരിക്കണത്രെ വണ്ടി പ്രേതം. ദേവി കന്യാകുമാരിയിൽനിന്നുമാണത്രെ അവതാരം. നഗരത്തിന്റെ പല ഭാഗത്തും കറങ്ങി നടക്കുന്ന വണ്ടി പ്രേതത്തെ പിടികൂടാൻ സർക്കാർ വാഹനത്തിന്റെ ഫിനാൻസ് മന്ത്രവാദികൾ പിന്തുടർന്ന് ചിലയിടങ്ങളിൽ വച്ച് ഒന്നര ഇഞ്ച് ആണി അടിച്ചുവെന്ന്.. ശക്തികൂടിയ ഇനമായതിനാൽ ആണി വലിച്ചൂരി

അടിച്ചവന് തിരിച്ചടിച്ചു രക്ഷപ്പെട്ടുവത്രെ. കുറച്ച് നാൾ കാണാതിരുന്ന പ്രേതബാധ ഈയിടെ വീണ്ടും തിരുവല്ലത്ത് പ്രത്യക്ഷപ്പെട്ടു. പ്രശസ്ത മാന്ത്രികൻ ബാബു നമ്പൂതിരിക്കുനേരെ അട്ടഹസിച്ചുവെന്നാണ് കേൾവി. തിരുവല്ലത്തും നഗരത്തിന്റെ പല ഭാഗങ്ങളിലും പ്രധാനമായി കറങ്ങി നടക്കുന്ന വണ്ടി പ്രേതത്തിന് അവസാന ആണി അടിക്കാൻ ചില മന്ത്രവാദികൾ ഒറ്റക്കും കൂട്ടായും ശ്രമിക്കുന്നുണ്ടെങ്കിലും അവരുടെ കൈക്ക് ഒതുങ്ങുന്നില്ലെന്നാണ് കേൾവി.

*"ഓം ക്രീം.. നീ...ആരാണ്?*
*പറയുന്നതാണ് നല്ലത്"*

### ◎റീസ്ട്രച്ചറിംഗ് വിദ്വാൻമാർക്കെല്ലാം എട്ടിന്റെ പണി കിട്ടി!

1000 കോടി മൈനിംഗിനായി എല്ലാം അടിച്ചു പൊളിച്ച് വൈരാഗ്യവും തീർത്ത് താറുമാറാക്കിയ അധികാരികൾക്ക് ഉൾപ്പെടെ എല്ലാ വിദ്വാന്മാർക്കും പണി കിട്ടി സ്റ്റൈലായി.




കാര്യം കഴിഞ്ഞപ്പോൾ ആദ്യം പണി കൊടുത്തത് ഡെപ്യൂട്ടികൾക്കാണ്. മൂന്ന് ഡെപ്യൂട്ടികളെയും ഘട്ടംഘട്ടമായി ഇല്ലാതാക്കി. മുൻ നിരയിലെ രണ്ടാമനായ പ്രമുഖ ശാസ്ത്രജ്ഞൻ മുൻ അധികാരി കോമ്പൗണ്ടിന് വെളിയിലായി, അധികാരിയുള്ള സഹായിയായിരുന്ന മാനേജർ സാർ അനാഥനായി അലഞ്ഞു നടക്കുന്നു, ഒരു ഡെപ്യൂട്ടിയെ ഫയൽമാനാക്കി എറണാകുളം കണ്ണൂർ കവടിയാർ തിരുവല്ലം ഏരിയയിൽ വിട്ടിരിക്കുന്നു. ഒരു ഡെപ്യൂട്ടിക്ക് ശമ്പളം പോലും നൽകാതെ ഭ്രഷ്ട് കല്പിച്ചു. ഒരു ഡെപ്യൂട്ടിയാകട്ടെ സങ്കടങ്ങളും കള്ളക്കണ്ണീരുമായി കറങ്ങി നടക്കുന്നു. ഏറ്റവുമൊടുവിൽ മുഖ്യശില്പിക്കും കിട്ടി എട്ടിന്റെ പണി. ശില്പിയുടെ ഒരു കൈ വെട്ടി വികലാംഗനാക്കി മൂലക്കിരുത്തി... 1000 കോടിയുടെ മാനം മറക്കാൻ ഒരു 'കോടി'പോലുമില്ലാത്ത അവസ്ഥയായി.

റീസ്ട്രക്ചറിംഗിന്റെ ഇരകളായ വെറകു വെട്ടികളും വെള്ളംകോരികളും എല്ല് മുറിയെ മൈനിംഗ് തുടരുന്നു.

*"കൊടുത്താൽ കൊല്ലത്തും കിട്ടും"*

### ◎കവടിയാർ കൊട്ടാരത്തിൽ ശിവലിംഗ പൂജ

കൊട്ടാരവളപ്പിലെ കാഴ്ചകൾ കാണാനും പഠിക്കാനും വരുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതിനാൽ കൊട്ടാരം ജോലിക്കാർക്ക് പണിയില്ലാതെ വരുന്നത് ഒഴിവാക്കാനും കൊട്ടാര ഗ്യാലറിയും പുരാതനവസ്തുവകകളും പഠനത്തിനായുള്ള ഏടുകൾ നശിച്ചു പോകാതിരിക്കാനും വർഷങ്ങളായി കാത്തു സൂക്ഷിച്ച് കൈവശം വച്ചിരിക്കുന്ന കൊട്ടാരവളപ്പിലെ മൂല നഷ്ടപ്പെടാതിരിക്കാനും പുത്തൻ തലമുറയിലെ പഠിതാക്കളെ ആവാഹിക്കാനുമാണത്രെ ശിവലിംഗപൂജ.

*"ഓം നമഃ ശിവായ നമഃ"*

### ◎പഞ്ചിംഗിന് 'പഞ്ച്' പോരെന്ന്....

ഉന്നത സാങ്കേതികവിദ്യാ കേന്ദ്രമായ സി-ഡിറ്റിലെ പഞ്ചിംഗ് മെഷീൻ മനുഷ്യരെ കബളിപ്പിക്കുന്നതായി പരാതി. ചില ഉന്നതരുടെ വിരൽ രേഖകൾ മെഷീനു പിടിക്കുന്നില്ലത്രെ. തൊട്ടു തൊട്ടില്ല എന്ന മട്ടിലാണത്രെ മെഷീൻ അവരോട് പെരുമാറുന്നത്. തൊട്ട സമയം മറന്നുപോകുന്ന അസുഖം മെഷീന് ബാധിച്ചിരിക്കുകയാണത്രെ. ചിലരോടാണെങ്കിൽ വളരെ മോശമായിട്ടാണത്രെ പെരുമാറുന്നത്. അവർ തൊടുന്ന സമയവും ദിവസവുമെല്ലാം മാറ്റി പറയുന്നുണ്ടെന്ന്... ചിലർ തൊട്ടു കഴിഞ്ഞാൽ മെഷീനു മതിയാകുന്നതിലത്രെ, 'പ്ലീസ് ടച്ച് എഗെയ്ൻ' എന്ന് പറഞ്ഞുകൊണ്ടേയിരിക്കും. ഒരു ഉന്നതനാകട്ടെ മെഷീൻ പറ്റിച്ചതിനാൽ 20 ദിനം കഴിഞ്ഞാണ് ശമ്പളം കിട്ടിയത്..പഞ്ച് പോരാത്ത പഞ്ചിംഗ് സാമഗ്രിക്ക് പണി കൊടുക്കാൻ ബുക്കിൽ നേരിട്ട് ഒപ്പിടൽ തുടങ്ങി എന്നും ഒരു ബുക്കി നീണ്ട നിര ഒപ്പിട്ടു കഴിഞ്ഞപ്പോൾ ഒരു ദിവസം കൊണ്ട് ചിലർ മാസങ്ങൾ പലത് മുന്നിലായെന്നും കേൾവി.

*"ആദ്യം നീ നന്നാവുക.*
*പിന്നെ അയൽക്കാരനെ നന്നാക്കുക."*

### ◎ഒപ്പിടൽ സേവ സ്വാഹ...

ദിനവും ഒന്നു രണ്ട് ഒപ്പിടൽ സേവക്കായി മൈലുകൾ താണ്ടി പെട്രോളും ചിലവഴിച്ച് തിരുവല്ലം കുന്നിലെത്തുന്നവർക്ക് മടുത്തിരിക്കുന്നു. ഇരുന്നുറങ്ങി ഉറങ്ങി കഴുത്ത് താഴോട്ട് വളരുന്നു. ശക്തമായ താങ്ങ് കൊടുത്തില്ലെങ്കിൽ കാലാവധിക്ക് മുമ്പേ റിട്ടയർ ചെയ്യേണ്ട സ്ഥിതിയാണത്രെ. വളരെ പഴക്കം ചെന്ന ഒപ്പുകളായതിനാൽ 50000 രൂപ വരെ വിലയാണത്ര.. തലവര ഒരല്പം തെറ്റിപ്പോയതാണത്രെ അല്ലെങ്കിൽ ശാസ്ത്ര ഗണത്തിൽപ്പെട്ട് ബഹിരാകാശത്തിലിരിക്കേണ്ട ജ്ഞാനിയാണത്രെ ഈ ഇനം.

*"കണ്ഠേശ്വര കൃപ"*

### ◎ശ്വാനന്മാരുടെ പൂന്തോട്ടം...

അരനൂറ്റാണ്ടിലേറെ പരിചയസമ്പന്നനായ റിട്ടയർ പൂന്തോട്ട ശിരോമണിയുടെ മേൽ നോട്ടത്തിൽ അതിമനോഹരമായി വളർത്തിയെടുത്ത വിവിധയിനം പൂക്കളടങ്ങിയ സി-ഡിറ്റ് ക്യാമ്പസിലെ പൂന്തോട്ടം ശ്വാന സംഘം കൈയേറിയത്രെ. ജണ്ടർ വ്യത്യാസമില്ലാതെ ഓടിച്ചാടി ഓരിയിട്ട് പൂന്തോട്ടത്തിൽ ഉല്ലസിക്കുന്ന ശ്വാനന്മാർ ഹാപ്പിയാണെന്ന്. പുൽതകിടിയിലും മരച്ചുവട്ടിലും മാസവ്യത്യാസമില്ലാതെ മരംചുറ്റി പ്രേമവാഹനം ആലപിച്ചു കഴിയുന്ന ശ്വാന സഹോദരങ്ങൾ ചിലരെ കാണുമ്പോൾ ചിരിക്കാറുണ്ടത്രെ. പൂന്തോട്ട വിദ്വാന്റെ കുതന്ത്രങ്ങളിൽപ്പെട്ട പൂന്തോട്ട വേലക്കാരായ വയസായവരെയും മറ്റുള്ളവരെയും ആക്രമിക്കാനും തുടങ്ങിയത്രെ. "ശ്വാനന്മാരും കൂടി തുടങ്ങിയാ എന്ത് ചെയ്യും..."

*"കൂനിന്മേൽ കുരു"*

### ◎സി-ഡിറ്റിൽ ക്വട്ടേഷൻ സംഘങ്ങളുടെ വേലിയേറ്റം

സി-ഡിറ്റ് ക്യാമ്പസിലെ ചക്ക, മാങ്ങ എന്നിവയ്ക്ക് വൻ ഡിമാന്റാണെന്ന്. ഓരോ വർഷം കഴിയുന്തോറും ക്വട്ടേഷൻ പിടിക്കാൻ വൻ തിരക്കായി മാറുകയാണത്രെ. ആക്രി ലേലത്തിൽ പേരു കേട്ടിരുന്ന സി-ഡിറ്റ് ഇപ്പോൾ ചക്ക, മാങ്ങ, പേരയ്ക്ക എന്നിങ്ങനെ പഴ വർഗ്ഗങ്ങളുടെ പേരിലാണത്രെ ക്വട്ടേഷൻ സംഘങ്ങൾക്കിടയിൽ അറിയപ്പെടുന്നത്. അട്ടിമറികളിവിരുതരായ ചിലർ ഈ രംഗത്തേക്ക് എത്തിയതോടെ ആണത്രെ, ആക്രിക്കാരെ കടത്തിവെട്ടി പഴയക്വട്ടേഷൻ സംഘം മുന്നേറിയത്. മൊത്തമായി ക്വട്ടേഷൻ കൊടുക്കാതിരുന്നാൽ മതിയായിരുന്നു.

*"വളവും തിരിവും സൂക്ഷിക്കുക."*

### ◎ഓണം ഓഫർ



പട്ടത്തു സ്ഥലവും കാശും തന്നാലും കെട്ടിടം പണിയില്ലായെന്ന വാശിയിലാണ് സാറൻമാർ. പട്ടം വന്നാൽ പിന്നെ 'പലതും' നടക്കില്ലല്ലോ.. വഴുതക്കാടു പ്ലാസ കിന്റർഗാർട്ടനിൽ സൗകര്യങ്ങൾ ഡി.റ്റി.എസ്. നിലവാരത്തിലാണു പോലും. കോടികളുടെ പ്രോജക്ടും കൊണ്ടു ക്ലയന്റുകൾ തിരുവല്ലം വരെ യാത്ര ചെയ്തു ക്ഷീണിക്കുന്നു എന്നതിനാൽ അതൊഴിവാക്കാൻ ഏമാൻമാരുടെ 'ഇടത്താവള'വും ഇവിടെ ഒരുക്കിയിട്ടുണ്ടത്രേ.

ഒടുവിൽ കേട്ടത്.... ഡിജിറ്റൽ കവടിനിരത്തലിൽ പ്ലാസയിൽ ഒരു 'ശീതീകരണപ്പെട്ടി'യുടെ കുറവ് തെളിഞ്ഞു പോലും. പാലും പഴവും പച്ചക്കറിയുമൊക്കെ ഫ്രഷ് ആയി കഴിക്കണമെന്നാണ് ആയുർവേദ 'വിധി'. കേട്ടപാടെ എല്ലാ 'ശോക'വും മാറ്റുന്ന പച്ചാളം ഭാസി ഓണം ഓഫറിന്റെ ക്വട്ടേഷനുമായി പാഞ്ഞെത്തി കുന്നിലേക്കു അയച്ചുപോലും. ഫിനാൻഷ്യൽ ക്രൈസിസ് ഒക്കെ അവിടെ കിടക്കും... അതൊക്കെ പാവപ്പെട്ട ജീവനക്കാരുടെ 'അനോമലി' തുരത്താൻ കൊണ്ടു വന്ന 'ഐറ്റം നമ്പര്' അല്ലേ....

*"കാട്ടിലെ തടി.... തേവരുടെ ആന...*
*വേഗം വലിച്ചോണം."*

### ◎ഇവനാണ് നമ്മ പറഞ്ഞ നടൻ

3 വർഷമായി കവടിയാർ, മ്യൂസിയം, വെള്ളയമ്പലം, പാളയം എന്നീ നഗരകേന്ദ്രങ്ങളിൽ രണ്ടു തവണ ഫ്ളക്സിൽ 'സ്ഥിര'പ്പെട്ട് 'ശശി'യായവർ ഒടുവിൽ ദീർഘശ്വാസം വിട്ടു പോലും. കാത്തു കാത്തിരുന്ന സ്ഥിരതാ ഉത്തരവ് തുരപ്പന്മാർ അറിയാതെ പിറന്നു വീണത്രേ. പുറമെ ഗമണ്ടൻ ഡയലോഗുകളും അടിയിലൂടെ പതിവു പാരയുമായി നടന്ന ശകുനിയണ്ണനും ഡേറ്റ് ഓഫ് ബേർത് ചോദിക്കുമ്പോൾ ജോയിനിംഗ് ഡേറ്റും എൻട്രി പോസ്റ്റ് ചോദിച്ചാൽ ഡിവിഷന്റെ പേരും മറുപടി നൽകി സഹായിച്ചതിനുപുറമെ ഹജൂർ കച്ചേരിയിൽ പിന്നാലെ കൂടി 'കുറി' ചോദിപ്പിച്ച ജോപ്പൻമാരും ജിക്കുമോൻമാരും ഒടുവിൽ അരുവിക്കര കണ്ട് വിശ്രമിച്ചപ്പോൾ കാര്യം കാണേണ്ട ഹതഭാഗ്യർ ഓവർടൈം പണിയെടുത്തു, ജി.ഒ. ഇറക്കിച്ചത്രേ. കാര്യം ഇങ്ങനെയാണേലും പക്ഷെ ഇക്കുറിയും പതിവ് തെറ്റിയില്ല. അതാ വരുന്നു.... ശകുനിയണ്ണൻ വക നോട്ടീസ്. എട്ടുകാലി മമ്മൂഞ്ഞിനു നല്ല നമസ്കാരം. "പ്ലീസ് ഞങ്ങളെ ഇങ്ങനെ ചിരിപ്പിച്ചു കൊല്ലല്ലേ...."

*"സമസ്തകേരളം പി.ഒ."*

### ◎സേവാദള്ളുമാർക്ക് മുന്തിയ തസ്തികയും ശാസ്ത്ര ശമ്പളവും നൽകാൻ മത്സരമോ?

സ്വന്തം ആപീസിലെ കിളികൾക്കും പാദസേവകർക്കും ഉയർന്ന തസ്തികയും ശമ്പളവും നൽകാൻ മേൽതട്ടിലെയും കീഴ്തട്ടിലെയും ആശാൻമാർ തമ്മിൽ മത്സരമാണെന്ന്. താഴെ തട്ടിലെ ആശാൻ രണ്ട് കിളികളെ മാനേജർ പട്ടം നൽകാൻ ശ്രമിക്കുമ്പോൾ മേൽതട്ടിലെ ആശാൻ രണ്ട് അണ്ണൻമാരെ ശാസ്ത്രഞ്ജൻമാരാക്കി CSIR കോർ നൽകാൻ സർക്കാരിനു മുന്നിൽ മത്സര കത്ത് അയയ്ക്കൽ മാമാങ്കം നടക്കുന്നതായി കേൾവി. ശാസ്ത്ര അണ്ണൻമാരുടെ ഫയൽ അതിവേഗം ബഹുദൂരം എത്തിയെന്ന്...

ഇതറിഞ്ഞ മറ്റൊരു അനിയൻവാവ സീനിയർ മാനേജർ ആകാനുള്ള ചിരകാല സ്വപ്നമായ സി.എം.ഡി ഭൂതത്തിന് ഉത്തേജകമരുന്ന് നൽകാൻ ഒപ്പിടൽ തുടങ്ങിയത്രെ. ഭരണ കക്ഷിരാഷ്ട്രീയം സ്വന്തം കീശ വീർപ്പിക്കാൻ മാത്രമെന്ന് സംസാരം.

*"വെട്ടുകിളികളുടെ കാലം"*



വിശേഷങ്ങളുടെ ബാഹുല്യവും വലിയ മറവിയും ലേശം പരിമിതി നിർബന്ധിക്കുന്നുണ്ട്. എങ്കിലും പങ്കുവയ്ക്കാൻ കഴിഞ്ഞവയിലുള്ള പരിഭവങ്ങളും ആക്രമണങ്ങളും പാരകളും പ്രതീക്ഷിക്കുന്നു.

ആരോടും ശത്രുതയില്ലാത്ത നിങ്ങളുടെ സ്വന്തം,
**പാമരൻ**

webmobi

**Webmobi Network Solutions Pvt Ltd**
Xi/180G, Naithelil Building, Civil Line Rd,
Thrikkakara, Padamughal,
Kakkanad, Ernakulam,
Kerala 682021, India
Ph: 0484 6465624 | +91 9400323583

Email: reach@webmobinetworks.com
www.webmobinetworks.com

# " Our Live Streaming Solution Bring You Closer To Your Audience Across The Globe "

## Our Products & Services

- Live Streaming (Satellite, Cable & Web Tv)
- Golive (Live Event Streaming)
- IPTV or OTT Video Delivery
- Video On Demand

- Website Acceleration
- IP Cam Restreaming
- Cloud Storage
- Custom CDN

**Our Sister Concern**

HASHCOD

**Hashcod Media Solutions Pvt Ltd**

Xi/180H, Naithalil Building, Civil Line Rd,
Thrikkakara, Padamughal,
Kochi- 682021,
Kerala, India
Ph: 0484 2423899 | +91 9895325624

Email: getintouch@hashcod.com
www.hashcod.com

**Products & Services**
App Development | Web Hosting |
Live Streaming | Technology Consultancy

**Like & Follow Us**

webmobilive

webmobilive

company/
webmobi-networks

webmobinetworks

# CYBERKING TECHNOLOGIES PVT.LTD

41/3737A2, Near Vidyanikethan College , Providence Road Ernakulam , Kochi-682018

*Email: mail@cyberkingebiz.com , cyberkinggold@yahoo.com*

✓ Land Line : +91 484 645324 Mob: +91 9249400130 ✓


## AUTHORISED HP&DELL BUSINESS PARTNER



- **COMPUTER CONSUMABLES:**
  LASER TONER CARTRIDGES, INK CARTRIDGES(HP , CANON & SAMSUNG )
- **COMPUTER HARDWARE PRODUCTS:** COMPUTERS, LAPTOPS, SERVERS, WORKSTATIONS, LASER PRINTERS, MULTIFUNCTION PRINTERS, BARCODE PRINTER, LABEL PRINTERS, ID CARD PRINTERS, SCANNERS, COPIERS, BARCODE SCANNERS, UPS, PROJECTORS ,STORAGE MEDIA PRODUCTS ALL TYPES OF COMPUTER PRINTER CONSUMABLESAND ALL TYPES OF COMPUTER PERIPHERALS.
  (HP , DELL , CANON, SAMSUNG , EPSON & APC)
- **COMPUTER SOFTWARE PRODUCTS:**
  MICROSOFT SOFTWARES, INTERNET SECURITY SOFTWARES(KASPERSKY& QUICKHEAL ), OFFICE & HOME MANAGEMENT SOFTWARES
- NETWORKING PRODUCTS, CCTV SECURITY SYSTEM AND BUILDING MANAGEMENT SOLUTIONS.
- LAMINATION POUCHES
- **SUPPLY OF COMPUTERS ,PRINTERS& SCANNERS UNDER DGS&D CONTRACT**

✓

**Branch office: Cyberking Technologies Pvt. Ltd**, TC.3/629(7), T.K.D Road, Muttada P.O, Thiruvananthapuram-695025, Mob: 9745200369,
*Email: cyberkinggold@yahoo.com, mail@cyberkingebiz.com*



STATE BANK OF TRAVANCORE
A long tradition of trust
A Perfect Home
for a Perfect Match!
SBT
A Long Tradition of Trust
SBT HOME LOANS
Low interest | Lowest EMI
My bank gave me the
keys to happiness!
SBT
CAR LOAN
Drive away in your dream car with
SBT's hassle-free car loans
• Low interest rate
• Very fast disposal
• Loan up to 85% of the invoice
• No hidden charges
• Repayment up to 7 years
• Lowest EMI's